# റവ. ഡോ. ഗീവർഗീസ് പണിക്കർ

## മുഖാമുഖം | ജീവിതം | എഴുത്ത്

(Malayalam)

**Rev. Dr. Geevarghese Panicker**

**Mukhamukham, Jeevitham, Ezhuthu**

**Dr. Paul Manalil, Abey George**

| | | |
|---|---|---|
| Published by | : | Sophia Books, Kottayam |
| First Edition | : | August, 2025 |
| Cover Design | : | Amma Digital, Kottayam |
| Typesetting & Printing | : | Sophia Print House<br>Kottayam |

**Rs. 300/-**

# റവ. ഡോ. ഗീവർഗീസ് പണിക്കർ

## മുഖാമുഖം | ജീവിതം | എഴുത്ത്

ഡോ. പോൾ മണലിൽ
എബി ജോർജ്

മാർ ഈവാനിയോസ് കോളജ് പ്ലാറ്റിനം ജൂബിലി
റവ. ഡോ. ഗീവറുഗീസ് പണിക്കർ ജന്മശതാബ്ദി
തിരുവനന്തപുരം
2025

## എബി ജോർജ്

മാർ ഈവാനിയോസ് കോളജിൽ പ്രീഡിഗ്രിയും ബി.എ. ലിറ്ററേച്ചറും (1976-81) പഠിച്ചു. കെ.എസ്.യു. സ്ഥാനാർത്ഥിയായി യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്നെങ്കിലും സാമൂഹ്യ പ്രതിബദ്ധതയോടെയുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നതിനാൽ പ്രിൻസിപ്പൽ റവ. ഡോ. ഗീവർഗീസ് പണിക്കർക്ക് പ്രിയങ്കരനായി മാറി. തിരുവല്ല സ്വദേശി. ജനനം 1958 ജൂൺ 11. കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗം, കേരള സംസ്ഥാന തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗം, ദേശീയ ന്യൂനപക്ഷ കമ്മീഷൻ മോണിറ്ററി കമ്മിറ്റി അംഗം, കേന്ദ്ര ഫിലിം സെൻസർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. മനുഷ്യോന്മുഖ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന ഗുരുവായ റവ. ഡോ. ഗീവർഗീസ് പണിക്കരുടെ ആഹ്വാനപ്രകാരം 2012-ൽ സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചു. തുടർന്ന് കേരളത്തിലെ ഏറ്റവും വലിയ സേവന പ്രസ്ഥാനമായി സാമൂഹിക, പാരിസ്ഥിതിക, ആരോഗ്യ രംഗങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്ന സ്വസ്തി ഫൗണ്ടേഷനു രൂപംനൽകി. കാൻസർ, ലഹരി വിരുദ്ധ പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിക്കുന്നു. അമിക്കോസിന്റെ പ്രസിഡണ്ടായി നാലു വർഷം സേവനമനുഷ്ഠിച്ചു. ഭക്തിഗാനങ്ങളും ലളിതഗാനങ്ങളും ഉൾപ്പെടെ നൂറിലധികം പാട്ടുകൾ രചിച്ചു. My Musings, More Musings, No Blushes, The Miracle of Human bonding എന്നീ കൃതികളുടെ കർത്താവാണ്. ഭാര്യ: ബീന ആനി (ബാങ്ക് മാനേജർ). മക്കൾ: ഡോ. നീതു, ഡോ. നീനു. മരുമക്കൾ: ജോസ്‌ലിൻ ജേക്കബ് (ഐടി സെയിൽസ്), ജിബി ജേക്കബ് (പ്രൈവറ്റ് ബാങ്ക്). കൊച്ചുമക്കൾ: ഇലിയാൻ, ഈതൻ, നോഅ, നോറ. വിലാസം: എബി ജോർജ്, നെയ്തല്ലൂർ മണ്ണിൽ, 3A1, ഡാഫോഡിൽസ്, കോണ്ടൂർ ബിൽഡേഴ്സ്, കുറവൻകോണം, തിരുവനന്തപുരം, ഫോൺ: 94470 22444.

## ഡോ. പോൾ മണലിൽ

മാർ ഈവാനിയോസ് കോളജിൽ 1975-78 വർഷങ്ങളിൽ ബി.എ. ലിറ്ററേച്ചർ വിദ്യാർത്ഥിയായിരുന്നു. കോളജ് ഫുട്ബോൾ ടീമിൽ അംഗമായും 1978-ലെ കോളജ് മാഗസിൻ അസോസിയേറ്റ് എഡിറ്ററായും ലിറ്ററേച്ചർ അസോസിയേഷൻ സെക്രട്ടറിയായും പ്രവർത്തിച്ചു. കോളജിനെ പ്രതിനിധീകരിച്ച് ഇന്റർ കോളജീയേറ്റ് സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പത്തനാപുരം സ്വദേശി. ജനനം 1955 ഓഗസ്റ്റ് 21. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ്, മൈസൂർ യൂണിവേഴ്സിറ്റി ജേണലിസം ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലും പഠനം. ഇംഗ്ലീഷ് സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും ബിരുദാനന്തരബിരുദങ്ങൾ. കാലിക്കറ്റ് യൂണിവേഴ്സിറ്റി ജേണലിസം ഡിപ്പാർട്ടുമെന്റിൽ നിന്നു മലയാള പത്രപ്രവർത്തന ചരിത്രത്തിൽ പിഎച്ച്.ഡി. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായും മലയാള മനോരമയിൽ അസിസ്റ്റന്റ് എഡിറ്ററായും പ്രവർത്തിച്ചു. മലയാളത്തിന്റെ ബഷീർ, അഴീക്കോട് എന്ന വിചാരശില്പി, പെലെ തുടങ്ങിയ ജീവചരിത്രങ്ങളും മലയാള സാഹിത്യ ചരിത്രം എഴുതപ്പെടാത്ത ഏടുകൾ, തകഴിയുടെ കയറിലൂടെ ഒരു കേരള ചരിത്രാന്വേഷണം, ദർശനസമീപനങ്ങൾ, കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ, പത്രപ്രവർത്തനം സിദ്ധാന്തവും പ്രയോഗവും, മലയാള പത്രപ്രവർത്തന ചരിത്രം തുടങ്ങിയ പഠനങ്ങളും ഉൾപ്പെടെ ഇരുപത്തിയഞ്ചു കൃതികൾ എഴുതി. വിവിധ വിഷയങ്ങളിൽ നൂറോളം കൃതികൾ സംശോധനം ചെയ്തു. കേരള സാഹിത്യ അക്കാദമി, കേരള ഫോക്ക്‌ലോർ അക്കാദമി, കേരള പ്രസ് അക്കാദമി എന്നിവയുടെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റിയുടെ (കുട്ടിക്കാനം സെന്റർ) ജേണലിസം വിഭാഗത്തിൽ പിഎച്ച്.ഡി. ഗൈഡായും എം.ജി. യൂണിവേഴ്സിറ്റിയുടെ കോട്ടയം ബിഷപ്പ് സ്പീച്ച്‌ലി കോളജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ പി.ജി. ജേണലിസം ഡിപ്പാർട്ട്മെന്റിൽ സീനിയർ ഫാക്കൽറ്റിയായും പ്രവർത്തിക്കുന്നു. ഭാര്യ ബീന പോൾ (കോട്ടയം സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ മുൻ പ്രിൻസിപ്പൽ). മക്കൾ: മീര (ആർക്കിടെക്ട്), ഡോ. വീണ (റീഡർ, അൽ-അസർ ഡെന്റൽ കോളജ്, തൊടുപുഴ). വിലാസം: പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം-686001, ഫോൺ: 9447056626

# അവതാരിക

## എൻ. എസ്. മാധവൻ

ജീവിതത്തിൽ ഞാനേറെ ഇഷ്ടപ്പെട്ടിരുന്ന ഒരു വൈദികനാണ് റവ. ഡോ. ഗീവർഗീസ് പണിക്കർ. എന്റെ നന്മ ആഗ്രഹിച്ച മനുഷ്യസ്നേഹിയായിരുന്നു പണിക്കരച്ചൻ. മാർ ഈവാനിയോസ് കോളജിൽ പണിക്കരച്ചന്റെ ശാസനയും സ്നേഹവും ഞാൻ ആസ്വദിച്ചിട്ടുണ്ട്. കോളജിന്റെ എഴുപത്തിയഞ്ചു വർഷങ്ങൾ ആഘോഷിക്കുമ്പോൾ പണിക്കരച്ചനെ ഓർക്കുന്ന ഒരു പുസ്തകം മാർ ഈവാനിയോസിലെ പൂർവ്വ വിദ്യാർത്ഥികളായ ഡോ. പോൾ മണലിൽ, എബി ജോർജ് എന്നിവർ ചേർന്നു തയ്യാറാക്കിയിരിക്കുന്നത് അത്യധികം കൗതുകത്തോടെയാണ് ഞാൻ വായിച്ചത്.

1960–കളിൽ ഞാൻ മാർ ഈവാനിയസ് കോളജിൽ പഠിക്കാൻ എറണാകുളത്തു നിന്ന് വന്നപ്പോൾ ആ തീരുമാനത്തിന് പിന്നിൽ സാഹിത്യത്തോടുള്ള വലിയ കമ്പമായിരുന്നു കാരണം. തിരുവനന്തപുരത്ത്, എന്റെ ജന്മനാടായ എറണാകുളത്തിനേക്കാൾ അക്കാദമിക് അന്തരീക്ഷമുണ്ടായിരുന്നു. അഞ്ചു വലിയ ലൈബ്രറികൾ – യൂണിവേഴ്സിറ്റി ലൈബ്രറി, സ്റ്റേറ്റ് പബ്ലിക് ലൈബ്രറി, ബ്രിട്ടീഷ് കൗൺസിൽ, യു.എസ്.ഐ.എസ്. ലൈബ്രറി, വഞ്ചിയൂർ ലൈബ്രറി – ആയിരുന്നു പ്രധാന ആകർഷണം. പിന്നെ പഠിക്കാനുള്ള കോളജുകളുടെ കാര്യത്തിൽ യൂണിവേഴ്സിറ്റി കോളജും മാർ ഈവാനിയോസ് കോളജുമായിരുന്നു രണ്ടു സാധ്യതകൾ. ഇതിൽ മാർ ഈവാനിയോസ് കോളജ് തിരഞ്ഞെടുക്കുവാൻ – ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലായിരുന്നതുകൊണ്ട് കൂടുതൽ ചട്ടങ്ങളും നിയമങ്ങളും എല്ലാം ഉണ്ടാകും എന്ന് അറിഞ്ഞുകൊണ്ടുതന്നെ – എന്നെ പ്രേരിപ്പിച്ചത് ഈവാനിയോസിലെ പ്രസിദ്ധമായ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ആയിരുന്നു. പതിനാറുകാരനായിരുന്ന എനിക്ക് ഇത്തരം ജീവിത തീരുമാനങ്ങൾ എടുക്കുവാൻ കഴിഞ്ഞു. പരിഷ്കൃതാശയരായിരുന്ന എന്റെ രക്ഷിതാക്കളെ അന്ന് ഈ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിച്ചു എന്നതായിരുന്നു ഇത്തരമൊരു നീക്കത്തിന് വഴി ഒരുക്കിയത്.

പണിക്കരച്ചൻ ക്ലാസ് എടുത്തിരുന്നില്ല. പക്ഷേ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഏറ്റവും ഉന്നത നിലവാരം പുലർത്തണം എന്ന് തന്നെ അദ്ദേഹം ഉറപ്പിച്ചി

രുന്നു. അതിനുവേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങൾ വളരെ ദീർഘദൃഷ്ടിയോടെ ആയിരുന്നു. ഇംഗ്ലീഷ് എം.എ. യ്ക്ക് ഫസ്റ്റ് റാങ്ക് നേടിയ ഡോ. അപ്പാറാവു എന്ന ചെറുപ്പക്കാരനെ അദ്ദേഹം മാർ ഈവാനിയോസിലേക്ക് കൊണ്ടുവന്നു. സോമർസെറ്റ് മോമിനെ പറ്റി ഗവേഷണം നടത്തിയിരുന്ന അപ്പാറാവു സാറുമായി പല സായാഹ്നങ്ങളും ചെലവഴിച്ചത് ഞാൻ ഓർക്കുന്നു. പിന്നീട് അദ്ദേഹം ഇന്ത്യയിലെ ഏറ്റവും നല്ല കോളജ് എന്നു കണക്കാക്കുന്ന ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജ് ഇംഗ്ലീഷ് വിഭാഗം മേധാവിയായി.

എന്നെ ഏറ്റവും സ്വാധീനിച്ച ടീച്ചർ മിസ്സിസ് ഗബ്രിയേൽ ആയിരുന്നു. സാധാരണ ഇംഗ്ലീഷ് പഠനത്തിൽ അത്ര ശ്രദ്ധ ചെലുത്താത്ത ഒരു മേഖലയാണ് ഉച്ചാരണം. മിസ്സിസ് ഗബ്രിയേൽ അതിൽ ഊന്നി. അവർ പഠിപ്പിച്ചിരുന്നത് കാതറീൻ മാൻസ് ഫീൽഡിന്റെ കഥകളായിരുന്നു. ചെറുകഥയുടെ രസതന്ത്രത്തെക്കുറിച്ച് അദ്ഭുതചകിതനായി ഞാൻ അവരുടെ ക്ലാസുകൾ ശ്രദ്ധിച്ചു. ക്ലാസിന് പുറമേ വൈകുന്നേരം അവരുടെ വീട്ടിലേക്ക് വിദ്യാർഥികളെ ക്ഷണിച്ചിരുന്നു. അവിടെ വച്ച് ബെർണാഡ് ഷായുടെയും മറ്റും നാടകങ്ങൾ ഊഴമിട്ട് ഞങ്ങൾ വായിച്ചു. ചിലപ്പോൾ ഹൃദയകുമാരി ടീച്ചറും അവരുടെ വീട്ടിൽ എത്തിയിരുന്നതായി ഞാൻ ഓർക്കുന്നു.

ഗീവർഗീസ് പണിക്കരച്ചൻ അമേരിക്കയിലെ പ്രസിദ്ധമായ ഒരു യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ചെയ്തത് ടി. എസ്. എലിയറ്റിനെ കുറിച്ചായിരുന്നു. ഞാനും എലിയറ്റിന്റെ കവിതയുടെ പിന്നാലെ പോയി. ഏതാണ്ട് ആറു മാസം എലിയറ്റിനെ പഠിച്ചതിനു ശേഷം ഞാനൊരു ലേഖനം ഇംഗ്ലീഷിൽ എഴുതി. പണിക്കരച്ചന് അത് വായിക്കാൻ കൊടുത്തു. കോളജ് മാസികയിൽ അത് അച്ചടിച്ചു വന്നു. ഒരുപക്ഷേ എന്റെ ആദ്യത്തെ ലേഖനം.

മലയാള വിഭാഗത്തിൽ വഴികാട്ടിയായി ഹുസൈൻ സാർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങി കോളജിൽ നടത്തിയ ഒരു പ്രബന്ധ മത്സരത്തിൽ ഞാൻ പങ്കെടുത്തു. എനിക്കായിരുന്നു ഒന്നാം സമ്മാനം. എനിക്ക് ലഭിക്കുന്ന ആദ്യത്തെ പുരസ്കാരം.

പണിക്കരച്ചനുമായി അക്കാദമിക കാര്യങ്ങളിൽ ഏറ്റവും നല്ല ബന്ധം പുലർത്തിയിരുന്ന ഞാൻ അന്ന് വിയറ്റ്നാം യുദ്ധവും ബഹുജന പ്രക്ഷോഭങ്ങളും പടർത്തിയ ഇടതുപക്ഷ ചിന്തയിൽ ആകൃഷ്ടനായിരുന്നു. ക്രിസ്തീയ മാനേജ്മെന്റ് കോളജിൽ നിന്നു ആ കാരണംകൊണ്ട് എനിക്ക് വിടേണ്ടി വന്നു. ഞാൻ എറണാകുളം മഹാരാജാസ് കോളജിന്റെ 'സ്വതന്ത്രാന്തരീക്ഷ'ത്തിലേക്ക് മടങ്ങി.

പണിക്കരച്ചൻ എപ്പോഴും എന്റെ ചിന്തയിലുണ്ടായിരുന്നു. അദ്ദേഹം പഠിപ്പിച്ച അടുക്കും ചിട്ടയുമുള്ള വായനാശീലവും പുതിയ വിവരങ്ങൾ തേടുവാനുള്ള ത്വരയും അറിയാതെ തന്നെ എന്റെ മനസ്സിൽ വേരോടി.

നീണ്ട ഒരു ഇടവേളയ്ക്കു ശേഷം ഞാൻ ഒരു കഥ എഴുതുവാൻ ഇരുന്നു. ഒരു പള്ളിയിലച്ചന്റെ കഥയായിരുന്നു അത്. എന്റെ പേന എന്റെ അറിവോ സമ്മതമോ ഇല്ലാതെ ആ കഥാപാത്രത്തിന് ഒരു പേര് നൽകി: ഫാദർ ഗീവർഗീസ്. 'ഹിഗ്വിറ്റാ'യിൽ ആ കഥാപാത്രമുണ്ട്.

വളരെ വർഷങ്ങൾക്കുശേഷം ഒരു ദിവസം എനിക്കൊരു ഫോൺ വന്നു. ഫോൺ വിളിച്ച എബി ജോർജ് പറഞ്ഞു, പണിക്കരച്ചനു സംസാരിക്കണമെന്ന്. അദ്ദേഹം വാർദ്ധക്യസഹജമായ രോഗങ്ങളെ കൊണ്ട് അന്ന് ബുദ്ധിമുട്ടിയിരുന്നു. എനിക്ക് ഐ.എ.എസ്. കിട്ടിയതിലും സാഹിത്യപ്രവർത്തനം നടത്തുന്നതിലും അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞു. ഞാൻ പഴയ കാലം ഓർത്തു. ഞങ്ങൾ ചിരിച്ചു. ഈ സംഭാഷണം കഴിഞ്ഞ് കുറച്ചു ദിവസങ്ങൾക്കു ശേഷം പണിക്കരച്ചന്റെ നിര്യാണ വാർത്ത പത്രങ്ങളിൽ വായിച്ചു. എന്റെ മനസ്സിൽ ഇപ്പോഴും പണിക്കരച്ചനുണ്ട്.

പണിക്കരച്ചന്റെ ജീവിതം സംഭാഷണത്തിലൂടെ തിരിച്ചറിഞ്ഞ ഡോ. പോൾ മണലിലും എബി ജോർജ്ജും ആ വിവരങ്ങൾ മനോഹരമായി ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. എഴുത്തുകാരനെന്ന നിലയിലും പത്രപ്രവർത്തകൻ എന്ന നിലയിലും മാർ ഈവാനിയോസിലെ പൂർവ്വ വിദ്യാർത്ഥിയായ ഡോ. പോൾ മണലിൽ ഏറെ അംഗീകാരം നേടിയിട്ടുണ്ട്. അതുപോലെയാണ് എബി ജോർജിന്റെ കാര്യവും. പണിക്കരച്ചൻ മരിക്കുന്നതുവരെ എബി ജോർജ് ഒപ്പമുണ്ടായിരുന്നു. അവരുടെ സ്നേഹത്തിന്റെയും ആദരവിന്റെയും പ്രകാശനം കൂടിയാണ് ഈ പുസ്തകം. അതുപോലെ പണിക്കരച്ചന്റെ ചില അപ്രകാശിത രചനകൾ ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുണ്ട്. ഇതെല്ലാം പണിക്കരച്ചന്റെ വ്യക്തിത്വത്തെയും ചിന്തയെയും ജീവിതത്തെയും മനസ്സിലാക്കാൻ ഉപകരിക്കും. നമ്മുടെ കോളജ് 75 വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ ധന്യ മുഹൂർത്തത്തിൽ പ്രിയപ്പെട്ട പണിക്കരച്ചന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരവുകൾ അർപ്പിച്ചുകൊള്ളുന്നു.

# ആമുഖം

മാർ ഈവാനിയോസ് കോളജിന്റെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര ചാർത്തിയ റവ. ഡോ. ഗീവറുഗീസ് പണിക്കരുടെ ജീവിതവും കാലവും അടയാളപ്പെടുത്തുന്ന ഒരു എളിയ ഗ്രന്ഥമാണ് ഞങ്ങളിവിടെ അവതരിപ്പിക്കുന്നത്. വേദശാസ്ത്ര ചിന്തകനായ പണിക്കരച്ചൻ രചിച്ചിട്ടുള്ള കുറെ ലേഖനങ്ങളും ഇതോടൊപ്പം സമാഹരിച്ചിട്ടുണ്ട്. വിവിധ കാലങ്ങളിലായി വിവിധ വിഷയങ്ങളിൽ ഒട്ടേറെ ലേഖനങ്ങൾ പണിക്കരച്ചൻ എഴുതിയിട്ടുണ്ടെങ്കിലും അവയെല്ലാം ഇതിൽ സമാഹരിക്കാൻ കഴിഞ്ഞിട്ടില്ല.

പണിക്കരച്ചന്റെ ജീവിതത്തിന്റെ ഒരു ചെറിയ രേഖാചിത്രം മാത്രമെ ഞങ്ങൾക്കു ഇതിൽ തയ്യാറാക്കാൻ കഴിഞ്ഞിട്ടുള്ളു. ആ വ്യക്തിത്വത്തെ പൂർണ്ണമായും കോറിയിടാൻ കഴിഞ്ഞിട്ടില്ലെങ്കിലും പണിക്കരച്ചന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. പല സമയങ്ങളിൽ പണിക്കരച്ചനെ കാണുകയും സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അന്ന് എഴുതിവച്ച കുറിപ്പുകൾ കൂട്ടിയിണക്കിയപ്പോൾ ഇങ്ങനെയൊരു ചരിത്രരേഖയായി. ഇത് അപൂർണ്ണമാണ്.

മാർ ഈവാനിയോസ് കോളജിന്റെ രജതജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിച്ചപ്പോൾ നമ്മുടെ പ്രിയപ്പെട്ട പണിക്കരച്ചന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. നമ്മൾ കോളജിന്റെ 75 സംവത്സരങ്ങൾ ഇപ്പോൾ ആഘോഷിക്കുകയാണ്. ഈ ആഘോഷത്തിന്റെ ഭാഗമായി പണിക്കരച്ചനെപ്പറ്റി ഒരു പുസ്തകം പുറത്തിറക്കാൻ ഞങ്ങളെ പ്രോത്സാഹിപ്പിച്ച പൂർവ്വവിദ്യാർത്ഥികൾ ഏറെപ്പേരുണ്ട്. സിബി എ. വടക്കേക്കര, റെനി ജോസഫ്, എ. കെ. ആർ. ഷെരീഫ് എന്നിവർ ഇതിന്റെ പ്രകാശനത്തിനു ചുക്കാൻ പിടിച്ചു. നമ്മുടെ കോളജ് യൂണിയൻ സാരഥിയായിരുന്ന സിറിയക്ക് ജോസഫ്, കോളജ് വൈസ് പ്രിൻസിപ്പലായിരുന്ന ഡോ. ഷേർളി സ്റ്റുവർട്ട്, അമിക്കോസിന്റെ പ്രവർത്തകരായ ജെ. എസ്. സുരേഷ്കുമാർ, അമ്പിളി ജേക്കബ്, നമ്മുടെ ഫുട്ബോൾ ടീമിൽ അംഗമായിരുന്ന പി. സക്കീർ, സുജു സി. ജോസഫ്, ആന്റണി തോമസ്, പ്രൊഫ. കെ. ടി. ചെറിയാൻ പണിക്കർ, സന്തോഷ് സഖറിയ പണിക്കർ, ആദർശ് റിയോ ജോർജ്, ഡോ. കെ. എം. ഫ്രാൻസിസ്, ജെയിംസ് ജോസഫ്, ജൂഡിൻ ബർനാഡ്, മാത്യു കോവൂർ, നന്ദകുമാർ വള്ളത്തോൾ, ആൽബർട്ട് അലക്സ് എന്നിങ്ങനെ പല ചങ്ങാതികളും ഈ പുസ്തകത്തെപ്പറ്റി ഇടയ്ക്കിടെ അന്വേഷിച്ചുകൊണ്ടിരുന്നു.

പണിക്കരച്ചന്റെ ആശുപത്രി വാസക്കാലത്തു ശിഷ്യന്മാരായ ഇ. എം. നജീബും ഡോ. എം. സഹദുള്ളായും ഒപ്പമുണ്ടായിരുന്നു. ഡോ. അനിൽ പിതാംബരനും ഡോ. പി. ജി. ബാലഗോപാലും ചെയ്തിട്ടുള്ള സേവനങ്ങൾ മറക്കുന്നില്ല. സലിം, കൊച്ചുമാത്തൻ, സുകു നായർ, ശിവജി ജഗന്നാഥൻ, ഡി. ഗോപകുമാർ എന്നിവർ എത്രയോ തവണ പണിക്കരച്ചനെ കാണാൻ ആശുപത്രിയിൽ വന്നിരിക്കുന്നു. പണിക്കരച്ചനെ സ്നേഹിച്ചിരുന്ന പരേതരായ ബിജു പുരുഷോത്തമൻ, കോശി കോവൂർ, റീത്താ ജോസഫ്, കെ. ഹരികുമാർ എന്നിവരെ ഇത്തരുണത്തിൽ സ്മരിക്കുന്നു. പണിക്കരച്ചനെ കോട്ടയത്തു നിത്യവും സന്ദർശിച്ചിരുന്ന നൂറിന്റെ പടിവാതുക്കൽ എത്തി നിൽക്കുന്ന എ. ബെഞ്ചമിൻ (98), മുഹമ്മദ് ഇക്ബാൽ (98), പി. റ്റി. മാത്യു (92) എന്നിവരുടെ സ്നേഹം ഞങ്ങൾ തിരിച്ചറിയുന്നു.

പണിക്കരച്ചനെ സ്നേഹിച്ചവരാണ് എല്ലാ ശിഷ്യഗണങ്ങളും. ഞങ്ങളുടെ ഉദ്യമത്തെ ശ്ലാഘിച്ചവരാണ് പാരമൗണ്ട് സുരേഷ്, ശ്രീകാന്ത് സ്കൈലൈൻ, ജോണി മുത്തൂറ്റ്, ഈപ്പൻ ജോസഫ്, ബി. സനിൽ കുമാർ, സണ്ണി വർഗീസ്, തമ്പാൻ, പദ്മകുമാർ, കാർത്ത്യായനി, രാജീവ് ഒ. ൻ. വി., ജോർജ് ജേക്കബ്, ജയകൃഷ്ണൻ, വസന്തൻ ബൽസലം, ടോണി, അനിഷ് ഹസ്സൻ, അഭിലാഷ്, ഡെന്നീസ് ജേക്കബ്, സിറാജ്, പ്രിൻസ്, ജോജി ഗോവ, ആറ്റുകാൽ രാജേന്ദ്രൻ, ആൻസി കുഞ്ചെറിയ, അഡ്വ. രാമചന്ദ്രൻ, ജപബാലൻ ഒളിവർ, രാജു ഉമ്മൻ, ജിമ്മി കുളങ്ങര, സാബു തോമസ്, റോണി റാഫേൽ, പൊന്നി മനീഷ്, ശങ്കർ കേശവൻ, കെ. എം. ജോസഫ് എന്നിവർ. പണിക്കരച്ചന്റെ അപ്രകാശിത ഇംഗ്ലീഷ് രചനകൾ ഫാ. ഇയ്യോബ് ഒ.ഐ.സി. യുടെ ഗ്രന്ഥശേഖരത്തിൽ നിന്നു ലഭിച്ചതാണ്. പ്രഗത്ഭയായ കോളജ് ലൈബ്രേറിയൻ ഡോ. ടി. ബീനാമോൾ ചെയ്ത സേവനം വിലപ്പെട്ടതാണ്.

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ക്ലിമ്മീസ് ബാവായുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് കോളജ് പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ ഉദ്യമത്തെ പ്രോത്സാഹിപ്പിച്ച പ്രിൻസിപ്പൽ മീരാ ജോർജിനും കോളജ് ബർസാർ കയ്യാലയ്ക്കൽ അച്ചനും നന്ദി പറയുന്നു.

മാർ ഈവാനിയോസ് കോളജിന്റെ പ്ലാറ്റിനം ജൂബിലി വേളയിൽ ജന്മശതാബ്ദി പിന്നിട്ട പണിക്കരച്ചനെ ആദരപൂർവ്വം സ്മരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു. ഈ പുസ്തകം ഒരു ഗുരുപൂജയാണ്. പണിക്കരച്ചന്റെ പാദപീഠത്തിങ്കൽ ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

**എബി ജോർജ്**

**ഡോ. പോൾ മണലിൽ**

തിരുവനന്തപുരം

02-08-2025

# ഉള്ളടക്കം

ഭാഗം ഒന്ന്

ജീവിതം

1 സുവർണ്ണകാലത്തിന്റെ ശിൽപി 13

2 വിദ്യാഭ്യാസ മന്ത്രിയുടെ സർട്ടിഫിക്കേറ്റ്! 17

3 മാർ ഈവാനിയോസ് തിരുമേനിയുടെ കാലടികളിൽ 23

4 സെമിനാരി പഠനകാലം - കാൻഡിയിൽ 35

5 മാർ ഈവാനിയോസ് കോളജിൽ പണിക്കരച്ചന്റെ പ്രാരംഭകാലം 48

6 പ്രിൻസിപ്പലായി 18 വർഷം 63

7 വിദ്യാർത്ഥികളെ സിനേഹിച്ച പണിക്കരച്ചൻ 89

ഭാഗം രണ്ട്

റവ. ഡോ. ഗീവർഗീസ് പണിക്കരുടെ അപ്രകാശിത രചനകൾ

1 അക്രമരാഹിത്യം ക്രൈസ്തവ ദർശനത്തിൽ 127

2 'നിങ്ങൾ എന്തന്വേഷിക്കുന്നു' 134

3 മരിയഭക്തിയും മലങ്കരസഭാ ആരാധനക്രമവും 138

4 വലിയ നോമ്പുകാലം 145

5 ക്രിസ്തുവിജ്ഞാനീയ വിവാദം
വി. സി. സാമുവേലച്ചന്റെ വീക്ഷണത്തിൽ 151

6 Ecclesiology of Archbishop Mar Ivanios 160

7 Mysticism and the Liturgy of St. James 171

8 The Trinitarian Dimension of the Anaphorae of St. James 193

# ഭാഗം ഒന്ന്

# ജീവിതം

റവ. ഡോ. ഗീവർഗീസ് പണിക്കരുമായി
കോട്ടയത്തു വച്ചും പെരുമ്പുഴ (കൊല്ലം) വച്ചും
ഡോ. പോൾ മണലിൽ, എബി ജോർജ്
എന്നിവർ പല ദിവസങ്ങളിൽ നടത്തിയ
സംഭാഷണങ്ങൾ സമാഹരിച്ചു
തയ്യാറാക്കിയതാണ് ഈ ജീവിതമെഴുത്ത്.

# 1

# സുവർണ്ണകാലത്തിന്റെ ശിൽപി

വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു റവ. ഡോ. ഗീവറുഗീസ് പണിക്കർ (1924–2008). തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പലായി 1961 മുതൽ 1979 വരെ പണിക്കരച്ചൻ സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തെ "മാർ ഈവാനിയോസ് കോളജിന്റെ സുവർണ്ണ വർഷങ്ങൾ" എന്നാണ് മുൻ വിദ്യാഭ്യാസ മന്ത്രി സി. എച്ച്. മുഹമ്മദ് കോയ വിശേഷിപ്പിച്ചിട്ടുള്ളത്.

ക്യാമ്പസിൽ വിദ്യാർത്ഥികളുടെ അച്ചടക്കം കാത്തുസൂക്ഷിച്ചുകൊണ്ട് മികച്ച പഠനനിലവാരത്തിലേക്ക് കോളജിനെ ഉയർത്തിയ റവ. ഡോ. ഗീവറുഗീസ് പണിക്കർ മാർ ഈവാനിയോസ് കോളജിന്റെ യശസ്സ് ലോകമെങ്ങും വ്യാപിപ്പിച്ചു. വിദ്യാഭ്യാസ രംഗത്തു മാതൃകാപരമായി പ്രവർത്തിക്കുന്ന കലാശാലയെന്നു മാർ ഈവാനിയോസിനെ വിശേഷിപ്പിച്ചുകൊണ്ടായിരുന്നു പണിക്കരച്ചന്റെ സേവനകാലത്തെ സി. എച്ച്. മുഹമ്മദ് കോയ സുവർണ്ണകാലമെന്ന് അടയാളപ്പെടുത്തിയത്.

വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കി പഠനപദ്ധതികൾക്കൊപ്പം പാഠ്യേതര പരിപാടികൾക്കും പ്രാധാന്യം നൽകുന്ന പാരമ്പര്യം പണിക്കരച്ചൻ കോളജിൽ ആവിഷ്ക്കരിച്ചു. വിദ്യാർത്ഥികളുടെ സർഗവസന്തം പൂത്തുലഞ്ഞ കാലമായിരുന്നു പണിക്കരച്ചന്റെ ഈവാനിയോസ് കാലം. അതൊരു ചരിത്രമായിരുന്നു.

പ്രിൻസിപ്പലാകുന്നതിനു മുമ്പ് റവ. ഡോ. ഗീവറുഗീസ് പണിക്കർ 1953 മുതൽ കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു. 1959-ൽ അദ്ദേഹം പ്രൊഫസറും വൈസ് പ്രിൻസിപ്പലുമായി. ആദ്യകാലത്തു പണിക്കരച്ചൻ കോളജിന്റെ ഹോസ്റ്റൽ വാർഡനായിരുന്നു. 1949-ൽ തുടങ്ങിയ മാർ ഈവാനിയോസ് കോളജിന്റെ ആദ്യ ഘട്ടം മുതൽ ഇപ്രകാരം പണിക്കരച്ചൻ ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി പിന്നിലും മുന്നിലും നിന്നു പ്രവർത്തിച്ചു.

പണിക്കരച്ചന്റെ ജീവിതം മാർ ഈവാനിയോസ് കോളജിന്റെ ചരിത്രവു



മായി ബന്ധപ്പെട്ടു കിടക്കുന്നു. ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ഈ കോളജിനു വേണ്ടി നാലാഞ്ചിറയിൽ സ്ഥലം വാങ്ങിയ കാലം മുതൽ ആ ബന്ധം തുടങ്ങുന്നു. കോളജിന്റെ ഇന്നത്തെ കവാടത്തിനരികെ കെട്ടിപ്പൊക്കിയ ഒരു ചെറിയ കെട്ടിടത്തിൽ താമസിച്ചുകൊണ്ടായിരുന്നു പതിനാറു വയസുകാരനായ ഗീവറുഗീസ് 1940 മുതൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പഠനം പൂർത്തിയാക്കിയത്. ആ കെട്ടിടം പിൽക്കാലത്തു മാർ ഈവാനിയോസ് കോളജ് അധ്യാപകരുടെ ക്വാർട്ടേഴ്സ് ആയി മാറി. സെന്റ് അലോഷ്യസ് സെമിനാരിയിലെ പഠനം കഴിഞ്ഞു 1942-ൽ ശ്രീലങ്കയിലെ കാൻഡിയിൽ പഠിക്കാൻ പോയി മടങ്ങി വന്നപ്പോഴും പണിക്കരച്ചൻ നാലാഞ്ചിറയിലെ കെട്ടിടത്തിൽ തന്നെയാണ് താമസിച്ചിരുന്നത്. അവിടെ താമസിച്ചുകൊണ്ടായിരുന്നു 1950 മുതൽ യൂണിവേഴ്സിറ്റി കോളജിൽ എം.എ. ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ പോയത്.

മാർ ഈവാനിയോസിൽ അധ്യയനം ആരംഭിച്ചതിന്റെ മൂന്നാമത്തെ വർഷമാണ് 1953-ൽ പണിക്കരച്ചൻ ഇംഗ്ലീഷ് അധ്യാപകനായത്. ഒപ്പം 'ഡിസിപ്ലിനേറിയൻ' എന്ന ഖ്യാതി നേടിക്കൊടുക്കാൻ വഴിതുറന്ന ഹോസ്റ്റൽ വാർഡൻ ചുമതലയും പണിക്കരച്ചൻ ഏറ്റെടുത്തു. 1955-ൽ അമേരിക്കയിൽ ഉപരിപഠനത്തിനു പോയ പണിക്കരച്ചൻ 1959-ൽ തിരിച്ചെത്തിയപ്പോഴാണ് കോളജിന്റെ വൈസ് പ്രിൻസിപ്പൽ സ്ഥാനമേറ്റത്. അന്നു മുതൽ ഇംഗ്ലീഷ് വകുപ്പിന്റെ മേധാവിയായും പ്രവർത്തിച്ചു. കോളജ് തുടങ്ങിയപ്പോൾ പ്രശസ്ത സാഹിത്യ നിരൂപകൻ പ്രൊഫസർ എം. പി. പോൾ ആയിരുന്നു വകുപ്പു മേധാവി. തുടർന്ന് പ്രൊഫ. വി. കെ. കുര്യനും ഡോ. ശിവരാമ സുബ്രഹ്മണ്യ അയ്യരും ആ സ്ഥാനത്തെത്തി. തുടർന്ന് പ്രൊഫ. കെ.എൻ. വാസുദേവ പണിക്കർ മേധാവിയായി. അദ്ദേഹം വിരമിച്ചശേഷമാണ് പണിക്കരച്ചൻ മേധാവിയായത്. 1961-ൽ പ്രിൻസിപ്പലായതോടെ 'പണിക്കരച്ചൻ യുഗം' തുടങ്ങുകയായി.

പണിക്കരച്ചൻ 1979-ൽ പ്രിൻസിപ്പൽ പദവിയിൽ നിന്നു വിരമിച്ചതു പുതിയൊരു ദൗത്യം ഏറ്റെടുക്കാൻ വേണ്ടിയായിരുന്നു. മാർ ഈവാനിയോസിൽ നിന്നു മംഗലപ്പുഴയിലേക്കാണ് അദ്ദേഹം പോയത്. 1924 ഏപ്രിൽ ഒന്നിന് ജനിച്ച പണിക്കരച്ചന് 1984 വരെ പ്രിൻസിപ്പൽപദവിയിൽ തുടരാമായിരുന്നു.


*മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ക്ലിമീസ് ബാവാ*

എന്നാൽ കേരളത്തിലെ കത്തോലിക്കാ സഭയ്ക്കു പണിക്കരച്ചന്റെ സേവനം ആവശ്യമായിരുന്നു. 1979 മുതൽ 1985 വരെ പണിക്കരച്ചൻ കത്തോലിക്കാ സഭയുടെ പ്രശസ്ത വൈദിക സെമിനാരിയായ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആൻഡ് തിയോളജിയുടെ റെക്ടറും പ്രസിഡന്റുമായി പ്രവർത്തിച്ചു. അവിടെ നൂറുകണക്കിനു വൈദികരെ പരിശീലിപ്പിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു കൈവന്നു. ഇക്കാലത്തു പഠിച്ചവരിൽ പലരും പിൽക്കാലത്തു മെത്രാന്മാരായി സഭയെയും സമൂഹത്തെയും നയിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ക്ലിമീസ് ബാവായും അതിൽ ഉൾപ്പെടുന്നു. അഭിവന്ദ്യ ക്ലിമീസ് പിതാവിന് രണ്ടു തവണ മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള ഭാഗ്യം കൈവന്നതും ഭാരതത്തിലെ കത്തോലിക്കാ ബിഷപ്പുമാരുടെ (സി.ബി.സി.ഐ.) നേതൃത്വത്തിൽ എത്താൻ കഴിഞ്ഞതും വലിയ നേട്ടമാണ്.

മംഗലപ്പുഴ സെമിനാരിയിൽ നിന്ന് വിരമിച്ചതിനു ശേഷം വീണ്ടും തിരുവനന്തപുരത്ത് എത്തിയ പണിക്കരച്ചൻ 1985-ൽ മലങ്കര കത്തോലിക്കാ സഭയുടെ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ടറായി. തുടർന്ന് 1987 മുതൽ ലോകത്തിലെ പ്രമുഖ സുറിയാനി പഠനകേന്ദ്രമായ കോട്ടയത്തെ സെന്റ് ഏഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സീരി) ഡീൻ ഓഫ് സ്റ്റഡീസ് എന്ന സ്ഥാനമേറ്റു. സീരിയിൽ പ്രവർത്തിക്കുമ്പോഴായിരുന്നു പണിക്കരച്ചന്റെ സപ്തതി മാർ ഇവാനിയോസിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയായ അമിക്കോസിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് ആഘോഷിച്ചത്. പണിക്കരച്ചന്റെ ശിഷ്യഗണങ്ങളെല്ലാം സീരിയിൽ ഒത്തുകൂടി. തുടക്കത്തിൽ അമിക്കോസിന്റെ പ്രസിഡണ്ട് പ്രൊഫ. ടി. ഐ. മത്തായി ആയിരുന്നു. തുടർന്ന് എ. നീലലോഹിതദാസ് നാടാർ, പാലോട് രവി, എബി ജോർജ്, കെ. ജയകുമാർ എന്നിവർ പ്രസിഡണ്ട് പദവി വഹിച്ചു.

പണിക്കരച്ചൻ പ്രവർത്തിച്ച 1953 മുതൽ 1979 വരെയുള്ള കാൽ നൂറ്റാണ്ട് മാർ ഈവാനിയോസ് കോളജിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്.

കോളജിന്റെ സുവർണ്ണകാല ശില്പിയാണ് റവ. ഡോ. ഗീവറുഗീസ് പണിക്കർ. തുടക്കത്തിൽ ഉണ്ടായിരുന്ന ബാലാരിഷ്ടതകളെ അതിജീവിച്ചു കൊണ്ട് കോളജിന്റെ പ്രവർത്തനത്തെ വിജയത്തിലെത്തിക്കാൻ പണിക്കരച്ചനോടൊപ്പം ഫിലിപ്പ് പന്തോളിൽ അച്ചനെപ്പോലെ പ്രഗത്ഭരായ വൈദികരുടെ ഒരു സംഘം തന്നെ ബഥനിക്കുന്നിൽ ഉണ്ടായിരുന്നു. പ്രിൻസിപ്പൽ പദവിയിൽ പ്രവർത്തിച്ച ബനഡിക്റ്റ് അച്ചനും തോമസ് നങ്ങച്ചിവീട്ടിൽ അച്ചനും കാളാശ്ശേരി അച്ചനും ചേർന്ന് കൈമാറിയ മാർ ഈവാനിയോസ് കോളജിന്റെ ദീപശിഖ തുടർന്നുള്ള കാൽ നൂറ്റാണ്ട് പണിക്കർ അച്ചൻ കെടാതെ കാത്തുസൂക്ഷിക്കുക മാത്രമല്ല വിജ്ഞാനത്തിന്റെയും പ്രബുദ്ധതയുടെയും അറിവിന്റെയും ആ ദീപശിഖയെ കേരളത്തിന്റെ വിദ്യാഭ്യാസ നവോത്ഥാനത്തിനു ഉതകുംവിധം കൂടുതൽ പ്രകാശമാനമാക്കുകയാണ് ചെയ്തത്.

മാർ ഈവാനിയോസ് കോളജിൽ നിന്ന് വിരമിച്ചവേളയിലാണ് പൂർവവിദ്യാർത്ഥികളുടെ സൗഹൃദ വേദിയായ 'അമിക്കോസ്' (അലുംമിനി അസോസിയേഷൻ ഓഫ് മാർ ഈവാനിയോസ് കോളജ് സ്റ്റുഡന്റ്സ്) 1979-ൽ പണിക്കരച്ചന്റെ രക്ഷാകർതൃത്തിൽ തുടങ്ങിയത്. അമിക്കസ് എന്ന ലത്തീൻ പദത്തിന്റെ അർത്ഥം സുഹൃത്ത് എന്നാണ്. ലത്തീനിൽ നിന്നു ഈ വാക്ക് സ്പാനിഷിൽ എത്തിയപ്പോൾ അമിഗോസ് ആയി. അതിന്റെ അർത്ഥവും ചങ്ങാതി എന്നു തന്നെ. അമിക്കോസ് എന്നാൽ ഇംഗ്ലീഷിലും കൂട്ടുകാരൻ എന്നു തന്നെയാണ് അർത്ഥം.

മാർ ഈവാനിയോസ് കോളജിനെ കേരളത്തിലെ ഏറ്റവും മികച്ച കലാശാലകളിൽ ഒന്നായി പണിക്കരച്ചൻ വളർത്തിയെടുത്തു. മാർ ഈവാനിയോസ് കോളജ് കനകജൂബിലി ആഘോഷിച്ചപ്പോൾ മലങ്കര കത്തോലിക്കാ സഭയുടെ മുഖപ്പത്രമായ 'ക്രൈസ്തവ കാഹളം' മാസികയിൽ പണിക്കരച്ചൻ ഇപ്രകാരം എഴുതി:

*"കോളജിന്റെ സ്ഥാപകൻ മനസ്സിൽ കണ്ട ഒരു സർവ്വകലാശാല തന്നെയാകട്ടെ മാർ ഈവാനിയോസ് കോളജ് എന്ന് ആശംസിക്കുന്നു."*

ആ പ്രതീക്ഷയിലേക്കു മാർ ഈവാനിയോസ് കോളജ് ഇപ്പോൾ സമീപിച്ചുകൊണ്ടിരിക്കുന്നു.

# 2

# വിദ്യാഭ്യാസ മന്ത്രിയുടെ സർട്ടിഫിക്കേറ്റ്!

ഇ.എം.എസ്. മന്ത്രിസഭയിൽ (1967-69) വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയ പണിക്കരച്ചനുമായി കൊമ്പുകോർത്തിട്ടാണ് "മാർ ഈവാനിയോസിന്റെ സുവർണ്ണ വർഷങ്ങൾ" എന്ന പ്രശംസാവാക്കുകൾ അച്ചന്റെ മേൽ ചൊരിഞ്ഞത്! ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ മന്ത്രിസഭയിൽ മുസ്ലീം ലീഗ് അംഗമായി എത്തിയ സി.എച്ച്. മുഹമ്മദ് കോയ ഒരിക്കൽ പണിക്കരച്ചനെ സെക്രട്ടറിയേറ്റിലേക്കു വിളിച്ചു വരുത്തി ശിക്ഷണ നടപടിയെടുക്കാൻ ശ്രമിച്ചു. അതിനൊരു കാരണമുണ്ടായി. മുഖ്യമന്ത്രിയുടെ താല്പര്യം സംരക്ഷിക്കാൻ മാർ ഈവാനിയോസ് കോളജ് പ്രിൻസിപ്പൽ തയ്യാറാകുന്നില്ല എന്നായിരുന്നു വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട്.

വിദ്യാർത്ഥി രാഷ്ട്രീയം ശക്തിപ്പെടുന്നതിനു മുമ്പ് ക്യാമ്പസിൽ രാഷ്ട്രീയ പാർട്ടികൾ സ്വന്തം അണികളെ വളർത്തിയെടുക്കാൻ ശ്രമിച്ചൊരു കാലമുണ്ടായിരുന്നു. അത്തരം പ്രവണതകളെ പണിക്കരച്ചൻ ശക്തമായി എതിർക്കുക മാത്രമല്ല ആരുടെ ഭീഷണികളുടെ മുമ്പിലും തോറ്റുകൊടുക്കുകയും ചെയ്തിരുന്നില്ല. അത്തരമൊരു സാഹചര്യത്തിലാണ് പണിക്കരച്ചൻ വിദ്യാഭ്യാസ മന്ത്രിയുമായി ഏറ്റുമുട്ടിയത്.

മാർ ഈവാനിയോസ് കോളജിൽ അച്ചടക്കവും പഠനാന്തരീക്ഷവും നിലനിർത്താൻ വ്യഗ്രത കാണിച്ചിരുന്ന പണിക്കരച്ചൻ തന്റെ നിശ്ചയദാർഢ്യത്തെ ഹനിക്കുന്ന ഒരു നിലപാടും അംഗീകരിച്ചിരുന്നില്ല. തന്റെ നിലപാട് വ്യക്തമാക്കാൻ ധീരത കാണിച്ചിരുന്ന അച്ചൻ ആരുടെ മുമ്പിലും തല കുനിക്കാനും തയ്യാറായിരുന്നില്ല. അതിലൂടെ ഉയർന്നതു മാർ ഈവാനിയോസിന്റെ കീർത്തിയായിരുന്നു.

കോളജിന്റെ ആദ്യകാലങ്ങളിൽ പണിക്കരച്ചൻ കൈകാര്യം ചെയ്ത ഒരു വിഷയം വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം തന്നെയായിരുന്നു.

സ്വാതന്ത്ര്യലബ്ധി വരെയുള്ള കാലഘട്ടത്തിൽ തിരുവിതാംകൂർ പ്രദേശത്തു കോളജുകളുടെ എണ്ണം വളരെ കുറവായിരുന്നു. തിരുവനന്തപുരത്തു സയൻസ് കോളജ്, ആർട്സ് കോളജ്, വിമൻസ് കോളജ്, ചങ്ങനാശ്ശേരിയിൽ എസ്.ബി. കോളജ്, കോട്ടയത്തു സി.എം.എസ്. കോളജ്, ആലുവായിൽ യു.സി. കോളജ്, നാഗർകോവിലിൽ സ്കോട്ട് ക്രിസ്ത്യൻ കോളജ് എന്നിങ്ങനെ കുറച്ചു കോളജുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

തിരുവിതാംകൂർ യൂണിവേഴ്സിറ്റി സ്ഥാപിതമായതോടെയാണ് കൂടുതൽ കോളജുകൾ സമാരംഭിച്ചത്. അതിനു മുമ്പ് തിരുവിതാംകൂർ പ്രദേശത്ത് ഉള്ളവർ കോളജ് പഠനത്തിനു മദ്രാസിലും തൃശ്ശിനാപ്പള്ളിയിലും മധുരയിലും ബോംബെയിലും മറ്റും പോയിരുന്നു. 1949 ജൂലൈ മാസത്തിൽ മാർ ഈവാനിയോസ് കോളജ് പ്രവർത്തിച്ചു തുടങ്ങിയതോടെ ബഥനിക്കുന്നിലേക്ക് തിരുവിതാംകൂർ പ്രദേശങ്ങളിൽ നിന്നു ധാരാളം വിദ്യാർത്ഥികൾ ഒഴുകിയെത്തി. അധികവും സമ്പന്ന കുടുംബങ്ങളിലെ കുട്ടികൾ. കോളജ് വക ഹോസ്റ്റൽ സൗകര്യവും ഉണ്ടായിരുന്നതിനാൽ വിവിധ ദേശങ്ങളിൽ നിന്നെത്തിയ വിദ്യാർത്ഥികൾക്കു ഏറെ സൗകര്യമായി. അവരുടെ അച്ചടക്കത്തിന്റെ കാര്യത്തിൽ ആദ്യ പ്രിൻസിപ്പലായിരുന്ന ബനഡിക്റ്റ് അച്ചന്റെ കാലം മുതൽ ശക്തമായ ചട്ടങ്ങൾ നടപ്പാക്കിയിരുന്നു. പഠനകാര്യങ്ങളിൽ മിടുക്കരായ കുട്ടികൾ ആണെങ്കിലും അച്ചടക്കത്തിന്റെ കാര്യങ്ങളിൽ അവർക്കു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നു. അത്തരമൊരു നിയന്ത്രണത്തിന്റെ പേരിലാണ് വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ് കോയയുമായി പണിക്കരച്ചൻ കൊമ്പു കോർത്തത്!

## പണിക്കരച്ചനുമായി നടത്തിയ സംഭാഷണങ്ങൾ

കോട്ടയത്തു 'സീരി'യിൽ താമസിക്കുമ്പോഴും വിശ്രമജീവിതം നയിക്കാൻ 2005 മുതൽ കൊല്ലത്തിനു സമീപം പെരുമ്പുഴയിൽ താമസിക്കുമ്പോഴും ഞങ്ങൾക്കു പണിക്കരച്ചനുമായി ദീർഘമായ സംഭാഷണങ്ങളിൽ ഏർപ്പെടാൻ അവസരം ലഭിച്ചു. അതെല്ലാം ഞങ്ങൾ ഡയറിയിൽ കുറിച്ചു വച്ചിരുന്നു. ഈ സ്ഥലങ്ങളിൽ താമസിക്കുമ്പോൾ ഞങ്ങൾ മാത്രമല്ല, പൂർവ്വ വിദ്യാർത്ഥികളായ അനേകംപേർ പണിക്കരച്ചനെ കാണാൻ വന്നിട്ടുണ്ട്. അവരോടെല്ലാം കോളജിലെ പഴയ കഥകൾ ഓർത്തെടുത്തു വർത്തമാനം പറയാൻ പണിക്കരച്ചൻ സമയം കണ്ടെത്തിയിരുന്നു.

## മുഖ്യമന്ത്രി ഇ.എം.എസ്. ഇടപെടുന്നു

അത്തരമൊരു സന്ദർഭത്തിൽ പറഞ്ഞ കഥയിലെ രസകരമായ ഒരേടാണ് സി. എച്ച്. മുഹമ്മദ് കോയയുമായി സംവദിക്കാൻ ഇടയായ സംഭവം. ബഞ്ചമിൻ എന്നൊരു വിദ്യാർത്ഥി വരുത്തിവച്ച ഒരു പൊല്ലാപ്പായിരുന്നു ഇത്. ബഞ്ചമിന്റെ കഥ പണിക്കരച്ചൻ ഇങ്ങനെ വിവരിച്ചു:

*"ബഞ്ചമിൻ ഡിഗ്രി രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്നു. അവനൊരിക്കൽ ക്യാമ്പസിൽ വച്ച് ഒരു പെൺകുട്ടിയെ കേറിപ്പിടിച്ചു. ക്യാമ്പസിൽ ചെറിയ ചട്ടമ്പിസംഘങ്ങൾ വിലസിയിരുന്ന കാലമായിരുന്നു അത്. വലിയ മുഠാളന്മാരായ വിദ്യാർത്ഥികൾ. വീട്ടിൽ നിന്നു ക്യാമ്പസിൽ എത്തിയാൽ സ്വാതന്ത്ര്യം നേടിയപോലെ പ്രവർത്തിച്ചിരുന്ന ഈ വിദ്യാർത്ഥികൾ ചില്ലറ അടിപിടി കേസുകളിലും ഉൾപ്പെട്ടിരുന്നു. അവരിൽ ഒരാളായിരുന്നു ബഞ്ചമിൻ. ബഞ്ചമിനു എതിരേ വേറെയും പരാതികൾ ഉണ്ടായിരുന്നു. കോപ്പിയടി, പുകവലി, മദ്യപാനം എന്നിങ്ങനെ പല വകുപ്പുകളിലായി ഉണ്ടായിരുന്ന പരാതികൾക്കു ഇടയിലാണ് അവൻ ഒരു വിദ്യാർത്ഥിനിയെ കയറിപ്പിടിച്ചത്. ഈ വിദ്യാർത്ഥിനിയുടെ പരാതി എനിക്കു കിട്ടി. ഭയന്നുപോയ പെൺകുട്ടി വീട്ടിൽ പോയി മാതാപിതാക്കളെ വിളിച്ചുകൊണ്ടുവരികയും ചെയ്തു."*

ഇതേ തുടർന്നാണ് ബഞ്ചമിനെതിരെ നടപടി എടുക്കാൻ കോളജ് മാനേജ്മെന്റ് തീരുമാനിച്ചത്. അധ്യാപകരുടെ എൻക്വയറി കമ്മീഷൻ തീരുമാന പ്രകാരം റിക്വസ്റ്റ് ട്രാൻസ്ഫർ സർട്ടിഫിക്കേറ്റ് നൽകി ബഞ്ചമിനെ കോളജിൽ നിന്നു വിടാൻ തീരുമാനിച്ചു. ബഞ്ചമിനു സ്വഭാവ സർട്ടിഫിക്കേറ്റ് നൽകേണ്ടതില്ലെന്നും എൻക്വയറി കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

*"ബഞ്ചമിൻ എന്നെ ഭീഷണിപ്പെടുത്തി. എൻക്വയറി കമ്മീഷന്റെ തീരുമാനത്തെ മറികടക്കാൻ പറ്റില്ലെന്നു ഞാൻ പറഞ്ഞു. അവൻ അപ്പനെയും കൂട്ടിക്കൊണ്ടുവന്നു. അവന്റെ അപ്പനും എന്നെ ഭീഷണിപ്പെടുത്തി. വഴിയിൽ വച്ചു കാണാമെന്നു പറഞ്ഞു. വഴിയിൽ ഞാൻ പലരെയും കണ്ടിട്ടുണ്ടെന്നു മറുപടിയും പറഞ്ഞു."*

ഇതിനിടെ ബഞ്ചമിൻ പോയി വർക്കല രാധാകൃഷ്ണനെ കണ്ട് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയിൽ ചേർന്നു. തുടർന്നാണ് പണിക്കരച്ചനു ശക്തമായ രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായത്.

*"അന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് മുഖ്യമന്ത്രി. അദ്ദേഹം എനിക്കെതിരെ കേരളാ യൂണിവേഴ്സിറ്റിയിലേക്ക് വിശദീകരണം തേടി ഒരു കത്തയച്ചു. ഒരുപക്ഷെ, വർക്കല രാധാകൃഷ്ണന്റെ സ്വാധീനത്തിൽ ചെയ്തതാവാം. എനിക്ക് ഉടനെ യൂണിവേഴ്സിറ്റിയിൽ നിന്നൊരു കത്തു കിട്ടി. അതിൽ ഇ.എം.എസിന്റെ നോട്ടും ഉണ്ടായിരുന്നു. അതു ഇപ്രകാരമായിരുന്നു: Enquire into the matter. Mar Ivanios College Principal has issued T. C. because the student is a Communist."*

അങ്ങനെ പണിക്കരച്ചനു എതിരെ യൂണിവേഴ്സിറ്റിയുടെ എൻക്വയറി ഉണ്ടായി. അതിനാൽ സത്യം പുറത്തു വന്നു. മാർ ഈവാനിയോസ് കോളജിൽ മാത്രമല്ല നഗരത്തിലെ മറ്റെല്ലാ കോളജുകളിലും അക്കാലത്തു

ചട്ടമ്പിസംഘങ്ങൾ വിലസിയിരുന്ന കാലമാണ്. അത്തരക്കാരെ അമർച്ച ചെയ്യാൻ പല പ്രിൻസിപ്പൽമാർക്കും കഴിഞ്ഞിരുന്നില്ല. മാർ ഈവാനിയോ സിൽ അത്തരക്കാരെ പണിക്കരച്ചൻ കൈകാര്യം ചെയ്തതുകൊണ്ടാണ് ക്യാമ്പസിൽ അച്ചടക്കം നിലനിർത്താൻ ഇടയായത്.

*"യൂണിവേഴ്സിറ്റി അയച്ച കത്തിനു ഞാൻ വ്യക്തമായ മറുപടി അയച്ചു. ടി.സി. കൊടുത്തു വിട്ടയാളെ തിരിച്ചെടുക്കാൻ കഴിയി ല്ലെന്നും മറുപടി നൽകി. അതിന്റെ കോപ്പി മുഖ്യമന്ത്രിക്കും അയച്ചു. കമ്യൂണിസ്റ്റുകാരനാണെന്നു അറിഞ്ഞുകൊണ്ടാണ് ഞാൻ ഇ.എം.എസിന്റെ മകനു മാർ ഈവാനിയോസിൽ അഡ്മിഷൻ നൽകി യതെന്നും ഈ കത്തിൽ സൂചിപ്പിച്ചു."*

മുഖ്യമന്ത്രിക്കു കത്തു ലഭിച്ച ഉടൻതന്നെ വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ് കോയ പണിക്കരച്ചനെ നേരിൽ വിളിച്ചു. സെക്രട്ടറിയേറ്റിൽ ചെന്നു കാണാമെന്ന് അച്ചൻ മറുപടിയും നൽകി. നേരിൽ കണ്ടപ്പോൾ ആകട്ടെ, സംഭവിച്ച കാര്യങ്ങൾ ഒന്നും ചോദിക്കാതെ മന്ത്രി ഇപ്രകാരം പറഞ്ഞു:

*"ഇങ്ങനെയാണോ പ്രിൻസിപ്പൽ ചെയ്യേണ്ടത്? പരീക്ഷ അടുത്തപ്പോൾ ഒരു സ്റ്റുഡന്റിനു ടി.സി. കൊടുത്തു പറഞ്ഞയയ്ക്കാമോ?"*

ഇതു കേട്ടപ്പോൾ പണിക്കരച്ചനു അരിശം വന്നു. ഉടനെ മന്ത്രിയോടു ചോദിച്ചു:

*"സാറെ, എന്താണ് പറയുന്നത്?"*

*"സ്റ്റുഡന്റിന്റെ ഭാവി കളയരുത്. ബഞ്ചമിനെ തിരിച്ചെടുക്കണം."*

*"സാർ, കാര്യം അറിയാതെയാണോ സംസാരിക്കുന്നത്?"*

*"എന്തു കാര്യം അറിയാനാ? ബഞ്ചമിനെ തിരിച്ചെടുക്കണം."*

*"ഞാനീ കസേരയിൽ ഇരിക്കുമ്പോൾ പറ്റില്ല. മിനിസ്റ്റർ പറയുന്നതു പോലെ കോളജ് നടത്താൻ പറ്റില്ല. ഞങ്ങൾ ആരുടെയും ഭാവി കള യാറില്ല. ബഞ്ചമിനു ഞാൻ റിക്വസ്റ്റ് ടി.സി. യാണ് നൽകിയത്. കംപൽസറി ടി.സി. നൽകിയാൽ കുട്ടിയുടെ ഭാവി തടസ്സപ്പെടുമെന്ന് അറിയാം."*

പണിക്കരച്ചൻ ഇങ്ങനെ കടുപ്പിച്ച് പറയുമെന്ന് മന്ത്രി കരുതിയില്ല. അച്ചൻ വീണ്ടും തുടർന്നു:

*"മിനിസ്റ്റർ, വിദ്യാർത്ഥികളുടെ ഭാവിയെപ്പറ്റി പറയേണ്ട. നിങ്ങൾ വിദ്യാർ ത്ഥികളെ പോലീസിനെ വിട്ട് തല്ലിക്കുന്നു. എന്നിട്ട് മന്ത്രിമാർ അവ രുടെ മക്കളെ മാർ ഈവാനിയോസിലേക്ക് പഠിക്കാൻ അയക്കുന്നു.*

*സാറിന്റെ മകളെ കോളജിൽ വിട്ടാൽ അവിടെ വച്ചു ചട്ടമ്പികൾ കയ റിപ്പിടിച്ചാൽ എന്തു ചെയ്യും?"*

അതു കേട്ടിട്ട് സി. എച്ച്. മുഹമ്മദ് കോയ ഇങ്ങനെ പറഞ്ഞു:

*"വിദ്യാർത്ഥികളെ ഫാദർ തൊഴിക്കുന്നതായി കേട്ടിട്ടുണ്ട്. ശിക്ഷിക്കു ന്നതു തൊഴിച്ചല്ല."*

*"ക്യാമ്പസിൽ ഡിസിപ്ലിൻ ഉണ്ടാക്കുകയാണ് എന്റെ ലക്ഷ്യം. ക്യാമ്പ സിൽ അക്രമം ഞാൻ സമ്മതിക്കില്ല."*

*"ഫാദർ ഈ രീതിയിൽ സംസാരിക്കുന്നോ. എങ്കിൽ എനിക്ക് ഒന്നും പറയാനില്ല. ഇഷ്ടംപോലെ ചെയ്യുക."*

മന്ത്രിയുടെ പ്രതികരണം അതോടെ അവസാനിച്ചു.

പിന്നീട് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ബഞ്ചമിനു യൂണിവേഴ്സിറ്റി കോളജിൽ അഡ്മിഷൻ നൽകി. അവിടെയും ബഞ്ചമിൻ അടിപിടി സംഘ ത്തിൽ ചേർന്നു. ഒരിക്കൽ പണിക്കരച്ചൻ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ചെന്നപ്പോൾ ഈ സംഘം അടുത്തു കൂടി. അച്ചൻ ഉടനെ ലൈബ്രറി വിട ണമെന്നു അവിടെ ഉണ്ടായിരുന്ന ഈവാനിയോസിലെ അധ്യാപകർ ഉപദേ ശിച്ചു.

*"അവർ വരട്ടെ, ഞാൻ ഡീൽ ചെയ്യാം."* എന്നായിരുന്നു അച്ചന്റെ പ്രതി കരണം.

പണിക്കരച്ചൻ ലൈബ്രറിയിൽ നിന്നു മടങ്ങാൻ കാറിന്റെയടുത്തു ചെന്ന പ്പോൾ ബഞ്ചമിൻ കത്തിയുമായി നിൽക്കുന്നുണ്ടായിരുന്നു. ഡ്രൈവറെയും അച്ചനെയും ബഞ്ചമിൻ ഇങ്ങനെ ഭീഷണിപ്പെടുത്തി.

*"രണ്ടെണ്ണത്തിനെയും ഞാൻ കൊല്ലും."*

*"എന്റെ കയ്യിൽ കത്തിയും കഠാരയുമില്ല. നിനക്കു ധൈര്യമുണ്ടെങ്കിൽ വന്നു കുത്ത്"* - എന്നായി പണിക്കരച്ചൻ.

ബഞ്ചമിന്റെ ധൈര്യം അതോടെ ചോർന്നെങ്കിലും പണിക്കരച്ചൻ ലൈബ്ര റിയിൽ വരുന്ന ദിവസങ്ങളെല്ലാം ബഞ്ചമിൻ സംഘത്തോടൊപ്പം കറങ്ങി നടന്നു.

മറ്റൊരു ദിവസം ലൈബ്രറിയിൽ നിന്നു മടങ്ങുമ്പോൾ പിന്നിൽ നിന്ന് ബഞ്ചമിൻ ആക്രോശിച്ചു:

*"നിൽക്കടാ അവിടെ."*

ഇതു കേട്ടിട്ട് അച്ചൻ തിരിഞ്ഞു നിന്നു ചോദിച്ചു:

*“നിനക്ക് തല്ലാൻ എത്രനേരം നിൽക്കണം.”*

പണിക്കരച്ചൻ അവിടെ നിന്നു. ബഞ്ചമിന്റെ ശല്യം പിന്നെ ഉണ്ടായില്ല.

എന്നാൽ പിൽക്കാലത്തു പണിക്കരച്ചനും സി.എച്ച്. മുഹമ്മദ് കോയയും ഒരു വേദിയിൽ കണ്ടുമുട്ടി. പഴയ സംഭവം ഓർത്തുകൊണ്ട് രണ്ടുപേരും സൗഹൃദം പങ്കിട്ടു.

ആ വേദിയിൽ വച്ചാണ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയയുടെ പ്രശംസാ വാക്കുകൾ ഉണ്ടായത്.

*“മാർ ഈവാനിയോസ് കോളജിനു സുവർണ്ണ വർഷങ്ങൾ നേടിക്കൊടുത്തതു ബഹുമാനപ്പെട്ട ഗീവറുഗീസ് പണിക്കർ അച്ചനാണ്. അച്ചൻ കോളജിന്റെ യശസ്സ് ഉയർത്തി”* എന്നായിരുന്നു സി.എച്ചിന്റെ നിരീക്ഷണം.

പണിക്കരച്ചന്റെ മാർ ഈവാനിയോസ് കാലം സി.എച്ച്. പറഞ്ഞപോലെ ഒരു സുവർണ്ണയുഗം തന്നെയായിരുന്നു. മുൻ വിദ്യാഭ്യാസമന്ത്രി മാത്രമല്ല, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുള്ള ഏവരും മുക്തകണ്ഠം പണിക്കരച്ചന്റെ മഹത്തായ വിദ്യാഭ്യാസ സംഭാവനകളെയും മാർ ഈവാനിയോസ് കോളജിന്റെ ചടുലമായ കാലത്തെയും പറ്റി പറഞ്ഞിട്ടുണ്ട്.

ഈ കലാശാലയിൽ പണിക്കരച്ചന്റെ കാലത്തു പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾ പണിക്കരച്ചന്റെ സാരഥ്യത്തെ അകമഴിഞ്ഞു ബഹുമാനിക്കുന്നു. അവരെല്ലാം പണിക്കരച്ചനെ സ്നേഹിക്കുന്നു. മാർ ഈവാനിയോസ് കോളജിനെ അതിന്റെ സ്ഥാപകനായ ധന്യപിതാവ് ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ് വിഭാവനം ചെയ്തതുപോലെ മഹത്തായ പാരമ്പര്യത്തിലേക്കു പണിക്കരച്ചൻ നയിച്ചു. അതിന് ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയും അനുഗ്രഹവും പണിക്കരച്ചനു ലഭിച്ചു.

# 3

# മാർ ഈവാനിയോസ് തിരുമേനിയുടെ കാലടികളിൽ

‘കർദ്ദിനാൾ ന്യൂമാൻ ഓഫ് കേരള’ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസിന്റെ (1882–1953) ശിഷ്യനാണ് റവ. ഡോ. ഗീവറുഗീസ് പണിക്കർ. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ ആർച്ച് ബിഷപ്പും മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ രാജശില്പിയുമായ മാർ ഈവാനിയോസിനെ പത്തൊമ്പതാം നൂറ്റാണ്ടിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ കത്തോലിക്കാ പാരമ്പര്യം ഉദ്ഘോഷിച്ച ഓക്സ്ഫോർഡ് മൂവ്മെന്റിന്റെ സാരഥിയും വേദശാസ്ത്രജ്ഞനുമായ കർദ്ദിനാൾ ജോൺ ഹെൻറി ന്യൂമാനുമായി (1801–1890) താരതമ്യപ്പെടുത്തിയാണ് ‘ന്യൂമാൻ ഓഫ് കേരള’ എന്നു വിശേഷിപ്പിക്കുന്നത്. കർദ്ദിനാൾ ന്യൂമാനെ കത്തോലിക്കാ സഭ 2019–ൽ വിശുദ്ധനായി പ്രഖ്യാപിച്ചെങ്കിൽ മാർ ഈവാനിയോസിനെ വിശുദ്ധ പദവിയുടെ ആദ്യ ഘട്ടമായ ദൈവദാസൻ എന്ന പദവിയിലേക്ക് 2007–ൽ കത്തോലിക്കാ സഭ നാമകരണം ചെയ്തു.

വേദശാസ്ത്രജ്ഞനും വിദ്യാഭ്യാസചിന്തകനും ഓർഡർ ഓഫ് ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന സന്യാസപ്രസ്ഥാനത്തിന്റെയും മാർ ഈവാനിയോസ് കോളജ് ഉൾപ്പെടെ അനേകം വിദ്യാഭ്യാസ പ്രസ്ഥാനങ്ങളുടെയും സ്ഥാപകനുമായ ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസിന്റെ കാലടിപ്പാതകളെ പിന്തുടർന്നാണ് വേദരഹസ്യങ്ങളുടെ അമരത്വം തേടി റവ. ഡോ. ഗീവറുഗീസ് പണിക്കർ ബാല്യത്തിൽ ഇറങ്ങിപ്പുറപ്പെട്ടത്.

ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പിതൃകുടുംബമായ പണിക്കർ കുടുംബത്തിലാണ് റവ. ഡോ. ഗീവറുഗീസ് പണിക്കർ ജനിച്ചത്. പണിക്കർ കുടുംബത്തിന്റെ ശാഖകൾ മധ്യതിരുവിതാംകൂറിൽ പടർന്നു പന്തലിച്ചു കിടന്നിരുന്നു. കുഞ്ഞൂഞ്ഞ് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന റവ. ഡോ. ഗീവറുഗീസ് പണിക്കർ ജനിച്ചതു 1924 ഏപ്രിൽ ഒന്നിന് ആലപ്പുഴ ജില്ലയിൽ കരുവാറ്റയ്ക്കു അടുത്തുള്ള കാരിച്ചാൽ എന്ന ഗ്രാമത്തിലാണ്.

*മാതാപിതാക്കളും സഹോദരീ സഹോദരന്മാരും. 1953-ൽ എടുത്ത ചിത്രം.*

## മാതാപിതാക്കൾ

കല്ലമ്പള്ളി തെക്കതിൽ ഗീവറുഗീസ് പണിക്കരുടെ പുത്രൻ കെ. ജി. തോമസ് പണിക്കരും കല്ലൂപ്പാറ കൈതയിൽ തോമസിന്റെ മകൾ ആച്ചിയമ്മയുമാണ് പണിക്കരച്ചന്റെ മാതാപിതാക്കൾ. കാരിച്ചാൽ കിഴക്കേവീട്ടിൽ (ചേലിപ്പള്ളിൽ) കുടുംബത്തിലായിരുന്നു ഇവരുടെ താമസം. കെ. ജി. തോമസ് പണിക്കരും ആച്ചിയമ്മയും അധ്യാപകരായിരുന്നു. ഇവർക്കു സീമന്തപുത്രനായ കുഞ്ഞൂഞ്ഞ് ഉൾപ്പെടെ ഏഴു മക്കളാണ് ഉള്ളത്. സി. ടി. തോമസ് പണിക്കർ, സി. ടി ചാക്കോ പണിക്കർ, സി. ടി. ജോൺ പണിക്കർ, ശോശാമ്മ, ലിസി, ഓമന എന്നിവരാണ് മറ്റുള്ളവർ. ശോശാമ്മയെ (റിട്ട. കെ.എസ്.ഇ.ബി. സൂപ്രണ്ട്) പാലക്കാട് കെ. എസ്. കുരുവിളയും ഓമനയെ മീനടം വെട്ടിക്കോട്ട് ഉമ്മൻ വർഗീസും വിവാഹം കഴിച്ചു. ലിസി ബഥനി സന്യാസിനി സമൂഹത്തിൽ അംഗമായി സിസ്റ്റർ ജോസെഫ എന്ന നാമം സ്വീകരിച്ചു.

## പ്രാഥമിക വിദ്യാഭ്യാസം

പിതാവായ തോമസ് പണിക്കർ ഹെഡ്മാസ്റ്റർ ആയിരുന്ന വാഴത്താറ്റ് പ്രൈമറി സ്കൂളിലായിരുന്നു (ഇപ്പോൾ സെന്റ് ജോർജ് എൽ.പി.എസ്.) ഗീവറുഗീസ് പണിക്കരുടെ പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് അപ്പർ



കെ. ജി. തോമസ് പണിക്കർ, ആച്ചിയമ്മ (മാതാപിതാക്കൾ).

പ്രൈമറി പഠനത്തിനു ചേർന്നതു കരുവാറ്റ സെന്റ് ജെയിംസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിലായിരുന്നു.

## കൈനിക്കരയുടെ ശിഷ്യൻ

കരുവാറ്റ എൻ.എസ്.എസ്. ഇംഗ്ലീഷ് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. കരുവാറ്റ സ്കൂളിൽ നാടകകൃത്തായ കൈനിക്കര കുമാരപിള്ളയായിരുന്നു (1900–1988) ഹെഡ്മാസ്റ്റർ.

ഗീവറുഗീസ് പണിക്കരുടെ വ്യക്തിത്വ വികാസത്തിനു ഉതകുന്ന അന്തരീക്ഷമായിരുന്നു കരുവാറ്റ സ്കൂളിൽ ഉണ്ടായിരുന്നത്. സ്കൂൾ വാർഷികത്തിനു അവതരിപ്പിക്കാൻ കൈനിക്കര നാടകങ്ങൾ എഴുതി. കുട്ടികളുടെ കഴിവുകളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. സ്കൂളിൽ വച്ച് പ്രസംഗങ്ങൾ നടത്താൻ ഗീവറുഗീസ് പണിക്കർക്കു അവസരം ലഭിച്ചു. 1924 മുതൽ 1944 വരെ കൈനിക്കര കുമാരപിള്ള കരുവാറ്റ സ്കൂളിലുണ്ടായിരുന്നു.

കൈനിക്കരയെ പണിക്കരച്ചൻ ഇപ്രകാരം സ്മരിക്കുന്നു:

*"കൈനിക്കര സാറാണ് പ്രസംഗകലയിലേക്കു എന്നെ കൂട്ടിക്കൊണ്ടു വന്നത്. സ്കൂൾ അസംബ്ലിയിൽ പ്രസംഗിക്കാൻ എന്നെ അദ്ദേഹം നിയോഗിച്ചു. പ്രസംഗം കാണാതെ പഠിച്ചു പറയാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ പുസ്തകങ്ങൾ വായിക്കാൻ നിർദ്ദേശിച്ചു. അദ്ദേഹം ലൈബ്രറിയിൽ നിന്നു പുസ്തകങ്ങൾ എടുത്തു തന്നു. ഞാൻ അതെല്ലാം വായിച്ചു. അങ്ങനെയാണ് പ്രസംഗിച്ചു തുടങ്ങിയത്."*

## ഗുരുവും ശിഷ്യനും പ്രിൻസിപ്പൽ

ഗുരുവും ശിഷ്യനും പിൽക്കാലത്തു തിരുവനന്തപുരത്തു തൊട്ടടുത്ത സ്ഥാപനങ്ങളിൽ ഒരേ സ്ഥാനത്തു പ്രവർത്തിക്കാൻ ഇടയായതു യാദൃച്ഛികം! കരുവാറ്റയിൽ നിന്നു കൈനിക്കര കുമാരപിള്ള 1944-ൽ തിരുവനന്തപുരത്തു ട്രെയിനിംഗ് കോളജിൽ അധ്യാപകനായെത്തി. തുടർന്ന് അദ്ദേഹം വിദ്യാഭ്യാസ വകുപ്പിൽ ഡപ്യൂട്ടി ഡയറക്ടറായതിനു ശേഷം മഹാത്മാഗാന്ധി

*ഗുരുവും ശിഷ്യനും. പണിക്കരച്ചൻ കൈനിക്കര കുമാരപിള്ള യോടൊപ്പം*

കോളജിൽ പ്രിൻസിപ്പലായി. 1948-ൽ സ്ഥാപിച്ച എം.ജി. കോളജിൽ കൈനിക്കര പ്രിൻസിപ്പലായതു 1955-ലാണ്. പണിക്കരച്ചൻ മാർ ഈവാനി യോസിൽ 1953-ൽ ഇംഗ്ലീഷ് അധ്യാപകനായെങ്കിലും പ്രിൻസിപ്പലായതു 1961-ലായിരുന്നല്ലോ. തന്റെ ഗുരുവിനെ പണിക്കരച്ചൻ മാർ ഈവാനിയോസ് കോളജിലേക്കു ക്ഷണിച്ചുകൊണ്ടു വന്നു പ്രസംഗിപ്പിച്ചിട്ടുണ്ട്.

> *"ഞാൻ അധ്യാപകനായി ജോലി ചെയ്യാൻ തുടങ്ങിയപ്പോൾ കൈനിക്കര സാറിനെ ആദ്യം പോയി കണ്ട് അനുഗ്രഹം വാങ്ങിച്ചു. അദ്ദേഹം രണ്ടു വർഷമേ പ്രിൻസിപ്പലായി എം.ജി. യിൽ ഉണ്ടായിരുന്നുള്ളു എങ്കിലും അതിനു മുമ്പ് തിരുവനന്തപുരത്തു എത്തിയിരുന്നു. ഞാൻ അദ്ദേഹത്തെ ഇടയ്ക്കിടെ കാണാൻ പോയിരുന്നു."*

കരുവാറ്റയിൽ ഹെഡ്മാസ്റ്ററായിരുന്ന കൈനിക്കര കുമാരപിള്ള സാറിന്റെ ചിട്ടകൾ പണിക്കരച്ചൻ ഒരു പാഠമാക്കിയിരുന്നു. അച്ചടക്കം നടപ്പാക്കുന്ന കാര്യത്തിൽ ഗുരുവായ കൈനിക്കര ശിഷ്യനായ പണിക്കരച്ചന് ഒരു മാതൃകയായിരുന്നു.

*"കൈനിക്കര സാർ അച്ചടക്കത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും വരുത്തിയിരുന്നില്ല. കുറ്റം ചെയ്താൽ ശിക്ഷ കിട്ടുമെന്ന തോന്നൽ സ്കൂളിൽ വച്ചു കുട്ടികൾക്കു ഉണ്ടായിരുന്നു. എന്നാൽ കുട്ടികളെ അദ്ദേഹം സ്നേഹിച്ചു. ഗൗരവക്കാരനായ കൈനിക്കര സാർ അകമേ നിർമ്മല മനസ്സുള്ള അധ്യാപകനായിരുന്നു. ആ നൈർമല്യത്തിന്റെ സൗരഭ്യം എന്നെയും സ്വാധീനിച്ചിട്ടുണ്ട്"* - പണിക്കരച്ചൻ വ്യക്തമാക്കി.

കരുവാറ്റ സ്കൂളിൽ മികച്ച പഠനാന്തരീക്ഷം ഉണ്ടായിരുന്നു. അതിനാൽ ഉയർന്ന മാർക്ക് നേടി പരീക്ഷ ജയിക്കാൻ ഗീവറുഗീസ് പണിക്കർക്കു കഴിഞ്ഞു.

*"കുട്ടൻപിള്ള സാറായിരുന്നു ക്ലാസ് ടീച്ചർ. ഇന്നത്തെപ്പോലെയൊന്നുമല്ല. എല്ലാ ടേമിലും ക്ലാസ് ടീച്ചർ വീട്ടിൽ വരും. കുട്ടികളുടെ പഠനത്തെപ്പറ്റി വീട്ടുകാരുമായി സംസാരിക്കും. ചെളിയും ചള്ളയും ഉള്ള വഴിയിലൂടെ സൈക്കിൾ ചവിട്ടി വീട്ടിലേക്കു വരുന്ന കുട്ടൻപിള്ള സാറിനെ ഞാൻ ഓർക്കുന്നു. സ്കൂളിൽ നിന്നു കൊടുത്തയയ്ക്കുന്ന പ്രോഗ്രസ് കാർഡ് കുട്ടൻപിള്ള സാറാണ് വീട്ടിൽ വന്നു ഒപ്പിട്ടു വാങ്ങിച്ചിരുന്നത്. ഹെഡ്മാസ്റ്ററും ആണ്ടിലൊരിക്കൽ കുട്ടികളുടെ വീട്ടിൽ വരുന്ന പതിവുണ്ടായിരുന്നു. അങ്ങനെയും ഒരു കാലം"* – പണിക്കരച്ചൻ സ്കൂൾ കാലം ഓർത്തു.

### വൈദികനാകാൻ മോഹം

ഹൈസ്കൂളിൽ എത്തുന്നതിനു മുമ്പുതന്നെ വൈദികനാകണമെന്ന ആഗ്രഹം ഗീവറുഗീസ് പണിക്കർക്കുണ്ടായിരുന്നു. വീട്ടിലെ അന്തരീക്ഷവും അതിനു ഇണങ്ങുന്നതായിരുന്നു. പിതാവ് തോമസ് പണിക്കർ കാരിച്ചാൽ ഓർത്തഡോക്സ് പള്ളിയിൽ ട്രസ്റ്റിയായിരുന്നു. പള്ളിയുടെ കാര്യങ്ങളിൽ അങ്ങനെ ഗീവറുഗീസ് പണിക്കരും അടുത്തിടപെട്ടു. പാട്ടും പ്രാർത്ഥനയും ബാലനായ കുഞ്ഞൂഞ്ഞിനു മനഃപാഠമായിരുന്നു. സുറിയാനി ആരാധന കുഞ്ഞൂഞ്ഞിനെ അത്യധികം ആകർഷിച്ചു. വേദഭാഷയുടെ അമരത്വം കണ്ടെത്താൻ ആ മനസ്സ് മന്ത്രിച്ചു.

1940–ൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയപ്പോൾ അച്ചനാകണമെന്ന നിശ്ചയം ഗീവറുഗീസ് പണിക്കർ പ്രഖ്യാപിച്ചു. അപ്പന്റെ സഹോദരൻ അന്നു മലങ്കര കത്തോലിക്കാ സഭയിൽ അംഗമായി ചേർന്നിരുന്നു. അതിനാൽ തിരുവനന്തപുരത്തുള്ള മലങ്കര കത്തോലിക്കാ സെമിനാരിയിൽ പഠിക്കാൻ പോകാൻ ഗീവറുഗീസ് പണിക്കർ തീരുമാനിച്ചു.

മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസും ഗീവറുഗീസ് പണിക്കരുടെ വല്യപ്പനും അടുത്ത ബന്ധുക്കളായിരുന്നു. അതിനാൽ ഗീവറുഗീസ് പണിക്കർ ഈവാനിയോസ് തിരുമേനിയെ കാണാൻ പോയി. അതുവരെ തിരുമേനിയെ അദ്ദേഹം നേരിൽ കണ്ടിരുന്നില്ല. എങ്കിലും മനസ്സിലുള്ള ആഗ്രഹം സഫലമാക്കാൻ തിരുവനന്തപുരത്തേക്ക് വണ്ടി കയറി!

*"ആ യാത്ര എന്റെ ജീവിതത്തിലെ വഴിത്തിരിവായി. വീട്ടിൽ എല്ലാവരും ഓർത്തഡോക്സ് സഭാംഗങ്ങൾ. എന്നാൽ എനിക്ക് ഈവാനിയോസ് തിരുമേനിയെ ഇഷ്ടമായിരുന്നു. അദ്ദേഹത്തെപ്പറ്റി കേട്ടറിവ് മാത്രമെ ഉണ്ടായിരുന്നുള്ളു."* പണിക്കരച്ചൻ തന്റെ വഴിത്തിരിവ് ഓർത്തെടുത്തു.

മാർ ഈവാനിയോസ് തിരുമേനി മാവേലിക്കര പണിക്കർ കുടുംബാംഗ മായിരുന്നു. ഇതേ കുടുംബത്തിലെ അംഗമായ ഗീവറുഗീസ് പണിക്കരുടെ പിതാവ് തോമസ് പണിക്കർ മാവേലിക്കരയിൽ നിന്നാണ് കാരിച്ചാൽ വന്നു താമസമാക്കിയത്. ഈവാനിയോസ് തിരുമേനിയുടെ കുടുംബവും തോമസ് പണിക്കരുടെ കുടുംബവും മാവേലിക്കര പുതിയകാവ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങൾ ആയിരുന്നു.

### പണിക്കർ കുടുംബം

മാവേലിക്കരയിലെ പണിക്കർ കുടുംബത്തിന്റെ ചരിത്രത്തിനു നൂറ്റാണ്ടു കളുടെ പഴക്കമുണ്ട്. കൊടുങ്ങല്ലൂരിലും ചുറ്റുവട്ടത്തും അധിവസിച്ചിരുന്ന വള്ളിക്കടപ്പണിക്കർ, കാരക്കുന്നത്തു പണിക്കർ, കണ്ടമംഗലത്തു പണിക്കർ, ഊരയംകാരക്കുന്നത്തു പണിക്കർ എന്നീ നാലു കുടുംബങ്ങളെപ്പറ്റി ഫാ. തോമസ് ഇഞ്ചക്കലോടി 'ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്' എന്ന പുസ്തകത്തിൽ പരമാർശിച്ചിട്ടുണ്ട്. ക്രിസ്തുമതാവലംബികളായിത്തീർന്ന ഈ പണിക്കർ കുടുംബങ്ങളാണ് പുരാതനമായ കടമറ്റം പള്ളി നിർമ്മിച്ച തെന്നും ഒരു ചരിത്രമുണ്ട്.

കാരക്കുന്നത്തു പണിക്കർ കുടുംബത്തിലെ ഒരു കൂട്ടർ മൂവാറ്റുപുഴയിൽ താമസിച്ചിരുന്നു. അവരിൽ ഒരു കുടുംബം പതിമൂന്നാം നൂറ്റാണ്ടിൽ മാവേ ലിക്കരയിൽ എത്തിയെന്നും അന്നത്തെ മാടത്തിൻകൂർ രാജാവ് അവരെ കള രിപ്പണിക്കരായി നിയമിച്ചെന്നും പണിക്കർ കുടുംബചരിത്രത്തിൽ പറയുന്നു.

ഒരിക്കൽ തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ യുവരാജാവ് എട്ടു വീട്ടിൽ പിള്ളമാരുടെ ദ്രോഹങ്ങളിൽ നിന്നു രക്ഷപെട്ട് മാവേലിക്കരയിൽ എത്തിയപ്പോൾ കാരക്കുന്നത്തു കുടുംബത്തിലെ ഇട്ടിപ്പണിക്കർ ഒരു ആപ ത്തിൽ നിന്നു അദ്ദേഹത്തെ രക്ഷിക്കയുണ്ടായി. യുവരാജാവിന്റെ വഴിയിൽ ആക്രമിക്കാനെത്തിയ ഒരു കടമാൻ പോത്തിനെ ഇട്ടിപ്പണിക്കർ ഒറ്റയ്ക്കു മല്ലിട്ടുകൊണ്ടു വെട്ടി. തന്നെ രക്ഷിച്ച ഇട്ടിപ്പണിക്കർക്കു യുവരാജാവ് തുടർന്നു മല്ലിട്ടിപ്പണിക്കർ എന്ന സ്ഥാനം നൽകി. ശത്രുക്കളോടു പടപൊരു തുക, ആയുധാഭ്യാസം നടത്തുക, രാജാവിനു അകമ്പടി സേവിക്കുക തുട ങ്ങിയ ദൗത്യങ്ങൾ പണിക്കർ കുടുംബത്തിന്റെ അവകാശങ്ങളായി രാജാവ് കല്പിച്ചു നൽകി.

മാവേലിക്കര പുതിയകാവ് ഓർത്തഡോക്സ് പള്ളിയിൽ മല്ലിട്ടിപ്പണിക്കർ കുടുംബത്തിനു ചില അവകാശങ്ങൾ ഒരു കാലത്തു അനുവദിച്ചു കൊടു ത്തിരുന്നു. പള്ളിയിൽ കല്യാണം നടത്തുമ്പോൾ മല്ലിട്ടിപ്പണിക്കർ കുടുംബ ത്തിനു രാജകുടുംബത്തിലെ നീട്ടനുസരിച്ച് വെറ്റിലക്കെട്ടും പണവും നൽകുന്ന പതിവുണ്ടായിരുന്നതായി 1903-ൽ മലങ്കര മെത്രാപ്പോലീത്തായുടെ ഒരു കല്പനയിൽ നിന്നു മനസ്സിലാകുന്നുണ്ട്. ഇപ്രകാരം പ്രത്യേക അവ

കാശങ്ങൾ ഉണ്ടായിരുന്ന പണിക്കർ കുടുംബത്തിലാണ് ഗീവറുഗീസ് മാർ ഈവാനിയോസ് മാത്രമല്ല റവ. ഡോ. ഗീവറുഗീസ് പണിക്കരും ജനിച്ചത്.

പണിക്കരച്ചന്റെ പിതാമഹന്റെ സഹോദരപുത്രനായ കാരിച്ചാൽ പുത്തൻ പുരയ്ക്കൽ ഫാ. പി. ടി. ഗീവർഗ്ഗീസ് പണിക്കരുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം മാവേലിക്കര മല്ലിട്ടിപണിക്കർ കുടുംബശാഖകളുടെ ഏകീകരണത്തിനുവേണ്ടി പണിക്കർ കുടുംബയോഗം സ്ഥാപിക്കയുണ്ടായി. ഏഴ് ശാഖകളുള്ള പ്രസ്തുത കുടുംബ യോഗം സ്ഥാപിച്ച പണിക്കരച്ചൻ 1987 മുതൽ 2004 വരെ അതിന്റെ പ്രസി ഡന്റായി പ്രവർത്തിച്ചു. തുടർന്ന് കുടുംബയോഗത്തിന്റെ രക്ഷാധികാരിയായി പ്രവർത്തിച്ചു വരവെയാണ് 2008-ൽ അദ്ദേഹം ദിവംഗതനായത്.

## മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതം

റവ. ഡോ. ഗീവറുഗീസ് പണിക്കരുടെ ഗുരുവായ മാർ ഈവാനിയോസ് 1882 സെപ്തംബർ എട്ടിനാണ് മാവേലിക്കര പണിക്കർവീട്ടിൽ തോമ്മാ പണി ക്കരുടെയും പള്ളിക്കൽ അരീപ്പുറത്തു അന്നാമ്മയുടെയും മകനായി ജനി ച്ചത്. മലങ്കരസഭയെ 1865 മുതൽ 1909 വരെ നയിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീ ത്തായുടെ താല്പര്യത്തിൽ പണിക്കർ വീട്ടിൽ പി. ടി ജോർജിനെ (ഗീവറു ഗീസ്) കോട്ടയം പഴയസെമിനാരി യിൽ താമസിപ്പിച്ചുകൊണ്ട് 1897 മുതൽ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പഠിപ്പിച്ചു. അന്ന് കെ. സി. മാമ്മൻ മാപ്പിളയായിരുന്നു സ്കൂൾ ഹെഡ്മാസ്റ്റർ. മെട്രിക്കുലേ ഷൻ പഠനത്തിനു ശേഷം പുലിക്കോ ട്ടിൽ തിരുമേനി അദ്ദേഹത്തിനു ശെമ്മാശ് പട്ടം നൽകി. തുടർന്ന് സി.എം.എസ്. കോളജിൽ പഠനം തുട ങ്ങി. എഫ്.എ. പരീക്ഷയ്ക്കുശേഷം ബി.എ. യ്ക്കു പഠിച്ചതു മദ്രാസ് ക്രിസ്ത്യൻ കോളജിലായിരുന്നു. തുടർന്ന് അവിടെ നിന്നു തന്നെ എം.എ. പഠനവും പൂർത്തിയാക്കി.



മലങ്കരസഭയിലെ ആദ്യ എം.എ. ബിരുദധാരിയായ ഈ പുരോഹിതൻ 'എം.എ. അച്ചൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തെ കോട്ടയം

എം.ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് നിയമിച്ചു. 1908-ൽ പി. ടി. ഗീവറുഗീസ് ശെമ്മാശനു വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് പരുമല സെമിനാരിയിൽ വച്ചു വൈദികപട്ടം നൽകി. തുടർന്ന് അദ്ദേഹം സെറാമ്പൂർ കോളജിൽ അധ്യാപകനായി ആറു വർഷം പ്രവർത്തിച്ചു. സെറാംപൂരിൽ നിന്നു മടങ്ങിയെത്തിയതിനു ശേഷമാണ് ഫാദർ പി. ടി. ഗീവറുഗീസിന്റെ നേതൃത്വത്തിൽ 1920-ൽ റാന്നി മുണ്ടൻമലയിൽ ബതാനി (ബഥനി) മിശിഹാനുകരണ സമൂഹം എന്ന സന്യാസ ആശ്രമം തുടങ്ങിയത്.

ബഥനി സന്യാസപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ച ഫാ. പി. ടി. ഗീവറുഗീസിനു 1925-ൽ റമ്പാൻ സ്ഥാനവും അതേ വർഷം തന്നെ മെത്രാൻ സ്ഥാനവും നൽകി. പരിശുദ്ധ കാതോലിക്കാ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ, യൂയാക്കീം മാർ ഈവാനിയോസ്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ കാർമികത്വത്തിലായിരുന്നു നിരണം പള്ളിയിൽ വച്ച് ഗീവറുഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തത്. ബഥനി മെത്രാനായിരുന്ന മാർ ഈവാനിയോസ്, മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ നീക്കങ്ങൾക്കായി 1930 ഓഗസ്റ്റ് 20-നു ബഥനി ആശ്രമം വിട്ടിറങ്ങിയതായി ഫാ. തോമസ് ഇഞ്ചയ്ക്കലോടി എഴുതിയ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു. 'മാർ ഈവാനിയോസ്' എന്ന പുസ്തകത്തിൽ ഫാ. ഇഞ്ചയ്ക്കലോടി ഇപ്രകാരം എഴുതുന്നു:

*"പുതിയ റീത്തിനുള്ള അംഗീകാരത്തിനും ഭരണാധികാരത്തിനുള്ള അനുവാദത്തിനും വേണ്ടി 1926 നവംബർ മാസത്തിലായിരുന്നുവല്ലോ അഭിലാഷനിവേദന രൂപത്തിൽ മാർ ഈവാനിയോസ് തിരുമേനി റോമിലേക്ക് പ്രഥമ മെമ്മോറാണ്ടം അയച്ചുകൊടുത്തത്. തുടർന്ന് നാലു വർഷക്കാലം നടത്തിയ നിസ്തന്ദ്രമായ പരിശ്രമത്തിന്റെയും നിരന്തരമായ എഴുത്തുകുത്തുകളുടെയും ഫലമായി 1930 ജൂലൈ മാസത്തിൽ റോമിൽ സമ്മേളിച്ച പൗരസ്ത്യ സഭാ തിരുസംഘം അവസാനമായി ചെയ്ത നിശ്ചയങ്ങൾ ഇന്ത്യയിലെ ദലിഗാദ് അപ്പോസ്തോലിക്കായായിരുന്ന മോൺ. എഡ്വേർഡ് മൂണി തിരുമേനിക്കു അയച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹം വിശദീകരണങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് പ്രസ്തുത നിശ്ചയങ്ങൾ കൊല്ലം മെത്രാൻ ഡോക്ടർ ബൻസിഗർ മുഖേന മാർ ഈവാനിയോസിനു അയച്ചുകൊടുത്തു."* - ഇതാണ് കേരളത്തിലെ മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ അടിസ്ഥാനപ്രമാണമെന്നും ഫാ. ഇഞ്ചയ്ക്കലോടി വ്യക്തമാക്കുന്നുണ്ട്.

ഇതേ തുടർന്നാണ് മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 1930 ഓഗസ്റ്റ് 20-നു മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ

തുടക്കം ഉണ്ടായത്. തുടർന്ന് പോപ്പ് പയസ് പതിനൊന്നാമൻ മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപിച്ചു. മാർ ഈവാനിയോസ് തിരുമേനിയെ പുതിയ റീത്തിന്റെ ആർച്ച് ബിഷപ്പാക്കി അവരോധിച്ചു. തിരുവനന്തപുരം അതിരൂപതയും സ്ഥാപിതമായി.

തുടർന്ന് മാർ ഈവാനിയോസിനെ അനുഗമിച്ച് മലങ്കരസഭയിൽ നിന്നു അനേകം വൈദികരും അത്മായരും കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. 1934-ൽ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്തു സെന്റ് അലോഷ്യസ് മൈനർ സെമിനാരി തുടങ്ങി. വൈദികവൃത്തിയിൽ ആകൃഷ്ടരായ യുവാക്കൾക്കു സെമിനാരിയിൽ പരിശീലനം നൽകി. രണ്ടു വർഷം സെമിനാരി പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ ആലുവ, കാൻഡി, തിരുച്ചിറപ്പള്ളി, മംഗലാപുരം, റോം എന്നിവിടങ്ങളിലുള്ള മേജർ സെമിനാരികളിൽ ഉപരിപഠനത്തിനു അയച്ചു.

## ഗുരുവിനെ കണ്ടെത്തുന്നു

അങ്ങനെയിരിക്കുമ്പോഴായിരുന്നു 1940-ൽ കരുവാറ്റ സ്കൂളിലെ പഠനം കഴിഞ്ഞു ഗീവറുഗീസ് പണിക്കർ വൈദികനാകണമെന്ന ആഗ്രഹം സഫലമാക്കാൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിനെ കാണാൻ തീരുമാനിച്ചത്. പതിനാറാം വയസ്സിൽ സ്വന്തമായി എടുത്ത തീരുമാനമായിരുന്നു അത്.

ഗീവറുഗീസ് പണിക്കരുടെ കുടുംബം അന്നും പുതിയകാവ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങളായിരുന്നു. മാവേലിക്കരയിൽ നിന്നു കാരിച്ചാലിൽ എത്തിയപ്പോഴും അദ്ദേഹത്തിന്റെ കുടുംബം പുതിയകാവിലെ അംഗത്വം തുടർന്നിരുന്നു. അന്ന് ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനത്തിന്റെ കീഴിലായിരുന്നു ഈ പള്ളി. വീട്ടുകാരുടെയും പള്ളിക്കാരുടെയും അനുവാദത്തിനു കാത്തുനിൽക്കാതെയാണ് ഗീവറുഗീസ് പണിക്കർ തിരുവനന്തപുരത്തേയ്ക്കു ബസ് കയറിയത്. അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റെ ശിഷ്യനാകാൻ അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ ഈവാനിയോസ് തിരുമേനിയുടെ പട്ടം അരമനയിൽ എത്തി. അതേപ്പറ്റി പണിക്കരച്ചൻ ഇപ്രകാരം പറയുന്നു:

*"ഞാൻ 1940-ൽ എസ്.എസ്.എൽ.സി. പാസ്സായതോടു കൂടി പുരോഹിതനാകുവാൻ ആഗ്രഹം വർദ്ധിച്ചു. അത് മാതാപിതാക്കന്മാർക്കും സന്തോഷമായിരുന്നു. അത് ഞാൻ വളർന്ന ഓർത്തഡോക്സ് സുറിയാനി സഭയിലായിരിക്കണമെന്നതായിരുന്നു മാതാപിതാക്കന്മാരുടെയും കുടുംബത്തോടടുത്ത ബന്ധുമിത്രാദികളുടെയും ആഗ്രഹം. എന്റെ ആഗ്രഹം മലങ്കര കത്തോലിക്ക ("റീത്തിലെ") പുരോഹിതനാകുവാനായിരുന്നു. മാർ ഈവാനിയോസിനെ അതുവരെ കണ്ടിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്റെ*

*പിതാമഹന്റെ അനുജൻ തോമസ് പണിക്കരിൽ നിന്നും അന്നു ശെമ്മാശനായിരുന്ന അദ്ദേഹത്തിന്റെ മകൻ ഗീവറുഗീസു പണിക്കരിൽ നിന്നും മാർ ഈവാനിയോസു പിതാവിന്റെ പുനരൈക്യത്തെക്കുറിച്ചും 'റീത്തുപ്രസ്ഥാന'ത്തെക്കുറിച്ചും അതിന്റെ ലക്ഷ്യത്തെക്കുറിച്ചും അറിഞ്ഞിരുന്നു. ഈവാനിയോസ് പിതാവിന്റെ കുടുംബവും ഞങ്ങളുടെ കുടുംബവും ഒരു തറവാടിന്റെ ശാഖകളായിരുന്നു. തോമസ് പണിക്കർ ഈവാനിയോസ് പിതാവിനെ ഒരു മൂത്ത സഹോദരനെപ്പോലെയാണ് പരിഗണിച്ചിരുന്നത്. അതിനാൽ ഈവാനിയോസ് പിതാവ് പുനരൈക്യപ്പെട്ട കാലത്തു തോമസ് പണിക്കരും കുടുംബവും പുനരൈക്യപ്പെട്ടു. എന്നാൽ എന്റെ പിതാമഹന്റെ ശാഖയിലുള്ളവർ (എന്റെ പിതാവുൾപ്പെടെയുള്ളവർ) വലിയ ഓർത്തഡോക്സ് സഭാവാദികളായിരുന്നു. എങ്കിലും ഞാൻ മലങ്കര കത്തോലിക്കാ സഭയിൽ പൗരോഹിത്യത്തിനു പഠിക്കാൻ നിശ്ചയിച്ചു. വൈഷമ്യങ്ങളോടു കൂടിയാണെങ്കിലും എന്റെ മാതാപിതാക്കൾ അനുവദിച്ചു. അങ്ങനെ ഞാൻ 1940 ജൂൺ മാസത്തിൽ തിരുവനന്തപുരത്ത് അരമനയിൽ പോയി മാർ ഈവാനിയോസ് പിതാവിനെ കണ്ട് വിവരം ധരിപ്പിച്ചു. എന്നെ പരിചയമില്ലെങ്കിലും എന്റെ പിതാവിനെയും സഹോദരങ്ങളെയും പണിക്കരു തറവാട്ടിൽപെട്ടവർ എന്ന നിലയിൽ അറിയാമായിരുന്നു. എന്റെ പിതാമഹനും ഈവാനിയോസു പിതാവും "സെക്കൻഡ് കസിൻസാ" യിരുന്നു."*

## ഗുരുവുമായി സംവാദം

ആർച്ച് ബിഷപ്പിന്റെ അരമനയിൽ ചെന്ന ദിവസം റവ. ഡോ. ഗീവറുഗീസ് പണിക്കർ ഇപ്രകാരം സ്മരിച്ചു:

*"ഞാൻ ചെന്നു തിരുമേനിയുടെ കൈ മുത്തി. തിരുമേനിക്കു എന്റെ കുടുംബം അറിയാം. അപ്പൻ എവിടെയെന്ന് തിരുമേനി ചോദിച്ചു. ഒറ്റയ്ക്കാണ് വന്നതെന്ന് ഞാൻ പറഞ്ഞു. എനിക്ക് റീത്തിൽ ചേരണമെന്ന ആഗ്രഹവും അറിയിച്ചു. അന്ന് എനിക്കു നല്ല യാത്രാക്ഷീണവും വിശപ്പും ഉണ്ടായിരുന്നു. തിരുമേനി അതു മനസ്സിലാക്കി, അരമനയിലെ ചെറിയൊരു അതിഥി മുറിയിൽ പോയി ഞാൻ കുളിച്ചു. എനിക്കു ഭക്ഷണവും തന്നു. തിരുമേനിയുടെ കരുതൽ എന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു."*

മനസ്സിൽ ആരാധിച്ചിരുന്ന ഗുരുവിനെ ആദ്യമായി കണ്ട മുഹൂർത്തം പണിക്കരച്ചൻ ഇങ്ങനെയാണ് സ്മരിച്ചത്. ശിഷ്യത്വം തേടിച്ചെന്ന ഗീവറുഗീസ് പണിക്കരെ ഈവാനിയോസ് തിരുമേനിക്കു ഇഷ്ടമായി. അന്ന് രാത്രി തന്നെ തിരുമേനിയുമായി സംഭാഷണം നടത്താൻ സമയം ലഭിച്ചു.

“എനിക്ക് വൈദികനാകണം” – ഗീവറുഗീസ് പണിക്കർ തന്റെ അഭിലാഷം അറിയിച്ചു.

“നിനക്ക് ദൈവവിളിയുണ്ടോ? ദൈവസമർപ്പണമുണ്ടോ?” തിരുമേനി ചോദിച്ചു.

“എനിക്ക് ദൈവവിശ്വാസമുണ്ട്. എന്റെ മനസ്സിൽ പണ്ടേയുള്ള മോഹമാണ് വൈദികവൃത്തി.”

“അങ്ങനെയെങ്കിൽ നീ പോയി അപ്പന്റെ കത്തുമായി വരിക” എന്നായിരുന്നു തിരുമേനിയുടെ മറുപടി.

ഗീവറുഗീസ് പണിക്കർ തുടക്കത്തിൽ ഒരു മാസം മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ താമസിച്ചു. പട്ടം പള്ളിയുടെ ഇരുവശത്തുമായി താൽക്കാലികമായി ഉണ്ടാക്കിയ ചാർത്തുകളിലായിരുന്നു അന്ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരി പ്രവർത്തിച്ചിരുന്നത്. സ്കൂൾ പഠനം കഴിഞ്ഞ കുറെ കുട്ടികൾ അവിടെ പഠിക്കാനെത്തിയിരുന്നു. ഫാ. തോമസ് നങ്ങച്ചിവീട്ടിൽ ആയിരുന്നു സെമിനാരി റെക്ടർ. ഫാ. മാത്യു ചേന്നാട്ട് വൈസ് റെക്ടറായിരുന്നു. ഫാദർ മാത്യു പോത്താനംമൂഴിയായിരുന്നു അന്ന് തിരുമേനിയുടെ സെക്രട്ടറി.

*“ഈവാനിയോസ് തിരുമേനി എന്നെയും കൂട്ടി പോത്താനംമൂഴി അച്ചന്റെ അടുത്തു ചെന്നിട്ട് ഇവൻ എന്റെ പയ്യനാണ്, ഇവനെ ഞാൻ അച്ചനെ ഏല്പിക്കുന്നു എന്നു പറഞ്ഞു. പിൽക്കാലത്തു പോത്താനംമൂഴി അച്ചൻ കോതമംഗലം ബിഷപ്പായി.”*

ഗീവറുഗീസ് പണിക്കർ റീത്തുകാരുടെ സെമിനാരിയിൽ ചേരുന്ന വിവരം നാട്ടിലെല്ലാം അറിഞ്ഞു. പള്ളിയിലെ അച്ചനും മറ്റും വീട്ടിൽ എത്തി. അതിനു പിന്നാലെ ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസന മെത്രാപ്പോലീത്താ തോമ്മാ മാർ ദീവന്നാസ്യോസും വീട്ടിലെത്തി. വീട്ടുകാർക്കൊന്നും മറുപടി പറയാൻ പറ്റിയില്ല.

*“തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിക്കു ഞങ്ങളുടെ കുടുംബവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. എന്റെ അമ്മയുടെ ബന്ധുവാണ് തിരുമേനി. പത്തനാപുരത്തായിരുന്നു തിരുമേനിയുടെ ദയറാ. തിരുമേനി എനിക്കൊരു കത്തയച്ചു. പത്തനാപുരം ദയറായിൽ ചെന്നു പഠിക്കാൻ പറഞ്ഞു. എന്നെ കാണണമെന്നും തിരുമേനി ആവശ്യപ്പെട്ടു. ദീവന്നാസ്യോസ് തിരുമേനി അയച്ച കത്ത് ഞാൻ ഈവാനിയോസ് പിതാവിനെ കാണിച്ചു. അവർ തമ്മിൽ നല്ല അടുപ്പമായിരുന്നു. കത്തിനു മറുപടി അയയ്ക്കുന്ന കാര്യമൊന്നും ഈവാനിയോസ് പിതാവ് പറഞ്ഞില്ല.”*

റവ. ഡോ. ഗീവറുഗീസ് പണിക്കർക്കു ദീവന്നാസ്യോസ് തിരുമേനിയുമായി മാത്രമല്ല ബന്ധം ഉണ്ടായിരുന്നത്. ഓർത്തഡോക്സ് സഭയിലെ അലക്സിയോസ് മാർ തേവോദോസ്യോസും പണിക്കരച്ചന്റെ ബന്ധുവാണ്. റാന്നി ബഥനി ആശ്രമത്തിൽ മാർ ഈവാനിയോസ് തിരുമേനിയും തേവോദോസ്യാസ് തിരുമേനിയും ഒന്നിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. മാർത്തോമ്മാ സഭയിലെ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായും പണിക്കരച്ചന്റെ ബന്ധുവാണ്.

*"ഇപ്രകാരം എല്ലാ ബന്ധുക്കളെയും ഞെട്ടിച്ചുകൊണ്ടാണ് ഞാൻ ഈവാനിയോസ് പിതാവിന്റെ കൂടെ പോയത്. എന്നാൽ വൈദിക പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ നിന്നു വൈദികവൃത്തിയിലേക്കു വരാൻ കഴിഞ്ഞതു ഒരു ഭാഗ്യമായി ഞാൻ കരുതുന്നു"* - പണിക്കരച്ചൻ പറഞ്ഞു.

പണിക്കരച്ചൻ മലങ്കര റീത്തിൽ ചേർന്നെങ്കിലും മാതാപിതാക്കൾ ഓർത്തഡോക്സ് സഭയിൽ തുടർന്നു. പിന്നെ കുറെക്കാലം കഴിഞ്ഞാണ് അവർ പണിക്കരച്ചന്റെ പാത പിന്തുടർന്നത്. വാഴത്താറ്റ് സ്കൂളിൽ നിന്നു വിരമിച്ച ശേഷം പണിക്കരച്ചന്റെ പിതാവ് കെ. ജി. തോമസ് പണിക്കർ കൃഷിയിലുള്ള താല്പര്യത്താൽ 1960-ൽ പന്തളത്തിനടുത്ത് പറന്തലിൽ കുറെ കൃഷിസ്ഥലം വാങ്ങി. അവിടെ കിഴക്കേവീട്ടിലായിരുന്നു ഒടുവിൽ താമസിച്ചത്. തോമസ് പണിക്കർ 1976-ലും ആച്ചിയമ്മ 2003-ലും അന്തരിച്ചു. പറന്തൽ മലങ്കര കത്തോലിക്കാ പള്ളിയിൽ ഇവരെ സംസ്കരിച്ച സ്ഥലത്തു തന്നെയാണ് 2008-ൽ പണിക്കരച്ചനെയും സംസ്കരിച്ചത്. മാതാപിതാക്കളുടെ ഒപ്പം സംസ്കരിക്കണമെന്നുള്ള അഭിലാഷം പണിക്കരച്ചൻ അറിയിച്ചിരുന്നതുകൊണ്ടാണ് കൊല്ലത്തിനടുത്ത പെരുമ്പുഴയിൽ വച്ചു അന്തരിച്ച പണിക്കരച്ചന്റെ ഭൗതികശരീരം പറന്തലിൽ കൊണ്ടുവന്നത്.

# 4

# സെമിനാരി പഠനകാലം – കാൻഡിയിൽ

ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റെ പ്രിയപ്പെട്ട ശിഷ്യനായി വൈദിക വിദ്യാഭ്യാസം നടത്താൻ കഴിഞ്ഞതാണ് റവ. ഡോ. ഗീവറുഗീസ് പണിക്കരുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവം. സുറിയാനി ഭാഷ പഠിപ്പിച്ചതും ഈവാനിയോസ് തിരുമേനിയായിരുന്നു. 1940–42 വർഷമാണ് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ പണിക്കരച്ചൻ പഠിച്ചത്. മൈനർ സെമിനാരി പഠനത്തിനുശേഷം ശ്രീലങ്കയിലെ കാൻഡി പൊന്തിഫിക്കൽ സെമിനാരിയിലായിരുന്നു ഗീവറുഗീസ് പണിക്കർ പഠിക്കാൻ പോയത്. അവിടെ എട്ടു വർഷത്തെ പഠനത്തിനുശേഷം 1949 ഓഗസ്റ്റ് 24-നു വൈദികനായി. അതിനിടയിൽ തത്വശാസ്ത്രത്തിലും വേദശാസ്ത്രത്തിലും ബിരുദം നേടി.

## സെന്റ് അലോഷ്യസ് സെമിനാരിയിൽ

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പഠനകാലം പണിക്കരച്ചൻ ഇപ്രകാരം സ്മരിക്കുന്നു:

*"തിരുവനന്തപുരത്തു മൈനർ സെമിനാരിയിൽ ഞാൻ സെമിനാരിക്കാരോടൊത്തു താമസിച്ചു. കത്തോലിക്കാ സഭയെക്കുറിച്ചുള്ള കാര്യങ്ങൾ ഈവാനിയോസു പിതാവു തന്നെ എന്നെ പഠിപ്പിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ എന്നെ അദ്ദേഹം തന്നെ പുനരൈക്യപ്പെടുത്തി. അതിനുശേഷം മൈനർ സെമിനാരിയിൽ ഔദ്യോഗികമായി ചേരണമെങ്കിൽ എന്റെ പിതാവിന്റെ സമ്മതം കാണിക്കുന്ന എഴുത്തു വാങ്ങിക്കൊണ്ടു വരാൻ വീട്ടിലേക്കു വിട്ടു. എന്റെ കഠിനമായ നിർബന്ധത്തിനും എന്റെ ബന്ധുവായ ഗീവറുഗീസു പണിക്കർ ശെമ്മാശന്റെ പ്രേരണയ്ക്കും വഴങ്ങി എനിക്ക് സമ്മതം കാണിക്കുന്ന എഴുത്തു കിട്ടി. ആ എഴുത്തുമായി ഞാൻ തിരുവനന്തപുരത്ത് അരമനയിൽ (അരമനയും സെമിനാരിയും ഒരു കെട്ടിടത്തിൽ തന്നെ) ഈവാനിയോസു പിതാവിനെ കണ്ടു. അദ്ദേഹം മൈനർ സെമിനാരി റെക്ടർ ബ. തോമസ് നങ്ങച്ചിവീട്ടിലച്ചനെ വിളിച്ച് എന്നെ മൈനർ സെമിനാ*

*കാൻഡി സെമിനാരി*

*രിയിൽ അംഗമായി എടുക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ 1940 ജൂലൈ മാസത്തിൽ ഔദ്യോഗികമായി സെമിനാരിയിൽ ചേർന്നു. സെമിനാരിയിൽ സുറിയാനിഭാഷ, സുറിയാനിയിലുള്ള യാമപ്രാർത്ഥന, ആണ്ടുതക്സാ (പെരുനാൾക്രമം) ഇവയെല്ലാം ഈവാനിയോസ് പിതാവ് തന്നെയാണ് പഠിപ്പിച്ചത്. കൂടാതെ ജേക്കബ് ഞായല്ലൂരിനെയും എന്നെയും തിരഞ്ഞെടുത്തു എബ്രായഭാഷയും പഠിപ്പിച്ചു. ഈവാനിയോസ് പിതാവ് ഞങ്ങൾക്ക് ഒരു പിതാവും ഗുരുവും എന്നല്ല എല്ലാം ആയിരുന്നു. അദ്ദേഹത്തോടു അടുക്കുംതോറും ഗംഭീരഭാവത്തിൽ ഉള്ളിൽ ഭയം തോന്നിയിരുന്നെങ്കിലും, കൂടുതൽ അടുക്കുന്നതിനും അദ്ദേഹത്തിന്റെ അസാധാരണമായ സിദ്ധികളെ വിലമതിച്ച് കൂടുതൽ കൂടുതൽ സ്നേഹിക്കുന്നതിനും മറ്റുള്ള വൈദിക വിദ്യാർത്ഥികളെപ്പോലെ എനിക്കും സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിവിശേഷം ഒരിക്കലും മനസ്സിൽ നിന്നു മായുന്നതല്ല. ബുദ്ധിവൈഭവവും അറിവും കഴിവും ഏതു മനുഷ്യനോടും അർഹമായവിധത്തിൽ ബന്ധപ്പെടാനുള്ള പാടവവും എന്നെ വിസ്മയിപ്പിച്ചിരുന്നു. ഞാൻ വിദ്യാർത്ഥിയായിരുന്നെങ്കിലും അദ്ദേഹം എന്റെ അഭിപ്രായങ്ങളും ആശയങ്ങളും മനസ്സിലാക്കത്തക്കവിധത്തിൽ ബന്ധപ്പെടുമായിരുന്നു. ഇങ്ങനെ ബന്ധപ്പെടുന്നത് അദ്ദേഹത്തിനു സ്വാഭാവികമായിരുന്നു. അദ്ദേഹത്തോടു*

*സംസാരിക്കുമ്പോൾ പറയേണ്ട എന്നു വിചാരിക്കുന്ന കാര്യങ്ങൾ പോലും അറിയാതെ പറഞ്ഞുപോകുന്നവിധത്തിലുള്ള ഒരു സംസാരചാതുര്യം അദ്ദേഹത്തിനുണ്ടായിരുന്നു. ബാലനെന്നോ, യുവാവെന്നോ, പ്രായപൂർത്തിയായ ആളെന്നോ ഉള്ള വ്യത്യാസം കൂടാതെ പറയുന്നതിൽ വസ്തുനിഷ്ഠമായി ശരിയെന്നു തോന്നുന്ന കാര്യങ്ങൾ അദ്ദേഹം സ്വീകരിക്കും. അദ്ദേഹത്തിന്റെ ചില തീരുമാനങ്ങൾ മാറ്റുന്നതിനുള്ള ഒരു നിസ്സംഗ മനോഭാവം ഉണ്ടായിരുന്നുവെന്നത് അന്നും പിന്നീടുള്ള കാലങ്ങളിലും എന്നിൽ പലപ്പോഴും വിസ്മയം ഉളവാക്കിയിട്ടുണ്ട്."*

## കാൻഡിയിലെ പേപ്പൽ സെമിനാരി

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പഠനം കഴിഞ്ഞ് ഗീവറുഗീസ് പണിക്കരെ റോമിൽ വിട്ടു പഠിപ്പിക്കണമെന്നായിരുന്നു മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചിരുന്നത്. അതെപ്പറ്റി പണിക്കരച്ചന്റെ വാക്കുകൾ:

*"1942-ൽ എന്നെ കാൻഡി സെമിനാരിയിൽ പോകാൻ തിരഞ്ഞെടുത്തു. ലോകമഹായുദ്ധകാലമായതിനാൽ മേജർ സെമിനാരിയിൽ അഡ്മിഷന്റെ നമ്പർ കുറഞ്ഞു. അതുകൊണ്ട് റോമിൽ അഡ്മിഷൻ കിട്ടിയിരുന്നില്ല. അഭിവന്ദ്യ പിതാവ് എന്നോടു പറഞ്ഞു:*

*"നിന്നെ റോമിൽ ഉപരിപഠനത്തിനു വിടണമെന്നു വിചാരിച്ചു. പക്ഷേ ഇപ്പോൾ അഡ്മിഷൻ തരാൻ പ്രയാസമാണെന്നാണ് റോമിൽ നിന്ന് അറിയിച്ചത്. എന്നാൽ കാൻഡി പേപ്പൽ സെമിനാരിയിൽ ഒരു അഡ്മിഷനുണ്ട്. നിന്നെ അവിടെ വിടാൻ പോകയാണ്.*

*ഒരുവിധത്തിൽ പഠനകാര്യങ്ങളിലും രൂപവൽക്കരണത്തിലും കൂടുതൽ മെച്ചം കാൻഡി സെമിനാരിയാണ്. ബ്രദർ ഫിലിപ്പ് പന്തോളിനെ കൂടി കാൻഡിക്ക് വിടാൻ പിതാവ് ശ്രമിച്ചതിന്റെ ഫലമായി ഒരു അഡ്മിഷൻ കൂടി കിട്ടി. ഞങ്ങൾ രണ്ടുപേരും 1942-ൽ കാൻഡിക്കു പോയി."*

കാൻഡി സെമിനാരിയിലെ പഠനമാണ് പണിക്കരച്ചന്റെ വൈദിക ജീവിതത്തിനു ദിശാബോധം ഉണ്ടാക്കിയത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾ പഠിച്ച പേപ്പൽ സെമിനാരി 1893-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പയാണ് സ്ഥാപിച്ചത്. മുന്നൂറേക്കർ സ്ഥലത്തു സ്ഥിതിചെയ്യുന്ന സെമിനാരിയിൽ ഓരോ വർഷവും 125 വിദ്യാർത്ഥികൾക്കായിരുന്നു പ്രവേശനം നൽകിയിരുന്നത്. പണിക്കരച്ചൻ ചെന്ന വർഷം വിദ്യാർത്ഥികളുടെ സംഖ്യ അത്രയും ഇല്ലായിരുന്നു. കാൻഡിയിലെ അനുഭവം അച്ചൻ ഇങ്ങനെ വിവരിക്കുന്നു:

*"ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികൾ കൂടാതെ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരും ഇന്നത്തെ പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക, ഭൂട്ടാൻ, മൗറീഷ്യസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരും എന്റെ കൂടെ കാൻഡിയിൽ പഠിക്കാൻ എത്തിയിരുന്നു. അവരിൽ പലരും പിൽക്കാലത്തു വിഖ്യാതരായ പുരോഹിതന്മാരും വേദശാസ്ത്ര പണ്ഡിതന്മാരും തത്ത്വശാസ്ത്ര ചിന്തകന്മാരും ആയി പരിലസിച്ചിട്ടുണ്ട്. അവരുടെ ഒപ്പം പഠിക്കാൻ കഴിഞ്ഞതു വലിയ അനുഭവമായിരുന്നു. പുതിയ ആശയങ്ങളും ചിന്തകളും എന്നെ ആകർഷിച്ചു. സെമിനാരിയിലെ ലൈബ്രറിയിൽ പതിനായിരക്കണക്കിനു ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു."*

തിരുവനന്തപുരം അതിരൂപതയിൽ നിന്നു 1942-ൽ പണിക്കരച്ചന്റെ കൂടെ കാൻഡിയിൽ പോയ ഫിലിപ്പ് പന്തോളിൽ പിൽക്കാലത്ത് മാർ ഈവാനിയോസ് കോളജിൽ ആദ്യ ബർസാർ ആയി. അതിനു മുമ്പ് 1938-ൽ കാൻഡിയിൽ പഠിക്കാൻ പോയതു ബനഡിക്റ്റ് ശെമ്മാശനാണ്. ഈ ശെമ്മാശനാണ് മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തതിനുശേഷം ആർച്ച് ബിഷപ്പ് ആയ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ്. മാർ ഈവാനിയോസ് കോളജിലെ ആദ്യ പ്രിൻസിപ്പലും ഇദ്ദേഹമായിരുന്നു.

**ആദ്യത്തെ വിദേശയാത്ര**

കേരളത്തിനു പുറത്തേക്ക് ആദ്യമായി നടത്തിയ യാത്ര കൂടിയായിരുന്നു 1942-ൽ ഗീവറുഗീസ് പണിക്കരുടെ കാൻഡി യാത്ര. പണിക്കരച്ചന് അന്ന് പതിനെട്ടു വയസ് പ്രായം. തിരുവനന്തപുരത്തു നിന്നു അന്നത്തെ സിലോണിലേക്ക് വിമാനമൊന്നുമില്ല. അതിനാൽ തിരുവനന്തപുരത്തു നിന്നു മധുരയിലേക്ക് തീവണ്ടി കയറി. അവിടെ നിന്നു മദ്രാസിലേക്ക് മറ്റൊരു തീവണ്ടി പിടിച്ചു. മദ്രാസിൽ നിന്നു ധനുഷ്ക്കോടിയിലേക്കായിരുന്നു അടുത്ത തീവണ്ടി യാത്ര. രാമേശ്വരത്തിനടുത്തുള്ള ധനുഷ്ക്കോടിയിൽ നിന്നു ബോട്ടിലായിരുന്നു തുടർന്നുള്ള യാത്ര. സിലോണിലെ തോട്ടങ്ങളിൽ ജോലി ചെയ്യാൻ പോകുന്ന വലിയൊരു സംഘം അന്ന് ധനുഷ്ക്കോടിയിൽ ബോട്ട് കാത്ത് കിടന്നിരുന്നു. വൈദിക വിദ്യാർത്ഥികളെ ഈ സംഘത്തിന്റെ ഒപ്പം അയച്ചിരുന്നില്ല. സെമിനാരിയിലേക്ക് വരുന്നവർ തോട്ടം തൊഴിലാളികളുടെ കൂടെ സഞ്ചരിച്ചാൽ മലമ്പനി പിടിപെടുമെന്ന് ആശങ്ക ഉണ്ടായിരുന്നതിനാൽ ധനുഷ്ക്കോടിയിൽ നിന്നു ഒരു ദിവസം കഴിഞ്ഞുള്ള ബോട്ടിലാണ് പണിക്കരച്ചൻ യാത്ര ചെയ്തത്. അതിൽ തോട്ടം തൊഴിലാളികളെ പ്രവേശിപ്പിച്ചിരുന്നില്ല.

ധനുഷ്ക്കോടിയിൽ നിന്നു കൊളംബോയിലേക്കായിരുന്നു ബോട്ട് യാത്ര. അവിടെ നിന്നു കാൻഡിയിലേക്ക് തീവണ്ടിയിലായിരുന്നു തുടർന്നുള്ള

യാത്ര. കാൻഡിയിലെ പേപ്പൽ സെമിനാരി രണ്ടായിരം അടി ഉയരത്തിലുള്ള മനോഹരമായ അംപിറ്റിയാ കുന്നിന്റെ നെറുകയിലാണ് നിർമ്മിച്ചിരിക്കുന്നത്. യൂറോപ്യൻ കൊട്ടാരങ്ങളുടെ വാസ്തുശില്പ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന സെമിനാരി കാൻഡിയിൽ നിന്നു രണ്ടു മൈൽ ദൂരെയായതിനാൽ റെയിൽവേ സ്റ്റേഷനിൽ നിന്നു റിക്ഷാ വണ്ടിയിലാണ് പുറപ്പെട്ടത്. റിക്ഷാ വണ്ടി കുന്നിന്റെ നെറുകയിലേക്കു കയറുകയില്ല. അതിനാൽ മലയിലേക്ക് നടന്നു കയറേണ്ടി വന്നു. ആ അനുഭവം പണിക്കരച്ചൻ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു:

*"ആ മലകയറ്റം എന്റെ ജീവിതത്തിനു പുതിയൊരു അർത്ഥം പ്രദാനം ചെയ്തു. ജീവിതത്തിലെ പുത്തൻ ആരോഹണമായി അതെനിക്ക് അനുഭവപ്പെട്ടു."*

കാൻഡി സെമിനാരിയിൽ റെക്ടർ ആയിരുന്ന ഫാ. ആൻകോയുടെ കീഴിലാണ് പണിക്കരച്ചൻ പഠിച്ചത്. അധ്യാപകരായി ധാരാളം ജെസ്യൂട്ട് വൈദികരുണ്ടായിരുന്നു.

*"കാൻഡി സെമിനാരിയിൽ പഠിക്കുമ്പോൾ വിദേശത്താണ് പഠിക്കുന്നതെന്ന് എനിക്കു തോന്നിയില്ല. അതിനൊരു കാരണമുണ്ട്; എന്നും രാവിലെ ഹോസ്റ്റൽ മുറിയിൽ നിന്നു സെമിനാരിയിൽ എത്തിയാൽ ഞാൻ ആദ്യം വായിച്ചിരുന്ന ഒരു വാചകമുണ്ടായിരുന്നു. അത് ഇപ്രകാരമായിരുന്നു - "ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ."*

*സിലോണിലെ സെമിനാരിയിൽ ഇപ്രകാരം എഴുതിവച്ചതു നിത്യേന വായിക്കുമ്പോൾ ഞാൻ ഇന്ത്യയിലാണെന്നു തോന്നിപ്പോയിട്ടുണ്ട്. ഞാനതിന്റെ കാരണം തിരക്കി. ഈ സെമിനാരി ബാംഗ്ലൂരിൽ സ്ഥാപിക്കാനായിരുന്നു റോമിന്റെ ആദ്യ തീരുമാനം. എന്നാൽ സെമിനാരിയുടെ ചുമതലയേറ്റ മാർപാപ്പായുടെ പ്രതിനിധി മോൺ. സെലസ്കിയാണ് പേപ്പൽ സെമിനാരി കാൻഡിയിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ചത്. ഇതോടൊപ്പം ഇന്ത്യ, ബർമ്മ, സിലോൺ എന്നീ രാജ്യങ്ങൾക്കു വേണ്ടിയുള്ള അപ്പസ്തോലിക് ഡലിഗേറ്റ് ആസ്ഥാനവും കാൻഡിയായി."*

കാൻഡിയിൽ പഠിക്കുന്നതിനിടയിൽ അവധി കാലത്ത് ഈവാനിയോസ് തിരുമേനിയെ കാണാൻ വരികയുണ്ടായി. അതേപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ പറയുന്നു:

*"രണ്ടാം കൊല്ലം തത്വശാസ്ത്രത്തിന്റെ അവസാനം ഞങ്ങളെ രണ്ടു പേരെയും പിതാവ് അവധിക്കാലത്ത് സിലോണിൽ നിന്നു വിളിച്ചുവരുത്തി. മറ്റു ചില ശെമ്മാശന്മാരോടൊപ്പം ബഹുമാനപ്പെട്ട ബെനഡി*

*ക്ടച്ചന്റെ (പിന്നീട് ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസ്) ചുമതലയിൽ ആരാധനക്രമം പഠിക്കാനായി നാലാഞ്ചിറയുള്ള സ്ഥലത്തിന്റെ (ഇപ്പോഴത്തെ മാർ ഈവാനിയോസ് കോളജിന്റെ ക്യാമ്പസ്) വാതുക്കലുള്ള കെട്ടിടത്തിൽ പാർപ്പിച്ചു. ആരാധനക്രമ പഠനം എങ്ങനെയൊക്കെ പോകുന്നുവെന്ന് അദ്ദേഹം കൂടെക്കൂടെ വന്ന് അന്വേഷിക്കുമായിരുന്നു.*

*ഈ താമസക്കാലത്ത് ബെനഡിക്ടച്ചന്റെ നേതൃത്വത്തിൽ പഠിച്ചുകൊണ്ടിരുന്ന ശെമ്മാശന്മാർ ഒരു പിക്ക്നിക്കിനു പോകാൻ തീരുമാനിച്ചു. അവരെല്ലാംകൂടി ചേർന്നു പിതാവിൽ നിന്ന് അനുവാദം വാങ്ങാൻ പറ്റിയ ആളായി എന്നെ കണ്ടു. എന്നെ അതിലേക്കായി പിതാവിന്റെ പട്ടത്തുള്ള (ഇപ്പോഴത്തെ മൈനർ സെമിനാരി) അരമനയിലേക്കു വിട്ടു. രാത്രി 11 മണിക്കു ശേഷമേ എനിക്കു അതുവരെ തിരക്കിലായിരുന്ന പിതാവിനെ കാണാൻ സാധിച്ചുള്ളു. അനുവാദം തന്നതിനു ശേഷം എന്നോടു പറഞ്ഞു:*

*'താൻ ഇന്ന് ഇവിടെ ഉറങ്ങിയിട്ടു നാളെ രാവിലെ പോയാൽ മതി.'*

*ഞാൻ ഒന്നും മിണ്ടിയില്ല. കാരണം പിക്ക്നിക്കിനു പോകാൻ എല്ലാവരുംകൂടി നിശ്ചയിച്ച സമയം വെളുപ്പിന് നാലു മണിക്കാണ്. ഞാൻ ഒന്നും പറയാതെ നാലാഞ്ചിറയ്ക്കു കൂരിരുട്ടത്തു നടന്നു പോകുകയാണ് ചെയ്തത്. പട്ടം ജംഗ്ഷൻ വരേയുള്ളു അന്ന് ടൗൺ. പിന്നീടു പഞ്ചായത്താണ്. വഴി മോശം, മദ്യപാനികളുടെ അഴിഞ്ഞാട്ടവും ഉണ്ട്. കറ്റചെക്കോണം (ഇപ്പോഴത്തെ കേശവദാസപുരം) ജംഗ്ഷൻ കഴിഞ്ഞാൽ പിന്നെ അധികം ആൾതാമസമില്ല. മാധവപുരം കോളനി (ഇപ്പോഴത്തെ എം.ജി. കോളജ് സ്ഥലം) ക്ക് മുമ്പിൽ റോഡിന്റെ സൈഡിൽ ഉള്ളത് ഒരു കള്ളുഷാപ്പ്. അവിടെ എത്തുന്നതിനു മുമ്പ് പിതാവിന്റെ ഡ്രൈവർ ഗീവറീച്ചനെ വഴിയിൽ വച്ചു കണ്ടു. ഇരുട്ടത്ത് പോകുന്നത് നല്ലതല്ലെന്ന് അദ്ദേഹം പറഞ്ഞു. ചിരട്ടയ്ക്കകത്ത് മെഴുകുതിരി കത്തിച്ച് എന്റെ കൈയിൽ തന്നു. കുറെദൂരം പോയിക്കഴിഞ്ഞപ്പോൾ തിരി കെടുത്തി. കള്ളുഷാപ്പിലെ ബഹളവും ഇരുട്ടത്ത് വലിയ പൂച്ച കുറുകെ ചാടുകയും ചെയ്തപ്പോൾ അല്പം ഭയപ്പെട്ടു. എതായാലും നടന്ന് രാത്രി 12.15 ആയപ്പോൾ നാലാംചിറ താമസസ്ഥലത്ത് എത്തി. ബനഡിക്ടച്ചനും ശെമ്മാശന്മാരും എന്നെ നോക്കി പാർത്തിരിക്കുകയായിരുന്നു. താമസിച്ചതിന്റെ കാരണം ഒക്കെ പറഞ്ഞു. അനുവാദം കിട്ടിയതിൽ സന്തോഷമായി. പിക്ക്നിക്കിനുവേണ്ടി ഒരുങ്ങിയശേഷം പോകുകയും ചെയ്തു."*

അവധിക്കാലത്ത് സമയം നഷ്ടപ്പെടുത്താതെ ആരാധനകാര്യങ്ങൾ പഠിക്കണമെന്നും ഈവാനിയോസ് തിരുമേനിക്കു നിഷ്ഠയുണ്ടായിരുന്നു. അതി

നാൽ കഠിനമായ പരിശീലന മാർഗ്ഗത്തിലായിരുന്നു ഗീവറുഗീസ് പണിക്കർ. കാൻഡിയിലേക്കു മടങ്ങുന്നതിനു മുമ്പ് പണിക്കരച്ചൻ ഈവാനിയോസ് തിരുമേനിയെ കാണാൻ പോയി.

ജീവിതത്തിൽ ഒരിക്കൽ മാത്രമെ അദ്ദേഹം പണിക്കരച്ചനോട് എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളു. കാൻഡിയിലെ സ്വാധീനത്തിൽ ഈശോ സഭയിൽ ചേരുന്നതിനെപ്പറ്റി പണിക്കരച്ചൻ ആലോചിച്ചിരുന്നു. അതേപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ പറഞ്ഞു:

*"ഞാനും ബ്രദർ ഫിലിപ്പും ജൂൺ മാസത്തെ അവധി കഴിഞ്ഞു കാൻഡി സെമിനാരിയിലേക്കു മടങ്ങി. ഈശോ സഭയിൽ ചേരാൻ അനുവദിക്കണമെന്ന് ഞാൻ പിതാവിനോട് അപേക്ഷിച്ചു. അദ്ദേഹം എന്റെ അപേക്ഷ നിരാകരിക്കുകയും തിരുവനന്തപുരം അതിരൂപതയിൽ ഇടവക വൈദികനാകുകയാണ് വേണ്ടതെന്ന് ഉപദേശിക്കുകയും ചെയ്തു."*

## ലത്തീൻ ഭാഷാപഠനം

കാൻഡിയിൽ എട്ടു വർഷത്തെ പഠനം അതികഠിനമായിരുന്നു. വിശ്വാസവും അച്ചടക്കവും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ പ്രേരിപ്പിക്കുന്ന കാൻഡിയിലെ പരിശീലനം പണിക്കരച്ചന്റെ വ്യക്തിത്വത്തെയും സ്വാധീനിച്ചു. അറിവു സമ്പാദിക്കുക മാത്രമല്ല അതിലൂടെ ജീവിതത്തെ നവീകരിക്കുകയാണ് വേണ്ടതെന്ന പാഠം പണിക്കരച്ചൻ പഠിച്ചു. തന്റെ ഗുരുവായ ഈവാനിയോസ് തിരുമേനിയിൽ നിന്നു സുറിയാനി പഠിച്ച പണിക്കരച്ചൻ കാൻഡിയിലെത്തിയപ്പോൾ ലത്തീൻ ഭാഷയും പഠിച്ചു. ഈ ഭാഷ പഠിച്ചതുകൊണ്ട് ഫിലോസഫിയിലുള്ള പഠനവും വേദശാസ്ത്രപഠനവും ഏറെ ആസ്വാദ്യകരമായി. അതെപ്പറ്റി പണിക്കരച്ചൻ ഇപ്രകാരം പറയുന്നു:

*"ലത്തീൻ ഭാഷാപഠനം എന്റെ വേദശാസ്ത്ര അന്വേഷണങ്ങൾക്കു കൂടുതൽ ഊർജ്ജം പകർന്നു. പലർക്കും ഈ ഭാഷ പഠിക്കാൻ പ്രയാസമായിരുന്നു. കാൻഡിയിലെ ക്ലാസ്സുകൾ ലത്തീൻ ഭാഷയിലായിരുന്നു. ഇംഗ്ലീഷ്, ചില വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ മാത്രമെ അധ്യയനഭാഷയായി ഉപയോഗിച്ചിരുന്നുള്ളു. കാൻഡിയിൽ ആദ്യ വർഷം കൊണ്ടു ഞാൻ ലത്തീൻ പഠിച്ചു. ലത്തീൻ പഠിച്ചാൽ മാത്രമെ അടുത്ത പടിയായ തത്ത്വശാസ്ത്ര ക്ലാസ്സിൽ ഇരിക്കാൻ കഴിയൂ. ലത്തീനും സുറിയാനിയും പഠിച്ചതുകൊണ്ട് തത്വശാസ്ത്രവും വേദശാസ്ത്രവും ഇഷ്ടവിഷയങ്ങളായി. പിൽക്കാലത്തു ഇംഗ്ലീഷ് സാഹിത്യം കൂടി പഠിച്ചതോടെ എന്റെ അഭിരുചിയുടെ മേഖലകൾ വെളിപ്പെട്ടു വന്നു. ഫിലോസഫിയിലും തിയോളജിയിലും ബിരുദങ്ങൾ എടുക്കാനും എനിക്കു കഴിഞ്ഞു."*

## പള്ളിയുടെ മിഷൻകേന്ദ്രങ്ങളിൽ

കാൻഡിയിലെ പഠനം കഴിഞ്ഞ് 1950 ഡിസംബറിൽ പണിക്കരച്ചൻ തിരിച്ചെത്തി. അതിനു മുമ്പ് 1949 ഓഗസ്റ്റ് 24-നു വൈദികപട്ടം സ്വീകരിച്ചിരുന്നു. പഠനം കഴിഞ്ഞു ഈവാനിയോസ് പിതാവിനെ കാണാനെത്തിയ സന്ദർഭം പണിക്കരച്ചൻ ഇങ്ങനെ ഓർക്കുന്നു:

*"ഞാൻ ചെല്ലുമ്പോൾ പിതാവ് സുഹൃത്തായ പ്ലാസിഡച്ചനുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നെ പിതാവ് അകത്തേക്കു വിളിച്ചു. എന്നെ കാണിച്ചുകൊണ്ട് അച്ചനോട് ചോദിച്ചു,*

*'ഇപ്പോൾ അച്ചനായി വന്ന ഈ ആളിനെ അറിയുമോ?'*

*അച്ചൻ 'അറിയും' എന്ന് ഉത്തരവും പറഞ്ഞു.*

*'ഈ ആളിനെ ഞാൻ ഉപരിപഠനത്തിന് വിടാൻ പോകയാണ്. അച്ചൻ എന്തു പറയുന്നു.'*

*അദ്ദേഹം പറഞ്ഞു: 'വിടണം പിതാവേ, റോമിൽ കാനൻ ലാ പഠിപ്പിക്കാൻ വിടണം.'*

*പിതാവു പറഞ്ഞു, 'ശരി. തൽക്കാലം താൻ പോയി പാളയത്തുള്ള സെന്റ് മേരീസിൽ താമസിക്കുന്ന മാത്യു പുരയ്ക്കലച്ചന്റെ (സെന്റ് ബർക്ക്മൻസ് കോളജ് പ്രഥമ പ്രിൻസിപ്പൽ) അസിസ്റ്റന്റായി അവിടെ പോയി താമസിക്കുക. റോമിന് പഠിക്കാൻ പോകാൻ ഒരുങ്ങിക്കൊള്ളുക."*

ഞാൻ ഇതൊന്നും ആരോടും പറഞ്ഞില്ല. ഇക്കാലത്ത് മാർ ഈവാനിയോസ് കോളജ് ആരംഭിച്ചു കഴിഞ്ഞിരുന്നു. ഒരാഴ്ചയ്ക്കുശേഷം എന്നെ സെന്റ് മേരീസ് പള്ളിയിൽ നിന്നും വിളിപ്പിച്ചു പറഞ്ഞു:

*"താൻ റോമിനു പോകണ്ട. കാനൻ ലാ പഠിക്കുകയും വേണ്ട."*

കാനൻ ലാ പഠിക്കണ്ടാ എന്നു പറഞ്ഞത് എനിക്കു സന്തോഷമായിരുന്നു. കാരണം എനിക്ക് ഇഷ്ടം ഫിലോസഫിയും തിയോളജിയുമായിരുന്നു. എന്നാൽ 'റോമിനു പോകണ്ട' എന്നു പറഞ്ഞതിൽ അല്പം വിഷമം തോന്നി.

പിതാവ് കൂട്ടിച്ചേർത്തു:

*"താൻ ഇപ്പോൾ താമസിക്കുന്നിടത്ത് തന്നെ താമസിച്ച് പള്ളിയുടെ മറ്റു നാലു മിഷൻ സ്റ്റേഷനുകളും നോക്കണം. അതിനോടൊപ്പം യൂണിവേഴ്സിറ്റി കോളജിൽ ഇംഗ്ലീഷ് ഭാഷയും സാഹിത്യവും എടുത്ത് ബി.എ. ഓണേഴ്സിന് പഠിക്കണം. അതനുസരിച്ച് ഞാൻ*

*പഠിച്ചു 1953-ൽ പാസായി. കോളജിലെ വൈസ്പ്രിൻസിപ്പലും ഹോസ്റ്റൽ വാർഡനുമായ ബനഡിക്ടച്ചനെ സഹായമെത്രാനായി തിരഞ്ഞെടുത്തപ്പോഴത്തെ വേക്കൻസിയിൽ എന്നെ ഹോസ്റ്റലിലെ വാർഡനും കോളജിൽ ഇംഗ്ലീഷ് ലക്ചററുമായി അദ്ദേഹം നിയമിച്ചു. ഇത് 1953 ഏപ്രിൽ മാസത്തിലാണ്. ഈ കാലത്താണ് ഈവാനിയോസ് പിതാവിനു മാരകമായ അസുഖം ബാധിച്ചത്. 1953 ജൂലൈ 15-ാം തീയതി അദ്ദേഹം ദിവംഗതനായി. ഇതിനോടകം ബനഡിക്ടച്ചനെ സഹായമെത്രാനായി അഭിഷേകം ചെയ്തിരുന്നു.*

*കോളജിന് അവധിയായതുകൊണ്ടു ബനഡിക്ടച്ചൻ എന്നെ അദ്ദേഹത്തിന്റെ തൽക്കാല പ്രൈവറ്റ് സെക്രട്ടറിയായി അരമനയിൽ താമസിപ്പിച്ചു. അതുകൊണ്ടു മരണത്തോടു അടുത്തിരുന്ന മാർ ഈവാനിയോസ് പിതാവിനെ രോഗശയ്യയിൽ കൂടെക്കൂടെ കാണുന്നതിനും അദ്ദേഹത്തിന്റെ സന്മാതൃക മനസ്സിലാക്കുന്നതിനും എനിക്കു സാധിച്ചു. അസുഖം മൂലം മരിക്കുമെന്ന് അദ്ദേഹത്തിനു നന്നായിട്ട് അറിയാമായിരുന്നു. അതിനുവേണ്ടി അദ്ദേഹം ഒരുങ്ങി. പണിതുകൊണ്ടിരുന്ന കത്തീഡ്രലിൽ കബർ അദ്ദേഹം തന്നെ പണിയിച്ചു. മിക്കവാറും ആ ദിവസങ്ങളിൽ അതിന്റെ പണി കാണാനും, അത് എപ്രകാരമാണ് വേണ്ടത് എന്നു പറയുവാനും അദ്ദേഹം പോകും. അദ്ദേഹത്തെ സംസ്കരിക്കാൻ വേണ്ട കുന്തുരുക്കവും അദ്ദേഹം തന്നെ വാങ്ങി തയ്യാറാക്കി. സുഖക്കേട് കൂടി അരമനയിൽ വരുന്നതിനു മുമ്പ് മദ്രാസിലെ ചികിത്സയും കഴിഞ്ഞു വന്നു താമസിച്ചത് ആശ്രമത്തിലാണ്. അവിടെ വച്ചാണ് ആഘോഷമായി കന്തീല ശുശ്രൂഷ നടത്തിയത്. ഞാനും അതിൽ സംബന്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ മനസാന്നിധ്യവും, പതറാത്ത മനോധൈര്യവും വെളിവാക്കുന്നതായിരുന്നു ഈ ശുശ്രൂഷ."*

## മാർ ഈവാനിയോസിന്റെ അന്ത്യം

ഈവാനിയോസ് തിരുമേനിയുടെ ദേഹവിയോഗം പണിക്കരച്ചന് വലിയ ആഘാതമായിരുന്നു. തിരുമേനിയുടെ അന്ത്യകാലത്തെപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ ഓർക്കുന്നു:

*"മാർ ഈവാനിയോസിനു കന്തീല ശുശ്രൂഷ നടത്തിയത് നാലാഞ്ചിറ ആശ്രമചാപ്പലിലാണ്. പ്രധാന കാർമ്മികൻ തിരുവല്ല മെത്രാപ്പോലീത്താ മാർ സേവേറിയോസ്. മദ്ബഹായിൽ ഒരുക്കിയ കട്ടിലിൽ വലിയ തിരുമേനിയെ കിടത്തി. കന്തീല ശുശ്രൂഷ ആരംഭിക്കാറായപ്പോൾ എറണാകുളം ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ അവിടെ എത്തി. ആരോ ഒരാൾ പെട്ടെന്ന് ഒരു കസേര നൽകി.*

*ഇരിപ്പിനു സൗകര്യമുള്ളതായിരുന്നില്ല അത്. കട്ടിലിൽ കിടന്ന വലിയ പിതാവ് അതു കണ്ടു. കസേരക്കാരനെ വിളിച്ചു പറഞ്ഞു.*

*'ആളുകളെ വേണ്ടവിധം ബഹുമാനിക്കാനറിയില്ലേ? ഇത്തരം കസേരയാണോ കൊടുക്കേണ്ടത്. അത് മാറ്റി നല്ലൊരു കസേര കൊടുക്കണം.'*

*അയാൾ ഉടനെ മറ്റൊരു കസേര കൊണ്ടുവന്നു. കന്തീല ശുശ്രൂഷയിൽ ഒന്നു രണ്ടു തവണ മാർ സേവേറിയോസ് തെറ്റിച്ചൊല്ലിയത് മാർ ഈവാനിയോസ് മനസ്സിലാക്കി. അത് തിരുത്തിച്ചൊല്ലിക്കൊടുത്തു. അസുഖം മൂർച്ഛിച്ചിരുന്നെങ്കിലും ബുദ്ധിക്കും പ്രാഭവത്തിനും ഒരു മങ്ങലും കണ്ടില്ല. കന്തീല ശുശ്രൂഷ തീർന്ന് രണ്ടുമൂന്ന് ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ പട്ടത്തെ അരമനയിലേക്കു (ഇന്നത്തെ മൈനർ സെമിനാരി) മാറ്റി. എയർകണ്ടീഷനില്ല. ചൂട് കൂടിയപ്പോൾ പിതാവ് താല്പര്യപ്പെട്ടതനുസരിച്ച് മുറ്റത്ത് കട്ടിലൊരുക്കി കിടത്തി. കൂട്ടിനായി മറ്റൊരു കട്ടിലിൽ ഡ്രൈവർ ഗീവറീച്ചനും കിടന്നു. പാതി രാത്രിയായപ്പോൾ ഇടിയും മിന്നലും. മഴ ശക്തമല്ല. സെന്റ് മേരീസ് പള്ളിക്കു സമീപം ഇടിവെട്ടേറ്റ് ഒരു തെങ്ങ് പന്തംപോലെ കത്തി. മയങ്ങിക്കിടന്ന പിതാവ് ചോദിച്ചു:*

*'ഗീവറീച്ചാ, ഇടിവെട്ടല്ലേ?'*

*'ഇടിവെട്ട് കേട്ട് കട്ടിലിൽ നിന്നു തെറിച്ചുവീണ ഗീവറീച്ചൻ എഴുന്നേറ്റു പറഞ്ഞു,*

*'അതേ പിതാവേ.'*

*മൂന്നു ദിവസം കഴിഞ്ഞ് പിതാവ് കാലം ചെയ്തു."*

ഈവാനിയോസ് പിതാവിന്റെ വേർപാട് പണിക്കരച്ചനെ വല്ലാതെ വേദനിപ്പിച്ചു. അച്ചന്റെ വാക്കുകൾ:

*"വളരെ കരുതലോടും പുത്രനിർവിശേഷമായ വാത്സല്യത്തോടുമാണ് ഈവാനിയോസ് തിരുമേനി എന്നോടു പെരുമാറിയിട്ടുള്ളത്. അദ്ദേഹത്തിന്റെ അന്ത്യയാത്ര എനിക്ക് ഒരു വലിയ ആഘാതമായിട്ടാണ് അനുഭവപ്പെട്ടത്. മനുഷ്യരെ വസ്തുനിഷ്ഠമായി മനസ്സിലാക്കി പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസാധാരണമാണ്. ദീർഘകാലത്തെ എന്റെ കോളജ് സേവനകാലത്ത് എന്നെ നഷ്ടധൈര്യനാക്കാതിരുന്നത് അദ്ദേഹത്തിന്റെ ഉറച്ച മനോഭാവവും ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഞാൻ മാതൃകയാക്കിയതുകൊണ്ടാണെന്ന് എനിക്ക് നല്ല നിശ്ചയമുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അവഗാഹവും അഗാധതയും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. ഉപരിപഠനാ*

*ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസിനോടൊപ്പം അമേരിക്കയിൽ.*

*ർത്ഥം എന്നെ അമേരിക്കൻ ഐക്യനാടുകളിലേക്കു വിടണമെന്നും എന്റെ വലിയ സ്നേഹിതനും സുഹൃത്തുമായിരുന്ന മാർ ഗ്രീഗോറി യോസ് പിതാവിനോട് അദ്ദേഹം പറഞ്ഞിരുന്നു.*

*അങ്ങനെ 1955 ഏപ്രിൽ മാസത്തിൽ ഗ്രീഗോറിയോസ് പിതാവ് വിദേ ശയാത്രയിൽ എന്നെ സെക്രട്ടറിയായി കൊണ്ടുപോകുകയും അമേ രിക്കയിൽ ചെന്നപ്പോൾ അമേരിക്കൻ കാത്തലിക് യൂണിവേഴ്സിറ്റി യിൽ (Catholic University of America) ഉപരിപഠനാർത്ഥം ആക്കു കയും, എത്രയുംവേഗം പഠനം പൂർത്തിയാക്കി തിരിച്ച് കോളജിൽ എത്തണമെന്ന് എന്നെ ഉപദേശിക്കുകയും ചെയ്തു."*

കാൻഡിയിൽ നിന്നും 1950-ൽ തിരിച്ചു വന്നതിനുശേഷം തിരുവനന്ത പുരത്തു കത്തീഡ്രൽ അസിസ്റ്റന്റ് വികാരിയായി പണിക്കരച്ചൻ പ്രവർത്തി ച്ചിട്ടുണ്ട്. അതിനിടയിലാണല്ലോ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോള ജിൽ ഇംഗ്ലീഷ് ലിറ്ററേച്ചർ എടുത്തു ബി.എ. ഓണേഴ്സ് കോഴ്സിനു ചേർ ന്നത്. കോഴ്സ് പാസ്സായതിനു ശേഷമായിരുന്നു ഈവാനിയോസ് തിരുമേനി കാലം ചെയ്തത്. ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ പണിക്കരച്ചനോട് ഈവാ നിയോസ് പറഞ്ഞത് ഒരു ദീർഘവീക്ഷണത്തോടെയായിരുന്നു.

യൂണിവേഴ്സിറ്റി കോളജിലെ ഇംഗ്ലീഷ് സാഹിത്യ പഠനം പണിക്കരച്ചന്റെ സാഹിത്യ ദർശനത്തെ മാത്രമല്ല അധ്യാപന കലയെയും രൂപപ്പെടുത്തി. അവിടെ പഠിപ്പിച്ച പലരും പിന്നീട് മാർ ഈവാനിയോസിൽ അദ്ധ്യാപക

*ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസിനോടൊപ്പം അമേരിക്കയിൽ.*

രായി എത്തിയതും അവരുടെ ഒപ്പം പ്രവർത്തിക്കാൻ കഴിഞ്ഞരും പണിക്കരച്ചൻ ഒരു ഭാഗ്യമായി കരുതി. കോളജിൽ അധ്യാപകനായി പ്രവർത്തിക്കുമ്പോഴായിരുന്നല്ലോ ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസിന്റെ കൂടെ വത്തിക്കാനിലും ബ്രസീലിലും അമേരിക്കയിലും പോയത്.

### പണിക്കരച്ചൻ ആദ്യമായി മാർപാപ്പയെ കാണുന്നു

ബനഡിക്റ്റ് മാർ ഗ്രീഗോറിയോസിന്റെ കൂടെയുള്ള സഞ്ചാരത്തിനിടയിൽ വത്തിക്കാനിൽ വച്ച് പന്ത്രണ്ടാം പിയൂസ് മാർപാപ്പായെ (1876-1958) കാണാൻ അവസരം ലഭിച്ചതും അമേരിക്കയിൽ വച്ചു ബിഷപ്പ് ഫുൾട്ടൺ ഷീനിനെ കാണാൻ കഴിഞ്ഞതും ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഓർമ്മകളാണെന്ന് പണിക്കരച്ചൻ പറഞ്ഞു:

> *"ഞാൻ ആദ്യമായി ഒരു മാർപാപ്പയെ കാണുകയാണ്. പോപ്പ് പയസ് പന്ത്രണ്ടാമനെ ഞാൻ അദ്ഭുതത്തോടെയാണ് ദർശിച്ചത്. മാർപാപ്പ സ്ഥാനത്ത് ഏതാണ്ട് 20 വർഷം അദ്ദേഹം പ്രവർത്തിച്ചു. ഈ പിതാവിന്റെ കാലത്താണ് കമ്മ്യൂണിസത്തിനെതിരെ കത്തോലിക്കാ സഭ ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. കമ്യൂണിസത്തിന്റെ നിരീശ്വരവാദപരവും ഭൗതികവാദപരവുമായ സിദ്ധാന്തങ്ങൾ അവകാശപ്പെടുന്ന കത്തോലിക്കരെ ക്രിസ്ത്യൻ വിശ്വാസത്തിൽ നിന്ന് പുറത്താക്കണമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലത്തു പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ഇച്ഛാശക്തി മാർപാപ്പയ്ക്ക് ഉണ്ടായിരുന്നു. പോപ്പിന്റെ രാഷ്ട്രീയ നിലപാടുകൾ ഉണ്ടാക്കിയ വിവാദങ്ങൾക്കിടയിലാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. എന്നെ*

*നോക്കി അദ്ദേഹം പുഞ്ചിരിച്ചു. ഓപസ് ജസ്റ്റിഷ്യ പാക്സ് എന്നൊരു വാചകം അദ്ദേഹം പറഞ്ഞതോർക്കുന്നു. നീതിയുടെ പ്രവർത്തി സമാധാനമായിരിക്കും എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം."*

## ഫുൾട്ടൺ ജെ. ഷീൻ പണിക്കരച്ചനെ സ്വാധീനിച്ചു

അമേരിക്കയിൽ വച്ച് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീനിനെ (1895–1979) ആദ്യമായി കണ്ടപ്പോൾ പുതിയൊരു ജീവിത ദർശനം സ്വായത്തമാക്കിയ അനുഭവമായിരുന്നു പണിക്കരച്ചന് ഉണ്ടായത്. ചിന്തകനും പ്രഭാഷകനും എഴുത്തുകാരനുമായ ബിഷപ്പ് ഷീൻ അക്കാലത്ത് അമേരിക്കയിൽ അതിപ്രശസ്തനായിരുന്നു. അദ്ദേഹത്തെപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ സ്മരിക്കുന്നു:

*"ഞാൻ കാണുന്ന ഘട്ടത്തിൽ 'കത്തോലിക്കാ മണിക്കൂർ' എന്നൊരു റേഡിയോ പരിപാടിയിലൂടെ അദ്ദേഹം ജനപ്രീതി നേടിയിരുന്ന കാലമാണ്. ജീവിതം ജീവിക്കാൻ അർഹതപ്പെട്ടതാണ് (Life is worth living) എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചിരുന്നു. സോവിയറ്റ് യൂണിയനെ പരസ്യമായി ഒരു പ്രഭാഷണത്തിൽ തള്ളിപ്പറഞ്ഞതിനെ തുടർന്ന് ബിഷപ്പ് ഷീൻ വിവാദത്തിൽ ആയ ഘട്ടത്തിലാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. ഷേക്സ്പിയറിന്റെ 'ജൂലിയസ് സീസർ' നാടകത്തിൽ ഒരു ശവസംസ്കാര ചടങ്ങുണ്ട്. ആ നാടകത്തിലെ കഥാപാത്രങ്ങൾക്ക് പകരം സ്റ്റാലിന്റെയും മറ്റും പേരുകൾ ചേർത്ത് ബിഷപ്പ് ഷീൻ നടത്തിയ പ്രഭാഷണമാണ് ഈ വിവാദം ഉണ്ടാക്കിയത്. ഷേക്സ്പിയർ നാടകത്തിന്റെ ചുവടുപിടിച്ച് ബിഷപ്പ് ഷീൻ പ്രസംഗിച്ചത് "Stalin must one day meet his Judgment" എന്നായിരുന്നു. ബിഷപ്പ് ഷീനിന്റെ പ്രസംഗത്തിനുശേഷം സ്റ്റാലിൻ മരിച്ചു. ഞാൻ തുടർന്ന് അമേരിക്കയിൽ താമസിക്കുമ്പോൾ ബിഷപ്പ് ഷീൻ നടത്തിയ ധാരാളം പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗകല എന്നെ സ്വാധീനിച്ചിട്ടുണ്ട്. ശ്രോതാക്കളെ കണക്ക് ചെയ്താണ് അദ്ദേഹം പ്രസംഗിച്ചത്."*

# 5

# മാർ ഈവാനിയോസ് കോളജിൽ പണിക്കരച്ചന്റെ പ്രാരംഭകാലം

റവ. ഡോ. ഗീവറുഗീസ് പണിക്കർ തിരുവനന്തപുരത്തെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ നിന്നു പഠനം പൂർത്തിയാക്കി 1942-ൽ സിലോണിലെ കാൻഡിയിലേക്ക് പോകുമ്പോൾ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റെ മനസ്സിൽ സഭയുടെ ഒരു റസിഡൻഷ്യൽ യൂണിവേഴ്സിറ്റി എന്നൊരു ആശയം ഉണ്ടായിരുന്നു. വൈദികനായിരിക്കുമ്പോൾ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായി പ്രവർത്തിച്ചിട്ടുള്ള മാർ ഈവാനിയോസ്, മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റ കാലം മുതൽ തിരുവനന്തപുരത്തു ഒരു കോളജ് തുടങ്ങണമെന്ന മോഹവുമായി കാത്തിരിക്കുകയായിരുന്നു. അതിനുവേണ്ടി തിരുമേനി നടത്തിയ ഉദ്യമങ്ങളെപ്പറ്റി ഫാ. തോമസ് ഇഞ്ചയ്ക്കലോടി എഴുതിയിട്ടുണ്ട്.

### നാലാഞ്ചിറയിൽ കോളജിനു സ്ഥലം

'ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്' എന്ന പുസ്തകത്തിൽ ഫാ. തോമസ് ഇഞ്ചയ്ക്കലോടി ഇങ്ങനെ എഴുതുന്നു:

*"കോളജ് വക കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, കളിസ്ഥലങ്ങൾ ആദിയായവയ്ക്കു വേണ്ടി വിസ്തൃതവും മനോഹരവുമായ ഒരു സ്ഥലം സമ്പാദിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ആദ്യമായി നടത്തിയത്. തിരുവനന്തപുരം പട്ടണത്തിനു സമീപം നാലാഞ്ചിറയിൽ ഏതാനും ഏക്കർ സ്ഥലം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പതിഞ്ഞു. റോമാ നഗരിയെപ്പോലെ ഏഴു കുന്നുകൾ സ്ഥിതിചെയ്യുന്നതും തരിശ്ശായി കിടക്കുന്നതുമായ പ്രസ്തുത സ്ഥലത്തിന്റെ ഉടമ ദേവകോട്ടയിലെ ഒരു ചെട്ടിയാരായിരുന്നു. അദ്ദേഹത്തോട് പ്രസ്തുത സ്ഥലം ആർച്ച് ബിഷപ്പ് വിലയ്ക്കു വാങ്ങി. തുടർന്ന് കോളജിനുള്ള അപേക്ഷ അയച്ചു. ഈ സന്ദർഭത്തിലാണ് തിരുവിതാംകൂറിലെ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭാഗിനേയൻ ശ്രീ അവിട്ടം തിരുനാൾ ശൈശ*

*വദശയിൽത്തന്നെ മരണമടഞ്ഞത്. അദ്ദേഹത്തിന്റെ സ്മാരകമായി തിരുവനന്തപുരത്തു കുട്ടികൾക്കു വേണ്ടിയുള്ള ഒരാശുപത്രി സ്ഥാപിക്കണമെന്നു രാജകുടുംബാംഗങ്ങൾ നിശ്ചയിച്ചു. അതിനു പറ്റിയ സ്ഥലം കണ്ടുപിടിക്കുന്നതിനു തിരക്കിട്ട ആലോചനയായി. നാലാഞ്ചിറയിൽ മാർ ഈവാനിയോസ് വാങ്ങിയ സ്ഥലം അതിനായി ചിലർ ചൂണ്ടിക്കാണിച്ചു കൊടുത്തു. രാജകുടുംബാംഗങ്ങൾ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അവിട്ടം തിരുനാൾ ആശുപത്രിക്കു വേണ്ടി ആ സ്ഥലം ഏറ്റെടുക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു."*

## മെഡിക്കൽ കോളജ് സ്ഥലം തിരുമേനി ചൂണ്ടിക്കാട്ടുന്നു

അവിട്ടം തിരുനാൾ ആശുപത്രി സ്ഥാപിക്കുന്നതിനു നാലാഞ്ചിറയിലെ സ്ഥലം സർക്കാർ ഏറ്റെടുക്കുന്നതു തടയാൻ ഈവാനിയോസ് തിരുമേനി തിരുവിതാംകൂർ ദിവാൻ സി. പി. രാമസ്വാമി അയ്യർക്കു നിവേദനം നൽകുകയും ഉള്ളൂരിൽ ഡോ. പൽപ്പുവിന്റെ പുത്രൻ പൊന്നുസ്വാമിപ്പിള്ളയുടെ നൂറേക്കർ സ്ഥലം ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഡ്രസർ തോപ്പ് എന്നറിയപ്പെട്ടിരുന്ന ഈ സ്ഥലത്തിനു റോഡ് സൗകര്യവും ജലലഭ്യതയും വൈദ്യുതി ലഭ്യതയും ഉണ്ടെന്നും ഈവാനിയോസ് തിരുമേനി ദിവാനെ അറിയിച്ചു. ഇതേ തുടർന്ന് ദിവാന്റെ ഒത്താശയോടു കൂടിയാണ് അവിട്ടം തിരുനാൾ ആശുപത്രി മാത്രമല്ല പിൽക്കാലത്ത് ഇന്നു കാണുന്ന മെഡിക്കൽ കോളജും മെഡിക്കൽ കോളജ് ആശുപത്രിയും ഉള്ളൂരിൽ സ്ഥാപിതമായത്. അതിനാൽ ഇന്നത്തെ തിരുവനന്തപുരം മെഡിക്കൽ കോളജിന്റെ സ്ഥലം നിർദ്ദേശിച്ചത് മാർ ഈവാനിയോസ് തിരുമേനിയാണെന്നു ചൂണ്ടിക്കാട്ടേണ്ടതുണ്ട്.

## കോളജിനു അപേക്ഷിക്കുന്നു

അവിട്ടം തിരുനാൾ ആശുപത്രിക്കു പുതിയ സ്ഥലം കണ്ടെത്തിയതിനെ തുടർന്ന് 1945 ഫെബ്രുവരി 25-നു ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് നാലാഞ്ചിറയിൽ കോളജ് സ്ഥാപിക്കുന്നതിനു അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്കു കത്തയച്ചു. 1937-ൽ സ്ഥാപിതമായ കേരള യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ വൈസ് ചാൻസലർ ദിവാൻ കൂടിയായ സി. പി. രാമസ്വാമി അയ്യരായിരുന്നു. കോളജിന്റെ അനുമതിക്കായി ആർച്ച്ബിഷപ്പ് കത്തയച്ചതും അദ്ദേഹത്തിനായിരുന്നു. തന്റെ മേൽനോട്ടത്തിൽ എഴുപതു പ്രൈമറി സ്കൂളുകളും അഞ്ച് ഇംഗ്ലീഷ് ഹൈസ്കൂളുകളും ആറ് ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും രണ്ട് മലയാളം ഹൈസ്കൂളുകളും അഞ്ച് മലയാളം മിഡിൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ടെന്നും പട്ടത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ ഒന്നാംഗ്രേഡ് കോളജ് ആയി ഉയർത്തണമെന്നും അതിനുള്ള സ്ഥലം

നാലാഞ്ചിറയിൽ ഉണ്ടെന്നും കോളജ് പണിയാൻ ഒരു ലക്ഷം രൂപാ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും കത്തിൽ ചൂണ്ടിക്കാട്ടി. തന്റെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കെല്ലാം കോളജ് പഠനത്തിനു സൗകര്യം ലഭിക്കുന്നില്ലെന്നും ഇക്കൂട്ടരുടെ ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടിയാണ് കോളജ് അനുവദിക്കാൻ അഭ്യർത്ഥിക്കുന്നതെന്നും കത്തിൽ എഴുതി.

കോളജിനെപ്പറ്റിയുള്ള തിരുമേനിയുടെ സങ്കല്പങ്ങളും കത്തിൽ വിവരിക്കുന്നുണ്ട്. അതിൽ നിന്ന്:

> *"എന്റെ ഹൈസ്കൂളുകൾ ഉൾപ്പെടെ ഈ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും വിജയികളാകുന്ന വിദ്യാർത്ഥികൾ വിദൂരസ്ഥലങ്ങളിൽ പോയി ആദായകരമായ ജോലികൾ അന്വേഷിക്കുവാൻ മടിക്കാത്ത സമൂഹത്തിൽപ്പെട്ടവരാകയാൽ ജീവിതവിജയം കൈവരിക്കുവാൻ സഹായിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിൽ അവർക്കു താല്പര്യം ഉണ്ടായിരിക്കും. ആകയാൽ കോളജുകളിൽ ഇന്നുള്ള കോഴ്സ് വർദ്ധിപ്പിക്കാതെ തന്നെ ഇത്തരത്തിലുള്ള വിദ്യാർത്ഥികളുടെ നന്മയ്ക്കായി അവരുടെ കഴിവുകളെ വികസനത്തിനു പര്യാപ്തമായ വിഷയങ്ങൾ തെരഞ്ഞെടുക്കുവാൻ എനിക്കു സാധിക്കുന്നതാണ്. തിരുവിതാംകൂറിലുള്ള ഇപ്പോഴത്തെ കോളജുകളിലെ വിദ്യാർത്ഥികൾക്ക് കൊമ്മേഴ്സ്യൽ ഡിഗ്രിക്കുവേണ്ടിയുള്ള പരിശീലനം നൽകുന്നില്ല. അപ്രകാരമുള്ള ഒരു പുതിയ കോഴ്സ് തുടങ്ങുന്നതുകൊണ്ട് പുതിയ പന്ഥാവ് വെട്ടിത്തുറക്കുകയായിരിക്കും ഞാൻ ചെയ്യുന്നത്. കൊമേഴ്സ്യൽ ഡിഗ്രിക്കുള്ള അടിസ്ഥാനം ചരിത്രം, സാമ്പത്തികശാസ്ത്രം, ഭൂമിശാസ്ത്രം ഇവയുടെ പഠനമാണ്. ഇന്ത്യയിലും മറ്റും എവിടെയുമുള്ള യൂണിവേഴ്സിറ്റിയിലെ കൊമേഴ്സ്യൽ കോഴ്സ് പരിശോധിച്ചാൽ ഇതു വ്യക്തമാകും. ഭൂമിശാസ്ത്രപരമായ പഠനം വാണിജ്യപരമായ വിഷയങ്ങളിലേക്കു സ്വാഭാവികമായി നയിക്കുന്നു. സാമ്പത്തികശാസ്ത്ര പഠനമാകട്ടെ, ജീവിതത്തിലെ പല പ്രായോഗിക രംഗത്തേക്കും നയിക്കുന്നു. ചരിത്രപഠനം സാമൂഹ്യശാസ്ത്രത്തിലേക്കുള്ള ചവിട്ടുപടിയായിരിക്കും. യുവജനങ്ങളുടെ പ്രായോഗികവും ബുദ്ധിപരവുമായ മണ്ഡലങ്ങളിലേക്ക് നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വിരുദ്ധാശയങ്ങൾ വരുത്തിവയ്ക്കുന്ന വിനാശങ്ങൾക്ക് പരിഹാരമായി ഞാൻ ഉദ്ദേശിക്കുന്നത് മനുഷ്യസമുദായത്തിന്റെ ചരിത്രത്തെയും സംഘടനയെയും ഉദ്ദേശ്യങ്ങളെയുംപറ്റി ചർച്ച ചെയ്യുന്ന സാമൂഹ്യശാസ്ത്രത്തെയാണ്. സ്ക്കൊളാസ്റ്റിക് തത്വശാസ്ത്രവും പാശ്ചാത്യപൗരസ്ത്യ തത്വശാസ്ത്രവും മനശ്ശാസ്ത്രവും ചേർന്ന് സുറിയാനിക്കും ഹീബ്രുവിനും ഓരോ കോഴ്സ് തുടങ്ങുന്നതായാൽ എന്റെ അതിരൂപതയിൽപ്പെട്ടവർക്ക് ഈ കോളജ് വേണ്ട*

*വിധം പ്രയോജകീഭവിക്കുന്നതാണ്. സ്ക്കൊളാസ്റ്റിക് തത്വശാസ്ത്രത്തിനു തന്നെയുള്ള അദ്ധ്യക്ഷപീഠം ഇന്ത്യയിലെ ഒരു യൂണിവേഴ്സിറ്റിയിലും ഇപ്പോഴില്ല. രാഷ്ട്രീയ രംഗത്തും സാന്മാർഗിക നിലവാരത്തിലും അതിനുള്ള പ്രാധാന്യം സുവിദിതമാണല്ലോ. അതിന്റെ പഠനം പ്രോത്സാഹിപ്പിക്കപ്പെടുന്നപക്ഷം ഇന്ത്യയിലെ ഇതര യൂണിവേഴ്സിറ്റികൾക്കില്ലാത്ത ഒരു സ്ഥാനം തിരുവിതാംകൂർ യൂണിവേഴ്സിറ്റിക്കു ലഭിക്കുന്നതാണ്. ഞാൻ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പുതിയ കോളജിൽ ചരിത്രത്തിനും, സാമ്പത്തിക ശാസ്ത്രത്തിനും, കൊമ്മേഴ്സിനും, സഹകരണത്തിനും, സുറിയാനിക്കും ഹീബ്രുവിനും, സ്കൊളാസ്റ്റിക് തത്വശാസ്ത്രത്തിനും ഇന്ത്യൻ ഫിലോസഫിക്കും മനഃശാസ്ത്രത്തിനും, സാമൂഹ്യശാസ്ത്രത്തിനുമുള്ള കോഴ്സുകൾ തുടങ്ങുന്നതാണ്.*

*ഇവയുടെ അധ്യയനത്തിൽ ഗ്രേഡിനെയും സജ്ജീകരണത്തെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെ ഇപ്പോഴും ഭാവിയിലും ബാധിക്കുന്ന എല്ലാ നിയമങ്ങളും കൃത്യമായി അനുസരിക്കപ്പെടുന്നതാണ്. മനുഷ്യജീവിതത്തെ കാര്യമായി ബാധിക്കുന്ന വിഷയങ്ങൾ പഠിപ്പിക്കുവാനുള്ള കോളജ് തുടങ്ങുന്നതുകൊണ്ട് വസ്തുതകളുടെ ഭാഗികമായ പരിമിതി മൂലം ഉളവാകുന്ന ദോഷവശങ്ങളെ ദുരീകരിക്കുന്നതിനും സാധിക്കുന്നതാണ്."*

## പണിക്കരച്ചന്റെ വിവരണം

മാർ ഈവാനിയോസ് കോളജ് സ്ഥാപിക്കുന്നതിനു മുമ്പ് അതിന്റെ ഇപ്പോഴത്തെ കവാടത്തിനടുത്തു ഈവാനിയോസ് തിരുമേനി ഒരു ചെറിയ കെട്ടിടം പണിതിരുന്നു. വൈദിക വിദ്യാർത്ഥികൾക്കു താമസിക്കാൻ അന്നു സ്ഥലസൗകര്യങ്ങൾ കുറവായിരുന്നതിനാൽ വൈദികനാകുന്നതിനു മുമ്പ് റവ. ഡോ. ഗീവറുഗീസ് പണിക്കർ അവിടെ താമസിച്ചിട്ടുണ്ട്. ആ സന്ദർഭത്തിലായിരുന്നു സ്ഥലം ഏറ്റെടുക്കാൻ സർക്കാർ തുടങ്ങിയത്. അതേപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ ഓർക്കുന്നു:

*"ഈ കാലത്ത് അവിട്ടം തിരുനാൾ ആശുപത്രിക്ക് സ്ഥലം എടുക്കാൻ സർക്കാർ എന്നു പറഞ്ഞാൽ അമ്മറാണി (സേതു ലക്ഷ്മീഭായി തമ്പുരാട്ടി) നിശ്ചയിച്ചു. ദിവാനായ സർ സി. പി. രാമസ്വാമി അയ്യരാണ് അവരുടെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കുന്ന സമർത്ഥനായ ദിവാൻ. നാലാംചിറ (ഇപ്പോൾ കോളജ് നിൽക്കുന്ന സ്ഥലം) യിലുള്ള ഞങ്ങൾ അപ്പോൾ താമസിച്ചിരുന്ന സ്ഥലം എടുക്കാനാണ് അമ്മറാണി പറഞ്ഞത്. അമ്മറാണിയും പുത്രനായ മഹാരാജാവും ഒത്ത്*

*സ്ഥലം കാണാൻ വന്നു. മാർ ഈവാനിയോസ് പിതാവും ഒത്ത് അവർ അവിടെ നടന്നു സ്ഥലം കണ്ടു. വെള്ളത്തിന് പ്രയാസമുള്ള സ്ഥലമാണ് നാലാംചിറ. ആ സ്ഥലത്ത് അഞ്ചാറ് പൊട്ടക്കിണറുകളാണുള്ളത്.*

*മാർ ഈവാനിയോസ് പിതാവ് അവരോട് പറഞ്ഞു:*

*'ഈ സ്ഥലം ആശുപത്രിക്കു കൊള്ളുകയില്ല. വെള്ളം കിട്ടാൻ പ്രയാസം. പൊട്ടക്കിണറുകളാണുള്ളത്. കൂടാതെ സ്ഥലം നിരപ്പുള്ളതല്ല. കുന്നും കുഴിയും ഒക്കെയാണ്.*

*മഹാരാജാവ് പറഞ്ഞു അതു ശരിയാണെന്ന്.*

*അപ്പോൾ മഹാറാണി ചോദിച്ചു: 'നിന്നോടു ചോദിച്ചോ അത് സൗകര്യമുള്ള സ്ഥലമാണോ ഇല്ലയോ എന്ന്.'*

*പിതാവ് കൂട്ടിച്ചേർത്തു: 'ആശുപത്രിക്കു കൊള്ളാവുന്ന സ്ഥലം ഉള്ളൂരാണ്. അവിടെ ആരും താമസമില്ല. നല്ല നിരപ്പുള്ള സ്ഥലം.'*

*സ്ഥലം കണ്ടശേഷം അമ്മറാണിയും മഹാരാജാവും കൊട്ടാരത്തിലേക്കു മടങ്ങി. സ്ഥലം മിക്കവാറും പൊന്നുംവിലയ്ക്കു എടുക്കുമെന്ന് തോന്നിയതുകൊണ്ട് പിതാവ് അതിനെതിരായി കരുക്കൾ ഒരുക്കി. ഉടനെ തന്നെ പട്ടത്തുള്ള അരമന ഞങ്ങൾ താമസിക്കുന്ന സ്ഥലത്തേക്ക് ഔദ്യോഗികമായി മാറ്റി. പേരുള്ള ബോർഡ് അവിടെ ഗേറ്റിൽ സ്ഥാപിച്ചു. ആർച്ച് ബിഷപ്പിന്റെ പേരും കൊത്തിവച്ചു. സി. പി. യുമായി സുഹൃദ്ബന്ധത്തിലായിരുന്നു ഈവാനിയോസ് തിരുമേനി. രണ്ടു പേരും ബുദ്ധിമാന്മാരായിരുന്നു. സി. പി. യോടു പറഞ്ഞു: സർക്കാർ നേരത്തെ റൊട്ടിക്കടമുക്കിനുള്ള എന്റെ സ്ഥലവും കെട്ടിടവും (ഇപ്പോഴത്തെ വിമൻസ് കോളജ് സ്ഥലം) എടുത്തു. ഇനിയും എനിക്കുള്ള ഈ സ്ഥലം കൂടി എടുത്താൽ അതു തടയാനുള്ള സർവ്വ നടപടിയും ഞാൻ സ്വീകരിക്കും. എന്നെ എന്റെ താമസസ്ഥലത്തു നിന്ന് കുടിയിറക്കിയിട്ടാണ് സർക്കാർ ഇപ്രകാരം ചെയ്യുന്നത് എന്നത് ഇന്ത്യയിലെമ്പാടും ബ്രിട്ടനിലെ അധികാരികൾ അറിയത്തക്കവിധം ഞാൻ പ്രചരണം നടത്തും. അതുകൊണ്ട് താങ്കൾ ഈ സംരംഭത്തിൽ നിന്നു അമ്മറാണിയെ വ്യതിചലിപ്പിക്കണം. ഏതായാലും അപ്രകാരം സർ. സി. പി. ചെയ്യുകയും അവിട്ടം തിരുനാൾ ആശുപത്രി, ഈവാനിയോസ് പിതാവ് പറഞ്ഞ സ്ഥലത്തു സ്ഥാപിക്കുകയും ചെയ്തു."*

എന്തായാലും കോളജ് സ്ഥാപിക്കാനുള്ള സ്ഥലം നഷ്ടപ്പെട്ടില്ലെന്നു ഉറപ്പായതോടെ കോളജ് അനുവദിച്ചു കിട്ടാനുള്ള പരിശ്രമങ്ങൾ ഈവാനിയോസ് തിരുമേനി തുടങ്ങി.

## കോളജിനു കാവൽപിതാവിന്റെ പേര്

സർവ്വകലാശാലയിൽ നിന്നു കോളജിനു അനുവാദം ലഭിച്ചപ്പോൾ തന്റെ കാവൽപിതാവിന്റെ നാമമാണ് കോളജിനു നൽകാൻ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചത്. ഗ്രീക്ക് സഭാപിതാവാണ് ഈവാനിയോസ് ക്രിസോസ്റ്റമോസ് (യോഹന്നാൻ ക്രിസോസ്റ്റമോസ്). ഈ പേരിൽ നിന്നായിരുന്നു ഗീവറുഗീസ് എന്ന സ്വന്തം പേരിന്റെ കൂടെ 'സ്വർണ്ണനാവുകാരൻ'എന്നും അപരനാമമുള്ള മാർ ഈവാനിയോസിന്റെ നാമം 1925-ൽ അഭിഷിക്തനായപ്പോൾ ഈവാനിയോസ് തിരുമേനി തന്റെ അഭിഷിക്ത നാമമായി സ്വീകരിച്ചത്.

ക്രിസ്തീയ സഭയിലെ ആദ്യകാല പിതാക്കന്മാരിൽ ഒരാളായ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് എന്ന ജോൺ ക്രിസോസ്റ്റം ഈവാനിയോസ് (എ.ഡി. 347-407) ധർമ്മപ്രഭാഷകനും പ്രസംഗകലാനിപുണനും തപോനിഷ്ഠനും വേദശാസ്ത്രജ്ഞനും ആരാധനാസമ്പ്രദായങ്ങളുടെ പരിഷ്ക്കർത്താവും സാമൂഹിക വിമർശകനുമായിരുന്നു. പ്രഭാഷണകലയിലുള്ള പ്രാഗത്ഭ്യത്തെ മുൻനിർത്തിയാണ് സഭാചരിത്രത്തിൽ 'സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്' എന്ന് ഇദ്ദേഹത്തെ സംബോധന ചെയ്യുന്നത്. ബൈബിളിലെ സുവിശേഷ ഗ്രന്ഥങ്ങളുടെ ചൈതന്യത്തെ സാധാരണജനങ്ങൾക്കു മാർ ഈവാനിയോസ് പ്രഭാഷണങ്ങളിലൂടെ പകർന്നു കൊടുത്തു. ജനങ്ങളെ പ്രബുദ്ധരാക്കാൻ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് ഉദ്യമിച്ചതുപോലെ തന്റെ കാവൽപിതാവിന്റെ നാമത്തിൽ ആരംഭിക്കുന്ന ഈവാനിയോസ് കോളജും അറിവിന്റെ പാഠങ്ങൾ സാധാരണക്കാർക്കു പകർന്നു കൊടുക്കണമെന്നു ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ആഗ്രഹിച്ചു.

ഈവാനിയോസ് തിരുമേനിയുടെ അക്കാലത്തെ സ്വപ്നങ്ങൾ പണിക്കരച്ചൻ തിരിച്ചറിഞ്ഞിരുന്നു. അതെപ്പറ്റി പണിക്കരച്ചൻ ഇപ്രകാരം പറഞ്ഞു:

> *"ഒരു റെസിഡൻഷ്യൽ യൂണിവേഴ്സിറ്റി തുടങ്ങാനായിരുന്നു ഈവാനിയോസ് തിരുമേനി അന്ന് ആഗ്രഹിച്ചത്. ഓക്സ്ഫോർഡിൽ നിന്നു ചില പ്രൊഫസ്സർമാരെ കൊണ്ടുവരാൻ പിതാവ് തീരുമാനിച്ചിരുന്നു. തുടക്കത്തിൽ ഒരു കാർഷിക കോളജും തിരുമേനി വിഭാവനം ചെയ്തിരുന്നു. എന്നാൽ കോളജ് തുടങ്ങിയപ്പോൾ അഗ്രിക്കൾച്ചർ ഒരു വിഷയമായി പഠിപ്പിച്ചെങ്കിലും രണ്ടു വർഷം കഴിഞ്ഞ് ആ ഡിപ്പാർട്ട്മെന്റ് നിർത്തി."*

## കോളജിന്റെ ഉദ്ഘാടനം 1948-ൽ

നാലാഞ്ചിറയിൽ 137 ഏക്കർ സ്ഥലമാണ് മാർ ഈവാനിയോസ് തിരുമേനി കോളജിനായി വാങ്ങിയത്. കോളജ് പണിയാൻ സർക്കാർ അഞ്ചു

ലക്ഷം രൂപാ ഗ്രാന്റ് അനുവദിച്ചു. കോളജ് തുടങ്ങുന്നതിനു ആവശ്യമായ കെട്ടിടങ്ങൾ നിർമിച്ച ശേഷം 1948 ജൂലൈ 27-നാണ് മാർ ഈവാനിയോസ് കോളജ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനത്തിനു തയ്യാറായി നിൽക്കുന്ന കോളജിനെപ്പറ്റി 1948 ജൂൺ 12-നു 'ദീപിക' പ്രസിദ്ധപ്പെടുത്തിയ വാർത്ത ഇതോടൊപ്പം:

*"കഴിഞ്ഞ രണ്ടു കൊല്ലമായി പ്രതീക്ഷിച്ചിരുന്ന പ്രസ്തുത കോളജ് അടുത്ത ജൂലൈ മാസം ആരംഭിക്കുവാൻ അതിന്റെ അധികൃതർ തീരുമാനിച്ചിരിക്കുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനം നടപ്പിലാക്കുന്നതോടുകൂടി ഒരു കേരള സർവ്വകലാശാലയുടെ ആവിർഭാവവും ഉണ്ടാകുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് വിദ്യാഭ്യാസ വിഷയത്തിൽ ഏതു നിലയിലും മുന്നണിയിൽ നിൽക്കുന്ന ഈ രണ്ടു രാജ്യങ്ങളിലും പുറമേയുള്ള സ്ഥാപനങ്ങളെ ആശ്രയിക്കാനിടയാക്കാതെ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുന്ന കോളജുകൾ ധാരാളം ഉണ്ടാകേണ്ടത് ആവശ്യമാണ്. വിദ്യാർത്ഥികളുടെ ഗുണത്തെ ഉദ്ദേശിച്ച് നാടിന്റെ നാനാഭാഗങ്ങളിലും പല വിദ്യാലയങ്ങളും സ്ഥാപിച്ച് അവയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചുവരുന്ന നിതാന്ത വന്ദ്യ ദിവ്യശ്രീ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരപ്രാന്തത്തിലുള്ള "നാലാഞ്ചിറ" എന്ന സ്ഥലത്ത് ഉദയം ചെയ്യുന്ന പ്രസ്തുത കോളജ് എല്ലാ വിധത്തിലും മാതൃകായോഗ്യമായി ശോഭിക്കുമെന്ന് ആശിക്കാവുന്നതാണ്. പാശ്ചാത്യരാജ്യങ്ങളിൽ പരിഷ്കൃത നഗരങ്ങൾ പലതും സന്ദർശിച്ച് അവിടെയുള്ള കലാശാലകളുടെ നടത്തിപ്പുകളും അധ്യാപനരീതികളും മറ്റും ശരിക്കു ഗ്രഹിച്ചിട്ടുള്ള തിരുമേനിയുടെ ഉപദേശവും പ്രവർത്തനവും അനുസരിച്ച് നിർമ്മിക്കപ്പെടുന്ന ഈ സ്ഥാപനം യുവജനങ്ങളുടെ മാനസികവും കായികവുമായ അഭിവൃദ്ധിക്ക് സഹായകമായി തീരാതിരിക്കയില്ല.*

*പൊതുനിരത്തുകളിൽ കൂടെ സദാ സഞ്ചരിക്കാറുള്ള വാഹനങ്ങളുടെയും മറ്റും ബാഹുല്യംകൊണ്ട് യുവതീയുവാക്കൾക്ക് ഉപദ്രവം നേരിടാത്തവിധം നഗരത്തിൽ നിന്നും അകന്ന് അനേകം ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ കോളജ് കെട്ടിടം. നയനമോഹനവും പ്രകൃതിരമണീയവുമായ ഈ കലാമന്ദിരത്തിനു ചുറ്റുമുള്ള പ്രദേശം ഒരു റസിഡൻഷ്യൽ കോളജിന്റെ സകല സംവിധാനങ്ങൾക്കും പറ്റിയതാണ്. ഈ സ്ഥലം സന്ദർശിക്കുന്ന ഏതൊരാൾക്കും ഓർമ്മവരുന്നത് ശാന്തിനികേതനം, സബർമതി ആശ്രമം തുടങ്ങിയ വിശിഷ്ട വിദ്യാലയങ്ങളെപ്പറ്റി ആയിരിക്കും. വിദ്യാർത്ഥികളുടെ ചിന്താശക്തി പരിപോഷിപ്പിക്കുന്നതിന് ഏറ്റം അനുകൂലമായ പരിതഃസ്ഥിതി*

*കൾ ഈ കോളജിന് ഉണ്ടെന്നതു പ്രത്യേകം സ്മരണീയമാണ്. വിദ്യാർത്ഥി ഹൃദയങ്ങളിൽ സന്മാർഗബോധവും ഈശ്വരവിശ്വാസവും വളർത്തുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇത്രമാത്രം യോജിച്ച സ്ഥലം അപൂർവ്വമാണെന്നു സമ്മതിച്ചേ തീരൂ. അമേരിക്കൻ കലാമന്ദിരങ്ങളായിരിക്കാം ഈ കോളജ് സ്ഥാപനത്തിനു തൽഭാര വാഹികൾക്കു മാതൃകയായിത്തീർന്നത്. പ്ലാൻ അനുസരിച്ചുള്ള കെട്ടി ടങ്ങളും ഹോസ്റ്റലുകളും പൂർത്തിയാകുന്നതോടുകൂടി കേരളത്തിലെ കോളജുകളിൽ ഇതിന് എല്ലാ പ്രകാരത്തിലും മാന്യമായ സ്ഥാനം ലഭിക്കുമെന്നതിൽ സംശയമില്ല. കോളജ് പ്രവേശനം ജൂണിയർ ഇന്റർമീഡിയറ്റ്, ജൂണിയർ ബി.എ. എന്നീ ക്ലാസുകളിൽ മാത്രമാണെ ന്നറിയുന്നു. ഭാരതത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ പര്യാപ്തമായ വിദ്യാർത്ഥിവൃന്ദത്തിന്റെ പരിശീലനകേന്ദ്രമായി ദീർഘ കാലം ശോഭിക്കുന്നതിന് ഈ കോളജിന് ഭാഗ്യം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു"*

1948-ൽ കോളജ് ഉദ്ഘാടനം ചെയ്തെങ്കിലും ക്ലാസ്സുകൾ തുടങ്ങിയതു 1949-50 അധ്യയന വർഷത്തിലാണ്. ഇന്നത്തെ സയൻസ് ബ്ലോക്കിന്റെ പണി മാത്രമെ അന്ന് പൂർത്തിയാക്കിയിരുന്നുള്ളു. 1949-ൽ ഇന്റർമീഡിയറ്റ് ഒന്നാം വർഷവും ബി.എ. ഒന്നാം വർഷവും ക്ലാസ്സുകളാണ് തുടങ്ങിയത്.

## കോളജിന്റെ ആദ്യകാലങ്ങൾ

മാർ ഈവാനിയോസ് കോളജ് കനകജൂബിലി ആഘോഷിച്ചപ്പോൾ റവ. ഡോ. ഗീവറുഗീസ് പണിക്കർ 'ക്രൈസ്തവ കാഹളം' മാസികയിൽ അതി നെപ്പറ്റി വിശദമായി എഴുതി. അതിൽ നിന്ന്:

*"ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണം ഒന്നുകൊണ്ടു മാത്രമാണ് സാമ്പത്തികമായി പല അവശതകൾ ഉണ്ടായിരുന്നിട്ടും കോളജ് 1949-ൽ തുടങ്ങിയത്. കുറ ച്ചുകൂടെ താമസിച്ചു തുടങ്ങിയാൽ മതിയാകുമെന്നുള്ള ഉദ്ദേശ്യ ത്തോടു കൂടി പ്രിൻസിപ്പാളായി അദ്ദേഹം നിശ്ചയിച്ചിരുന്ന ഫാ. തോമസ് നങ്ങച്ചിവീട്ടിലിനെ 1948-ൽ ഡോക്ടർ ബിരുദം നേടുവാനായി ഉപരിപഠനാർത്ഥം അമേരിക്കൻ ഐക്യനാടുകളിൽ അയയ്ക്കുകയും ചെയ്തു. അന്നത്തെ സാമൂഹ്യവും രാഷ്ട്രീയവുമായ സാഹചര്യങ്ങ ളുടെ വെളിച്ചത്തിൽ കോളജ് ഉടനെതന്നെ തുടങ്ങുകയാണ് ബുദ്ധി യെന്ന് ഈവാനിയോസ് പിതാവിന് തോന്നി. പ്രതികൂല സാഹചര്യ ങ്ങൾ വകവയ്ക്കാതെ മദ്രാസ് സർവ്വകലാശാലയിൽ നിന്ന് ഫസ്റ്റ് റാങ്കോടു കൂടി ധനതത്വശാസ്ത്രത്തിൽ ബിരുദം നേടിയ ബെനഡിക്ട് ഒ.ഐ.സി. അച്ചനെ അദ്ദേഹം ബിരുദം നേടിയ ആ വർഷം തന്നെ*

*തിരുവിതാംകൂർ സർവ്വകലാശാലയുടെ അനുവാദത്തോടു കൂടി ഒഫിഷിയേറ്റിംഗ് പ്രിൻസിപ്പലായി നിയമിച്ചുകൊണ്ട് 1949 ജൂലൈ മാസത്തിൽ കോളജ് ആരംഭിക്കുകയാണുണ്ടായത്. ആദ്യവർഷമായ 1949 –50–ൽ ഇന്റർമീഡിയറ്റ് (ധനതത്വശാസ്ത്രം) ആരംഭിച്ചു. 1951–52 അദ്ധ്യയന വർഷമായപ്പോൾ തോമസ് നങ്ങച്ചിവീട്ടിലച്ചൻ ഡോക്ടർ ബിരുദം നേടി തിരിച്ചെത്തി പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. 1951–52 അധ്യയനവർഷത്തിലും 1952–53 അധ്യയന വർഷത്തിലും ബെനഡിക്ടച്ചൻ വൈസ് പ്രിൻസിപ്പലായും ഹോസ്റ്റൽ വാർഡനായും തുടർന്നു. 1953 ജനുവരി മാസം അദ്ദേഹം തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. ഒഫീഷ്യേറ്റിംഗ് പ്രിൻസിപ്പലായും ഹോസ്റ്റൽ വാർഡനായും കോളജിന്റെയും ഹോസ്റ്റലിന്റെയും ബാലാരിഷ്ടതകൾ സഹിച്ചുകൊണ്ട് അദ്ദേഹം എല്ലാവരുടെയും പ്രീതിയ്ക്ക് പാത്രീഭൂതനാകത്തക്കവിധത്തിൽ സ്തുത്യർഹമായ സേവനം ചെയ്തിട്ടാണ് പുതിയ പദവിയിലേയ്ക്ക് പ്രവേശിച്ചത്.*

*നങ്ങച്ചിവീട്ടിലച്ചൻ പ്രിൻസിപ്പലായിരുന്ന കാലത്ത് ബോട്ടണി, ഫിസിക്സ്, സുവോളജി എന്നീ വിഷയങ്ങൾ ഐച്ഛികമായി കോളജിൽ തുടങ്ങുകയുണ്ടായി. എല്ലാ വിഷയങ്ങളിലും ഡിപ്പാർട്ടുമെന്റ് തലവന്മാരായി നിയമിക്കപ്പെട്ടത് യൂണിവേഴ്സിറ്റി കോളജിൽ നിന്നും പെൻഷൻ പറ്റിയിരുന്ന സുപ്രസിദ്ധന്മാരായ പ്രൊഫസർമാരെയായിരുന്നു. അക്കൂട്ടത്തിൽ പ്രസിദ്ധനായ എം. പി. പോൾ സാറും (ഇംഗ്ലീഷ്) ഉണ്ടായിരുന്നു. മലയാളത്തിൽ പ്രൊഫ. വൈദ്യനാഥഅയ്യരും ഇക്കണോമിക്സിൽ പ്രൊഫ. മാമ്മനും ഉണ്ടായിരുന്നു.*

*രാഷ്ട്രീയ പ്രക്ഷോഭണങ്ങളിൽ അക്കാലത്ത് വിദ്യാർത്ഥികളെയും രാഷ്ട്രീയക്കാർ പ്രേരിപ്പിച്ചിരുന്നതുകൊണ്ട് വിദ്യാഭ്യാസരംഗത്ത് ശിക്ഷണരാഹിത്യവും വളർന്നുവരാൻ തുടങ്ങി. നങ്ങച്ചിവീട്ടിലച്ചൻ പക്വതയും പരിചയവുമുള്ള ഒരു നിഷ്കർഷണാധ്യാപകനായിരുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തെ ശക്തമായി നേരിടുകയും അച്ചടക്കം ശക്തിയായി പരിപാലിക്കുന്ന ഒരു കോളജായി മാർ ഈവാനിയോസ് കോളജിനെ നയിക്കുവാനും സാധിച്ചു. മാത്രമല്ല അക്കാഡമിക് കാര്യങ്ങളിലും കായികമത്സര രംഗങ്ങളിലും മറ്റ് പാഠ്യേതര രംഗത്തും നല്ല വിജയവും പുരോഗതിയും കരസ്ഥമാക്കുന്നതിനും കോളജിന് സാധിച്ചിട്ടുണ്ട്. ബെനഡിക്ടച്ചൻ ചീഫ് വാർഡനായും കോളജ് ബർസാറായിരുന്ന ജോർജ് മലഞ്ചരുവിലച്ചൻ വാർഡനായും സേവനം ചെയ്തുകൊണ്ട് മാർ ഈവാനിയോസ് കോളജ് ഹോസ്റ്റലായ സെന്റ് തോമസ് ഹോസ്റ്റലിനെ വിദ്യാർത്ഥികൾക്ക് ഒരു 'സ്നേഹഭവന'മാക്കിത്തീർത്തു എന്നതും ഒരു വസ്തുതയാണ്.*

*തിരുവനന്തപുരം അതിരൂപതയുടെ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവ് അതിബുദ്ധിമാനും അസാദ്ധ്യ കഴിവുള്ള ആളായിരുന്നെങ്കിലും കഠിനാദ്ധ്വാനം - പ്രത്യേകിച്ച് കോളജ് സ്ഥാപനത്തിനു വേണ്ടിയുള്ള പ്രയത്നം - അദ്ദേഹത്തെ രോഗാതുരനാക്കുകയും ചെയ്തു. എങ്കിലും അവ ഒന്നും വകവയ്ക്കാതെ മറ്റു ചുമതലകളുടെ ഇടയ്ക്ക് കോളജ് ക്യാമ്പസിന്റെ മനോഹാരിത ആസ്വദിക്കുന്നതിനും വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും സമ്പർക്കം പുലർത്തുന്നതിനുമായി അദ്ദേഹം കോളജും ഹോസ്റ്റലും സന്ദർശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അസാധാരണ വ്യക്തിത്വം വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഒരുപോലെ ആകർഷിച്ചിരുന്നു. ബെനഡിക്ടച്ചൻ സഹായമെത്രാനായി ഉയർത്തപ്പെട്ടപ്പോൾ അതിനു പകരമായി ഈവാനിയോസ് പിതാവ് എന്നെ ഹോസ്റ്റൽ വാർഡനായും കോളജിൽ ഇംഗ്ലീഷ് അധ്യാപകനായും (1953 മാർച്ച്) നിയമിച്ചു."*

## ഇംഗ്ലീഷ് അധ്യാപകൻ

1953-ൽ ഇരുപത്തിയഞ്ചാം വയസ്സിലാണ് പണിക്കരച്ചൻ മാർ ഈവാനിയോസ് കോളജിൽ അധ്യാപകനായി ചേർന്നത്. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ പണിക്കരച്ചനോടൊപ്പം അന്നു ജോലി ചെയ്തിരുന്നതു പ്രൊഫ. ശിവരാമ സുബ്രഹ്മണ്യ അയ്യരെപ്പോലെ വളരെ പ്രഗത്ഭരായ അധ്യാപകരായിരുന്നു. മിക്കവരും യൂണിവേഴ്സിറ്റി കോളജിൽ നിന്നു വിരമിച്ച അധ്യാപകരായിരുന്നു.

പലരും പണിക്കരച്ചന്റെ ഗുരുക്കന്മാരായിരുന്നു. അതിനാൽ ആദ്യത്തെ ക്ലാസ് മുതൽ എല്ലാ ദിവസവും വലിയ ഒരുക്കത്തോടും ശ്രദ്ധയോടും കൂടിയാണ് താൻ പഠിപ്പിക്കാൻ പോയിട്ടുള്ളതെന്നു പണിക്കരച്ചൻ പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് ക്ലാസ്സുകളിൽ കവിതയും ലിറ്ററി ക്രിട്ടിസിസവും പഠിപ്പിക്കാനാണ് പണിക്കരച്ചൻ ഇഷ്ടപ്പെട്ടിരുന്നത്. എസ്റാ പൗണ്ടിന്റെയും ടി. എസ്. എലിയറ്റിന്റെയും ഷേക്സ്പിയറുടെയും കവിതകൾ ആദ്യ ക്ലാസ്സുകളിൽ പഠിപ്പിച്ചു. ടി എസ്. എലിയറ്റിന്റെയും മാത്യു ആർനോൾഡിന്റെയും നിരൂപണങ്ങളും പഠിപ്പിക്കാനുണ്ടായിരുന്നു. ഇംഗ്ലീഷ് സാഹിത്യം കൂടാതെ ഫിലോസഫിയും പഠിച്ചിരുന്നതിനാൽ വ്യത്യസ്തമായ രീതിയിൽ പഠിപ്പിക്കാൻ പണിക്കരച്ചനു കഴിഞ്ഞു. അരിസ്റ്റോട്ടിലിന്റെ 'പൊയറ്റിക്സ്' പണിക്കരച്ചൻ അക്കാലത്തു മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. കവിത പഠിപ്പിക്കുമ്പോൾ അർത്ഥം വിശകലനം ചെയ്യാൻ അതു വളരെയേറെ സഹായിച്ചിട്ടുണ്ടെന്നും പണിക്കരച്ചൻ പറയുകയുണ്ടായി.

## ഡിസിപ്ലിനേറിയൻ എന്ന ദുഷ്പ്പേര്

മാർ ഈവാനിയോസ് കോളജിൽ അധ്യാപകനായതിനു ശേഷമാണല്ലോ പണിക്കരച്ചൻ 1955-ൽ പിഎച്ച്.ഡി. പഠനത്തിനു അമേരിക്കയിലേക്ക് പോയത്. വാഷിംഗ്ടൺ ഡിസിയിൽ കാത്തലിക് യൂണിവേഴ്സിറ്റിയിലായിരുന്നു പഠനം. ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്.ഡി. എടുത്തശേഷം 1959-ൽ തിരിച്ചെത്തി. 1959 മുതൽ 1961 വരെ ഇംഗ്ലീഷ് പ്രൊഫസർ ആയും വൈസ് പ്രിൻസിപ്പൽ ആയും പണിക്കരച്ചൻ പ്രവർത്തിച്ചു. അതേപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ ഓർക്കുന്നു:

*"1959 മെയ് മാസം ഞാൻ തിരിച്ചെത്തി ഇംഗ്ലീഷ് അദ്ധ്യാപകനും വാർഡനുമായിട്ടുള്ള എന്റെ ജോലിയിൽ പ്രവേശിച്ചു. ഇതിനോടകം 1956-ൽ നങ്ങച്ചിവീട്ടിലച്ചൻ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നു മാറുകയും മോൺസിഞ്ഞോർ ഫ്രാൻസിസ് കാളാശ്ശേരി പ്രിൻസിപ്പൽ സ്ഥാനത്തു നിയമിതനാകുകയും ചെയ്തിരുന്നു. കാളാശ്ശേരി അച്ചന്റെ ആഗ്രഹപ്രകാരം ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് എന്നെ വൈസ് പ്രിൻസിപ്പലായി നിയമിക്കുകയുണ്ടായി. കാളാശ്ശേരിയച്ചൻ ഒരു വിശാലഹൃദയനും എല്ലാവരോടും പുഞ്ചിരിയോടും സൗമ്യമായും ഇടപെടുന്ന ഒരു വലിയ 'നല്ല മനുഷ്യനു'മായിരുന്നു. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തിൽ അദ്ദേഹത്തിനു വലിയ സങ്കടമുണ്ടായിരുന്നു. വിദ്യാർത്ഥികളോടു ചിലപ്പോഴൊക്കെ കർക്കശമായി പെരുമാറേണ്ടി വരുന്നതിൽ അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നു. ഏതായാലും അച്ചൻ എന്നോടു പറഞ്ഞു, "വൈസ് പ്രിൻസിപ്പലെന്ന നിലയിലും" "വാർഡൻ" എന്ന നിലയിലും ഡിസിപ്ലിന്റെ മുഴുവൻ ചുമതല നോക്കിക്കൊള്ളണമെന്ന്. അങ്ങനെയാണ് എനിക്ക് ഒരു "ഡിസിപ്ലിനേറിയൻ" എന്ന പേര് അല്ലെങ്കിൽ ദുഷ്പ്പേര് സഹിക്കേണ്ടി വന്നതും ആ വിധത്തിൽ ഒരു പരിധിവരെ പെരുമാറേണ്ടി വന്നതും. കാളാശ്ശേരിയച്ചൻ പ്രിൻസിപ്പലായിരുന്ന കാലത്താണ് കോളജ് വളർന്ന് വികസിച്ചതും സ്പെഷ്യൽ ബി.എസ്.സി., എം.കോം, എം.എസ്.സി. ബോട്ടണി, സുവോളജി എന്നീ കോഴ്സുകളും മറ്റു പല കോഴ്സുകളും കോളജിൽ തുടങ്ങുകയും പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തത്.*

*ഹോസ്റ്റലിന്റെ ആരംഭകാലം മുതൽ ബെനഡിക്ടച്ചനോടൊന്നിച്ച് വാർഡനായിരുന്ന ബർസാറച്ചനായ ജോർജ് മലഞ്ചരുവിലച്ചനോടൊന്നിച്ചാണ് വാർഡനായി ഞാൻ ഹോസ്റ്റലിൽ പ്രവർത്തിച്ചത്. സമപ്രായക്കാരായ ഞങ്ങൾ പലതിനും വ്യത്യസ്ത രീതികളുള്ളവരായിരുന്നു. എന്നാൽ ഉത്തമ സഹകരണത്തോടും നിസ്സ്വാർത്ഥതയോടും കോളജിന്റെയും ഹോസ്റ്റലിന്റെയും നടത്തിപ്പിൽ മുന്നോട്ടു പോകാൻ സാധി*

ച്ചിട്ടുണ്ട് എന്നുള്ളതിൽ ഞങ്ങൾ രണ്ടുപേരും അഭിമാനം കൊണ്ടിരുന്നു. ജോർജ് മലഞ്ചരുവിലച്ചൻ പിൻസീറ്റിലിരുന്ന് ഡ്രൈവ് ചെയ്യാൻ പാടവമുള്ള ആളായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിരുന്നത്. ആ പാടവം എനിക്ക് വളരെ സഹായകവുമായിരുന്നു.

1961 ജൂൺ മാസത്തിൽ കാളാശ്ശേരിയച്ചൻ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളജിലെ പ്രിൻസിപ്പലായി നിയമിതനായപ്പോൾ ഞാൻ മാർ ഈവാനിയോസ് കോളജിൽ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. ഇതിനോടകം അക്കാഡമിക് തലങ്ങളിലും, കായികരംഗത്തും പാഠ്യേതര രംഗത്തും കോളജ് കേരളത്തിലെ മുൻപന്തിയിൽ നിൽക്കുന്ന ഒരു കോളജായി വളർന്നു കഴിഞ്ഞിരുന്നു. ഈ തലങ്ങളിലെല്ലാം കൂടുതൽ പുരോഗതി ആർജ്ജിച്ചുകൊണ്ടിരുന്നു. കെമിസ്ട്രി എം.എസ്.സി. യും, ഇംഗ്ലീഷ് എം.എ. യും, ബി.എ. യും ആരംഭിച്ചു. സുവോളജി ഡിപ്പാർട്ടുമെന്റ് പിഎച്ച്.ഡി. ഡിഗ്രി സമ്പാദിക്കാൻ സൗകര്യമുള്ള ഒരു ഗവേഷണ ഡിപ്പാർട്ടുമെന്റായി ഉയർന്നു. അതുപോലെ കെമിസ്ട്രിയും ഒരു ഡിപ്പാർട്ടുമെന്റായി ഉയർന്നു.

കേരള യൂണിവേഴ്സിറ്റിയുടെ ആക്ടനുസരിച്ച് കോളജ് യൂണിയൻ കോളജിൽ ആരംഭിക്കേണ്ടതായി വന്നു. യൂണിയൻ തെരഞ്ഞെടുപ്പും മറ്റും കക്ഷി രാഷ്ട്രീയത്തിന്റെയും അവരുടെ ശക്തി മത്സരത്തിന്റെയും അഴിഞ്ഞാട്ടമായിത്തീർന്നു. അദ്ധ്യാപക യൂണിയനുകളും അവരുടെ പ്രക്ഷോഭണങ്ങളും കൂടി ആയപ്പോൾ കോളജ് അന്തരീക്ഷം അസ്വസ്ഥമായി. പഠിപ്പുമുടക്കുകളും ലഹളകളുമൊക്കെ മറ്റു കോളജുകളെപ്പോലെ മാർ ഈവാനിയോസിലും ആരംഭിച്ചു.

അതിനു മുമ്പ് സമാധാനത്തിന്റെയും ശിക്ഷണത്തിന്റെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം ഏതാണ്ട് പൂർണ്ണമായ രീതിയിൽ നിലനിന്നിരുന്നു. അധ്യാപകർ ആത്മാർത്ഥമായി സഹകരിച്ചിരുന്നു. യൂണിയനുകളുടെ ആവിർഭാവത്തോടു കൂടി ഇപ്രകാരമുള്ള ഒരന്തരീക്ഷം അസ്വസ്ഥതയിലേക്ക് നീങ്ങിത്തുടങ്ങി. എങ്കിലും മാർ ഈവാനിയോസ് കോളജിൽ ഇപ്രകാരമുള്ള അസ്വസ്ഥതകൾ താരതമ്യേന കുറവായിട്ട് മാത്രമേ പ്രകടമായിരുന്നുള്ളു.

വിദ്യാർത്ഥികളുടെ ഇടയിലെ കക്ഷിരാഷ്ട്രീയം കൊണ്ടുണ്ടാകുന്ന ശിക്ഷണരാഹിത്യത്തെ സർവ്വ കഴിവുകളുമുപയോഗിച്ചു ഞാൻ ശക്തമായി എതിർത്തിരുന്നു. വിദ്യാർത്ഥികളും രക്ഷാകർത്താക്കളും മിക്കവാറും എല്ലാ അധ്യാപകരും ഇത് മനസ്സിലാക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി ചിലപ്പോഴൊക്കെ വാക്കിലും പ്രവൃത്തിയിലും ഞാൻ കാർക്കശ്യം കാണിച്ചിട്ടുള്ളപ്പോൾ അത് സഹിക്കുന്നതിനും

*ക്ഷമിക്കുന്നതിനുമുള്ള നല്ല മനസ്സ് മിക്കവാറും എല്ലാ വിദ്യാർത്ഥികൾക്കുമുണ്ടായിരുന്നു എന്നുള്ളത് എനിക്ക് ആശ്വാസമായിരുന്നു. എല്ലാ രംഗങ്ങളിലും നന്നായി പ്രവർത്തിക്കാൻ കഴിവുള്ള അനേകം വിദ്യാർത്ഥികൾ കോളജിലുണ്ടായിരുന്നു.*

*വിദ്യാർത്ഥികളുടെ നന്മകളെയും കഴിവുകളെയും വളർത്തിയെടുക്കാൻ സാധിക്കാത്ത നമ്മുടെ വിദ്യാഭ്യാസ രീതികളിൽ പലപ്പോഴും ഞാൻ അസന്തുഷ്ടനായിരുന്നു. നമ്മുടെ വിദ്യാഭ്യാസ രംഗം ഈ കാര്യത്തിൽ കൂടുതൽ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയുമാണ്. സർവ്വകലാശാലകളുടെയും, സർക്കാരിന്റെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെയും തെറ്റായ നയങ്ങളും, അദ്ധ്യാപക യൂണിയന്റെ ശമ്പളം മാത്രം ഉന്നംവച്ചുകൊണ്ടുള്ള പ്രവർത്തനശൈലിയും വിദ്യാഭ്യാസത്തെ താറുമാറാക്കുകയാണെന്നാണ് എന്റെ അനുഭവത്തിൽ നിന്നും എനിക്കു പറയാൻ തോന്നുന്നത്.*

*ഞാൻ പ്രിൻസിപ്പലായിരുന്ന കാലത്താണ് മാർ ഈവാനിയോസ് കോളജിൽ ഓൾഡ് സ്റ്റുഡൻസ് അസോസിയേഷൻ (Amicos) തുടങ്ങിയത്. അതു വളർന്ന് വികസിച്ച് പ്രവർത്തിക്കുന്നുവെന്നത് കോളജിനും കോളജിൽ പഠിച്ചിട്ടുള്ള എല്ലാവർക്കും അഭിമാനമാണ്. അതുപോലെ പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ ആരംഭിക്കുകയും കോളജിന്റെ വളർച്ചയ്ക്ക് അവർ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 1974-ൽ കോളജിന്റെ രജതജൂബിലി ആഘോഷിക്കുകയുണ്ടായി. ഈ ആഘോഷങ്ങൾ നന്നായി നടത്തുവാൻ വിദ്യാർത്ഥികൾ വളരെ അധികം പരിശ്രമിച്ചു. ഒരു ജൂബിലി മെമ്മോറിയൽ ഹാൾ നിർമ്മിക്കുകയും ചെയ്തു.*

*എനിക്ക് പ്രിൻസിപ്പലായി 1984 വരെ തുടരാമായിരുന്നിട്ടും 1979-ൽ പതിനെട്ടു കൊല്ലത്തെ പ്രിൻസിപ്പൽ ഉദ്യോഗത്തിൽ നിന്നും പിരിയാൻ ഞാൻ തീരുമാനിച്ചു. ആ തീരുമാനത്തിൽ നിന്നും എന്നെ മാറ്റാൻ വിദ്യാർത്ഥികളിൽ ഏറിയഭാഗവും അദ്ധ്യാപകരും എന്നെ പ്രേരിപ്പിക്കുകയുണ്ടായി. അപ്പോഴാണ് എനിക്ക് മനസ്സിലായത് അദ്ധ്യാപകരും അതിലേറെ വിദ്യാർത്ഥികളും എന്നെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന്. വ്യക്തിപരമായ കാരണങ്ങളാൽ തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു.*

*തിരുവനന്തപുരം പൗരാവലിയും, വിദ്യാർത്ഥികളും, പൂർവ്വവിദ്യാർത്ഥികളും എനിക്കു തന്ന യാത്രയയപ്പ് എനിക്ക് ഒരിക്കലും മറക്കാവുന്നതല്ല. മാർ ഈവാനിയോസ് കോളജ് കനകജൂബിലി ആഘോഷിക്കുമ്പോൾ എനിക്ക് 75 വയസ്സ് തികയുകയാണ്. അതും ഒരു വലിയ*

*സന്തോഷം, അതിനേക്കാൽ സന്തോഷം ഞാൻ പുരോഹിതനായിട്ട് 50 വർഷം തികയുകയാണെന്നുള്ളതാണ്.*

*പലതും ഓർക്കാനും പറയാനും ഉണ്ടെങ്കിലും അത് മറ്റുള്ളവർക്ക് അലോസരത്തിനിടയാകുമെന്നുള്ളതുകൊണ്ട് എല്ലാവരോടും സ്നേഹത്തോടും ആരോടും പരിഭവമില്ലാതെയും കോളജിന്റെ സ്ഥാപകൻ മനസ്സിൽ കണ്ട ഒരു സർവ്വകലാശാല തന്നെയാകട്ടെ മാർ ഈവാനിയോസ് കോളജ് എന്ന് ആശംസിക്കുന്നു.*

## ഫാദർ ഫിലിപ്പ് പന്തോളിന്റെ വാക്കുകൾ

കോളജിന്റെ ആരംഭകാലം മുതൽ ബർസാറിന്റെയും കോളജ് എസ്റ്റേറ്റിന്റെയും ചുമതലയും ലോജിക്കിന്റെയും സിറിയക്കിന്റെയും അഡീഷണൽ പ്രൊഫസറുമായിരുന്ന ഫാ. ഫിലിപ്പ് പന്തോളിൽ 'ക്രൈസ്തവ കാഹള'ത്തിൽ എഴുതിയ കുറിപ്പിൽ ഇപ്രകാരം എഴുതി:

"അതാതു വിഷയങ്ങളിൽ പ്രഗത്ഭരായ അധ്യാപകരെ നിയമിച്ചുകൊണ്ട് നല്ല റിസൾട്ട് ഉണ്ടാക്കിയതു കോളജിന്റെ പേരും പെരുമയും വർദ്ധിക്കുന്നതിനും നിദാനമായി. ഹോസ്റ്റലിന്റെ പണി തുടങ്ങിയെങ്കിലും രണ്ടാം വർഷം മാത്രമേ ഒരു കെട്ടിടം പൂർത്തിയാക്കി കിട്ടിയുള്ളു. അതിനാൽ ആദ്യ വർഷം ഹോസ്റ്റൽ സയൻസ് ബ്ലോക്കിന്റെ രണ്ടാമത്തെ നിലയിൽ ക്രമീകരിക്കേണ്ടി വന്നു. ഏതാണ്ട് 150 വിദ്യാർത്ഥികൾ ഹോസ്റ്റലിൽ അന്നുണ്ടായിരുന്നു. ബെനഡിക്ടച്ചൻ ചീഫ് വാർഡനും ഞാൻ അസി. വാർഡനും ആയിരുന്നു. ഹോസ്റ്റലേഴ്സ് എല്ലാം നല്ല മുതിർന്ന കുട്ടികളായിരുന്നു. അവരെയെല്ലാം നല്ല അച്ചടക്കത്തിൽ കൊണ്ടുവരുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യവുമായിരുന്നു. പല വീരകൃത്യങ്ങളും അവരുടേതായിട്ട് പറയാനുണ്ട്. ഒന്നു മാത്രം പറയാം. വലിയ കോളജ് കാമ്പസിന്റെ പല ഭാഗങ്ങളും കാടും പടർപ്പും പിടിച്ച് കിടന്നിരുന്നു. അവിടെ രാത്രിയായാൽ കുറുക്കന്മാരുടെ അന്തമില്ലാത്ത കൂക്കുവിളികളുടെ കൂത്തരങ്ങായിരുന്നു. ഹോസ്റ്റൽ കുട്ടികളുടെ ഒരു വലിയ വിനോദം ജംബുകന്മാരെ വകവരുത്തുകയായിരുന്നു. പടക്കം പൊട്ടിച്ച് ഓരോ രാത്രിയും രണ്ടും മൂന്നും എണ്ണത്തെ വകവരുത്തുമായിരുന്നു. എന്നു മാത്രമല്ല രാത്രി തന്നെ മെസ്സിൽ പോയി അവർ ഉത്സാഹപൂർവ്വം അതിനെ കശാപ്പു ചെയ്ത് വേവിച്ച് തിന്നിട്ടേ ഉറങ്ങാൻ പോയിരുന്നുള്ളു. ഈ കോഴ്സിലും പല കുട്ടികളും ഡിഗ്രി എടുത്തിട്ടേ കോളജ് വിട്ടുപോകുമായിരുന്നുള്ളു.

വർഷം കഴിയുന്തോറും മാർ ഈവാനിയോസ് കോളജിന് പേരും പെരുമയും വർദ്ധിച്ചുകൊണ്ടിരുന്നു എന്ന് ആരേയും പറഞ്ഞു മനസ്സിലാ

ക്കേണ്ടതായും ഇല്ല. അച്ചടക്കത്തിന്റെ കാര്യത്തിലും കായിക പരിശീലന രംഗത്തും മാർ ഈവാനിയോസ് എന്നും മുന്നിൽ തന്നെ. എല്ലാ വർഷവും യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിജയവും റാങ്കും നേടുന്ന കാര്യത്തിലും മാർ ഈവാനിയോസ് ശ്രദ്ധേയമായ പ്രാമാണ്യം പുലർത്തിപ്പോരുന്നു.”

# 6

# പ്രിൻസിപ്പലായി 18 വർഷം

ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസിന്റെ അഭിലാഷമായ മാർ ഈവാനിയോസ് കോളജിനു തടസ്സങ്ങളൊന്നും കൂടാതെ അനുമതി ലഭിച്ചപ്പോൾ ആദ്യത്തെ പ്രിൻസിപ്പലായി ഫാദർ ബെനഡിക്റ്റിനെയാണല്ലോ നിയമിച്ചത്.

*ജോസഫ് മാർ സേവേറിയോസ്*

നാലാഞ്ചിറയിൽ 1943-ൽ ഈവാനിയോസ് തിരുമേനി വാങ്ങിയ സ്ഥലത്തു 1947 ജനുവരി 31-നു കോളജിന്റെ നിർമ്മാണത്തിനു തിരുവല്ല ബിഷപ്പ് ജോസഫ് മാർ സേവേറിയോസ് തറക്കല്ല് ഇട്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നിർമ്മാണം വൈകി. അതിനാൽ കെട്ടിടംപണി തീരുന്ന മുറയ്ക്കു കോളജിന്റെ പ്രവർത്തനം ആരംഭിക്കാമെന്നു കരുതിയിരിക്കുമ്പോഴായിരുന്നു 1948-ൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ അനുമതി പെട്ടെന്നു ലഭിച്ചത്.

## ഫാ. ബെനഡിക്റ്റ് ആദ്യ പ്രിൻസിപ്പൽ

കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി ഈവാനിയോസ് തിരുമേനി നിശ്ചയിച്ചിരുന്നതു ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിലിനെ ആയിരുന്നു. പ്രിൻസിപ്പലായി നിയമിക്കുന്നതിനു മുമ്പ് പിഎച്ച്.ഡി. ഗവേഷണത്തിനു അദ്ദേഹത്തെ അമേരിക്കയിലേക്കു അയച്ച വേളയിലായിരുന്നു കോളജ് തുടങ്ങാനുള്ള അനുമതി ഉണ്ടായത്. തോമസ് നങ്ങച്ചിവീട്ടിൽ അച്ചന്റെ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാകാൻ വൈകിയ സാഹചര്യത്തിലാണ് കോളജിന്റെ ആദ്യ പ്രിൻസിപ്പലായി ഫാ. ബനഡിക്റ്റിനെ നിയമിച്ചത്. കോളജിൽ അധ്യാപകനായി നിയമിക്കുന്നതിനു വേണ്ടി ഈവാനിയോസ് തിരുമേനി ഫാ. ബനഡിക്റ്റിനെ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽ പഠിക്കാൻ അയച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് മാർ ഈവാനിയോസ് കോളജ് തുടങ്ങുന്നത്. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നു ഒന്നാം റാങ്കിൽ ഇക്കണോമിക്സിൽ ഓണേഴ്സ്



*ഫാ. ബെനഡിക്റ്റ്*

ഡിഗ്രി ജയിച്ച ഫാ. ബനഡിക്റ്റിനു ഒരു ദിവസത്തെ പോലും അധ്യാപനപരിചയം ഉണ്ടായിരുന്നില്ലെങ്കിലും പ്രിൻസിപ്പലാകാൻ അദ്ദേഹത്തിനു യൂണിവേഴ്സിറ്റി പ്രത്യേക അനുമതി നൽകുകയായിരുന്നു.

ഫാ. ബനഡിക്റ്റിന്റെ കീഴിൽ 145 വിദ്യാർത്ഥികളുമായി 1949 ജൂലൈ 27-നു കോളജിൽ ക്ലാസ് തുടങ്ങി. തുടക്കത്തിൽ ഇന്റർമീഡിയറ്റിനു ഒരു ബാച്ചും ബി.എ. ഇക്കണോമിക്സിനു ഒരു ബാച്ചുമാണ് ഉണ്ടായിരുന്നത്. ക്ലാസ് നടത്തിയ ഫിസിക്കൽ സയൻസ് ബ്ലോക്കിന്റെ ഒന്നാം നിലയിലായിരുന്നു ഓഡിറ്റോറിയവും ആൺകുട്ടികളുടെ ഹോസ്റ്റലും. ഹോസ്റ്റൽ രണ്ടു വർഷം ഇവിടെത്തന്നെയായിരുന്നു.

*ഫാ. സെറാഫിയോൺ ആറ്റുപുറത്ത്*

കോളജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മാർ ഈവാനിയോസ് തിരുമേനിയുടെ രക്ഷാകർതൃത്വത്തിലായിരുന്നു തുടങ്ങിയത്. തിരുവനന്തപുരം ആർച്ച് ഡയോസിസ് വികാരി ജനറൽ മോൺസിഞ്ഞോർ ഫിലിപ്പോസ് റമ്പാൻ, പ്രിൻസിപ്പൽ ഫാ. ബനഡിക്റ്റ്, സെക്രട്ടറി ഫാ. സെറാഫിയോൺ, ആർച്ച് ഡയോസിസ് സ്കൂൾ കറസ്പോണ്ടന്റ് ഫാ. സി. മാത്യു, ഫാ. ഫ്രാൻസിസ് സെയിൽസ്, മുൻ ചീഫ്ജസ്റ്റീസ് ജോസഫ് തളിയത്ത് എന്നിവർ അടങ്ങിയ സമിതിയാണ് കോളജിന്റെ പ്രവർത്തനങ്ങൾക്കു ദിശാബോധം നൽകിയത്. കെട്ടിട നിർമ്മാണത്തിന്റെ ചുമതല നിശ്ശബ്ദമായി നിർവഹിച്ചതു ഫാ. സെറാഫിയോൺ ആറ്റുപുറത്ത് ആയിരുന്നു.

കോളജിന്റെ യശസ്സ് ഉയർത്തിയ പാഠ്യേതര പ്രവർത്തനങ്ങൾ തുടക്കം മുതൽ ഉണ്ടായിരുന്നു. പ്രശസ്ത സാഹിത്യകാരനും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവിയുമായിരുന്ന പ്രൊഫ. എം. പി. പോളിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ്

ലിറ്റററി ആൻഡ് ഡിബേറ്റിംഗ് സൊസൈറ്റി പ്രവർത്തിച്ചിരുന്നു. കെ. രാമകൃഷ്ണ അയ്യരായിരുന്നു അതിന്റെ സെക്രട്ടറി. മലയാളം അസോസിയേഷൻ പ്രവർത്തിച്ചതു പ്രൊഫ. വൈദ്യനാഥ അയ്യരുടെയും (പ്രസിഡന്റ്) എം. എസ്. ചന്ദ്രശേഖര വാര്യരുടെയും (സെക്രട്ടറി) നേതൃത്വത്തിലായിരുന്നു. പ്രൊഫ. കെ. മാമ്മനായിരുന്നു ഹിസ്റ്ററി-ഇക്കണോമിക്സ് അസോസിയേഷൻ നയിച്ചത്.

### ബഥനി ഹിൽസ്

കോളജ് ക്യാമ്പസിനു ബഥനി ഹിൽസ് എന്നു ഈവാനിയോസ് തിരുമേനി നാമകരണം ചെയ്തു. നാലാഞ്ചിറയിൽ അതിനു മുമ്പ് സന്യാസികൾക്കായി ബഥനി ആശ്രമം സമാരംഭിച്ചിരുന്നു. ബൈബിളിലെ പുതിയ നിയമത്തിൽ നിന്നാണ് ബഥനി എന്ന നാമം ഈവാനിയോസ് തിരുമേനി സ്വീകരിച്ചത്. പുതിയനിയമത്തിൽ ലാസറിന്റെ ഭവനമാണ് ബഥനി. മരിച്ച ലാസറിനെ യേശു ഉയിർപ്പിച്ചു. അതിനാൽ ബഥനി എന്ന നാമം ഉത്ഥാനത്തിന്റെ പ്രതീകമാണ്.

മാർ ഈവാനിയോസ് കോളജിന്റെ 1952 മുതലുള്ള അർത്ഥസമ്പന്നമായ എംബ്ളത്തിൽ 'Veritas Vos liberabit' എന്ന മുദ്രാവാക്യമുണ്ട്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന ബൈബിൾ വചനം ഇവിടെ പ്രസക്തം. വ്യക്തികളെ പരിശീലിപ്പിച്ച് സമൂഹത്തിനു ഉതകുന്നവരാക്കി രൂപാന്തരപ്പെടുത്തുക എന്ന കർദ്ദിനാൾ ന്യൂമാന്റെ ആശയത്തെ ഈ മുദ്രാവാക്യം സാധൂകരിക്കുന്നു. ഈ എംബ്ളത്തിലെ പന്തത്തിന്റെ വെളിച്ചം വിദ്യാർത്ഥികളുടെ ജീവിതത്തിൽ സത്യത്തിന്റെ പ്രകാശനമായി ഭവിക്കണമെന്നു ഈവാനിയോസ് തിരുമേനി വിഭാവനം ചെയ്തു.

മാർ ഈവാനിയോസ് കോളജ് നിലനിൽക്കുന്ന ബഥനിക്കുന്ന് ഇപ്രകാരം അറിവിന്റെയും വെളിച്ചത്തിന്റെയും ആരോഹണം സംഭവിക്കുന്ന ഒരു കൊടുമുടിയായി മാറണമെന്ന് കോളജിന്റെ സ്ഥാപകപിതാവ് സ്വപ്നം കണ്ടു.

### പ്രിൻസിപ്പലിനു പേനയും സൈക്കിളും

ഫാ. ബനഡിക്റ്റിനെ പ്രിൻസിപ്പലായി ഈവാനിയോസ് തിരുമേനി നിയമിച്ചപ്പോൾ ഒരു പേന മാത്രമാണ് സമ്മാനിച്ചത്.

*"ഇതു ബനഡിക്റ്റ് അച്ചനുള്ളതല്ല. പ്രിൻസിപ്പലിന്റെ ഉപയോഗത്തിനു മാത്രമുള്ളതാണ്. പ്രിൻസിപ്പൽ സ്ഥാനം ഒഴിയുമ്പോൾ ഈ പേന അവിടെ വച്ചിട്ടുപോകണം"* എന്നൊരു ഉപദേശവും ഈവാനിയോസ് തിരുമേനി നൽകി.

പ്രിൻസിപ്പലിനു സഞ്ചരിക്കാൻ ഒരു സൈക്കിളും സമ്മാനിച്ചിരുന്നു! അധ്യാപന പരിചയമില്ലാത്തതിനാൽ ബനഡിക്റ്റ് അച്ചനെ ഒരു മാസത്തെ

പരിശീലനത്തിനു ചങ്ങനാശ്ശേരി എസ്.ബി. കോളജ് പ്രിൻസിപ്പൽ ഫാ. വില്യത്തിന്റെ അടുത്തേക്കു അയച്ചു. അങ്ങനെയൊക്കെ അനുഭവജ്ഞാനം ആർജ്ജിച്ചിട്ടാണ് ഫാ. ബനഡിക്റ്റ് പ്രിൻസിപ്പലിന്റെ കസേരയിൽ ഇരുന്നത്. പ്രിൻസിപ്പൽ തന്നെയായിരുന്നു ഹോസ്റ്റൽ വാർഡൻ. മറ്റു കോളജുകളിൽ അഡ്മിഷൻ കിട്ടാത്ത നൂറോളം വിദ്യാർത്ഥികൾ ഹോസ്റ്റൽ സൗകര്യമുള്ളതിനാൽ വൈകിത്തുടങ്ങിയ ഈവാനിയോസ് കോളജിൽ പ്രവേശനം തേടിയെത്തിയിരുന്നു.

അന്നത്തെ ഹോസ്റ്റൽ നിവാസികളുടെ ഒരു ചിത്രം പീറ്റർ സി. ഏബ്രഹാം 'ജനതകളുടെ വെളിച്ചം' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അതിൽ നിന്ന്:

*"ഹോസ്റ്റലിലെ വിദ്യാർത്ഥികളിൽ ഏറെയും കടിഞ്ഞാൺ പൊട്ടിച്ച് സ്വാതന്ത്ര്യത്തിന്റെ അതിരറ്റ ധാരാളിത്വത്തിനായി ദാഹിക്കുന്നവരായിരുന്നു. അവർ ദിനംപ്രതി കാട്ടിക്കൂട്ടിയ വികൃതികൾക്കു കണക്കില്ല. അന്യന്റെ പറമ്പിൽ മാത്രമല്ല ബഥനിപ്പറമ്പിലും ഇവറ്റകളുടെ വിളയാട്ടം ഭീകരമായിരുന്നു. അന്ന് ബഥനിക്കുന്നിൽ നിറയെ കപ്പ വിളഞ്ഞു നിൽപ്പുണ്ടായിരുന്നു. ആരുമില്ലാത്ത നേരംപാർത്തു വിരുതന്മാർ കപ്പ പിഴുതു കൂട്ടും. ബഥനിക്കുന്നിൽ അന്ന് ഒരു കാവലാൾ മാത്രമേ താമസമുള്ളു. ഉണങ്ങിവീണ തെങ്ങോലകൾ വാരിക്കൂട്ടി തീ കൊളുത്തി മരച്ചീനിച്ചുവടുകൾ തണ്ടോടുകൂടി തീയിലേക്കെറിയും. വെന്തു തൊലി വെടിച്ച കപ്പക്കിഴങ്ങുകൾ നീണ്ട തണ്ടിൽ പിടിച്ചു വലിച്ചെടുക്കും. എന്നിട്ട് നിലത്തു വട്ടം കൂടിയിരുന്നു ആഹരിക്കും. പിന്നെ നിറവയറോടെ കുളത്തിൽ ചാടി കുളിച്ചു കരകയറും. കപ്പക്കു കൂട്ടിനു ചിലപ്പോൾ ഇറച്ചി പൊരിച്ചതും കാണും. അതിനുള്ള വഴി നേരത്തെ തയ്യാറാക്കും. ഹോസ്റ്റൽ ഭക്ഷണത്തിൽ നിന്നും അല്പം എടുത്തു പടക്കം വാങ്ങി അതിന്റെ മുകളിൽ പൊതിഞ്ഞുവയ്ക്കും. അതു കോളജിന്റെ പിന്നിലെ കുറ്റിക്കാടുകളിൽ വയ്ക്കും. ഊളന്മാർ ഇതു മണത്തെത്തി കടിക്കും. അതു പൊട്ടി അവറ്റകൾ അവിടവിടെ ചത്തു മലക്കും. പലപ്പോഴും പാതിരാവിൽ ആവും ഈ പൊട്ടൽ കേൾക്കുക. ഉറങ്ങാതെ കാതോർത്തു കിടക്കുന്ന ഹോസ്റ്റലിലെ വിരുതന്മാർ ഉടൻ ചാടിയെഴുന്നേൽക്കും. ഒച്ചയുയർത്താതെ പമ്മിനടന്ന്, തീച്ചൂടിന്റെ വെട്ടത്തിൽ ഊളന്മാരെ കണ്ടുപിടിക്കും. വാലിൽ തൂക്കി നേരെ അടുക്കളയിൽ കടക്കും. അവിടെ നിന്നു പാത്രങ്ങളും പിച്ചാത്തിയും കരസ്ഥമാക്കും. എന്നിട്ട് കല്യാണപ്പുരയിൽ എന്നപോലെ ഉഷാറായി ഓരോരുത്തർ ഓരോ ജോലിയിൽ മുഴുകി ആ പാതിരാവിൽ സദ്യ ഒരുക്കും. ഊളന്റെ തൊലിയുരിച്ച് മാംസം വാർന്ന് മുളക് അരച്ചു തേച്ച് ഉപ്പിട്ട് പൊരിച്ചെടുക്കും. നിലത്തു വട്ടം കൂടിയിരുന്നു കപ്പയും കൂട്ടി വയർ നിറയെ വെട്ടിവിഴുങ്ങുകയും ചെയ്യും."*

## കുട്ടികളെ മെരുക്കിയെടുത്തു

ഹോസ്റ്റലിലെ വികൃതികളായ ഇത്തരം കുട്ടികളെ മെരുക്കിയെടുക്കാൻ ആദ്യ പ്രിൻസിപ്പൽ ബനഡിക്റ്റ് അച്ചൻ നന്നേ കഷ്ടപ്പെട്ടു. പകൽ പ്രിൻസിപ്പലിന്റെ ജോലി, രാത്രി ഹോസ്റ്റൽ ജോലി! എന്തായാലും ബനഡിക്റ്റ് അച്ചൻ ഒരു വഴി കണ്ടുപിടിച്ചു. ഊളന്മാരെ ഓടിക്കാൻ ഹോസ്റ്റൽ അന്തേവാസികളുടെ സഹായത്താൽ ചുറ്റുമുള്ള കാട് കുറെശ്ശെയായി തെളിച്ചു. ഇങ്ങനെയൊക്കെയാണ് കോളജ് ഹോസ്റ്റലിന്റെ ആദ്യകാല കഥകൾ!

പ്രിൻസിപ്പൽ എന്ന നിലയിൽ 1949 മുതൽ 1951 വരെയുള്ള രണ്ടു വർഷം ബനഡിക്റ്റ് അച്ചൻ കോളജിന്റെ പ്രവർത്തനത്തിനു ഒരു അടിത്തറയിട്ടു. 1951-ലെ കോളജ് റിപ്പോർട്ടിൽ പ്രിൻസിപ്പൽ ഇപ്രകാരം എഴുതി:

*"കോളജിൽ നല്ല അച്ചടക്കം നിലനിർത്തുന്നതിനു ഞങ്ങളുടെ വിദ്യാർത്ഥികൾ ഹാർദ്ദവമായി ഞങ്ങളോടു സഹകരിച്ചു എന്ന് പ്രസ്താവിക്കുവാൻ ഈ വർഷവും എനിക്കു സന്തോഷമുണ്ട്. ഈ കോളജിലെ ജീവിതത്തിന്റെ പ്രത്യേകമായ സമാധാനത്തെയും സൗഹൃദത്തെയും ഭഞ്ജിച്ച അസുഖകരമായ ഒരൊറ്റ സംഭവം പോലും എനിക്കോർക്കുവാൻ കഴിയുന്നില്ല. ഏതാനും നിമിഷങ്ങൾ മൗനപ്രാർത്ഥന നടത്തി സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം യാചിച്ചുകൊണ്ടാണ് ഞങ്ങൾ ഒരു ദിവസത്തെ ജോലി ആരംഭിക്കുന്നത്. ഹോസ്റ്റലിലും കോളജിലും ഞങ്ങളെല്ലാവരും കൂടിച്ചേർന്ന ഒരു ഭവനത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ കരുതുന്നു. വിദ്യാർത്ഥികൾക്കു വേണ്ടി ഒരു യഥാർത്ഥ ഭവനം, ഒരു ഗുരുകുലം അത്രേ ഞങ്ങളുടെ മുമ്പിലുള്ള ആദർശം."*

## ഫാ. തോമസ് നങ്ങച്ചിവീട്ടിൽ രണ്ടാമത്തെ പ്രിൻസിപ്പൽ

ഇപ്രകാരം ബനഡിക്റ്റ് അച്ചൻ അടിത്തറയിട്ട കോളജിന്റെ നടത്തിപ്പിലേക്കാണ് എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ അച്ചൻ 1951-ൽ അമേരിക്കയിൽ നിന്നു പിഎച്ച്.ഡി. സമ്പാദിച്ചു തിരിച്ചെത്തിയത്. അമേരിക്കയിൽ പോകുന്നതിനു മുമ്പ് അദ്ദേഹം പട്ടം സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. നങ്ങച്ചിവീട്ടിൽ അച്ചനെ പ്രിൻസിപ്പലായി നിയമിക്കുന്നതിനാണ് മാർ ഈവാനിയോസ് തിരു

മേനി അദ്ദേഹത്തെ അമേരിക്കയിലേക്ക് പഠിക്കാൻ അയച്ചത്. അതിനാൽ നങ്ങച്ചിവീട്ടിൽ അച്ചൻ വന്നപ്പോൾ അദ്ദേഹത്തെ പ്രിൻസിപ്പലാക്കുകയും അതേവരെ പ്രിൻസിപ്പൽ ആയിരുന്ന ബനഡിക്റ്റ് അച്ചനെ വൈസ് പ്രിൻസിപ്പൽ ആയി നിയമിക്കുകയും ചെയ്തു. ബനഡിക്റ്റ് അച്ചൻ ഹോസ്റ്റൽ വാർഡനായി സേവനം തുടർന്നു. അതു കൂടാതെ ബഥനി ആശ്രമത്തിലെ മിഷൻ വേലകളിലും ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് ബനഡിക്റ്റ് അച്ചൻ മുഴുകി. അങ്ങനെയിരിക്കുമ്പോഴാണ് 1952-ൽ ബനഡിക്റ്റ് അച്ചൻ, ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടത്. ഹോസ്റ്റലിലെ അന്തേവാസികൾ മാത്രമല്ല കോളജിലെ എല്ലാ വിദ്യാർത്ഥികളും ആ നിയോഗം വലിയ ആഘോഷമാക്കി മാറ്റി.

### സെക്രട്ടറിയായി പണിക്കരച്ചൻ

ബനഡിക്റ്റ് അച്ചൻ മെത്രാനായപ്പോൾ പണിക്കരച്ചനെയാണ് ആദ്യം പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചത്. കോളജിൽ ക്ലാസ്സില്ലാത്തപ്പോൾ അരമനയിൽ പോയി ബനഡിക്റ്റ് മാർ ഗ്രീഗോറിയോസിനെ പണിക്കരച്ചൻ സഹായിച്ചു. അക്കാലത്തെപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ സ്മരിക്കുന്നു:

*"കാലം ചെയ്ത വലിയ പിതാവിന്റെ മുറിയിലെ രേഖകളെല്ലാം പരിശോധിച്ചു. വേണ്ടാത്തതെല്ലാം മാറ്റിക്കളയാൻ ഞാൻ നിയോഗിക്കപ്പെട്ടു. 1955 മെയ് മാസത്തിൽ വത്തിക്കാനിൽ 'അദ്‌ലിമിന' സന്ദർശനത്തിനു പോയ ആർച്ച് ബിഷപ്പിന്റെ കൂടെ സെക്രട്ടറിയായ എന്നെയും കൊണ്ടുപോയി. വത്തിക്കാനിൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പായെ കാണുമ്പോൾ ഞാനും കൂടെയുണ്ടായിരുന്നു. യൂറോപ്പിലെ ചില സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഇറ്റലിയിലെ ജനോവയിൽ വന്നു. തെക്കെ അമേരിക്കയിലെ ബ്രസീലിൽ റിയൊഡി ജനീറോയിലെ ദിവ്യകാരുണ്യ കോൺഗ്രസിനു പോകാൻ തീരുമാനിച്ചു. അവിടേക്കു പോകുന്ന പേപ്പൽ ഡലിഗേറ്റും പ്രതിനിധികളും യാത്രചെയ്യുന്ന 'ഔഗുസ്തോ ചേസരേ' എന്ന സൗകര്യസമൃദ്ധമായ കപ്പലിലായിരുന്നു സഞ്ചാരം. പത്തു ദിവസം കൊണ്ട് നിർദ്ദിഷ്ട സ്ഥലത്തെത്തി.*

*യാത്രയിൽ ഇക്വേറ്റർ തരണം ചെയ്ത ദിവസം ക്യാപ്റ്റനും പരിവാരവും എല്ലാവരെയും വിളിച്ചുകൂട്ടി നെപ്ട്യൂണിന്റെ ജ്ഞാനസ്നാനം ആഘോഷിച്ചു. ചിലരെ ചായം പുരട്ടി നീന്തൽക്കുളത്തിൽ മുക്കി. വലിയൊരു വിനോദമായിരുന്നു അത്. വൈകിട്ട് അത്താഴവിരുന്നിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർക്കു സർട്ടിഫിക്കറ്റ് നൽകി. നെപ്ട്യൂൺ (വരുണൻ) കടൽദേവനാണ്.*

*യൂക്കറിസ്റ്റിക്ക് കോൺഗ്രസിൽ മാർ ഗ്രീഗോറിയോസിനോടൊപ്പം സംബന്ധിച്ചശേഷം അമേരിക്കൻ ഐക്യനാടുകളിലെത്തി പല രൂപതകളും സന്ദർശിച്ചു. കർദ്ദിനാൾമാരായ സ്പെൽമാൻ, സ്ട്രച്ച്, ബിഷപ്പ് ഫുൾട്ടൻഷീൻ മുതലായ മഹാരഥന്മാരെ പരിയപ്പെട്ടു. കാനഡായിലെ പല പ്രധാന സ്ഥലങ്ങൾ സന്ദർശിച്ചു. തിരികെ അമേരിക്കയിൽ വാഷിംഗ്ടണിൽ എത്തി. കാത്തലിക്ക് യൂണിവേഴ്സിറ്റി പ്രസിഡന്റ് ബിഷപ്പ് മക്സടാഗർഡിന്റെ അതിഥികളായി ഞങ്ങൾ താമസിച്ചു.*

*എന്നെ ആ യൂണിവേഴ്സിറ്റിയിൽ താമസിച്ച് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് എടുക്കാൻ സൗകര്യം ചെയ്തിട്ട് ഗ്രീഗോറിയോസ് പിതാവ് ഇന്ത്യയിലേക്ക് മടങ്ങി. 1955 സെപ്റ്റംബർ മുതൽ 1959 മെയ് മാസം വരെ ഞാൻ ആ യൂണിവേഴ്സിറ്റിയിൽ പഠിച്ച് ഡോക്ടറേറ്റ് സമ്പാദിച്ചു. 1959-ൽ തിരിച്ചെത്തിയപ്പോൾ വീണ്ടും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ ചേരുകയും 1960-ൽ വകുപ്പ് മേധാവിയാവുകയും ചെയ്തു."*

## ഉറക്കമില്ലാത്ത ഗവേഷണകാലം

അമേരിക്കയിൽ പണിക്കരച്ചൻ ഗവേഷണം നടത്തിയത് ടി. എസ്. എലിയട്ടിന്റെ കവിതയിലെ ഭാവുകത്വത്തെപ്പറ്റിയായിരുന്നു. അതെപ്പറ്റി പണിക്കരച്ചൻ ഇപ്രകാരം പറഞ്ഞു:

*"അതികഠിനമായിരുന്നു അവിടുത്തെ ഗവേഷണ പരിപാടി. രാത്രി ഉറക്കമൊന്നുമില്ല. പുലർച്ചെ രണ്ടുരണ്ടര വരെ പഠിക്കും. കഷ്ടിച്ച് രണ്ടു മണിക്കൂർ ഉറക്കം. 5 മണിക്ക് എഴുന്നേൽക്കും. പ്രൊഫ. ലാഡ്രിയറായിരുന്നു ഗൈഡ്. പത്തു സെമിനാർ പേപ്പർ അവതരിപ്പിക്കണം. ഫൈനൽ തിയറി പരീക്ഷ അഞ്ചു മണിക്കൂർ ആയിരുന്നു. ഗവേഷണം കൊണ്ട് എനിക്ക് മൂന്ന് നേട്ടങ്ങൾ ഉണ്ടായി. ഒന്ന്, ചിന്തിക്കാൻ കഴിഞ്ഞു. രണ്ട്, ചിന്തിച്ചതുകൊണ്ട് അഭിപ്രായം പറയാൻ കഴിഞ്ഞു. മൂന്ന്, അതിനാൽ ആത്മവിശ്വാസമുണ്ടായി."*

അമേരിക്കയിൽ ഗവേഷണം കഴിഞ്ഞ് പണിക്കരച്ചൻ തിരുവനന്തപുരത്തു തിരിച്ചെത്തിയ സമയം വിമോചന സമരത്തിന്റെ തുടക്ക കാലമായിരുന്നു. അങ്ങിങ്ങായി ചില സംഘർഷങ്ങൾ നടന്നു വന്നിരുന്നു. ഇ.എം.എസ്. മന്ത്രിസഭയ്ക്കു എതിരെയുള്ള ഒരു സമരമായിരുന്നു അത്. അത്തരത്തിൽ ഒരു സംഘർഷത്തിൽ ഒരിക്കൽ പണിക്കരച്ചൻ ചെന്നുപെട്ടതിനെപ്പറ്റി ഇങ്ങനെ പറഞ്ഞു:

*"ഞായറാഴ്ച ഗ്രീഗോറിയോസ് തിരുമേനി ചാലക്കടുത്ത് തമലം പള്ളിയിൽ കുർബാനയർപ്പിക്കാൻ അദ്ദേഹത്തിന്റെ കാറിൽ എന്നെ വിട്ടു. കുർബാന തീർന്നു ഇറങ്ങുമ്പോൾ ആരോ കാറിന്റെ കാറ്റ് അഴിച്ചു*

*വിട്ടു. ഡ്രൈവറെ കയ്യേറ്റം ചെയ്തു. പോലീസ് വന്നിട്ട് പോയാൽ മതിയെന്നു നാട്ടുകാർ. സർക്കിൾ ഇൻസ്പെക്ടർ മിന്നൽ പരമേശ്വരൻപിള്ള സ്ഥലത്തെത്തി. എന്നെ അദ്ദേഹത്തിന്റെ ജീപ്പിൽ കയറ്റി അരമനയിൽ കൊണ്ടുവിട്ടു. കാറും കേസും താൻ നോക്കിക്കൊള്ളാമെന്നു പറഞ്ഞു പരമേശ്വരൻപിള്ള പോയി. പിന്നീട് ചില പൗരപ്രമുഖന്മാരുടെ സന്നിധിയിൽ രഞ്ജിപ്പുണ്ടായി. കേസ് പിൻവലിച്ചു. അതിനു ശേഷമായിരുന്നു ഞാൻ കോളജിൽ ജോലിക്കു പ്രവേശിച്ചത്."*

വിമോചന സമരത്തിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് സർക്കാരിന്റെ വിദ്യാഭ്യാസ ബില്ലായിരുന്നു. ബില്ലിലെ അപകടം പിടിച്ച വ്യവസ്ഥകൾ തിരിച്ചറിഞ്ഞ വിവിധ സമുദായങ്ങൾ അതിനെ എതിർത്തു. 1957–ലാണ് ഇ.എം.എസ്. മന്ത്രിസഭ നിലവിൽ വന്നത്. ഈ മന്ത്രിസഭയിൽ അംഗമായിരുന്ന ജോസഫ് മുണ്ടശ്ശേരിയാണ് വിവാദമായ വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചത്.

## പ്രീ-ഡിഗ്രി തുടങ്ങുന്നു

ബനഡിക്റ്റ് അച്ചനുശേഷം ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ 1951 മുതൽ 1956 വരെ പ്രിൻസിപ്പൽ സ്ഥാനം വഹിച്ചു. 'ഏഷ്യയിലെ ക്രൈസ്തവർ' എന്ന വിഖ്യാതമായ ഗ്രന്ഥം രചിച്ചിട്ടുള്ള നങ്ങച്ചിവീട്ടിൽ അച്ചന്റെ കാലത്തു കോളജിന്റെ പ്രവർത്തനങ്ങൾ പുതിയൊരു ദിശാബോധത്തിലെത്തി. ഇന്റർമീഡിയറ്റ് കോഴ്സ് അവസാനിപ്പിച്ചുകൊണ്ട് രണ്ടുവർഷത്തെ പ്രീ-ഡിഗ്രി നിലവിൽ വന്നു. തുടർന്ന് മൂന്നു വർഷത്തെ ഡിഗ്രിയും നടപ്പിലായി. വൈസ് പ്രിൻസിപ്പലായും കുറച്ചുകാലം പ്രവർത്തിച്ച ബനഡിക്റ്റ് അച്ചന്റെ ഒഴിവിൽ ഫാ. ജോസ് മാത്യു വൈസ് പ്രിൻസിപ്പലായി. ഫാ. ജോർജ് മലഞ്ചരുവിൽ ബർസാറായി.

ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് 1953–ൽ കാലം ചെയ്തതിനെ തുടർന്ന് സ്ഥാപകപിതാവിന്റെ എണ്ണഛായ ചിത്രം കോളജ് ഓഡിറ്റോറിയത്തിൽ 1954–ൽ തിരു-കൊച്ചി ചീഫ് ജസ്റ്റീസ് കെ.ടി. കോശി അനാവരണം ചെയ്തു. കോളജിന്റെ പുതിയ രക്ഷാധികാരിയായി ബിഷപ്പ് പദവിയിൽ എത്തിയ ആദ്യ പ്രിൻസിപ്പൽ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് നിയോഗിതനായി.

നങ്ങച്ചിവീട്ടിൽ അച്ചൻ പ്രിൻസിപ്പലായിരുന്ന കാലത്താണ് ഇന്റർമീഡിയറ്റിനു അഗ്രിക്കൾച്ചർ ഒരു ഓപ്ഷണൽ കോഴ്സായി സിലബസിൽ ഉൾപ്പെടുത്തിയിരുന്നത്. തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസറായിരുന്ന എസ്. രംഗസ്വാമി അയ്യങ്കാരെ ലക്ച്ചററായും സി. ആന്റണിയെ ഡമോൺസ്ട്രേറ്റർ ആയും ഇതിനായി നിയമിച്ചിരുന്നു. പ്രീ-ഡിഗ്രി വന്നതോടെയാണ് അഗ്രി

ക്കൾച്ചർ വിഷയം നിലച്ചുപോയത്. നങ്ങച്ചിവീട്ടിൽ അച്ചന്റെ കാലത്തു ബി.കോം കൂടാതെ ബോട്ടണി, സുവോളജി, മാത്തമാറ്റിക്സ് എന്നിവയിലും ഡിഗ്രി കോഴ്സുകൾ തുടങ്ങി. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ പ്രശസ്ത തമിഴ് കവി നകുലൻ (ടി. കെ. ദൈരൈസ്വാമി), കെ. ജി. ജോർജുകുട്ടി എന്നിവരും ഫിസിക്കൽ ഡയറക്ടറായി വി. എസ്. കുഞ്ചെറിയായും ഇക്കാലത്താണ് എത്തിയത്. മാർ ഈവാനിയോസിന്റെ കായികരംഗത്തെ കുതിച്ചുചാട്ടം തുടങ്ങിയതും ഇക്കാലത്താണ്. വിദ്യാർത്ഥികളുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കാൻ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ കലാ-സാംസ്കാരിക രംഗത്തും കോളജിന്റെ കീർത്തി പരന്നു.

1947-ൽ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് അമേരിക്കയിൽ പോയപ്പോൾ അവിടെ പഠിച്ചുകൊണ്ടിരുന്ന നങ്ങച്ചിവീട്ടിൽ അച്ചന്റെ കൂടെ അമേരിക്കൻ പ്രസിഡന്റ് ഹാരി എസ്. ട്രൂമാനെ സന്ദർശിച്ച കാര്യം 'മഹാത്മാവായ മാർ ഈവാനിയോസ്' എന്ന പുസ്തകത്തിൽ ഡോ. എം. വി. തോമസ് എഴുതിയിട്ടുണ്ട്. നങ്ങച്ചിവീട്ടിൽ അച്ചൻ പിന്നീട് പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യുക്കേഷനിൽ പ്രിൻസിപ്പലായി പ്രവർത്തിച്ചിട്ടുണ്ട്.

### ഫാ. ഫ്രാൻസിസ് കാളാശ്ശേരി മൂന്നാമത്തെ പ്രിൻസിപ്പൽ

അഞ്ചു വർഷത്തെ സേവനത്തിനു ശേഷം നങ്ങച്ചിവീട്ടിൽ അച്ചൻ വീരമിച്ചതിനെ തുടർന്ന് 1956 മുതൽ ഫാദർ ഫ്രാൻസിസ് കാളാശ്ശേരി പ്രിൻസിപ്പലായി. 1961-ൽ റവ. ഡോ. ഗീവറുഗീസ് പണിക്കർ പ്രിൻസിപ്പലാകുന്നതുവരെ കാളാശ്ശേരി അച്ചൻ പ്രിൻസിപ്പൽ പദവിയിൽ തുടർന്നു. കാളാശ്ശേരി അച്ചന്റെ കാലത്താണ് ലൈബ്രറിയുടെ വികസനം ഉണ്ടായത്. ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ഡിഗ്രി ബാച്ചുകളും തുടങ്ങി. മലയാളം വകുപ്പ് മേധാവിയായിരുന്ന ജി. വൈദ്യനാഥ അയ്യർ വിരമിച്ചതിനുശേഷം 'ക്രിസ്തുഭാഗവതം' എന്ന സംസ്കൃത മഹാകാവ്യത്തിന്റെ കർത്താവായ പി. സി. ദേവസ്യ വകുപ്പ് മേധാവിയായി. കോളജ് ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം പൂർത്തീകരണത്തിലേക്കു വന്നു. 1959-ൽ മാർ ഈവാനിയോസ് ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് തുടങ്ങി. കാളാശ്ശേരി അച്ചന്റെ ഒപ്പമാണ് വൈസ് പ്രിൻസിപ്പലായി റവ. ഡോ. ഗീവറുഗീസ് പണിക്കർ 1959-ൽ ചുമതലയേറ്റത്. കാളാശ്ശേരി അച്ചൻ ചങ്ങനാശ്ശേരി എസ്.ബി. കോളജ് പ്രിൻസിപ്പലായി ചുമതലയേറ്റതിനെ തുടർന്നാണ് 1961-ൽ പണിക്കരച്ചൻ പ്രിൻസിപ്പലായത്.

## അച്ചടക്കത്തിലൂടെ മുന്നോട്ട്

മാർ ഈവാനിയോസ് കോളജിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം പ്രിൻസിപ്പൽ സ്ഥാനം വഹിച്ചത് പണിക്കരച്ചനായിരുന്നു. കോളജിന്റെ ചരിത്രത്തിൽ ഒരു സുവർണയുഗമെന്ന് പൂർവ്വവിദ്യാർത്ഥികൾ മനസ്സിൽ കൊണ്ടുനടക്കുന്ന പണിക്കരച്ചന്റെ കാലം കോളജിന്റെ പേരും പെരുമയും എല്ലാ രംഗത്തും പടർന്നു പന്തലിച്ച കാലഘട്ടം കൂടിയാണ്. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ മേധാവിയായി എത്തിയ റവ. ഡോ. സി.എ. ഏബ്രഹാം വൈസ് പ്രിൻസിപ്പലായി പണിക്കരച്ചന്റെ ഒപ്പം ഉണ്ടായിരുന്നു. ഫാ. അലക്സാണ്ടർ പനംകുന്നേൽ പുതിയ ബർസാറായിരുന്നു.

പണിക്കരച്ചന്റെ കാലത്തു ഏതു കാര്യത്തിനാണ് ഏറ്റവും കൂടുതൽ ഊന്നൽ നൽകിയതെന്നു അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽ ഞങ്ങൾ ചോദിക്കുകയുണ്ടായി.

പണിക്കരച്ചന് അതിനു ഒറ്റ വാക്കിലുള്ള ഒരു ഉത്തരമേ ഉണ്ടായിരുന്നുള്ളു:

“അച്ചടക്കം.”

കുട്ടികളെ മര്യാദ പഠിപ്പിക്കാൻ മാത്രമല്ല അച്ചടക്കംകൊണ്ട് പണിക്കരച്ചൻ ഉദ്ദേശിച്ചത്. പണിക്കരച്ചന് അതിനെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ക്യാമ്പസിൽ വിദ്യാർത്ഥികൾ അച്ചടക്കം പാലിക്കേണ്ടതിനെപ്പറ്റിയും അക്കാര്യത്തിൽ പണിക്കരച്ചൻ സ്വീകരിച്ചിരുന്ന കർക്കശമായ നിലപാടുകളെപ്പറ്റിയും അച്ചന്റെ സന്തതസഹചാരിയായി മുപ്പതു വർഷങ്ങൾ പ്രവർത്തിച്ച പ്രൊഫ. ജെ. എം. സ്റ്റുവർട്ട് ‘ദി ഹാർപ്പ്’ എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയിട്ടുണ്ട്. അച്ചടക്കത്തെപ്പറ്റിയുള്ള നിലപാട് പണിക്കരച്ചന്റെ വിദ്യാഭ്യാസ ദർശനത്തിന്റെ ഭാഗം തന്നെയായിരുന്നു.

സീരിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ‘ദി ഹാർപ്പ്’ എന്ന മാഗസിൻ പ്രസിദ്ധീകരിച്ച പണിക്കരച്ചൻ ആദരവാല്യത്തിൽ ജെ. എം. സ്റ്റുവർട്ട് കോളജ് വാർഷിക റിപ്പോർട്ടുകളിൽ പ്രിൻസിപ്പൽ നടത്തിയ പരാമർശനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

> “Father Panicker had his own strong convictions about student discipline. His indignation, which sometimes manifested without any limit has always been motivated by the courage of conviction he possessed. He was furious to the parents who tried to justify the misbehaviour of their children. He has clearly articulated the principles of discipline he always wanted to implement in the campus.
>
> *“The most important aim of education is to produce free, responsible, creative personalities loving God and goodness and acting in accor-*

*dance with what they have learnt to love." (College Magazine -1964-65).*

Let us continue to listen to what Rev. Fr. Panicker has to say about discipline. He addresses the parents and the public and explains why discipline in Mar Ivanios College was how it was:

*"This impression is, to a great extent, based on fact. I do not however claim that we have yet reached the ideal in this. Still the maintenance of this discipline, to the extent we have achieved entails constant vigilance on the part of all the staff. The Principal has to harden his heart when dealing with truants and latecomers. Those who have found him ruthless in demanding certain standards of behaviour must realize that it is their own delinquency that merit a heavy hand. The serious, orderly, hard-working boy will not find anything harsh in the discipline of this college; the lazy, reckless fellow, however, will find life a burden here, and unless he reforms, he will have to leave it for a more easygoing regime. But any thoughtful parent will realize that, if we are to form character, and not merely prime the mind with knowledge, there is no other way to train a student to lead a life, dominated by principles, as distinguished from a life dominated by mere impulses front within and mere circumstances from without. To her children this institution will ever strive to be an 'Alma Mater', a kind mother who warns them while she indulges them, and sympathizes with them while she remonstrates with them; who superintends the use of the liberty which she gives them, and teaches them to turn to account the failures which she has not, at all risks, prevented. A certain tenderness, or even laxity of rule on the one hand, an anxious, vigilant, importunate attention on the other are the characteristics of that discipline, which is peculiar to this college. The enforcement of such a discipline presents many difficulties in the administrators of this institution. It is easy enough to lay down the law and justify it, to make your rule and keep it; but it is quite a science, I may say, to maintain a persevering, gentle oversight, to use a minute discretion, to adapt one's treatment to the particular case, to go just as far as you safely may with each mind, and no farther and to do all this with no selfish ends, with no sacrifice of sincerity and frankness and with unsuspicious impartiality."*

This was the 'manifesto' of discipline, Rev. Fr. Geevarghese Panicker formulated, practised and declared in the Annual Report of the College for the academic year 1961-62, the very year he took over the reins of Mar Ivanios College to hold it till 1979. Rev. Fr. Panicker was most uncompromising when it came to the question of discipline. He believed in

the noblest aims of education - creating a complete man and woman.

It is worthwhile listening to these words of wisdom. In the College Magazine, concluding his Annual Report of 1964-65 he wrote:

*"When we consider the College, not as a workshop, an impersonal institution for turning the young into successful examinees; but as an Alma Mater, a kind mother, concerned with leading the young towards humanity, creativeness and wisdom, concerned with preserving an easy personal, uninhibited and homely relationship between teachers and students, concerned with the training of heart and will, we raise our hearts in thankfulness and prayer to God who alone can strengthen us to face all the difficulties - physical, intellectual and moral - inherent in such a process. Another year has passed and the college has reached the still very young age of sixteen and established a certain tradition which the Principal, staff and the students have to preserve, foster and strengthen."*

You have been listening to a man of vision and wisdom, who knew fully well what he was talking about and was telling all concerned, how much concerned they should be to achieve what they strive to achieve. He shares not the responsibility alone but the credit too to all that deserved it. In our quest for the secret of his success as an educator and Principal, a success many recognised and a few did not, we come across the moral principles Rev. Fr. Panicker held close to his heart and guided him. He is hopeful of success in his unrelenting courageous struggle even in the face of physical threat to instill the sense of discipline in his students.

Rev. Fr. Panicker continues, *"Let it be said to the credit of our boys that they willingly submit themselves to discipline and I am sure the longer they stay here, the most amenable to discipline they will grow to be. In due time they will come to appreciate, if not love, the discipline we enforce here."*

Rev. Fr. Geevarghese Panicker was a father who never spared the rod in the figurative sense because; Father Panicker never wanted to spoil any child entrusted to his care. Father Panicker visualised discipline as an integral part of the development of the personality of the child. Whatever Fr. Panicker did in the campus, relished or not by the recipient, was done with this high ideal in view. So, the exterior toughness in his approach to the students became imperative. He wore this mask till the day he bade farewell to the College in 1979 an occasion that revealed the real Rev. Geevarghese Panicker.

In 1966, he reiterated more emphatically what he really meant by discipline. His remarks on discipline quoted from the College Magazine of that year reads as follows:

*"The age-old idea of education as the quiet pursuit of wisdom, of fullness of life, of a rich, deep completion of the whole personality is disappearing; and is being replaced by a more and more exclusively utilitarian scramble to acquire knowledge of the facts and especially material facts and above all, commercially rewarding facts. A college is not an institution for mere training but an institution for education. Training is defined as being concerned with some one side or aspect of man with regard to some special subject. Education is concerned with the whole man. An educated man is a man with a point of view from which he takes in the whole world. Our aim is to foster this end."*

Erosion of human values from the society has always been a matter of concern and anxiety to Rev. Father Panicker. Whenever he got a chance, he decried the alarming situation. When he speaks of this situation, he seems to be prophetic. What he said in 1962 proved to be true in 2002. The words he used were strong; showing the clarity with which he could foresee what was going to happen in the field of education.

He says, *"There seems to be a disproportionate rush for professional courses by the most intelligent students leaving only the second best for purely academic courses. From among the latter, only a mediocre minority goes to study Arts, by which I mean language and literature, History and Politics, Philosophy and Social Sciences. This being so, one has to wonder where the country's future thinkers, writers and administrators are to come from. I am afraid we shall be a nation of second rate technicians who may be able to put things together, but will know neither what life is for, nor how to live wisely."*

This state of affairs Rev. Fr. Panicker spoke years back has happened today and has become a matter of great concern, equally to parents as well as educators. He saw the wrong course education was moving towards and the disastrous consequences.

As we trace the transformation our education system had undergone over the years, we see that the aim, purpose and the system of education, particularly Higher Education had undergone an alarming deterioration that had shocked all those who have taken education with all seriousness. Only a very few educationists like Rev. Father Panicker had reacted to this fall in standards of education and discipline all over

the state. Politics in all its ugly forms had made inroads into all college campuses causing untold damages to the system of education and the atmosphere of peace and fellowship that prevailed in the campuses. In many campuses, there were frightening incidents of violence. Clashes among student groups became an everyday affair. Students were ready to come out of classes and walk in the streets with provocation or without. In the 70s number working days in an academic year fell below 100 not merely because students struck work but mainly by closure of colleges by the Government fearing violence between students of the ruling and the opposition party.

Rev. Father Panicker could dissuade the students from unnecessary cutting of classes by coercion as well as force. When he walked boldly among the students who gather to start a strike, they used to run for their lives and take their seats in their classes. The members of the teaching and non-teaching staff will be there with him ready to give him all support. Even he could not stop them from striking work, as the hold of politicians on the students was very strong. So father had to yield on some occasions when the student leader approached him with an application to permit them to strike work and saying that they will be questioned or even punished by their political guardians under whose remote control they acted.

Rev. Fr. Panicker ruthlessly criticized campus politics and warned all concerned to desist from dragging innocent students into this suicidal political game.

In 1971, Rev. Fr. Panicker wrote: *"Colleges and universities today are not as they were before; till recently colleges and universities were isolated entities with a code of conduct of their own which was often significantly different from what obtained in the world of affairs outside. But today they are not so. University or college elections and appointments, settlement of disputes and even personal relationship are coming to be fashioned more and more according to social 'mores' than according to traditional patterns associated hitherto with a college or University. This together with the tensions of change, experienced by the youth in a society which is undergoing a major social transformation, create conflicts and agonies and what is called "indiscipline" in any educational institution now. Mar Ivanios College is not an exception to this phenomenon. No college is the same today as before. The atmosphere in the college reflects the break up of the rule of conduct, the storm and the stress, the indiscipline and even the*

*chaos at home and society at large. It is in such an uneasy atmosphere of tension, indiscipline and growing disorder that the staff and students of this college are trying to pursue curricular and co-curricular activities."*

One can see how Rev. Fr. Principal trying to analyse the reason for the changes that had taken place in College campuses. His findings are judicious and reasonable. But his moral indignation was against those who were responsible for driving the students into this dangerous situation. He does not limit his enquiry inside his campus or the university. His area is much larger. He looks at the problem in the National context and warns us of the darker days to come. We now are shocked to realise that, that day has come. He makes a sincere attempt to understand the changed situation so that he could help his students even in these adverse circumstances to achieve what the college sought to achieve all these years.

Let us hear what Father has to say about this and see the depth of his understanding of the situation that has made its unwelcome appearance in the field of education. He writes in the College Magazine, *"No sensitive citizen of our country can avoid a measure of anxiety in viewing the general situation in the nation today, especially of power politics. There can be little doubt that education will be one of the first casualties of power politics. We find partisan thinking beclouding every issue. Almost everyone is getting caught in the crossfire of vicious propaganda between rival factions. The universities and colleges are supposed to be forums where objective thinking on issues that confront the nation is supposed to be continually going on. We should train our students to engage in unemotional debate for objective evaluation of the situation.*

*College students' involvement in the political life of our country is intensively real and extremely emotional. It is a factor to be reconciled with. In my opinion it can neither be tabooed nor sublimated. Some way may be found of incorporating it directly with the future of our academic life. Old values and ideals are fast tumbling down in the sophisticated atmosphere of the campus. New ones have not taken their place. Political affiliations afford the students a new venue for their idealistic tendencies.*

*Many of the students are under the influence of three bodies: -College authorities, a political group, and a student organization. Much of the unusual happenings in the campus today are but the pathological*

*manifestations of the disturbing effect of this triple force in diverse directions. We must save our students from developing split personalities. The nurturing of a co-ordinating influence is an absolute necessity. For this, student counselling and other guidance centres are necessary. It is also urgent that the Principal should keep open channels for members of the faculty and representatives of the student bodies to communicate their views to him in a sympathetic and friendly way. This will make it possible to have genuine collegiality in the college where with mutual respect and confidence the staff and students can share the responsibilities of higher education. I resolve on this occasion to work along this line with the cooperation of the staff and students."*

Rev. Fr. Panicker repeatedly reminded his colleagues of the importance of a cordial relation with their students. He took special care to maintain this beautiful bond which led to the strengthening of the Alumni Association, now designated AMICOS (Association of Mar Ivanios College Old Students). His old students love to meet him just because Fr. Panicker loves to meet his old students. He makes it a point to participate in all the activities organised and arranged by the old students. There is no mystery behind the fact that most of the old students who enthusiastically participate in the programmes organised by AMICOS are attended by the old students who studied in Mar Ivanios College during the period when Rev. Fr. Geevarghese Panicker was the Principal. If the old students get any information that Fr. Panicker is visiting any of the Gulf Countries or the United States, the old students of Mar Ivanios College in these countries pass on the information to others and they rush even driving hundreds of kilometers to see their beloved Principal. It seems Fr.Panicker has an unusual emotional attachment with his old students and vice versa.

When Father Panicker was the Principal, he encouraged this healthy relationship between the teacher and the taught by assigning various responsibilities to the teachers which put the teachers and students together. Once he wrote about the importance and welcome results of such a relationship:

*"We are trying our best to build up and foster a healthy staff-student relationship. It has become customary to bewail the loss from college and university campuses of reverence and love based on tradition and convention. The future offers a challenge of unparalleled magnitude in the meeting of which the iron hand, velvet glove and even the Olive branch seem to be outworn devices. Yet the teacher must regain the*

*respect and love he seems to have lost. Whatever else may change in an educational set up, one thing is bound to remain permanent- that is the respect the student has for the skilled craftsman in the academic field. The teachers must exploit this situation and make it the starting point of a new order of things. In improving the student-staff relationship, we are trying to make a fresh appraisal of the needs of the present-day students. Today students come to college not exclusively because of their thirst for knowledge. Students still have a thirst, but it is not for knowledge only. It is for many other things, some rather material. True that they still desire knowledge but only in moderate and comfortable doses. To them knowledge is only an incident in their academic life. There are other things perhaps more interesting. They are no longer empty vessels into which learning can be poured.*

*What else do they want? Undoubtedly power and participation. Many experiments are being done in this direction. We have in this college fully implemented the working of the College Union as advised by the Kerala University and I hope this will lead to greater co-operation of staff and students in all the activities of the college."*

There seems to be a tone of obvious disappointment in the decline of student discipline and erosion of teacher-student relationship while Rev. Fr. Panicker tries to analyse these phenomena. But a discerning person can see the objectivity with which Fr. Panicker handles the subject. He believes that the best way to come out of the undesirable situations in the campuses, is the active involvement and cooperation of the students and teachers. His dream and attempt is to bring back the pristine glory of the college. He exhorts those concerned to join him in his attempt to recapture the serene atmosphere, though the odds are against.

Rev. Fr. Panicker wrote:

*"We believe that a healthy atmosphere in a college is the product of a peculiarly delicate relationship between the teachers and students and between the junior teachers and the senior teachers. This relationship involves a certain submission willingly given by the students to the teachers. It is founded on the recognition of a common purpose, the pursuit of learning. Mutual affection, respect and confidence are the fundamental bases of college life. It is a mistake to think of colleges as laboratories for revolution. A kind of activism to which some small groups of students seem to be resorting to, of searching ceaselessly to unearth new causes to keep on the bustle of ugly walkouts from institutions of learning, the violent marches and traffic obstruction and nui-*

*sance on the roads, appears to be on the increase. Large numbers of indifferent students badly taught by ill equipped teachers with no concept of proper teacher-student relationships or high academic ideals provide an ideal 'milieu' for the eruption of student unrest. We, the staff and students in this college, hope to take our share in making earnest efforts to improve our system of education and to modernise and personalize the relationship between the teachers and students. The destiny of India now being shaped in her class rooms and in order that this shaping may be relevant in the context of National development, the whole pattern of education has to be reorganized broadly on the basis of the Report of the Education Commission, 1964 -'66. Even in the present set up, the "centre of gravity" has to be shifted from the pre-degree classes to the degree classes and postgraduate classes in first grade colleges. Changes in the academic programme, more flexibility in the courses offered, more freedom of choice by the students, a reduction in the amount of formal instruction and corresponding increase in tutorial work, promotion of discussion groups, seminars and independent study, a change in the character of teaching and examination, to discourage cramming and stimulate curiosity, internal assessment of the students' study by the colleges, training students in relationship with the community in which they live and progressive training in the use of freedom are some of the essential and much needed changes for the effectiveness of the pattern of education. I wish we could slowly work in this line with the cooperation of the members of the staff and students and the university authorities."*

Long before our universities in Kerala gathered courage to introduce semester system, internal assessment and several other reforms in the method of examination, etc., Rev. Fr. Panicker had tried to bring to the attention of the academic community in kerala, the desirability of allowing colleges academic freedom and autonomy to the extent possible to improve the standard and purpose of higher education. It is only two years after our university, though hesitantly, introduced the semester system. Some colleges were allowed to start self-financing courses of study. This has brought about qualitative changes in the field of higher education. Even the delinking of pre degree courses had to wait for decades after it was recommended by competent educationists and was introduced in most of the other states in India.

It is in this context that we should assess the capability of the Educationist in Rev. Fr. Panicker. Fr. Panicker had the vision to foresee the desirability of such reforms far ahead. Several Education Commissions

have recommended Mar Ivanios College for autonomous status. It was mainly because of the academic atmosphere and the quality of teaching and learning, the Commissions could see in the campus of Mar Ivanios College, for which Rev. Fr. Panicker had played the most decisive role.

Our universities that lacked the will power to be independent of politics and brought about reforms to meet political and personal interests. They just forgot the students and their academic interest in their scramble for political upper hand. Most of the decision-making bodies in the universities became havens for the politicians and others who knew nothing about education. Educationists like Rev. Fr. Panicker were never allowed to enter the decision-making bodies of the Universities making the competent educationists totally dejected at the callous negligence and lack of vision with which the universities conducted the affairs of the colleges under them. Great teachers and those who were genuinely concerned about the deterioration of our educational system kept their peace, as they knew, "Where ignorance is bliss; it is folly to be wise."

Rev. Fr. Panicker through his critical comments used to bring to the public attention the urgency for salvaging our higher education from the ruin it was facing. The more things slipped out of the hands, of Principals like Rev. Fr. Panicker, the more disappointed and dejected they became and they lost hope that they could save the students from the clutches of the selfish politician whose slaves our children have become.

In 1971, Father Panicker wrote in the Annual Report of the college:

*“It has been recently said by some experts that our educational system is on the verge of a violent collapse. Our educational system has come to be so utterly chaotic, wasteful and uncreative that we are afraid to face the fact. In the International Education Year of 1970, every nation was asked to examine its educational system. We as a nation should give deep thought to reform our educational system effectively. Education in India has to be National, i.e., suited for our developing country and International, i.e., it must help to produce men and women whose mental and cultural horizons extend far beyond their own nation. While one is welcome to make the widest possible use of experience of other people in educational development there is just no escape from the hard and original thinking that we must do for ourselves in order to evolve appropriate solutions to our educational problems and to make a specifically Indian contribution to international education. We wish people really sat down to analyse the whole purpose of our education*

*in perspective and take the major steps required to reform our education."*

Rev. Father Panicker always had been an ardent advocate of radical reforms in the existing system of education. At the same time, he was fully conscious that education in our state was running off track and it was not easy to put it back on its rails. The fight could not be fought single-handedly. Still he did not yield to the circumstances, he was thrown into. Even after retirement he used all available occasions, particularly the meetings organised in the college to bid a farewell to the retiring teachers every year, to remind the teachers to uphold the values for which the founding fathers of Mar Ivanios College stood.

In 1961, when he presented his first Annual Report of the College, he wrote, calling himself an 'inadequate compensation' in the place of the retired principal. Then he continued saying: "But I am sure, what is wanting in me will be made up by the efficiency, experience and sense of duty of the members of the staff, and I hope to accomplish my task as the principal with the kind cooperation and loving consideration of both the staff and the students." The position he took over with all humility was to conclude with all glory in 1979, after 18 years. These years have become the major part of the history of Mar Ivanios College about which the College as well as the Principal can be justly proud of.

The physical growth the college had achieved, the popularity the college had gained, the quality of teaching the college could maintain, the studious atmosphere the campus had enjoyed, the excellent results the college could produce in University Examinations, several achievements in curricular and co-curricular fields and the prestige the College could earn, were basically the product of a regime that lasted for 18 years during which Rev. Fr. Geevarghese Panicker was at the helm of affairs.

After finishing the race he had run, this was how he took leave of the College. Let me quote from his own words:

*"I have presented my 18th and last Report as Principal. Now dear friends permit me as an outgoing Principal to propose a toast to you and to Mar Ivanios College, your Alma Mater. I thank everyone of the students the present and the former for accepting me even when I seemed to be and when I really was hard, harsh and rude towards some - my style of action - with an understanding heart and affection. I can only assure you that I always meant well and had only the best interest of every student and the institution at heart. Adapting a verse of St. Paul,*

*permit me to say very bluntly, "My beloved students I love you, for you are my joy and reward for my work." And I thank everyone of you for your understanding love and affection for me. I thank the teachers present and former, the ministerial staff present and former, students present and former, all well wishers, benefactors, guardians and friends for enabling me to function as I did as principal for the last 18 years.*

*While repeating the verse of our College Anthem:*

*May your fame remain true Forward ever forward*
*High ideals unfading Torch in hand still burning*
*Prosper ever Mother Holding high thy motto:*
*Shrine of lofty learning. Veritas vos liberabit"*

*I thank God Almighty and just sing in my heart: 'What thanks can I render Thee for the gifts thou hast showered on me. Everyday I will sing Thy praise and glory, Alleluia.' I wish the College and all the teachers both present and future success in the years to come, success in fulfilling the task and objectives entrusted to the college and in holding aloft the motto: "Truth shall make you free."*

*May I end with the following prayer-Hymn:*

*With the sweet word of peace*
*I bid my brethren Good-bye;*
*Peace as river to increase and ceaseless flow*
*With the calm words of prayer*
*I earnestly commend*
*My brethren to Thy watchful care, Eternal Friend:*
*With the dear word of Love*
*I give my brief farewell;*
*My love below and Thine above,*
*With them shall dwell*
*With the strong word of Faith*
*I stay myself on Thee*
*That Thou O Lord in life and death*
*Their help shall be;*
*Then the bright word of Hope*
*Shall on our parting gleam*
*And tell of joy beyond the scope*
*Of earth-born dream.*
*Farewell: in hope and love*
*In faith and peace and prayer;*
*Till He Whose Home is ours above, unite us there."*

## കോളജിന്റെ ഖ്യാതി പരക്കുന്നു

പണിക്കരച്ചന്റെ കാലത്തു കൊമേഴ്സിലും സുവോളജിയിലും കെമിസ്ട്രിയിലും ബിരുദാനന്തരബിരുദ കോഴ്സുകൾ തുടങ്ങി. ഡോ. എ. പി. മാത്യൂസിന്റെ നേതൃത്വത്തിൽ സുവോളജി ഡിപ്പാർട്ട്മെന്റ് ഗവേഷണ പഠനത്തിനുള്ള വേദിയായി. 145 കുട്ടികളുമായി തുടങ്ങിയ കോളജിൽ അവരുടെ സംഖ്യ 1500 ആയി. ഇതിൽ അറുനൂറോളം കുട്ടികൾ പ്രീ-ഡിഗ്രി ക്ലാസ്സുകളിൽ ഉള്ളവരായിരുന്നു. കോളജ് ഹോസ്റ്റലിൽ മുന്നൂറോളം താമസക്കാരെ പ്രവേശിപ്പിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകളിലായി എഴുപതിലധികം അധ്യാപകരുണ്ടായിരുന്നു. മിനിസ്റ്റീരിയൽ സ്റ്റാഫ് അമ്പതോളം ഉണ്ടായിരുന്നു.

അതിനിടെ ആൺകുട്ടികൾക്കു മാത്രമല്ല പെൺകുട്ടികൾക്കും മാർ ഈവാനിയോസിൽ പഠിക്കാൻ അവസരം നൽകണമെന്ന ആവശ്യം ഉയർന്നു. മറ്റു സ്ഥലങ്ങളിൽ നിന്നും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സമ്മർദ്ദമുണ്ടായി. അങ്ങനെയാണ് പ്രീ-ഡിഗ്രി ക്ലാസ്സുകളിൽ പെൺകുട്ടികൾക്കു കാളാശ്ശേരി അച്ചന്റെ കാലത്തു പ്രവേശനം അനുവദിച്ചത്. പണിക്കരച്ചൻ പ്രിൻസിപ്പലായപ്പോൾ എല്ലാ ക്ലാസ്സുകളിലേക്കും പ്രവേശനം അനുവദിച്ചു. 1963 മുതൽ അങ്ങനെയാണ്.

അക്കാദമിക് രംഗത്തു മാർ ഈവാനിയോസ് കോളജ് റാങ്കുകൾ വാരിക്കൂട്ടിയതോടെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ പ്രവേശനം തേടാൻ എത്തിയവരുടെ സംഖ്യ വർദ്ധിച്ചു. ബിരുദം നേടിയവർക്കു കോളജിൽ വച്ചു അത്താഴവിരുന്നു നൽകി ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന പരിപാടി പണിക്കരച്ചൻ തുടങ്ങിയിരുന്നു. യൂണിവേഴ്സിറ്റി കോൺവൊക്കേഷൻ പരിപാടി നിർത്തലാക്കിയതോടെ ആ പരിപാടി മുടങ്ങി. കായിക രംഗത്തും മാർ ഈവാനിയോസ് കോളജ് ട്രോഫികൾ വാരിക്കൂട്ടി. വിവിധ ഇന്ത്യൻ ടീമുകളിലും കേരള സംസ്ഥാന ടീമുകളിലും അംഗങ്ങളായ ഒട്ടേറെ വിദ്യാർത്ഥികൾ മാർ ഈവാനിയോസിന്റെ കളിക്കളങ്ങളിൽ കളിച്ചുയർന്നവരാണ്.

പൂർവ്വവിദ്യാർത്ഥികളുടെ സ്മരണയിൽ തങ്ങിനിൽക്കുന്ന കോളജ് കാന്റീൻ 1963-ലാണ് തുറന്നത്. വിദ്യാർത്ഥികൾക്കായി 1964-ൽ ഒരു ഹോബി വർക്ഷോപ്പും തുടങ്ങി.

അധ്യാപകരായി പ്രവർത്തിച്ചിട്ടുള്ളവരിൽ ഏറെയും വിവിധ രംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ അർപ്പിച്ചിട്ടുള്ളവരാണ്. സാഹിത്യരംഗത്ത് മികച്ച സംഭാവനകൾ നൽകിയിട്ടുള്ള എം.പി. പോൾ, പി.സി. ദേവസ്യ, ചെമ്മനം ചാക്കോ, ഒ. അയ്യനേത്ത്, നകുലൻ, കെ. നാരായണൻ നായർ (നാനാ), വയലാ വാസുദേവൻപിള്ള, ജോർജ് ഓണക്കൂർ, നൈനാൻ തരകൻ ആനിയിൽ, ജോളി വർഗീസ്, ഡി. അയ്യനേത്ത് എന്നിവർ ഇംഗ്ലീഷിലും മലയാളത്തിലും അറിയപ്പെടുന്ന എഴുത്തുകാരാണ്. പ്രൊഫ. എ. എസ്.

*മുഖ്യമന്ത്രി സി. അച്യുതമേനോൻ മാർ ഈവാനിയോസ് കോളജിൽ.*

ബാലകൃഷ്ണൻ ജക്കാർത്തയിൽ ഇന്ത്യയുടെ ഇന്തോനേഷ്യയിലെ കൾച്ച റൽ അംബാസിഡർ ആയി അവരോധിക്കപ്പെട്ടു. ഡോ. എം. അനിരുദ്ധൻ അമേരിക്കയിലെ 'ഫൊക്കാന'യുടെ പ്രഥമ പ്രസിഡണ്ടായിരുന്നു. ചീഫ് സെക്രട്ടറിയായിരുന്ന ആർ. രാമചന്ദ്രൻ നായർ, യു.എസ്. അംബാസഡർ ആയിരുന്ന ടി പി. ശ്രീനിവാസൻ, മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ്, പി.ആർ.ഡി. മുൻ ഡയറക്ടർ തോട്ടം രാജശേഖരൻ, എം.ജി. യൂണിവേഴ്സിറ്റി പ്രഥമ പ്രോ-വൈസ് ചാൻസലർ ആയിരുന്ന പ്രൊഫ. ടി. കെ. കോശി എന്നി വരും കുറെക്കാലം കോളജിൽ അധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കാൻ ബ്രെയി ൻസ് ട്രസ്റ്റ്, ഡിബേറ്റിംഗ് ക്ലബ്ബ്, ക്വിസ് ക്ലബ്ബ്, മ്യൂസിക് ക്ലബ്ബ് എന്നിവയും പണിക്കരച്ചന്റെ കാലത്തു തുടങ്ങി. സാമൂഹ്യസേവന രംഗത്തു സജീവമാ യിരുന്ന കോളജിലെ സോഷ്യൽ സർവീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ അർ ഹരായവർക്കു വീടുകൾ വച്ചു കൊടുക്കുന്ന പദ്ധതിയും തുടങ്ങി. ലൈബ്ര റിയുടെ വികസനമായിരുന്നു എടുത്തുപറയേണ്ട മറ്റൊരു നേട്ടം. 1964-ൽ ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം പതിനയ്യായിരത്തോളമായി. 1966-ൽ സുവോളജിയിലും കെമിസ്ട്രിയിലും സ്പെഷ്യൽ ബിരുദ കോഴ്സും

എം.എ. ഇംഗ്ലീഷ് കോഴ്സും തുടങ്ങി. ഡിഗ്രി ബി.എ. ഇംഗ്ലീഷ് തുടങ്ങിയതു 1967-ലായിരുന്നു. കോളജിന്റെ സിൽവർ ജൂബിലി പണിക്കരച്ചന്റെ നേതൃത്വത്തിലാണ് ആഘോഷിച്ചത്.

പണിക്കരച്ചൻ വിരമിച്ചപ്പോൾ 1979 ഏപ്രിലിൽ ഫാ. ജോർജ് മലഞ്ചരുവിൽ പ്രിൻസിപ്പലായി. പണിക്കരച്ചനെപ്പറ്റി മലഞ്ചരുവിൽ അച്ചൻ പറഞ്ഞ നിരീക്ഷണം ഇപ്രകാരമായിരുന്നു:

*“പണിക്കരച്ചൻ മൃദുലമായി കുട്ടികളോടു സംസാരിക്കുന്നില്ലെങ്കിലും അദ്ദേഹം വലിയൊരു ഹൃദയത്തിന്റെ ഉടമയാണ്. അദ്ദേഹത്തിനു തെളിഞ്ഞ ബുദ്ധിയും പ്രതിഭയും ഉണ്ട്. മാർ ഈവാനിയോസ് കോളജ് കെട്ടിപ്പടുക്കാൻ ഈ ചേരുവകൾ പണിക്കരച്ചൻ സമൃദ്ധമായി ഉപയോഗിച്ചു.”*

കോളജിലെ പതിനെട്ടു വർഷങ്ങൾ പണിക്കരച്ചൻ അതികഠിനമായി പ്രവർത്തിച്ച കാലമാണ്. പ്രിൻസിപ്പൽ പദവിയിൽ ഇരുന്ന് കോളജിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ച കാലങ്ങൾ. അതെപ്പറ്റി ചുരുങ്ങിയ വാക്കുകളിൽ പണിക്കരച്ചൻ ഇപ്രകാരം പറഞ്ഞു:

*“ഞാൻ പ്രിൻസിപ്പലായി ആദ്യ രണ്ടു വർഷം പ്രവർത്തനം സുഗമമായിരുന്നു. തുടർന്ന് അധ്യാപക യൂണിയനും വിദ്യാർത്ഥി സംഘടനകളും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ പാർട്ടികളും ചേർന്നു കോളജ് വിദ്യാഭ്യാസരംഗം കലുഷമാക്കി. അച്ചടക്കം പാലിക്കുക ദുഷ്ക്കരം. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ അതിലേറെ വിഷമകരം, മന്ത്രിമാരോടുപോലും ഏറ്റുമുട്ടി സംസാരിക്കേണ്ടി വന്നു.*

*“ഒരിക്കൽ ആഭ്യന്തരമന്ത്രി കെ. കരുണാകരൻ പോലീസ് ഐ.ജി. യെ എന്റെ അടുത്തേക്ക് അയച്ചു. അഡ്മിഷനു വേണ്ടിയാണ്. കരുണാകരന്റെ മകന് പത്താം ക്ലാസിൽ മാർക്ക് കുറവായിരുന്നു. അത്തരക്കാർക്ക് കോളജിൽ അഡ്മിഷൻ കൊടുക്കാറില്ലായിരുന്നു. അഡ്മിഷൻ സാധ്യമല്ലെന്ന് ഞാൻ ഐ.ജി. യെ അറിയിച്ചു. കരുണാകരൻ ഉടനെ ആർച്ച് ബിഷപ്പിനെ വിളിച്ചു. പിതാവ് ഉടനെ എന്നെ വിളിച്ചു. അഡ്മിഷൻ നൽകാൻ കഴിയില്ലെന്ന് ഞാൻ പിതാവിനെയും അറിയിച്ചു. എന്റെ നിലപാടിൽ മാറ്റമില്ലെന്നു മനസ്സിലാക്കിയ കെ. കരുണാകരൻ ഒരു ദിവസം എന്നെ ഫോണിൽ വിളിച്ചു.*

*“അച്ചോ, എന്റെ മകനും പഠിക്കണം. അച്ചൻ സീറ്റ് തന്നു സഹായിക്കണം.”*

*“യൂണിവേഴ്സിറ്റി മിനിമം മാർക്ക് വച്ചിട്ടുണ്ട്. അത് തിരുത്താതെ ഞാൻ തരില്ല.”*



പണിക്കരച്ചനും പ്രൊഫ. കെ. നാരായണൻനായരും.

*അധികം വൈകിയില്ല. മാർക്കിന്റെ കാര്യത്തിൽ ഇളവുണ്ടായി. ഞാൻ കരുണാകരന്റെ മകന് അഡ്മിഷൻ നൽകി. അങ്ങനെയാണ് കെ. മുരളീധരൻ മാർ ഈവാനിയോസിൽ എത്തിയത്. മുരളീധരൻ രണ്ടു വർഷവും വലിയ അച്ചടക്കത്തോടെയാണ് പഠിച്ചത്. സമരത്തിനും യൂണിയൻ ഇലക്ഷനും ഒന്നും ഇല്ലായിരുന്നു. മുരളീധരനെ എനിക്ക് ഇഷ്ടമായിരുന്നു. മുരളീധരൻ പഠിക്കാൻ വന്നപ്പോൾ അടിയന്തരാവസ്ഥ കഴിഞ്ഞുള്ള യൂണിയൻ ഇലക്ഷൻ വന്നു. ക്യാമ്പസിലെ സ്ഥിതിഗതികൾ മാറിയിരുന്നു."*

*വസ്തുനിഷ്ഠമായും മൂല്യാധിഷ്ഠിതമായും ഇത്തരം ചുറ്റുപാടിൽ ഞാനുറച്ചു നിന്നു. വിദ്യാർത്ഥികളും അധ്യാപകരും രക്ഷാകർത്താക്കളും സാവധാനത്തിലാണെങ്കിലും എന്നോടു അനുരഞ്ജനപ്പെട്ടു. മേലധികാരികൾ പലരും അയവു കാണിക്കാത്തതിന്റെ പേരിൽ ഗർവിച്ചു. എങ്കിലും വിദ്യാഭ്യാസകാര്യങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും കോളജ് ഉയർന്ന നിലവാരം പുലർത്തി. ഗുണകാംക്ഷികളുടെ അഭിനന്ദനം ഒടുവിലാണ് വന്നത്. തുടക്കത്തിൽ കെണികൾ വച്ചു. വിദ്യാർത്ഥികൾ  അയ്യായിരമായി. ഇത്രയുംപേരുടെ അച്ചടക്കവും അധ്യയനവും നിയന്ത്രിക്കുക എളുപ്പമായിരുന്നില്ല.*

*വിദ്യാർത്ഥികൾ ആദ്യം എടുത്തുചാടിയാലും ഇടയ്ക്കുവച്ച് എന്നെ സ്നേഹിച്ചാദരിക്കും. അവരുടെ മനോഭാവത്തിൽ മാറ്റം വരും. അച്ച*

*ടക്കരാഹിത്യത്തിനു മുഖ്യകാരണക്കാർ രാഷ്ട്രീയക്കാർ തന്നെ. അവരുടെ പാവകളായി മാറും വിദ്യാർത്ഥി യൂണിയനുകൾ. അധ്യാപകരിൽ വലിയൊരു വിഭാഗത്തിനു ശമ്പളവർധന മുഖ്യവിഷയം. അധ്യാപനത്തിൽ അലസത, സർവകലാശാലയും വിദ്യാഭ്യാസ വകുപ്പും വിദ്യാഭ്യാസ പോഷണത്തിനാണോ രാഷ്ട്രീയ ലാഭത്തിനാണോ നിലകൊള്ളുക എന്നത് പലപ്പോഴും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അധ്യയനം വെറും ഉപോൽപന്നം. ഒട്ടേറെ കല്ലുകളും മുള്ളുവാക്കുകളും എന്റെ തലയ്ക്കുമീതെ പറന്നിട്ടുണ്ട്.*

*പ്രിൻസിപ്പലായിരുന്നെങ്കിലും മറ്റു അധ്യാപകരെപ്പോലെ ആഴ്ചയിൽ 14 മണിക്കൂർ പഠിപ്പിക്കുമായിരുന്നു. ഹോസ്റ്റലിലും ക്യാമ്പസിലും അച്ചടക്കം പാലിച്ചിരുന്നു. രക്ഷാകർത്താക്കൾ എന്റെ പക്ഷത്ത്. കോളജ് മാനേജ്മെന്റും മിക്കപ്പോഴും സഹായസഹകരണങ്ങൾ തന്നു. ചിലപ്പോൾ ആരെയും കൂസാത്ത നിലപാടുകൾ സ്വീകരിക്കേണ്ടി വന്നു. മാനേജ്മെന്റുമായും ഉരസി. നാലു തവണ പ്രിൻസിപ്പൽ ഉദ്യോഗം രാജി വയ്ക്കാനൊരുങ്ങി. ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസിന്റെ ഇംഗിതപ്രകാരം 1979-ൽ റിട്ടയർ ചെയ്യുന്നതുവരെ തുടർന്നു. വീണ്ടും അഞ്ചു വർഷം കൂടി തുടരാൻ താല്പര്യപ്പെട്ടെങ്കിലും ഞാൻ തയ്യാറായില്ല. വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും രക്ഷാകർത്താക്കളും അധ്യാപകരും പി.ടി.എ. യും ചേർന്നു പല ദിവസങ്ങൾ ദീർഘിച്ച യാത്രയയപ്പു സമ്മേളനങ്ങളും അഭിനന്ദന യോഗങ്ങളും ഒരുക്കി. മറക്കാത്ത അനുഭവങ്ങൾ. ആത്മാർത്ഥതയും സ്നേഹവും മനസ്സിലാക്കാൻ കഴിവുള്ളവരാണ് യുവജനങ്ങൾ. ഞാൻ ഏറ്റം കർക്കശമായി പെരുമാറിയിട്ടുള്ള വിദ്യാർത്ഥികളാണ് പിൽക്കാലത്ത് എന്നെ ഏറ്റം കൂടുതൽ സ്നേഹിച്ചിട്ടുള്ളത്. സിൽവർ ജൂബിലി കൊണ്ടാടിയത് ഞാൻ പ്രിൻസിപ്പലായിരുന്ന കാലത്താണ്. ഒരു സ്മാരകമന്ദിരം അതിന്റെ പേരിൽ നിർമ്മിച്ചു. രണ്ടു പതിറ്റാണ്ടിലെ കോളജ് ചുമതല എന്നെ തിരുവനന്തപുരം നഗരജീവിതത്തിന്റെ ഭാഗമാക്കി."*

ആ സുവർണ്ണകാലം പണിക്കരച്ചൻ ചുരുക്കിപ്പറഞ്ഞു.

# 7

# വിദ്യാർത്ഥികളെ സ്നേഹിച്ച പണിക്കരച്ചൻ

റവ. ഡോ. ഗീവറുഗീസ് പണിക്കർ എന്നു കേൾക്കുമ്പോൾ കോളജ് ക്യാമ്പസിൽ വിദ്യാർത്ഥികൾ അല്പം ഭയമൊക്കെ പ്രകടിപ്പിച്ചിട്ടുണ്ട്. ക്യാമ്പസിൽ കുറച്ചു ചില്ലറ സ്വാതന്ത്ര്യം ആസ്വദിക്കണമെന്നു വിചാരിച്ചുകൊണ്ട് വരുന്ന വിദ്യാർത്ഥികൾക്കു പണിക്കരച്ചന്റെ കാലത്തു അതിനുള്ള സാഹചര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും ആരെയും ക്യാമ്പസിൽ അഴിഞ്ഞാടാൻ പണിക്കരച്ചൻ അനുവദിച്ചിരുന്നില്ല. വിദ്യാർത്ഥികളുടെ വ്യക്തിത്വത്തെ സർഗ്ഗാത്മകമായി വളർത്തിയെടുക്കാനാണ് പണിക്കരച്ചൻ ആഗ്രഹിച്ചത്. ഓരോ വിദ്യാർത്ഥിയേയും പണിക്കരച്ചൻ സ്നേഹിച്ചു. പുറമെ ഗൗരവം കാട്ടിയും അകമേ സ്നേഹിച്ചും രക്ഷാകർത്താക്കൾ മക്കളെ വീട്ടിൽ ശാസിച്ചു വളർത്തുന്നതുപോലെ ശാസിച്ചും കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിച്ചും അവരുടെ അഭിരുചികളെ വളർത്തിയും ക്യാമ്പസിൽ പുതിയൊരു പ്രവർത്തനശൈലിയാണ് പണിക്കരച്ചൻ പ്രിൻസിപ്പൽ സ്ഥാനം വഹിച്ച കാലത്തു നടപ്പിലാക്കിയത്. വിദ്യാർത്ഥികളുടെ ക്യാമ്പസ് ജീവിതം നിരീക്ഷിച്ചുകൊണ്ട് അവരുടെ ചലനങ്ങൾ പണിക്കരച്ചൻ മനസ്സിലാക്കുകയും അവരുടെ വളർച്ചയ്ക്കു ചാലകശക്തിയായി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു.

മാർ ഈവാനിയോസ് കോളജിന്റെ 1959-60 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ഫാ. ഫ്രാൻസിസ് കാളാശ്ശേരി നടത്തിയ പ്രഭാഷണത്തിൽ 1959-ൽ കോളജിൽ തിരിച്ചെത്തിയ റവ. ഡോ. ഗീവറുഗീസ് പണിക്കരെ ഇപ്രകാരമാണ് സ്വാഗതം ചെയ്തത്:

> "Fr. Paniker has proved, beyond doubt, he is a real 'Panickaran' and a stalwart to the aging principal."

കാളാശ്ശേരി അച്ചൻ പറഞ്ഞതുപോലെ നമ്മുടെ പണിക്കരച്ചൻ വെറും പണിക്കർ അല്ല മാർ ഈവാനിയോസ് കോളജിൽ അദ്ദേഹം ആദ്യന്തം ഒരു 'പണിക്കാരൻ' തന്നെ ആയിരുന്നു. കോളജിന്റെ വളർച്ചയുടെ കോട്ടകളും

വിദ്യാർത്ഥികൾക്കു വ്യക്തിത്വ രൂപീകരണത്തിനുതകുന്ന ശിക്ഷണത്തിന്റെ മതിലുകളും പണിത ഒരു 'പണിക്കാരൻ.'

പ്രിൻസിപ്പലിന്റെ ആദ്യത്തെ പ്രവർത്തന റിപ്പോർട്ട് (1961–62) അവതരിപ്പിച്ചുകൊണ്ട് കോളജ് വാർഷിക ദിനത്തിൽ ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസിന്റെ സാന്നിധ്യത്തിൽ പണിക്കരച്ചൻ ഊന്നിപ്പറഞ്ഞ കാര്യം, വിദ്യാർത്ഥികളിൽ അച്ചടക്കബോധവും ഉദാത്തമായ ആദർശധീരതയും കരുപ്പിടിപ്പിക്കാനാണ് കോളജ് ലക്ഷ്യമാക്കുന്നതു എന്നായിരുന്നു. കോളജിനു അകത്തും പുറത്തും നമ്മുടെ വിദ്യാർത്ഥികൾക്കു അധ്യാപകർ വ്യക്തിപരമായ രീതിയിൽ ശ്രദ്ധ നൽകണമെന്നും സ്വഭാവരൂപവൽക്കരണത്തിനു അവരെ പ്രാപ്തരാക്കണമെന്നും പണിക്കരച്ചൻ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. നീണ്ട പതിനെട്ടു വർഷങ്ങൾ പണിക്കരച്ചൻ ആഗ്രഹിച്ചതും നടപ്പാക്കാൻ ശ്രമിച്ചതും ഈ വസ്തുതയായിരുന്നു. 1961–62–ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ പട്ടം താണുപിള്ള മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി പി. പി. ഉമ്മർ കോയ മുഖ്യാതിഥിയായി ഉണ്ടായിരുന്നു. അന്ന് പ്രഭാഷകനായി എത്തിയതു കുറ്റിപ്പുഴ കൃഷ്ണപിള്ളയായിരുന്നു. ഇവർ രണ്ടുപേരും പ്രസംഗത്തിൽ ശ്ലാഘിച്ചതു, അച്ചടക്കത്തിലൂടെ കുട്ടികളെ ഉത്തമ പൗരന്മാരായി വാർത്തെടുക്കാൻ മാർ ഈവാനിയോസ് കോളജ് കാണിക്കുന്ന പ്രതിബദ്ധതയെപ്പറ്റിയായിരുന്നു.

കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സാമുവൽ മത്തായി പങ്കെടുത്ത കോളജ് വാർഷികത്തിൽ 1963–64 കാലത്തെ റിപ്പോർട്ടിന്റെ ഒടുവിൽ പണിക്കരച്ചൻ തന്റെ വിദ്യാർത്ഥികളാണ് ഈ കോളജിന്റെ ഭാവിയെ നിശ്ചയിക്കുന്നതെന്നു ചൂണ്ടിക്കാട്ടി. എച്ച്. ജി. വെൽസ് 'ലോകചരിത്ര സംഗ്രഹം' എഴുതി അവസാനിപ്പിച്ചപ്പോൾ യുവാക്കളാണ് ലോകത്തിന്റെ പ്രതീക്ഷയെന്നു ചൂണ്ടിക്കാട്ടിയ പോലെയായിരുന്നു റവ. ഡോ. ഗീവറുഗീസ് പണിക്കരുടെ ഈ നിരീക്ഷണം. പണിക്കരച്ചന്റെ വാക്കുകൾ ഇങ്ങനെ:

> "I must thank our students, for whom this college exists, in whom our hopes are centred, and who, through their obedience and hard work, do their best to fulfil those hopes."

വിദ്യാർത്ഥികളെ പരീക്ഷയ്ക്കു ഒരുക്കുന്ന ഒരു വർക്ക്ഷോപ്പല്ല മാർ ഈവാനിയോസ് കോളജ് എന്നായിരുന്നു 1964–65 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ഡെൻമാർക്കിലെ ഇന്ത്യൻ അംബാസഡർ കെ.എം. കണ്ണമ്പിള്ളിയുടെയും എം.ജി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. എം. പി. മന്മഥന്റെയും സാന്നിധ്യത്തിൽ പണിക്കരച്ചൻ പ്രസ്താവിച്ചത്. കുഞ്ഞുങ്ങൾക്കു മുലപ്പാൽ കൊടുത്തു വളർത്തുന്ന അമ്മയെ പോലെയാണ് മാർ ഈവാനിയോസ് എന്നായിരുന്നു പണിക്കരച്ചന്റെ നിരീക്ഷണം. വിദ്യാർത്ഥി

കളോടുള്ള പണിക്കരച്ചന്റെ സമീപനം വ്യക്തമാക്കുന്ന വാക്കുകൾ ഇപ്രകാരം:

> "When we consider the college, not as a workshop, an Impersonal institution for turning the young into successful examinees; but as an Alma maker, a kind mother, concerned with leading the young towards humanity, creativeness and wisdom, concerned with preserving as easy, personal un-inhibited and homely relationship between teachers and students, concerned with the training and heart and will..."

ഇപ്രകാരം വിദ്യാർത്ഥികളുടെ ഹൃദയവും മനസ്സും രൂപാന്തരപ്പെടുത്താനാണ് മാർ ഈവാനിയോസിലെ അഭ്യസനത്തിലൂടെ പണിക്കരച്ചൻ വിഭാവനം ചെയ്തത്.

വിദ്യാർത്ഥികൾക്കു മാതൃകയാകേണ്ട വ്യക്തിത്വങ്ങളെ കോളജിലേക്കു ക്ഷണിക്കാനും അവരുടെ പ്രഭാഷണങ്ങൾ നടത്താനും പണിക്കരച്ചൻ ശ്രദ്ധിച്ചിരുന്നു. 1965-66 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് എ. പി. ഉദയഭാനുവിന്റെ സാന്നിധ്യത്തിൽ പണിക്കരച്ചൻ പറഞ്ഞതു, ഈ കോളജിലെ അഭ്യസനം ജീവിതത്തിന്റെ പൂർണ്ണത കൈവരിക്കാൻ ലക്ഷ്യമാക്കിയുള്ളതാണെന്നാണ്. വ്യക്തിത്വത്തിന്റെ പൂർണ്ണത ആർജ്ജിക്കുന്നതിലൂടെ ജീവിതത്തിന്റെ പൂർണതയിലേക്കു നടന്നുകയറാൻ കഴിയുമെന്നും പണിക്കരച്ചൻ പ്രത്യാശിച്ചു. പണിക്കരച്ചന്റെ വാക്കുകൾ:

> "education concerns the whole man. An educated man is a man with a point of view from which he takes in the whole world. Our aim is to foster this end."

കോളജിന്റെ 1966-67 റിപ്പോർട്ടിൽ പണിക്കരച്ചൻ ഊന്നിപ്പറഞ്ഞതു, ഇന്ത്യയുടെ ഭാവി ക്ലാസ് മുറികളിലാണ് നിശ്ചയിക്കുന്നതെന്നാണ്. അതിനാൽ വിദ്യാർത്ഥികൾ രാജ്യത്തിന്റെ വികസനത്തിനായി പ്രവർത്തിക്കണമെന്നു വൈസ് ചാൻസലർ വി. നാരായണ പിള്ള, എഴുത്തുകാരൻ പ്രൊഫ. എൻ. കൃഷ്ണപിള്ള എന്നിവരുടെ സാന്നിധ്യത്തിൽ പണിക്കരച്ചൻ ചൂണ്ടിക്കാട്ടി. 1968-ൽ കോളജ് വാർഷികത്തിനു വിദ്യാഭ്യാസ ചിന്തകനും മദ്രാസ് ലയോള, പാളയംകോട്ട സെന്റ് സേവ്യേഴ്സ്, തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് എന്നീ കോളജുകളുടെ പ്രിൻസിപ്പലായിരുന്ന ഫാ. ടി. എൻ. സെക്വേരയെയും മലയാള പത്രപ്രവർത്തന ചരിത്രത്തിലെ വേറിട്ട നാമമായിരുന്ന കൗമുദി ബാലകൃഷ്ണനെയുമാണ് പണിക്കരച്ചൻ വിദ്യാർത്ഥികളുടെ മുമ്പിൽ അവതരിപ്പിച്ചത്. 1969-ൽ കോളജ് വാർഷികത്തിനു കുട്ടികളെ അഭിസംബോധന ചെയ്യാൻ വന്നതു കേരള ഗവർണർ വി. വിശ്വനാഥനും എഴുത്തുകാരൻ പ്രൊഫ. എസ്. ഗുപ്തൻ നായരുമായിരുന്നു.

മുൻ കേന്ദ്രമന്ത്രി ലക്ഷ്മി എൻ. മേനോൻ, പ്രൊഫ. എം. പി. മന്മഥൻ, ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ സാന്നിധ്യത്തിൽ 1969-70-ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പണിക്കരച്ചൻ ഊന്നിപ്പറഞ്ഞതു വിദ്യാർത്ഥികളുടെ പഠനകാര്യത്തിലുള്ള എല്ലാ കഴിവുകളെയും അധ്യാപകർ പുറത്തെടുത്തു പ്രകാശിപ്പിക്കാൻ ഉത്തരവാദിത്വപ്പെട്ടവരാണെന്നാണ്. വിദ്യാർത്ഥികൾ അറിവിനു വേണ്ടി മാത്രമല്ല പഠിക്കാൻ വരുന്നതെന്നും അവരെ ശൂന്യതയുള്ള വെറും പാത്രങ്ങളായി മാത്രം കാണരുതെന്നും പണിക്കരച്ചൻ ചൂണ്ടിക്കാട്ടി. വിദ്യാർത്ഥികൾ ദാഹിക്കുന്നതു അറിവിനു വേണ്ടി മാത്രമല്ല.

പണിക്കരച്ചന്റെ കാഴ്ചപ്പാട് ഇപ്രകാരമായിരുന്നു:

> "They are no longer empty vessels into which learning can be poured. What else do they want? undoubtedly, Power and Participation. Many experiments are being made in this direction."

മറ്റു കോളജുകളിൽ ഉള്ളതുപോലെ മാർ ഈവാനിയോസ് കോളജിലും തലയെടുത്തു തുടങ്ങിയിരിക്കുന്ന അച്ചടക്കരാഹിത്യത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ് 1970-71-ലെ വാർഷിക റിപ്പോർട്ട് പണിക്കരച്ചൻ അവതരിപ്പിച്ചത്. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരും കൗമുദി ബാലകൃഷ്ണനും അതിഥികളായി വേദിയിലുണ്ടായിരുന്നു. അക്കാലത്തെ സാമൂഹിക പശ്ചാത്തലത്തെ പണിക്കരച്ചൻ ഇപ്രകാരം വിലയിരുത്തി:

> "The atmosphere today in the college reflects the break-up of the rule of conduct, the storm and the stress, the indiscipline and even the chaos at home and in society at large."

എഴുപതുകൾ മാർ ഈവാനിയോസ് ക്യാമ്പസിൽ പണിക്കരച്ചന് അച്ചടക്കത്തിന്റെ മാനദണ്ഡങ്ങൾ പല തരത്തിൽ പ്രയോഗിക്കേണ്ടി വന്നിട്ടുണ്ട്. അച്ചടക്കത്തിന്റെ കാര്യത്തിൽ വലിയ കർക്കശക്കാരനാണെന്നും ഡിസിപ്ലിനേറിയൻ എന്ന രീതിയിൽ കുട്ടികൾ പണിക്കരച്ചനെ ഭയത്തോടെ കാണുകയാണെന്നും പറഞ്ഞു തുടങ്ങി! വിദ്യാർത്ഥികൾ മാത്രമല്ല മറ്റുള്ളവരും ഇത്തരത്തിൽ പുതിയൊരു ആവരണം എടുത്തു ചാർത്തിയതു എഴുപതുകളിലാണ്. പൊതുസമൂഹത്തിലും രാഷ്ട്രീയത്തിലും ഉണ്ടായ മാറ്റങ്ങൾ ക്യാമ്പസുകളിലും അക്കാലത്തു നിലനിന്നിരുന്നു. ഇതൊക്കെയാണെങ്കിലും എഴുപതുകൾ മാർ ഈവാനിയോസ് കോളജിന്റെ ചരിത്രം സർഗാത്മകതയും പ്രതിഭാസമ്പന്നതയും നിറഞ്ഞുനിന്ന കാലം കൂടിയാണ്.

ഇന്ത്യയുടെ പ്രതിരോധ മന്ത്രിയായിരുന്ന വി. കെ. കൃഷ്ണമേനോനെയും സ്വാതന്ത്ര്യസമരസേനാനിയും രാഷ്ട്രീയ വിമർശകനുമായ സി. നാരായണപിള്ളയെയുമാണ് 1972-73-ലെ വാർഷികത്തിനു ക്ഷണിച്ചത്. ആർച്ച്ബിഷപ്പ്

ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പതിവുപോലെ ആ വർഷവും സമ്മേളനത്തിൽ പങ്കെടുത്തു.

കോളജിന്റെ സിൽവർ ജൂബിലി ആഘോഷിക്കാനുള്ള ഒരുക്കങ്ങൾ 1974-ൽ നടത്താൻ തുടങ്ങിയെങ്കിലും ആഘോഷം നടന്നത് 1975-ലാണ്. അമിക്കോസ് എന്ന പേരിൽ പണിക്കരച്ചന്റെ നേതൃത്വത്തിൽ രൂപംകൊണ്ട The Association of Mar Ivanios college old students (AMICOS) എന്ന പൂർവ്വ വിദ്യാർത്ഥി സംഘടനയാണ് ആഘോഷത്തിനു മുൻകൈ എടുത്തത്. 1975-ൽ കോളജ് വാർഷികത്തിനു മുഖ്യമന്ത്രി സി. അച്ചുതമേനോനും കൈനിക്കര കുമാരപിള്ളയും അതിഥികളായെത്തി. ഹൈസ്കൂളിൽ തന്റെ ഗുരുവായിരുന്ന കൈനിക്കരയെ പണിക്കരച്ചൻ സ്വാഗതം ചെയ്തതു അത്യധികം ആഹ്ലാദത്തോടെയായിരുന്നു. ഗുരു തന്റെ ശിഷ്യന്റെ ശിഷ്യന്മാരെ അഭിസംബോധന ചെയ്യാൻ എത്തിയതും പണിക്കരച്ചൻ തന്റെ ഗുരുവിനെ വണങ്ങിയതും അനർഘനിമിഷമായി അന്ന് ഏവർക്കും അനുഭവപ്പെട്ടു.

മാർ ഈവാനിയോസിൽ മലയാളം വകുപ്പ് മേധാവിയായിരുന്ന ജോർജ് ഓണക്കൂർ '*ഹൃദയരാഗങ്ങൾ*' എന്ന ആത്മകഥയിൽ പണിക്കരച്ചനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെ:

*"പണിക്കരച്ചൻ ദേഷ്യപ്രകൃതിയെങ്കിലും നേർവഴിക്കു ചിന്തിക്കുന്ന സ്വഭാവക്കാരനാണ്. അകത്ത് കത്തിയും പുറത്തു പത്തിയും എന്ന ഏർപ്പാടില്ല. ഒന്നുറച്ചാൽ അതു നടപ്പാക്കാനുള്ള ധീരതയുമുണ്ട്."*

## ക്യാമ്പസിൽ പെൺകുട്ടികൾ എത്തിയപ്പോൾ

പ്രിൻസിപ്പൽ സ്ഥാനം ധീരതയോടെ വഹിച്ച പണിക്കരച്ചൻ ക്യാമ്പസിൽ അച്ചടക്കം ഉറപ്പാക്കാൻ ഒരിക്കലും വിട്ടുവീഴ്ചക്കൊന്നും തയ്യാറായിട്ടില്ല. വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം കണ്ടെത്തി അതിനു പരിഹാരം കാണാൻ പ്രിൻസിപ്പൽ സ്ഥാനമേറ്റതു മുതൽ പണിക്കരച്ചൻ രംഗത്തുണ്ടായിരുന്നു. പണിക്കരച്ചൻ നേരിട്ട രസകരമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ഞങ്ങൾ ചോദിച്ചിട്ടുണ്ട്. അതിൽ നിന്ന്:

*"കോളജ് ക്യാമ്പസിലേക്കു പെൺകുട്ടികൽ കടന്നുവന്നപ്പോൾ ഉണ്ടായ പ്രശ്നങ്ങളെ നേരിട്ടതാണ് പ്രിൻസിപ്പൽ എന്ന നിലയിൽ ആദ്യം ഉടലെടുത്ത തലവേദന. ക്യാമ്പസിൽ പെൺകുട്ടികളെ കണ്ടാൽ ആൺകുട്ടികൾ കൂകുന്ന കാലമാണ്. പെൺകുട്ടികളുടെ സംഖ്യ വളരെ കുറവായിരുന്നു. അതിനാൽ അവർക്കു കോളജിൽ വരാൻ ബുദ്ധിമുട്ടായി. ചില ക്ലാസ്സിൽ പെൺകുട്ടികൾ ഇല്ലായിരുന്നു. ഇത്തരം ക്ലാസ്സുകളിലെ ആൺകുട്ടികൾ പുറത്തുവച്ച് പെൺകുട്ടികളെ കൂകുമ്പോൾ അവരുടെ ക്ലാസ്സിലെ ആൺകുട്ടികൾ രക്ഷയ്ക്കായി*

*രംഗത്തു വന്നു. അങ്ങനെ ക്യാമ്പസിൽ ചെറിയ വഴക്കുകളും ഉണ്ടായി."*

കോളജിലെ എല്ലാ ക്ലാസ്സുകളിലും പെൺകുട്ടികൾക്കു പ്രവേശനം നൽകിത്തുടങ്ങിയതു പണിക്കരച്ചന്റെ കാലത്താണ്. അതിനാൽ ക്യാമ്പസിൽ ബഹളങ്ങൾ ഉണ്ടാകുമ്പോൾ ചിലരൊക്കെ പണിക്കരച്ചനെ പഴിക്കാറുണ്ടായിരുന്നു. അതിനാൽ പെൺകുട്ടികളെ കമന്റടിക്കാൻ ചെല്ലുന്നവരോട് പണിക്കരച്ചൻ കർക്കശമായി പെരുമാറി.

*"നിനക്കു അമ്മയും പെങ്ങളും ഒന്നും ഇല്ലേടാ"* എന്നു ചോദിച്ചുകൊണ്ട് പണിക്കരച്ചൻ കൂക്കുവിളിക്കാരെ പരസ്യമായി ശകാരിക്കുന്ന സന്ദർഭങ്ങളുണ്ടായി.

ആദ്യകാലത്തു ക്യാമ്പസിൽ പെൺകുട്ടികൾ എത്തിയപ്പോൾ ആൺകുട്ടികളുടെ സ്വാതന്ത്ര്യം നഷ്ടമായി. പെൺകുട്ടികൾ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ പെൺകുട്ടികളെ ഒറ്റയ്ക്കു കണ്ടാൽ ആൺകുട്ടികൾ കൂവിത്തുടങ്ങി. മുഖ്യമായും അവരുടെ വേഷത്തിലാണ് ആൺകുട്ടികളുടെ കണ്ണുകൾ തടഞ്ഞത്. അതിനെപ്പറ്റി പണിക്കരച്ചൻ ഇങ്ങനെ പറഞ്ഞു:

*"പെൺകുട്ടികളെ നോക്കാൻ ഞാൻ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ സ്റ്റെല്ലാ വിക്ടോറിയ കാരിയെ (മിസ്സിസ് ഇ. ജെ. കാരി) ചുമതലപ്പെടുത്തി. കോളജിലെ ഇത്തരം പ്രശ്നങ്ങൾ തീർക്കണമെന്നും നിർദ്ദേശിച്ചു. ക്ലാസ്സ് ഇല്ലാത്ത സമയങ്ങളിൽ ഞാൻ ക്യാമ്പസിലൂടെ നടക്കും. കുട്ടികളുടെ വർത്തമാനങ്ങൾ കേട്ടു. ആൺകുട്ടികളുടെ മട്ടും ഭാവവും മനസ്സിലാക്കി. ഒരിക്കൽ ഞാൻ നടക്കുമ്പോൾ കഥാപ്രസംഗം പറയുന്ന മട്ടിൽ ഒരുത്തൻ ഒരു പെൺകുട്ടിയെ വർണ്ണിക്കുകയാണ്; ഞാനവനെ പിടിച്ചു:*

*"നിനക്കെന്താടാ അവളുമായി പ്രശ്നം?"*

*കോളജിൽ വരുമ്പോൾ ഇറക്കമുള്ള ബ്ലൗസ് ധരിക്കണമെന്നു മാത്രമെ ഞാൻ പറഞ്ഞുള്ളു" എന്നായിരുന്നു അവന്റെ മറുപടി.*

*"നീ എന്തിനാടാ വല്ല പെണ്ണിന്റെയും ബ്ലൗസ് നോക്കുന്നത്" എന്നു ചോദിച്ചപ്പോൾ അവൻ ചൂളിപ്പോയി.*

*ബ്ലൗസ് വിഷയം ആൺകുട്ടികൾ ക്യാമ്പസിൽ പാട്ടാക്കി. ഞാൻ ഈ പെൺകുട്ടിയുടെ കാര്യം മിസ്സിസ് കാരിയെ അറിയിച്ചു. എന്നാൽ പെൺകുട്ടിക്കു വാശിയായി. എല്ലാ പെൺകുട്ടികളും ഒന്നിച്ചു. അവർ വീണ്ടും അതേ വേഷത്തിൽ വന്നു. ക്യാമ്പസിൽ ആൺകുട്ടികൾക്കു നാണക്കേടായി!*

*"പെൺകുട്ടികളെ വീണ്ടും ആൺകുട്ടികൾ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ക്ലാസിൽ ഇരിക്കുമ്പോൾ മുടിയിൽ പിടിച്ചുവലിക്കുന്ന പരിപാടിയും തുടങ്ങി. അതു മാത്രമല്ല, പെൺകുട്ടികൾ വഴിയിലൂടെ നടക്കുമ്പോൾ ചെരുപ്പിൽ ചവിട്ടാനും തുടങ്ങി. പെൺകുട്ടികൾ പരാതിയുമായി വീണ്ടും വന്നു.*

*"നിങ്ങൾ കുറെക്കൂടി ധൈര്യമായി പെരുമാറണം. മുടിക്കു പിടിച്ചാൽ കാർക്കിച്ച് തുപ്പണം."*

ക്ലാസ്സിൽ വച്ചു പെൺകുട്ടികൾ അങ്ങനെ ചെയ്തു. അപ്പോൾ ആൺകുട്ടികളുടെ പ്രകടനം അല്പം കുറഞ്ഞു.

*"നിന്റെ അമ്മയുടെ മുടി പോയി പിടിക്കാൻ"* പെൺകുട്ടികൾ പറഞ്ഞു.

ഇങ്ങനെയൊക്കെയാണ് ക്യാമ്പസിൽ പെൺകുട്ടികളുടെ കോൺഫിഡൻസ് വളർത്തിയെടുത്തതെന്നു പണിക്കരച്ചൻ പറഞ്ഞു.

ലേഡീസ് ഹോസ്റ്റലിൽ നിന്നു പെൺകുട്ടികൾ വരുമ്പോൾ അവരെ ക്യാമ്പസിനു പുറത്തു വഴിയിൽ തടയുന്ന പരിപാടി തുടങ്ങി. റോഡിൽ തടഞ്ഞു വച്ച് അവരുടെ ഫോട്ടോ എടുക്കും. ഫോട്ടോയ്ക്കു വേണ്ടി പോസ് ചെയ്യാൻ പറയും. ഫോട്ടോ എടുക്കൽ പരിപാടി തുടർന്നു. ക്യാമ്പസിനു പുറത്തായതിനാൽ പ്രിൻസിപ്പലിനു അധികാരമില്ലെന്നു ആൺസംഘത്തിനു അറിയാമായിരുന്നു. എന്നാൽ ഒരു പെൺകുട്ടി അവളുടെ ആങ്ങളയോട് ഇക്കാര്യം പറഞ്ഞു, ഫലമുണ്ടായില്ല. പണിക്കരച്ചൻ രംഗത്തിറങ്ങി:

*"ഒരു ദിവസം ജെയിംസ് ഈപ്പൻ സാറിനെയും കൂട്ടി ഞാൻ ചെന്നു. ആൺസംഘത്തിന്റെ ഫോട്ടോ എടുക്കൽ അവസാനിപ്പിക്കാൻ തീരുമാനിച്ചു. റോഡിൽ ഒരിടത്തു ഞങ്ങൾ ഒളിച്ചിരുന്നു. ക്ലാസ് വിട്ട് മടങ്ങുമ്പോൾ പതിവുപോലെ ആൺസംഘം റോഡിൽ അവരെ ബ്ലോക്ക് ചെയ്തു. ഒരുത്തൻ ക്യാമറ എടുത്തു പടം എടുക്കാൻ തുടങ്ങി. ഞങ്ങളെ കണ്ടപ്പോൾ ക്യാമറ ഇട്ടിട്ട് അവർ ഓടി. ഒരുത്തനെ എനിക്കു പിടികിട്ടി. അവന്റെ കൊങ്ങായ്ക്ക് പിടിച്ചു. ഞാനൊരു അടി വച്ചു കൊടുത്തു."*

ആൺസംഘത്തിലെ ഒരുത്തനെ അടിച്ചതോടെ പണിക്കരച്ചൻ 'ഭയങ്കരനാ'ണെന്ന വർത്തമാനം ക്യാമ്പസിൽ പടർന്നു!

*"ഞാൻ അടിച്ചതു ഒരു അധ്യാപകന്റെ സഹോദരനെ ആയിരുന്നു. ഞാൻ അടിച്ച കാര്യം അവൻ കോളജിലെ പാർട്ടിക്കാരെ അറിയിച്ചു. പിറ്റേന്ന് അവർ സംഘമായി എന്റെ മുറിയിൽ ചോദിക്കാൻ വന്നു. എന്നെ ഭീഷണിപ്പെടുത്തി. വീട്ടിൽ പോയി നിന്റെ അമ്മയോടു*

*ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ പറഞ്ഞപ്പോൾ ഈ സംഘത്തിനു മറുപടി ഇല്ലാതായി. അന്നവർ പോയെങ്കിലും അവരുടെ ഭീഷണി തുടർന്നു. എന്നെ കൈകാര്യം ചെയ്യാൻ അവർ പദ്ധതിയിട്ടു. അന്ന് 'വെള്ളപ്പൊക്കം' എന്ന പേരിൽ ഒരു ചെറിയ ഗുണ്ടാസംഘം ക്യാമ്പസിൽ വരാറുണ്ടായിരുന്നു. അവരെല്ലാം യൂണിവേഴ്സിറ്റി കോളജിലും എം.ജി. കോളജിലും പഠിക്കുന്നവരായിരുന്നു. ഈ സംഘത്തിനു കുറെ ശിങ്കിടികൾ ഈവാനിയോസിലും ഉണ്ടായിരുന്നു. അവർ ക്യാമ്പസിലെത്തി ഹോസ്റ്റലിനു കല്ലെറിഞ്ഞു. അതുകഴിഞ്ഞു കോളജ് ബസ്സിനും കല്ലെറിഞ്ഞു. ഞാൻ പോലീസിൽ പരാതി നൽകി. 'വെള്ളപ്പൊക്ക'ത്തിന്റെ വിവരം ചോർത്തിത്തന്ന ഒരു കുട്ടി എം.ജി. കോളജിലുണ്ടായിരുന്നു. ഈ സംഘം പരുത്തിപ്പാറയിൽ വച്ച് അവന്റെ കാറും എറിഞ്ഞു തകർത്തു."*

ഒരു ദിവസം രാവിലെ 'വെള്ളപ്പൊക്ക'ത്തിലെ ചില ചട്ടമ്പിമാർ മാർ ഈവാനിയോസ് ഹോസ്റ്റലിൽ വെട്ടുകത്തിയുമായി വന്നു.

*"കോളജിലെ പ്യൂൺ കുഞ്ഞച്ചൻ എന്നെ വിവരം അറിയിച്ചു. ഞങ്ങൾ ചെന്നപ്പോൾ വെട്ടുകത്തിയുമായി ഒരുത്തൻ എന്റെ മുമ്പിൽ നിൽക്കുന്നു. ഞാൻ വെട്ടും എന്നു അവൻ പറഞ്ഞു. ഞാൻ അവന്റെ അടുത്തേക്ക് ചെന്നപ്പോൾ എല്ലാവരും ഓടി. ചട്ടമ്പിസംഘം എം.ജി. കോളജിലേക്കാണ് ഓടിയത്. അവിടേക്ക് ഞാനും ചെന്നു. അവിടെ പ്രിൻസിപ്പലിനെ കണ്ടു. നിങ്ങളുടെ കുട്ടികളാണ് ഈ ചട്ടമ്പികൾ എന്നു പറഞ്ഞു."*

ക്യാമ്പസിലെ അച്ചടക്കം നഷ്ടപ്പെടാതിരിക്കാൻ പണിക്കരച്ചന് എന്തു ചെയ്യാനും ഒരു കൂസൽ ഇല്ലായിരുന്നു. നഗരത്തിലെ ഒരു സമ്പന്നന്റെ മകൻ ഒരിക്കൽ ഒരു പെൺകുട്ടിയെ തെറിയഭിഷേകം ചെയ്തു.

*"ഞാൻ അവനെ പിടിച്ചു കരണത്തു ഒരടി കൊടുത്തു. ഒറ്റയടിക്കു പല്ലിൽ നിന്നു ചോര വന്നു. അവന്റെ പ്രധാന പണി പെൺകുട്ടികളുടെ ഫോട്ടോ എടുക്കലാണ്. ഇവൻ നേരത്തെ മുതൽ ഫോട്ടോ എടുക്കൽ ഗ്രൂപ്പിലുള്ളവനാണ്. ഇവൻ എടുത്ത പടങ്ങൾ തിരക്കി ഞാൻ ബേക്കറി ജംഗ്ഷനിലെ സ്റ്റുഡിയോയിൽ ചെന്നു. ഫിലിം ഡവലപ്പ് ചെയ്തപ്പോൾ നിറയെ മാർ ഈവാനിയോസ് കോളജ് പെൺകുട്ടികളുടെ പടങ്ങളാണ്. ഞാൻ അവന്റെ അച്ഛനെ വിളിച്ചു. അദ്ദേഹം വന്നപ്പോൾ പടങ്ങൾ തിരികെ ചോദിച്ചു. ഞാൻ കൊടുത്തില്ല. മകനെ അദ്ദേഹം ഡിഫന്റ് ചെയ്തു:*

*"എടാ, നിന്റെ അച്ഛൻ വഴിയിൽ കണ്ട പെണ്ണിനെ പിടിച്ചു വച്ചു ഉണ്ടായതാണോ നീ" എന്ന് ചോദിക്കേണ്ടി വന്നു.*

*“ഒന്നുകിൽ മകനെ കൊണ്ടുപോകണം. അല്ലെങ്കിൽ ഞാൻ ഇവനെ പുറത്താക്കും” എന്നു പറഞ്ഞു.*

ഒടുവിൽ അദ്ദേഹം മകന്റെ ടി സിയും വാങ്ങിപ്പോയി. എന്നാൽ ആ കഥ അവിടെ അവസാനിച്ചില്ല.

*“തുടർന്ന് എനിക്കെതിരേ ഭീഷണി ഉണ്ടായി. ഫോട്ടോ സ്റ്റുഡിയോ റൊട്ടിമുക്കിലാണ്. ഞാൻ മിക്കപ്പോഴും ആ വഴി പോകാറുണ്ട്. ഞാൻ വരുന്നതു നോക്കി ഒന്നുരണ്ടു പേരെ അവർ റോഡിൽ നിർത്തിയിരുന്നു. ഞാൻ കാറിൽ നിന്നിറങ്ങിയാൽ മർദ്ദിക്കാൻ കാത്തിരിക്കയായിരുന്നു. കോളജിലെ ഒരു വിദ്യാർത്ഥി ഈ വിവരം എന്നെ അറിയിച്ചു.*

*“അച്ചൻ സൂക്ഷിക്കണമെന്നു” അവൻ മുന്നറിയിപ്പു നൽകി. ‘*

*‘ഞാൻ ഇന്നു നാലേകാലിനു റൊട്ടിക്കട മുക്കിൽ വരും. ഞാൻ വരുന്ന കാര്യം നീ അവനെ അറിയിക്കണം” എന്നായിരുന്നു അച്ചന്റെ പ്രതികരണം.*

*“ഞാൻ നാലേകാലിനു ചെന്നു. എന്നെ നിത്യവും കാത്തിരിക്കുന്നവർ ആ കടയിൽ ഉണ്ടായിരുന്നു. എന്നാൽ ആരും അടിക്കാൻ വന്നില്ല. കുറെ നേരം ഞാൻ കാറിൽ നിന്നിറങ്ങി പുറത്തു നിന്നു. ആരും വന്നില്ല.”*

ക്യാമ്പസിൽ വേറെയും വഴക്കാളികൾ ഉണ്ടായിരുന്നു. പെൺകുട്ടികളെ ശല്യപ്പെടുത്തുക, അധ്യാപകർ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റു ക്ലാസ്സുകളിൽ ചെന്നു കയറുക എന്നിങ്ങനെയുള്ള കുസൃതികളാണ് അവർ കാണിച്ചിരുന്നത്.

*“ഒരു ദിവസം ഒരുത്തൻ കെമിസ്ട്രി ക്ലാസ്സിൽ ചെന്നു കയറി. അധ്യാപകനെ പിടിച്ചിറക്കി. പി. കെ. തോമസ് സാർ എനിക്ക് നോട്ട് കൊടുത്തയച്ചു. ഞാൻ ചെന്നു. അവൻ ക്ലാസ്സിൽ ഒറ്റയ്ക്കു നിൽക്കുന്നു. ഞാൻ അവനെ വിളിച്ചു.”*

*“Get out, this is not your class.”*

*കുട്ടികൾ എല്ലാം നോക്കിയിരിക്കുന്നു. അവൻ ഇറങ്ങുന്നില്ല. ഒരു കൂസലും ഇല്ലായിരുന്നു.*

*“ഞാൻ അവന്റെ കൈയ്ക്കു പിടിച്ചു ക്ലാസ്സിനു പുറത്തേക്കു തള്ളി. എന്നിട്ട് ഞാനൊരു വര വരച്ചു. വരയ്ക്കു ഇപ്പുറം കയറിയാൽ തല്ലുമെന്നു പറഞ്ഞു.”*

അവൻ വൈകാതെ പാർട്ടിയിൽ ചേർന്നു. പിറ്റേന്ന് ഒരു സംഘം ആളുകൾ കുറെ കുട്ടികളുടെ ഒപ്പം പ്രിൻസിപ്പലിനെ കാണാൻ എത്തി. മുറിക്കു പുറത്തു വലിയ ബഹളമായി. അധ്യാപകർ ഓടിയെത്തി.

*"അന്ന് ക്ലാസ്സിൽ കയറിയ ചെറിയ ചട്ടമ്പിയുമായിട്ടാണ് നേതാവ് എന്റെ മുറിയിലേക്ക് കയറിവന്നത്. ഇവനെ അച്ചൻ ക്ലാസിലിട്ടു തല്ലിയെന്ന് പറഞ്ഞു.*

*ഞാൻ അവരോട് ചോദിച്ചു:*

*"ഇവൻ നിങ്ങളുടെ പാർട്ടിയിൽ ചേർന്നോ? കമ്യൂണിസ്റ്റ് എന്നാൽ പെണ്ണിന്റെ മുലയ്ക്കു പിടിക്കുന്നതാണോ?"* നേതാക്കന്മാർ ചൂളിപ്പോയി.

പാർട്ടിക്കാർ പണിക്കരച്ചനുമായി തർക്കിച്ചു. അവനെ അടിച്ചെന്ന് പറഞ്ഞു.

*"അവൻ ഉടുപ്പ് പൊക്കി അടിയുടെ പാട് കാണിച്ചു. അത് എന്റെ അടിയായിരുന്നില്ല. തലേന്ന് രാത്രി അവൻ അയലത്തെ വീട്ടിൽ അതിക്രമിച്ചു കയറി. പെണ്ണിന്റെ ആങ്ങളമാർ അവനെ തല്ലിയതിന്റെ പാടായിരുന്നു അത്."*

*"ഇതാണോ നിങ്ങളുടെ കമ്യൂണിസം" എന്നു ഞാൻ ചോദിച്ചു.*

ഒടുവിൽ പാർട്ടി അവനെ തള്ളി. അവൻ പിന്നെ മറ്റൊരു പാർട്ടിയിൽ ചേർന്നു. എന്നിട്ടും ഗുണമുണ്ടായില്ല.

ഇപ്രകാരം ആദ്യകാലത്തു പലതരത്തിലുള്ള തെമ്മാടിത്തരങ്ങൾ ക്യാമ്പസിൽ ഉണ്ടായിരുന്നു. പെൺകുട്ടികൾ ക്യാമ്പസിൽ വന്നപ്പോൾ ഉണ്ടായ പുകിലുകളായിരുന്നു ഇതെല്ലാം. അതുപോലെ ആദ്യകാലത്തു കലാമേള നടക്കുമ്പോൾ പെൺകുട്ടികളെ കൂകി തളർത്തും. അവരുടെ പരിപാടികൾ നടത്താൻ സമ്മതിക്കില്ല.

*"ഞാൻ ഒരിക്കൽ കർട്ടൻ വലിച്ചു. പരിപാടി നിർത്തിവച്ചു."*

*"നിങ്ങളുടെ കൂട്ടുകാർ നാടകം കളിക്കുന്നു. നിങ്ങൾ കൂവുന്നതു എന്തിനാണ്" എന്നു ചോദിച്ചു.*

*"കുറുക്കന്മാരാണോ?"*

*കുട്ടികളെ ഇങ്ങനെ പറഞ്ഞിരുത്താൻ തുടങ്ങി. ഇനി ആരെങ്കിലും കൂകിയാൽ ഈ മൈക്ക് കൊണ്ട് എറിയുമെന്നു ഞാൻ പറഞ്ഞു. പെട്ടെന്ന് ഒരുത്തൻ കൂകി. ഞാൻ കുട്ടികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു. എല്ലാവരും വിരണ്ടു. ഒരുത്തൻ മാത്രം വിരണ്ടില്ല. അവൻ*

*കയ്യും കെട്ടി തലയും കുലുക്കി നിൽക്കുന്നു. എനിക്കു സംശയമായി. ഇവിടുത്തെ കുട്ടികൾ ഇങ്ങനെ എന്റെ മുമ്പിൽ പുച്ഛമായി നിൽക്കില്ല.*

*"നീ ഇവിടെ പഠിക്കുന്നവനല്ല. നീ എന്തിനു ഇവിടെ വന്നു?"*

*"വരണമെന്നു തോന്നി" എന്നായിരുന്നു അവന്റെ മറുപടി.*

*"നിന്റെ കൂടെയുള്ളവർ എവിടെ?"*

*അവരെല്ലാം ഓടിപ്പോയിരുന്നു.*

*അവനെ ഞാൻ പിടിച്ചു ഓഡിറ്റോറിയത്തിനു പുറത്തു കൊണ്ടുവന്നു.*

*"എന്റെ കുഞ്ഞേ, നീ ഇതുവഴി പൊയ്ക്കോ."*

*"എനിക്കു മനസ്സുള്ളപ്പം പോകും" എന്നായി അവൻ.*

*അവൻ പോകാൻ കൂട്ടാക്കിയില്ല. ഞാൻ അവനെ കുത്തിനു കയറി പ്പിടിച്ചു. എന്റെ മുറിയിൽ കൊണ്ടുവന്നു. ഒറ്റ അടി വച്ചുകൊടുത്തു. അവൻ താഴെ വീണു. കരയാൻ തുടങ്ങി.*

*അന്ന് എം. കെ. ജോസഫാണ് പോലീസ് മേധാവി. അദ്ദേഹത്തെ വിളിച്ചു. പോലീസ് വന്ന് അവനെ കൂട്ടിക്കൊണ്ടുപോയി. അവനെ താക്കീതു കൊടുത്തു വിടാൻ പറഞ്ഞു. അവൻ എം.ജി. കോളജിലെ ചട്ടമ്പിസംഘത്തിൽ ഒരുവനായിരുന്നു. അടിപിടിയിൽ മുമ്പിൽ. എന്നാൽ ഓഡിറ്റോറിയത്തിൽ അവൻ ഒറ്റക്കായിപ്പോയി.*

*അവനെ പോലീസ് പിടിച്ചുകൊണ്ടു പോയപ്പോൾ എം. ജി. യിലെ പ്രിൻസിപ്പൽ എന്നെ വിളിച്ചു:*

*"അച്ചോ, അവൻ ഇവിടുത്തെ ഭീകരനാണ്. അച്ചന് എങ്ങനെ ധൈര്യം വന്നു അവനെ അടിക്കാൻ? കത്തിയുമായി നടക്കുന്നവനാണ്."*

ക്യാമ്പസിൽ ആദ്യകാലത്തു ആൺകുട്ടികളെ പണിക്കരച്ചൻ മെരുക്കി യെടുത്തതു തല്ലിയും തലോടിയുമായിരുന്നു. ക്യാമ്പസിൽ പണിക്കരച്ചൻ ചിട്ട നടപ്പാക്കി. കുറ്റം ചെയ്താൽ മാത്രമെ ശിക്ഷ ഉണ്ടാവൂ എന്ന ബോധ്യം കുട്ടികൾക്കുണ്ടായി.

*"കുറ്റം ചെയ്തിട്ട് നിഷേധിച്ചാൽ ഞാൻ വിടില്ലെന്നു കുട്ടികൾ മന സ്സിലാക്കി."*

ആദ്യകാലത്തു പഠിക്കാൻ വന്നവരിൽ ചിലർ പരീക്ഷയ്ക്കു കോപ്പിയടി ക്കുന്നതായി പണിക്കരച്ചനു അറിവു കിട്ടി. പ്രിൻസിപ്പലായിരിക്കുമ്പോൾ അത്തരക്കാരുടെ വിദ്യകൾ പൂർണമായും അച്ചൻ പൊളിച്ചുകളഞ്ഞു. ഒരു കോപ്പിയടിക്കാരന്റെ കഥ പണിക്കരച്ചൻ വിവരിച്ചു. അധ്യാപകർ ഭയപ്പെട്ടി

രുന്ന രാധാകൃഷ്ണൻ എന്നൊരു വിദ്യാർത്ഥി കോളജിൽ പഠിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ കോപ്പിയടിച്ചപ്പോൾ അധ്യാപകൻ പിടിച്ചു. അപ്പോൾ രാധാകൃഷ്ണൻ പറഞ്ഞു:

*"സാർ, എന്നെ പിടിച്ചാൽ നമുക്കു വഴിയിൽവച്ചു കാണാം."*

രാധാകൃഷ്ണന്റെ സ്വഭാവം അറിയുന്നതുകൊണ്ട് ആരും അവന്റെ വഴിക്കു തിരിഞ്ഞുനോക്കിയില്ല. എന്നാൽ പരീക്ഷ വന്നപ്പോൾ അവന്റെ ഹാൾടിക്കറ്റ് പണിക്കരച്ചനാണ് കൊടുത്തത്. സാധാരണ സൂപ്രണ്ടാണ് ഹാൾടിക്കറ്റ് നൽകിയിരുന്നത്. എന്നാൽ രാധാകൃഷ്ണന്റെ ഹാൾടിക്കറ്റ് പണിക്കരച്ചൻ വാങ്ങിച്ചു വച്ചു. സൂപ്രണ്ടിനെ അവൻ തെറിപറഞ്ഞ കാര്യം പണിക്കരച്ചൻ അറിഞ്ഞിരുന്നു. പിറ്റേന്ന് അവൻ പ്രിൻസിപ്പലിനെ കാണാൻ വന്നു.

*"നീ എന്താ ഇന്നലെ ഹാൾടിക്കറ്റ് വാങ്ങാതിരുന്നത്?"* പണിക്കരച്ചൻ ചോദിച്ചു.

*"വന്നു. തന്നില്ല."* ധിക്കാരത്തോടെ അവൻ പ്രതികരിച്ചു.

*"നീ കഴിഞ്ഞ പരീക്ഷ കോപ്പിയടിച്ചതുകൊണ്ടാണ് നിനക്ക് ഹാൾടിക്കറ്റ് ഞാൻ തരാമെന്ന് തീരുമാനിച്ചത്."*

അവനു കാര്യം പിടികിട്ടി. കോളജിൽ കോപ്പിയടിക്കാൻ പണിക്കരച്ചൻ സമ്മതിക്കത്തില്ലെന്നു അവനു അറിയാമായിരുന്നു.

*"ഞാൻ കോപ്പിയടിച്ചിട്ടില്ല."*

*"എന്നാൽ ശരി. നീ കോപ്പിയടിച്ചാൽ ഞാൻ പിടിക്കും"* പണിക്കരച്ചൻ പറഞ്ഞു.

പരീക്ഷയ്ക്കു അവൻ ഇരുന്ന ഡസ്ക്ക് മാറ്റിയിട്ടു. കോപ്പിയടിച്ചാൽ കാണാവുന്ന രീതിയിലാണ് ഡസ്ക്ക് മാറ്റിയിട്ടത്. പരീക്ഷ തുടങ്ങി. രാധാകൃഷ്ണൻ ഒന്നും എഴുതുന്നില്ല. പിറകോട്ട് നോക്കിയിരിക്കുന്നു. കുറച്ചു കഴിഞ്ഞു ഉടുപ്പു പൊക്കി തുണ്ടുകടലാസുകൾ പുറത്തെടുത്തു. പണിക്കരച്ചൻ കയ്യോടെ പിടിച്ചു. അവനോട് എഴുന്നേൽക്കാൻ പറഞ്ഞു. അവന്റെ ബനിയൻ നിറയെ തുണ്ടുകടലാസുകളായിരുന്നു.

കോപ്പിയടി വാർത്ത പത്രത്തിൽ വന്നു. സിൻഡിക്കേറ്റ് അന്വേഷണമായി. അവനു ശിക്ഷ കിട്ടി.

*"ഇതോടെ കോളജിലെ കോപ്പിയടി വീരന്മാർ ആ പരിപാടി നിർത്തി. ഇങ്ങനെ പലതരത്തിലുള്ള പ്രശ്നങ്ങൾ എനിക്ക് കൈകാര്യം ചെയ്യേണ്ടിവന്നിട്ടുണ്ട്."*

ആദ്യകാലത്തു നഗരത്തിലെ ചെറിയ ചട്ടമ്പി സംഘങ്ങൾ ക്യാമ്പസിൽ എത്തി ക്ലാസ് കലക്കുന്ന പരിപാടി ഉണ്ടായിരുന്നു. വെറുതെ ഒരു രസം. സമരമൊന്നുമല്ല.

*"ഒരിക്കൽ എം.ജി. കോളജിൽ നിന്നു ഒരു സംഘം വന്നു. ഇവർ ക്ലാസ്സിൽ കയറി ഇരുന്നു. പഠിപ്പിക്കുന്നതിനു ഇടയിൽ കൂകാൻ വരുന്നതാണ്. കൂകി ക്ലാസ് കലക്കും. ഒരു ദിവസം ഞാൻ ചെന്നു. അവരെ പുറത്താക്കി. അന്നവരുടെ കൂട്ടത്തിൽ മലയാള സിനിമയിൽ ഏറെ ഖ്യാതി നേടിയ ഒരു നടനും ഉണ്ടായിരുന്നു."*

ക്യാമ്പസുകളിൽ കോളജ് യൂണിയൻ ഏർപ്പാട് തുടങ്ങാൻ കേരള യൂണിവേഴ്സിറ്റി തീരുമാനിച്ചതോടെ ആരംഭിച്ച സമരങ്ങളെ പണിക്കരച്ചൻ സമർത്ഥമായി കൈകാര്യം ചെയ്തു.

*"ഒരിക്കൽ യൂണിയൻ ഇലക്ഷൻ നടക്കുമ്പോൾ ഉമ്മൻചാണ്ടിയും വി. എം. സുധീരനും പ്രചാരണത്തിനു വന്നു. പുറത്തു പോകാൻ ഞാൻ ആവശ്യപ്പെട്ടു. അവർ ഉടനെ പോയി."*

കുട്ടികളുടെ മോഷണസ്വഭാവം തിരുത്താനും പണിക്കരച്ചൻ ഉദ്യമിച്ചിട്ടുണ്ട്. ലൈബ്രറിയിൽ നിന്നു പുസ്തക മോഷണം പതിവായിരുന്നു. ചിലർ പുസ്തകം മോഷ്ടിക്കുന്നതു വായിക്കാനല്ല. വെറും ഒരു രസത്തിനാണ്. ഒരു ദിവസം ലൈബ്രറിയിൽ നിന്നു ഇക്കണോമിക്സിന്റെ കുറെ പുസ്തകം മോഷണം പോയി. ഒരു വിദ്യാർത്ഥിയെ ലൈബ്രേറിയനു സംശയമായി.

*"അവനെ എന്റെ അടുത്തു കൊണ്ടുവന്നു. ഞാനവനെ ശാസിച്ചു വിട്ടു. അവൻ പുസ്തകമെടുത്തിട്ടില്ലെന്നും പറഞ്ഞു. ഞാൻ വിചാരിച്ചു, ഇതൊന്നു കണ്ടുപിടിക്കണം. അങ്ങനെയിരിക്കുമ്പോൾ എനിക്കൊരു കത്തു വന്നു. പുളിച്ച തെറിയാണ്. ഇംഗ്ലീഷിലാണ് തെറി. ഇംഗ്ലീഷിലായതിനാൽ എഴുതിയ ആളെ കണ്ടുപിടിക്കാൻ എളുപ്പമായിരുന്നു. മുമ്പ് ലൈബ്രേറിയൻ പിടിച്ചവന്റെ കൈപ്പടയാണ്. അവന്റെ ഡിസർട്ടേഷൻ നോക്കിയാണ് ഞാനതു ഉറപ്പാക്കിയത്."*

പരീക്ഷ കഴിഞ്ഞു. കത്തെഴുതിയ കക്ഷിക്കു ജോലിയും കിട്ടി. എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോൾ അവന് സ്വഭാവ സർട്ടിഫിക്കറ്റിന്റെ ആവശ്യം വന്നു.

*"സർട്ടിഫിക്കേറ്റ് വേണമെന്ന് ആവശ്യപ്പെട്ട് അവന്റെ അച്ഛൻ എനിക്കെഴുതി. അച്ഛൻ ഓഫീസിൽ വരണമെന്ന് ഞാൻ മറുപടിയെഴുതി. ഞാൻ അവന്റെ തെറിക്കത്തും അവൻ എഴുതിയ സിസർട്ടേഷനും അച്ഛനെ കാണിച്ചുകൊടുത്തു.*

*"ഇങ്ങനെ എഴുതിയ ആളിനു എങ്ങനെ സ്വഭാവ സർട്ടിഫിക്കേറ്റ് കൊടുക്കും?"*

എന്റെ പ്രതികരണം കേട്ടിട്ട് അച്ഛൻ മടങ്ങി. തെറിക്കത്ത് എഴുതിയ കക്ഷി വന്നു.

*“നീ പുസ്തകം മോഷ്ടിച്ചതിനു ശിക്ഷിച്ചില്ല. പിന്നെ എന്തിനാണ് തെറിക്കത്ത് എഴുതിയത്.”*

അവൻ കരയാൻ തുടങ്ങി. തെറ്റ് സമ്മതിച്ചു.

*“തെറ്റ് ചെയ്യുന്നവരെ തിരുത്താനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്”* പണിക്കരച്ചൻ പറഞ്ഞു.

ഹോസ്റ്റൽ വാർഡനായിരിക്കുമ്പോൾ ചെറിയ മോഷണക്കേസുകൾ പതിവായിരുന്നു. അതിനെപ്പറ്റി പണിക്കരച്ചൻ ഇപ്രകാരം പറഞ്ഞു:

> *“ഹോസ്റ്റലിൽ നിന്നു ചെമ്പുകമ്പിയും വയറും ഇളക്കിയെടുക്കുന്നതു പതിവായിരുന്നു. അതെടുത്തു ടൗണിൽ പോയി വിൽക്കും. കാപ്പി കുടിക്കാനാണ്. ഒരു ദിവസം രാത്രിയിൽ ഞാൻ ചിലരുടെ പെട്ടി പരിശോധിച്ചു. അവരുടെ പെട്ടിയിൽ നിന്നു ചെമ്പുകമ്പി പിടിച്ചു. പിറ്റേന്ന് വിൽക്കാൻ വച്ചതായിരുന്നു. സത്യം പറഞ്ഞാൽ കുട്ടികളെ ഞാൻ ശിക്ഷിക്കില്ല. എന്റെ നിലപാട് അവർക്കു മനസ്സിലായി. അങ്ങനെയൊക്കെയാണ് ഞാനവരെ തിരുത്തിയത്. അതുപോലെ ഹോസ്റ്റൽ മുറിയിൽ നിന്നു നോട്ട്ബുക്ക് മോഷണവും ചില്ലറ പണം മോഷണവും ഉണ്ടായിരുന്നു. അതെല്ലാം ഞാൻ കയ്യോടെ പിടിച്ചിട്ടുണ്ട്. ഒരു മുറിയിൽ നിന്നു ഒരുത്തൻ പെട്ടിയിൽ പൂട്ടിവച്ച ട്യൂഷൻനോട്ട് മോഷ്ടിച്ചതു ഡ്യൂപ്ലിക്കേറ്റ് താക്കോൽ ഉണ്ടാക്കിയായിരുന്നു. താക്കോൽ ഉണ്ടാക്കിയ വഴികൾ കണ്ടെത്തിയാണ് ഞാൻ നോട്ട് മോഷ്ടാവിനെ പിടിച്ചത്. ഉയർന്ന മാർക്ക് വാങ്ങാനായിരുന്നു ഈ മോഷണം. അത്തരക്കാരെയും ശാസിക്കേണ്ടി വന്നു.”*

കോളജ് യൂണിയൻ പ്രവർത്തനം തുടങ്ങിയതോടെ ക്യാമ്പസ് രാഷ്ട്രീയ പ്രവർത്തനവും ശക്തിപ്പെട്ടു തുടങ്ങി. കോളജ് യൂണിയന്റെ പരിപാടികൾ നടത്താൻ കഴിയാതായി. രാത്രിയിൽ ഓഡിറ്റോറിയത്തിൽ കലാപരിപാടികൾ നടത്തിയ കാലമുണ്ടായിരുന്നു.

> *“കൂകൽ സംഘങ്ങൾ അമേദ്യം വരെ എറിഞ്ഞിട്ടുണ്ട്. തുടർന്നാണ് രാത്രിപരിപാടികൾ നിർത്തിയത്. രാത്രിയിൽ മദ്യപിച്ചിട്ട് ബഹളം വയ്ക്കുന്നവരെ ഞാൻ പിടിച്ചിട്ടുണ്ട്. അത്തരക്കാരുടെ വീട്ടുകാരെ വിളിപ്പിച്ച് നടപടിയെടുക്കും. ഒരിക്കൽ ഒരു ഐ.എ.എസ്സുകാരന്റെ മകൻ ഓഡിറ്റോറിയത്തിലെ കൂകൽ സംഘത്തിൽ ഉണ്ടായിരുന്നു. അമേദ്യം എറിഞ്ഞ അവനെ ഞാൻ പിടിച്ചു. പിറ്റേന്ന് അച്ഛനെ കൂട്ടിക്കൊണ്ടു വരാൻ പറഞ്ഞു.”*

അമേദ്യമെറിഞ്ഞ പയ്യന്റെ അച്ഛൻ പ്രിൻസിപ്പലിനെ കാണാൻ വന്നു. പണിക്കരച്ചൻ സംഭവം വിവരിച്ചു.

*"എന്റെ മകൻ അങ്ങനെ ചെയ്യില്ല"* എന്നായിരുന്നു ഐ.എ.എസ്സുകാരന്റെ പ്രതികരണം.

പണിക്കരച്ചൻ മറുത്തൊന്നും പറഞ്ഞില്ല. മേശപ്പുറത്തിരുന്ന ഫോൺ ഐ.എ.എസ്സുകാരന്റെ മുമ്പിലേക്ക് നീക്കിവച്ചിട്ട് ഇപ്രകാരം പറഞ്ഞു.

*"താങ്കൾ ഭാര്യയെ വിളിച്ച് ചോദിക്ക്. ഇവൻ താങ്കളുടെ മകനാണോ എന്ന്."*

ഐ.എ.എസ്സുകാരൻ ചൂളിപ്പോയി. ക്യാമ്പസിലെ അച്ചടക്കം നില നിർത്താൻ പണിക്കരച്ചൻ ഇങ്ങനെയും സംസാരിച്ചിട്ടുണ്ട്. എന്നാൽ ചില രക്ഷാകർത്താക്കൾ പണിക്കരച്ചനെ വിശ്വാസപൂർവ്വം മനസ്സിലാക്കിയിരുന്നു. പണിക്കരച്ചൻ വിചാരിച്ചാൽ കുട്ടികൾ നന്നാകുമെന്നു പറയുന്ന രക്ഷാ കർത്താക്കളും ഉണ്ടായിരുന്നു.

കോളജ് യൂണിയൻ ഇലക്ഷനും തുടർന്നുള്ള പരിപാടികളും അക്രമ ത്തിലേക്കും കേസിലേക്കും വഴിനീങ്ങിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. 1969–ലെ യൂണിയൻ ഇലക്ഷൻ അത്തരത്തിലൊന്നായിരുന്നു.

> *"അന്ന് കെ.എസ്.യു. ഒരു പാനലിൽ. മറുപാനലിൽ കെ.എസ്.സി. യും എസ്.എഫ്.ഐ. യും ആയിരുന്നു. യൂണിയൻ ഉദ്ഘാടനത്തിനു വൈസ് ചാൻസലർ ജോർജ് ജേക്കബിനെയാണ് ക്ഷണിച്ചിരുന്നത്. കുട്ടികളുടെ കൂകൽ കേൾക്കാൻ ഒരുക്കമാണെങ്കിൽ കോളജിലേക്ക് സ്വാഗതം എന്നു ഞാൻ വി.സി. യോട് പറഞ്ഞു. വൈസ് ചാൻസലർ വന്നപ്പോൾ കോളജ് ആകെ കരിങ്കൊടിയിലാണ്. കെ.എസ്.യു. പാന ലിൽ ജയിച്ചവരാണ് യൂണിയൻ നടത്തുന്നത്. അന്നത്തെ പരിപാടി അലങ്കോലപ്പെടുത്താനാണ് എതിർ ഗ്രൂപ്പ് കരിങ്കൊടിയുമായി രംഗ ത്തു വന്നത്."*

## ടി. എം. ജേക്കബിന്റെ നേതൃത്വത്തിൽ പ്രതിഷേധം

സമ്മേളനം തുടങ്ങുന്നതിനു മുമ്പ് സ്ഥിതിഗതികൾ മനസ്സിലാക്കാൻ പണി ക്കരച്ചൻ ഓഡിറ്റോറിയത്തിലേക്ക് ചെന്നു. എതിർ ഗ്രൂപ്പിലെ കുട്ടികൾ കറുത്ത ബാഡ്ജ് ധരിച്ച് കൊടിയും പിടിച്ച് ഓഡിറ്റോറിയത്തിലേക്കുള്ള വഴിയിൽ നിൽക്കുന്നുണ്ടായിരുന്നു. കറുത്ത ബാഡ്ജ് ധരിച്ച് നിൽക്കുന്ന കുട്ടികളെ കണ്ടിട്ട് പണിക്കരച്ചൻ ചോദിച്ചു:

*"എന്തിനാടാ കറുത്ത കൊടിയും പിടിച്ച് നിൽക്കുന്നത്? നിന്റെ തന്തയോ മറ്റോ ചത്തോ?"*

*"അച്ചോ, ഓഡിറ്റോറിയത്തിൽ കയറാൻ ഞങ്ങൾ ആരെയും അനുവദിക്കില്ല. ഞങ്ങൾ ഈ വഴിയിൽ നിരന്നു കിടക്കും."* അവരുടെ നേതാവായ ടി. എം. ജേക്കബ് പറഞ്ഞു.

"എങ്കിൽ നിന്റെയൊക്കെ നെഞ്ചത്തു കൂടി ഞാൻ നടക്കും" എന്നു പണിക്കരച്ചൻ പ്രതികരിച്ചു.

പ്രതിഷേധക്കാർ നിലപാടു മാറ്റി. അവർ പെട്ടെന്ന് ശാന്തരായി. പ്രശ്നം തീർന്നെന്നാണ് പ്രിൻസിപ്പൽ കരുതിയത്. അതിനാൽ സമ്മേളനം നടത്താൻ തീരുമാനിച്ചു. ടി. എം. ജേക്കബും സംഘവും നിലപാടു മാറ്റിയത് പൊട്ടിത്തെറിക്കാനായിരുന്നെന്ന് പണിക്കരച്ചൻ കരുതിയില്ല. ശാന്തരായി ഓഡിറ്റോറിയത്തിൽ ഇരുന്ന എതിർഗ്രൂപ്പുകാരുടെ പക്കൽ അമേദ്യവും ചീമുട്ടയും തവളയും പടക്കവും ചേരയും ഉണ്ടായിരുന്നു!

*"എന്റെ പ്രസംഗം വരെ കുഴപ്പമൊന്നും ഇല്ലായിരുന്നു. യൂണിയൻ സ്പീക്കർ പ്രസംഗിച്ച് തുടങ്ങിയതോടെ ബഹളം തുടങ്ങി. ഞാൻ പറഞ്ഞാൽ ബഹളക്കാർ കേൾക്കില്ലെന്നു തോന്നി."*

അടുത്ത പ്രസംഗം വൈസ് ചാൻസലറുടേതായിരുന്നു. സംഗതി പാളിപ്പോയെന്ന് തോന്നിയെങ്കിലും ഒന്ന് ശ്രമിച്ചു നോക്കാമെന്നു വി. സി. കരുതി.

*"വൈസ് ചാൻസലർ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ ഒരു പടക്കം പൊട്ടി. ഒരു കുട്ടിയുടെ മുഖത്താണ് വീണത്. പ്രൊഫ. ജോസഫ് മൊറേറ സാർ എറിഞ്ഞവനെ പിടിച്ചുകൊണ്ടു വന്നു. പരുക്കേറ്റ കുട്ടിയെ ആശുപത്രിയിലാക്കി. പോലീസ് എത്തി. എഫ്.ഐ.ആർ. എഴുതി. പരുക്കേറ്റ കുട്ടിയുടെ രക്ഷിതാക്കൾ വന്നു. നടപടി എടുക്കണമെന്നു വൈസ് ചാൻസലർ നിർദ്ദേശിച്ചു. പത്തു പേർക്കെതിരെ കേസ് എടുത്തു. എസ്.എഫ്.ഐ - കെ.എസ്.സി. സംഖ്യം ഉടൻ മുദ്രാവാക്യം വിളിച്ചു രംഗത്തു വന്നു."*

സംഭവത്തിന് ദൃക്സാക്ഷിയായ ജോർജ് ഓണക്കൂർ ഇക്കാര്യം തന്റെ ആത്മകഥയായ 'ഹൃദയരാഗങ്ങൾ' എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. അതിൽ നിന്ന്:

*"കോളജ് ഓഡിറ്റോറിയത്തിൽ ഏറുപടക്കങ്ങൾ പൊട്ടിത്തെറിച്ചു. അതിന്റെ പുകയിൽ കറുത്ത കൊടികൾ ഉയർന്നു. പെൺകുട്ടികൾക്കിടയിലൂടെ ഒരു പുളവൻ പാഞ്ഞുപോയി. സർവ്വത്ര ബഹളം; നിലവിളി. എല്ലാം ഒരു നിമിഷംകൊണ്ട് തകർന്നു. കോളജിന്റെ ചരിത്രത്തിൽ ആദ്യമായി കറുത്ത പാടു വീണു. വൈസ് ചാൻസലർ പ്രസംഗം നിറുത്തി. പ്രതാപശാലിയായ പ്രിൻസിപ്പൽ വേദിയിൽ നിന്ന് ചാടിയിറങ്ങി. ചിതറിപ്പോയ വിദ്യാർത്ഥികൾക്കിടയിൽ നിന്ന് ഒരു ചെറു*

*1978–ലെ കോളജ് മാഗസിൻ എഡിറ്റോറിയൽ ബോർഡിൽ പണിക്കരച്ചനോടൊപ്പം വയലാർ ശരത് ചന്ദ്രവർമ്മ, ഡോ. പോൾ മണലിൽ, പി. എസ്. ശ്രീകണ്ഠൻ തമ്പി, പ്രൊഫ. ജെ. എം. സ്റ്റുവർട്ട്, പ്രൊഫ. എ. എസ്. ബാലകൃഷ്ണൻ എന്നിവർ.*

*പ്പക്കാരനെ അദ്ദേഹം പിടിച്ചു മുന്നോട്ടു കൊണ്ടുവന്നു. അയാളുടെ കൈയിൽ അപ്പോഴും കരിങ്കൊടി.*

*കോളജ് കൗൺസിൽ അടിയന്തിരയോഗം ചേരുന്നു. പ്രൊഫസർമാർ അത്യാഹിതത്തിന്റെ നടുക്കത്തിലാണ്. പ്രിൻസിപ്പൽ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ വിവരിച്ചു. കോളജ് തിരഞ്ഞെടുപ്പിൽ ജയം കാണാതെ പോയതിന്റെ പ്രതികാരദാഹത്തിൽ വിദ്യാർത്ഥിസംഘടന നടത്തിയ കോപ്രായം. ഇതിനു നേതൃത്വം നൽകിയ യുവാവ് വരാന്തയിൽ അപ്പോഴും നിൽക്കുന്നു. അനങ്ങാൻ ധൈര്യമില്ല. പണിക്കരച്ചൻ വേണമെങ്കിൽ കൈ നിവർത്തി ഒന്നു കൊടുക്കാനും മടിക്കില്ല.”*

ബഹളക്കാർക്ക് എതിരെ കേസ് എടുത്തതോടെ പിറ്റേന്നാൾ കോളജിൽ സമരമായി. കേരള കോൺഗ്രസ് നേതാക്കളായ കെ.എം. ജോർജും ആർ. ബാലകൃഷ്ണപിള്ളയും പ്രിൻസിപ്പലിനെ കാണാൻ വന്നു.

*“നിങ്ങളുടെ പാർട്ടിക്കാർ പടക്കമെറിഞ്ഞു, അമേദ്യം എറിഞ്ഞു, പുളവനെ തുറന്നു വിട്ടു. ഇതാണോ നിങ്ങളുടെ പരിപാടി.”* – പണിക്കരച്ചൻ ചോദിച്ചു.

നേതാക്കന്മാർ മടങ്ങിപ്പോയി. സമരം നിർത്തി. ഒടുവിൽ സമര നേതാവ് ടി. എം. ജേക്കബ് പ്രിൻസിപ്പലിനെ കാണാൻ വന്നു.

*"അച്ചോ, ഞാൻ കുറ്റം സമ്മതിക്കുന്നു. പബ്ലിക്കായി മാപ്പ് പറയാം."*

അങ്ങനെ സമരത്തിനു അന്ത്യമായി. ടി. എം. ജേക്കബ് മാപ്പ് പറയുകയും സ്വന്തം കൈപ്പടയിൽ അതെഴുതി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ കുറ്റക്കാരെ രണ്ടാഴ്ച സസ്പെൻഡു ചെയ്തു. എല്ലാവരെയും ഹോസ്റ്റലിൽ നിന്നു പുറത്താക്കി.

*"ടി.എം. ജേക്കബിനു താമസിക്കാൻ ഞാൻ നായർ ഹോസ്റ്റലിൽ സൗകര്യം ഒരുക്കിക്കൊടുത്തു. പെട്ടിയും കിടക്കയും എടുത്തു ഹോസ്റ്റലിൽ നിന്നു പോകണമെന്നു പറഞ്ഞത് ജേക്കബ് അനുസരിച്ചു. അച്ചൻ പറയുന്നിടത്ത് താമസിക്കാമെന്നായിരുന്നു ജേക്കബിന്റെ പ്രതികരണം. ജേക്കബ് അവിടെ താമസിച്ചുകൊണ്ടായിരുന്നു തുടർന്ന് പഠിച്ചതും പരീക്ഷ പാസ്സായതും. ജേക്കബ് പിന്നെ മന്ത്രിയായപ്പോൾ എന്നെ കണ്ട് അനുഗ്രഹം വാങ്ങാൻ വന്നിരുന്നു."*

അമിക്കോസിന്റെ ഒരു യോഗത്തിൽ ടി. എം. ജേക്കബ് ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

*"പണിക്കരച്ചൻ എന്നെ ഇന്നും ഫോണിൽ വിളിച്ചാൽ ഞാൻ മന്ത്രിക്കസേരയിൽ നിന്നു ചാടി എഴുന്നേൽക്കും. എനിക്ക് അച്ചനെ ഇപ്പോഴും ഭയമാണ്. ഞാൻ തെറ്റു ചെയ്ത കാര്യം അച്ചൻ ക്ഷമിച്ചു. അച്ചന്റെ വാത്സല്യം ഞാൻ പിന്നീട് അനുഭവിച്ചു. പണിക്കരച്ചന്റെ ശബ്ദം കേൾക്കുമ്പോൾ അദ്ദേഹം എന്റെ കൺമുമ്പിൽ നിൽക്കുന്നതുപോലെ തോന്നും."*

കോളജിൽ പഠിച്ച ആയിരക്കണക്കിന് കുട്ടികളുടെ മനസ്സിലും പണിക്കരച്ചൻ ഇപ്രകാരം തന്നെ. പിൽക്കാലത്ത് ടി.എം. ജേക്കബിന്റെ രണ്ടു മക്കളും മാർ ഈവാനിയോസ് കോളജിലാണ് പഠിച്ചത്. അനൂപ് ജേക്കബും അമ്പിളി ജേക്കബും. അനൂപ് ജേക്കബും പിന്നീട് മന്ത്രിയായി. അമ്പിളി അഭിഭാഷകയും. അമിക്കോസിന്റെ പ്രവർത്തനങ്ങളിൽ ഇരുവരും പങ്കാളികളാണ്.

## ഫിലിപ്പ് എം. പ്രസാദിന്റെ നക്സൽ കാലം

മാർ ഈവാനിയോസ് കോളജിൽ പഠിക്കാൻ വന്ന ഫിലിപ്പ് എം. പ്രസാദിന്റെ കാര്യവും പണിക്കരച്ചൻ വിവരിച്ചു. കോളജിൽ പഠിക്കുമ്പോൾ ഫിലിപ്പ് എം. പ്രസാദ് രഹസ്യമായി നക്സൽ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. ആരും അതറിഞ്ഞിരുന്നില്ല.

*"ഒരു ദിവസം ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ഭാസ്കരകുറുപ്പ് എന്നെ വിളിച്ചു: 'അച്ചാ, നിങ്ങളുടെ കോളജിൽ ഞങ്ങളുടെ ക്രൈം ലിസ്റ്റിലെ മൂന്നാമത്തെ ആൾ പഠിക്കുന്നുണ്ട്. അവന്റെ പേര് ഫിലിപ്പ്.*

*അവനെ സൂക്ഷിക്കണം.' കോളജിലെ ഫിലിപ്പ് പട്ടിക ഞാൻ എടുത്തു. ഏതാണ്ട് 200 ഫിലിപ്പുമാർ കോളജിൽ പഠിക്കുന്നുണ്ട്. എല്ലാവരെയും നിരീക്ഷിക്കാൻ പ്രയാസമാണ്. ഞാൻ അധ്യാപകരോടു ചോദിച്ചു: 'നിങ്ങളുടെ ക്ലാസ്സിൽ കുഴപ്പക്കാരായ ഫിലിപ്പ് ഉണ്ടോ?' കോളജിലെ സമരക്കാരിൽ ഫിലിപ്പ് എന്ന പേരിൽ ആരും ഇല്ല."*

കുഴപ്പക്കാരനായ ഫിലിപ്പിനെ കണ്ടെത്താൻ പണിക്കരച്ചൻ ശ്രമം തുടങ്ങി. കോളജിലെ പല നിലകൾ കയറിയിറങ്ങി. ഓഫീസ് മുറിയിൽ വരുന്ന ഫിലിപ്പുമാരെ ശ്രദ്ധിച്ചു. അവരോട് സംസാരിച്ചു. ആരെയും പിടികിട്ടിയില്ല.

*"ഒരിക്കൽ പ്രതിയെ ഞാൻ കണ്ടുപിടിച്ചു. ഇക്കണോമിക്സ് മൂന്നാം വർഷക്കാരുടെ ക്ലാസ്സ്മുറിയുടെ മുമ്പിലൂടെ നടന്നപ്പോൾ എന്നെ കണ്ട ഒരുത്തൻ വാതിലിന്റെ പാളി ഒന്നു ചാരി - അവനെ കാണാതിരിക്കാൻ. അവൻ ക്ലാസ്സിൽ വളരെ ശാന്തപ്രകൃതമാണ്. സമരത്തിനൊന്നുമില്ല. പഠിക്കാനും മിടുക്കൻ. അന്ന് ഞാൻ സംശയം തോന്നി ഇറങ്ങിയതാണ്."*

ആ ദിവസം ഫിലിപ്പിനെ തിരക്കി ഇറങ്ങാൻ കാരണമുണ്ടായിരുന്നു. അക്കാര്യം പണിക്കരച്ചൻ വിവരിക്കുന്നു:

*"അന്നൊരു സമരദിവസമായിരുന്നു. എന്നാൽ ഈവാനിയോസിൽ മാത്രം സമരമില്ല. രാവിലെ യൂണിവേഴ്സിറ്റി കോളജിൽ സമരമുണ്ടായിരുന്നു. മാർ ഈവാനിയോസിൽ നിന്നും ഒരുത്തൻ പോയി അവിടെ ക്ലാസ്സിൽ കയറി പിള്ളാരെ വലിച്ചിറക്കി. അധ്യാപകനെ തള്ളിമാറ്റി. അവിടെ രാവിലെ ക്ലാസ്സ് കലക്കിയിട്ട് അവൻ ഈവാനിയോസിൽ തിരിച്ചെത്തി. ഇവിടുത്തെ ഒരുത്തൻ യൂണിവേഴ്സിറ്റി കോളജിൽ പോയി സമരത്തിനു നേതൃത്വം നൽകിയെന്നു എനിക്ക് റിപ്പോർട്ട് കിട്ടി. ഞാനുടൻ ക്ലാസ്സിൽ ചെന്നു. ഞാൻ ചെന്നപ്പോൾ അവൻ സീറ്റിലുണ്ട്. ഞാൻ സംശയിച്ചവൻ തന്നെ. അവൻ ഒന്നും അറിയാത്ത പോലെ ക്ലാസിൽ ഇരിക്കുകയാണ്. അന്ന് അവനെ പിടിച്ചില്ലെങ്കിലും ഞാൻ നോട്ടമിട്ടു. അവനുമായി സംസാരിക്കാൻ പിന്നീട് ഒരു അവസരമുണ്ടായി. ഒരു ദിവസം എനിക്കൊരു നീണ്ട അവധി അപേക്ഷ കിട്ടി. പ്യൂൺ പറഞ്ഞു, ഒരു ഫിലിപ്പ് വന്നിട്ടുണ്ടെന്ന്. എനിക്ക് ആളെ പിടികിട്ടി. വലിവുരോഗമാണ്. ചികിത്സയ്ക്ക് അവധി വേണം എന്നായിരുന്നു കത്തിൽ പറഞ്ഞിരുന്നത്."*

*"നിന്റെ വീടെവിടെ?"* പണിക്കരച്ചൻ ചോദിച്ചു.

*"ചാത്തന്നൂരിൽ. ഇപ്പോൾ ഇവിടെ താമസിക്കുന്നു."*

*"നീ ഏതു കോളജിൽ പഠിച്ചു?"*

*"കൊല്ലം ഫാത്തിമായിൽ."*

പണിക്കരച്ചൻ കൊല്ലത്തു വിളിച്ചു ചോദിച്ചു. അവിടെയും അവൻ ശാന്തനായിരുന്നു. പഠിക്കാനും മിടുക്കൻ. എന്നാൽ പാർട്ടിപ്രവർത്തനം ഉണ്ടായിരുന്നു. കൊല്ലത്തു നിന്ന് ഫിലിപ്പ് തിരുവനന്തപുരത്തു വന്നപ്പോഴായിരുന്നു അയാളെ സൂക്ഷിക്കണമെന്നു ക്രൈംബ്രാഞ്ച് പോലീസ് പണിക്കരച്ചന് മുന്നറിയിപ്പ് നൽകിയത്.

*"നിനക്ക് പാർട്ടിപ്രവർത്തനം ഉണ്ടോ?"* – തന്റെ മുമ്പിലെത്തിയ ഫിലിപ്പിനോട് പണിക്കരച്ചൻ ചോദിച്ചു.

അതിന്റെ ഉത്തരം ഫിലിപ്പ് എം. പ്രസാദ് നൽകിയത് ഇങ്ങനെ:

*"അല്ലേലും അച്ചന്മാർ ഇങ്ങനെയാ. നിങ്ങൾ ക്രിസ്ത്യാനികൾ സാമൂഹ്യസേവനം നടത്തിയാലും രക്ഷപെടില്ല. എല്ലാം ചുട്ടുചാമ്പലാക്കണം. നിങ്ങൾക്ക് പാവങ്ങളെ ഉദ്ധരിക്കാൻ അറിയില്ല."*

*"എന്റെ ചോദ്യത്തിന് നീ ഉത്തരം തന്നില്ല. നീ ഇവിടെ വന്നത് പഠിക്കാനല്ലേ?"*

*"ഞാൻ ഇവിടെ വന്നതു പഠിക്കാനാണ്. കോളജിന്റെ നിയമം, ഞങ്ങളെ പഠിപ്പിക്കാനാണ്"* – ഫിലിപ്പ് പ്രതികരിച്ചു.

എന്തായാലും ഫിലിപ്പ് എം. പ്രസാദ് കോളജിൽ നിന്നു പോയതിനു ശേഷമാണ് നക്സൽ ആക്രമണത്തിൽ പങ്കെടുത്തത്.

അതിനു മുമ്പ് ഒരിക്കൽ വിദ്യാർത്ഥികളുടെ ബസ് സമരത്തെപ്പറ്റി സർക്കാർ നടത്തിയ ചർച്ചയിൽ പങ്കെടുക്കാൻ ഫിലിപ്പ് എം. പ്രസാദ് ട്രാൻസ്പോർട്ട് മന്ത്രിയുടെ ഓഫീസിൽ വന്നിരുന്നു. പണിക്കരച്ചനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. എം. എം. ചെറിയാൻ സർക്കാരിനെ പിന്തുണച്ചു സംസാരിച്ചതിനു പിന്നാലെ ഫിലിപ്പ് എം. പ്രസാദ് പ്രസംഗിക്കാൻ എഴുന്നേറ്റു. ഇ. എം. എസിനെ കഠിനമായി വിമർശിച്ചു.

*"അങ്ങേർ കമ്യൂണിസ്റ്റല്ല, ബൂർഷ്വായാണ്"* എന്നായിരുന്നു ഫിലിപ്പ് പറഞ്ഞത്.

പ്രസംഗം കഴിഞ്ഞു ഫിലിപ്പ് എം. പ്രസാദ് ഇരുന്നതു പണിക്കരച്ചന്റെ അടുത്താണ്. അപ്പോൾ പണിക്കരച്ചൻ ചോദിച്ചു:

*"ഫിലിപ്പേ, നീ കമ്മ്യൂണിസ്റ്റല്ലേ?"*

*"അച്ചോ, ഇതു കമ്യൂണിസമല്ല"* എന്നായിരുന്നു ഫിലിപ്പിന്റെ പ്രതികരണം.

തുടർന്ന് സംസാരിച്ച മന്ത്രി പറഞ്ഞതു, ഫിലിപ്പ് എം. പ്രസാദിനു പണിക്കരച്ചനെപ്പറ്റി വലിയ മതിപ്പാണെന്നാണ്.

ഫിലിപ്പ് എം. പ്രസാദിനെ ഉദ്ധരിച്ചു മന്ത്രി പറഞ്ഞതു ഇങ്ങനെ:

*"കേരളത്തിൽ ഒറ്റ പ്രിൻസിപ്പൽ മാത്രമെ ഉള്ളൂ - അതു പണിക്കരച്ചനാണ്."*

പണിക്കരച്ചൻ മംഗലപ്പുഴ സെമിനാരിയിൽ റെക്ടർ ആയിരിക്കെ ഫിലിപ്പ് എം. പ്രസാദിനെ ഒരു യോഗത്തിനു ക്ഷണിച്ചു.

"അച്ചോ ഞാൻ കാണാനിരിക്കയാണ്. ഞാൻ പഴയ ഫിലിപ്പല്ല" എന്നായിരുന്നു ആദ്യ പ്രതികരണം.

"നിനക്ക് ഇങ്ങോട്ട് വരാമോ?" പണിക്കരച്ചൻ ചോദിച്ചു.

വരാമെന്നു സമ്മതിച്ചു. അങ്ങനെ പണിക്കരച്ചൻ പഴയ നക്സൽ ശിഷ്യനെ വീണ്ടും കണ്ടു!

*"അപ്പോൾ അവൻ സായി ഭക്തനാണ്. അവന്റെ വീട്ടിലേക്ക് എന്നെ ക്ഷണിച്ചു. സായി ഭക്തനാണെങ്കിലും മകന്റെ കഴുത്തിലെ മാലയിൽ മാതാവിന്റെ കാശുരൂപം ഞാൻ കണ്ടു. അതെപ്പറ്റി ഞാൻ അവനോടു ചോദിച്ചു."*

*"ഭാര്യക്കു ഭഗവാൻ കുരിശ് നൽകി. മകനു ദൈവമാതാവിന്റെ കാശുരൂപവും നൽകി"* - എന്നായിരുന്നു മറുപടി.

*"നീ വിശ്വസിക്കുന്നുണ്ടോ?"*

*"എനിക്കു ബോധ്യമായി"* എന്നായിരുന്നു. ഫിലിപ്പിന്റെ പ്രതികരണം.

ഫിലിപ്പ് എം. പ്രസാദിനെപ്പോലെ മറ്റൊരു നക്സൽ നേതാവും കോളജിൽ ഉണ്ടായിരുന്നു. നഗരൂർ കേസിൽ പ്രതിയാണ്. കിളിമാനൂർ സ്വദേശിയായ ഒരാൾ. അവരൊന്നും കോളജിൽ കുഴപ്പക്കാരായിരുന്നില്ല!

### എൻ. എസ്. മാധവൻ

ഒരിക്കൽ പോലീസ് ഇൻസ്പെക്ടർ ജനറൽ എം. ഗോപാലൻ, പണിക്കരച്ചനെ വിളിച്ചു, "അച്ചനു മാധവനെ അറിയാമോ? ഡിഗ്രിക്കു പഠിക്കുന്നു. അച്ചോ അവൻ ചെറിയ നക്സലാണ്. സൂക്ഷിക്കണം."

*"മാധവനെ അറിയാം. എസ്.എഫ്.ഐ. പ്രവർത്തകനാണ്. പഠിക്കാൻ മിടുക്കൻ."* പണിക്കരച്ചൻ പറഞ്ഞു.

എന്തായാലും പണിക്കരച്ചൻ മാധവനെ നിരീക്ഷിച്ചു.

ഒരിക്കൽ എസ്.എഫ്.ഐ. - കെ.എസ്.യു. അടിപിടി ഉണ്ടായി. അടി കൊണ്ടത് മാധവനാണ്. പോലീസ് കേസായി. ഒന്നാം പ്രതി മുൻ മന്ത്രി കോരയുടെ മകൻ. പണിക്കരച്ചൻ മാധവനെ വിളിച്ചു.

*"നമ്മൾ തമ്മിൽ പിണങ്ങും. നിന്റെ പ്രവർത്തനശൈലി എനിക്കിഷ്ട മില്ല. നീ ഐ.എ.എസ് എഴുതിയെടുക്കേണ്ടവനാണ്."*

*"അച്ചോ, എനിക്കീ വ്യവസ്ഥിതി തകർക്കണം"* എന്നായി മാധവന്റെ പ്രതി കരണം.

*"നിന്റെ കുരുത്തക്കേട് ഇവിടെ പറ്റില്ല."*

കോളജിൽ അടിപിടി പിന്നെയും തുടർന്നപ്പോൾ പണിക്കരച്ചൻ മാധ വനെ വിളിച്ചു:

*"ഇങ്ങനെ പോയാൽ ഞാൻ ഡിസ്മിസ് ചെയ്യും. ഇനി ഇവിടെ നിന്നാൽ ഐ.എ.എസ്. കിട്ടില്ല. അടിപിടിയിൽ പോകാതെ രക്ഷപെടാൻ നോക്ക്."*

*"അച്ചോ, എനിക്ക് ഇക്കണോമിക്സ് പഠിക്കണം. ഞാനൊന്ന് നോക്കാം."*

അടിപിടിക്കേസിൽ നിന്നു രക്ഷപെടുത്താൻ മാധവനു റിക്വസ്റ്റ് ടി.സി. കൊടുത്തു. അടിപിടിക്കാരനാണെങ്കിലും നല്ല സ്വഭാവത്തിനു സർട്ടിഫി ക്കേറ്റും നൽകി. സുവോളജി പഠിച്ച മാധവൻ എറണാകുളം മഹാരാജാ സിൽ ഇക്കണോമിക്സിനു ചേർന്നു. അവിടെ ചേരാൻ മാർക്കുണ്ടായിരു ന്നു. എന്നാൽ എറണാകുളത്തു ചെന്നിട്ടും മാധവൻ ചില്ലറ പ്രശ്നങ്ങൾ ഉണ്ടാക്കി. കോൺഗ്രസ് സമ്മേളനം നടത്താൻ ഇട്ട പന്തൽ കത്തിക്കാൻ മാധവനും ഉണ്ടായിരുന്നു.

എന്തായാലും പണിക്കരച്ചൻ പറഞ്ഞതുപോലെ മാധവൻ ഐ.എ.എസ്. നേടി. ആ മാധവനാണ് മലയാളത്തിലെ പ്രമുഖ കഥാകൃത്ത് കൂടിയായ എൻ. എസ്. മാധവൻ.

പണിക്കരച്ചനെ പ്രത്യക്ഷത്തിൽ പല കുട്ടികൾക്കും പേടിയായിരുന്നെ ങ്കിലും അവർക്കെല്ലാം അച്ചനോടു സ്നേഹവും ബഹുമാനവുമായിരുന്നു. സമരം ചെയ്യാൻ കുട്ടികൾ വരുമ്പോൾ പണിക്കരച്ചൻ അവരോട് പറഞ്ഞതു ശരിയായ കാര്യം ചെയ്യാനാണ്. തെറ്റായ കാര്യത്തിനു സമരം ചെയ്യാൻ വന്ന ഒരു നേതാവിനോട് പണിക്കരച്ചൻ ഇങ്ങനെ പറഞ്ഞു:

"എടാ, നിന്നെ തൂമ്പാകൊണ്ട് വാരി എറിയും. പൊയ്ക്കോ."

ഇത്രയും കർക്കശ ഭാഷയിൽ സംസാരിക്കാമോ എന്നു ഞങ്ങൾ ചോദിച്ചു.

*"കർക്കശ ഭാഷ ശരിയല്ലെന്ന് എനിക്കറിയാം. അതു എന്റെ ഭാഷയു മല്ല. എനിക്കു കുട്ടികളോട് സ്നേഹമാണ്. അതു തിരിച്ചറിഞ്ഞവരാണ് ഏറെയും."*

*ഫുട്ബോൾ ടീം പണിക്കരച്ചനുമൊത്ത്. ഗ്രന്ഥകാരൻ ഡോ. പോൾ മണലിൽ പിന്നിൽ ഇടത്തു നിന്ന് അഞ്ചാമത്.*

പണിക്കരച്ചൻ പറഞ്ഞതു ശരിയാണ്. കോളജിൽ നിന്നു വിരമിച്ച വേള യിൽ വിദ്യാർത്ഥികൾ നടത്തിയ യാത്രയയപ്പ് യോഗത്തിൽ പണിക്കരച്ചനെ കാണുമ്പോൾ ഭയന്നു വിറച്ചിരുന്ന ഒരു വിദ്യാർത്ഥി യോഗത്തിനിടയിൽ ഓടി വന്ന് അച്ചനെ കെട്ടിപ്പിടിച്ച ഒരു സംഭവമുണ്ട്. മറ്റൊരു വിദ്യാർത്ഥി വീട്ടിൽ നിന്നു ആനയെ കൊണ്ടുവന്നാണ് പണിക്കരച്ചനെ ഹാരമണിയിച്ചത്. കുട്ടി കൾക്കു പണിക്കരച്ചനോടുള്ള സ്നേഹത്തിന്റെ ഒരു സൂചനയായിരുന്നു അത്.

### സിനിമാ നടൻ ജഗദീഷ്

മാർ ഈവാനിയോസിൽ പണിക്കരച്ചന്റെ കാലത്തു പഠിച്ച എല്ലാ വിദ്യാർ ത്ഥികളും പണിക്കരച്ചനെ സ്നേഹപൂർവ്വം സ്മരിക്കുന്നവരാണ്. എം. കോമിനു പഠിക്കുമ്പോൾ സിനിമാ നടൻ ജഗദീഷ് കോളജ് യൂണിയൻ ചെയർമാനായിരുന്നു.

*"ഞാൻ സിനിമാ നടനാകാൻ കാരണം പണിക്കരച്ചനായിരുന്നു. പണി ക്കരച്ചൻ തന്ന സ്നേഹവും കരുതലും ആത്മവിശ്വാസവുമാണ് എനിക്കു നടനായി വളരാനുള്ള വഴിയൊരുക്കിയത്"* ജഗദീഷ് പറയുന്നു.

പണിക്കരച്ചനുമായി ആദ്യം ഇടപെട്ട കഥ ജഗദീഷ് വിവരിക്കുന്നു:

*“ഞാൻ 1975–77 വർഷങ്ങളിലാണ് മാർ ഈവാനിയോസിൽ എം.കോമിനു പഠിച്ചത്. അന്ന് കോളജിൽ കലാപരിപാടികൾക്കു മോണോ ആക്ട്, നാടകം, മിമിക്രി എന്നീ ഇനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എന്റെ പരിപാടി കണ്ടിട്ട് പണിക്കരച്ചൻ സദസ്സിന്റെ മുമ്പിലിരുന്ന് ചിരിക്കാറുണ്ടായിരുന്നു. എന്നാൽ അച്ചനെ നേരിട്ട് ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. അക്കാലത്തു ‘കലാകൗമുദി’ വാരികയിൽ ‘വിനോദം കലാലയങ്ങളിൽ’ എന്നൊരു പംക്തിയുണ്ടായിരുന്നു. കോളജിലെ നർമ്മം കലർന്ന അനുഭവങ്ങൾ എഴുതുന്ന ഒരു പംക്തിയായിരുന്നു അത്. ഒരു പീരിയഡിൽ പ്രൊഫ. എ. സി. ജോസഫ് സാർ പ്ലാനിംഗിനെപ്പറ്റി ക്ലാസ്സ് എടുത്ത ദിവസം ഞാൻ അടുത്തിരുന്ന കുട്ടിയോടു സംസാരിച്ചു.*

*എന്താണ് സംസാരിച്ചതെന്ന് സാർ ചോദിച്ചു.*

*“സർ, ഇവൻ പ്ലാനിംഗിനെപ്പറ്റി ചോദിച്ചതാണ്. ഇന്ത്യയിൽ പ്ലാനിംഗ് എങ്ങനെ വിജയിപ്പിക്കാം എന്നാണിവൻ ചോദിച്ചത്.”*

*“നീ എന്തു പറഞ്ഞു?” സാറിന്റെ പ്രതികരണം.*

*“സാറിന്റെ അടുത്തു ചോദിച്ചാൽ മതി” എന്നു പറഞ്ഞു.*

*അങ്ങനെയാണ് ഞാൻ രക്ഷപെട്ടത്.*

*ഈ സംഭവമാണ് ഞാൻ ‘വിനോദം കലാലയങ്ങളിൽ’ എന്ന പംക്തിയിൽ പൊടിപ്പും തൊങ്ങലും ചേർത്ത് എഴുതിയത്. ഒന്നാം സമ്മാനം എനിക്കായിരുന്നു. 50 രൂപയും വാരികയും കലാകൗമുദി ഓഫീസിൽ നിന്നു പ്രിൻസിപ്പലിന്റെ പേർക്കു അയച്ചുകൊടുത്തു. അതു കിട്ടിയ ഉടൻ പ്രിൻസിപ്പൽ എന്നെ വിളിച്ചു. പ്യൂൺ ക്ലാസിൽ വന്നപ്പോൾ ഞാൻ വിരണ്ടു. പണിക്കരച്ചൻ എന്റെ എന്തോ കുസൃതി കണ്ടു കാണുമെന്നു കരുതി!*

*ഞാൻ ചെന്നപ്പോൾ പണിക്കരച്ചൻ ചിരിച്ചു.*

*“എന്താടോ പ്ലാനിംഗ് ക്ലാസിൽ നടന്നത്?”*

*“തമാശയ്ക്കു എഴുതി അയച്ചതാണ്. എന്റെ മറുപടി കേട്ടിട്ട് അച്ചൻ ചിരിച്ചു. ആ ചിരി മരണം വരെയും അച്ചൻ എന്നോട് കാണിച്ചിരുന്നു. പണിക്കരച്ചന്റെ ശിക്ഷണത്തിലൂടെ എനിക്കു സ്വഭാവരൂപവൽക്കരണം നടത്താൻ കഴിഞ്ഞു. ഞാൻ ആദ്യമായി നാടകത്തിൽ അഭിനയിച്ചതു പണിക്കരച്ചന്റെ മുമ്പിലാണ്. ഏബ്രഹാം ജോസഫിന്റെ ‘ഇരുണ്ട വെളിച്ചം’ എന്ന നാടകത്തിൽ അഭിനയിച്ചതിനു എനിക്കു സമ്മാനവും കിട്ടി.”*

**ജഗതി ശ്രീകുമാർ**

മാർ ഈവാനിയോസിൽ പൂർവ്വവിദ്യാർത്ഥിയായിരുന്ന ജഗതി ശ്രീകുമാർ പണിക്കരച്ചനെ കാണുന്നതു ഗുരുവും പിതാവുമായിട്ടാണ്.

*"ജീവിതത്തിൽ അച്ചടക്കവും സമയനിഷ്ഠയും കൃത്യനിഷ്ഠതയും ഞാൻ പഠിച്ചതു പണിക്കരച്ചനിൽ നിന്നാണ്"* ജഗതി ശ്രീകുമാർ പറയുന്നു.

ജഗതി ശ്രീകുമാർ കോളജിൽ ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയായിരുന്നു. അക്കാലത്തെപ്പറ്റി ജഗതി ഇങ്ങനെ പറയുന്നു:

*"എൻ. എൻ. പിള്ളയുടെ 'ക്രോസ്ബൽറ്റ്' എന്ന നാടകത്തിലാണ് കോളജിൽ ആദ്യം അഭിനയിച്ചത്. നാടകം അവതരിപ്പിക്കുന്നതിനു മുമ്പ് പണിക്കരച്ചൻ സ്ക്രിപ്റ്റ് വായിച്ചു നോക്കുമായിരുന്നു. എന്നിട്ടേ അവതരിപ്പിക്കാൻ അനുവാദം തരൂ. എനിക്കു സിനിമയിൽ അഭിനയിക്കാൻ വഴി തുറന്നതു കോളജിലെ നാടകാഭിനയമാണ്. പണിക്കരച്ചനാണ് എന്നെ പ്രോത്സാഹിപ്പിച്ചത്. എന്നോട് അച്ചനു ഇഷ്ടമായിരുന്നു. എന്നാൽ അമിത സ്വാതന്ത്ര്യമൊന്നും ക്യാമ്പസിൽ തന്നിരുന്നില്ല. ഒരിക്കൽ ലൈബ്രറിയുടെ പുറകിൽ പോയി പുകവലിച്ചതിനു അച്ചൻ എന്നെ തല്ലിയിട്ടുണ്ട്."*

**ജെ.എം. സ്റ്റുവർട്ട്**

പണിക്കരച്ചൻ തന്റെ ജീവിതത്തെ മാറ്റിമറിച്ച കാര്യം ജെ. എം. സ്റ്റുവർട്ട് പറഞ്ഞിട്ടുണ്ട്. കോട്ടയം സി.എം.എസ്. കോളജിൽ നിന്നു എം.എ. പാസ്സായ ശേഷം ഒരിക്കൽ ജെ.എം. സ്റ്റുവർട്ട് മാർ ഈവാനിയോസ് ക്യാമ്പസിൽ എത്തി. ഡിഗ്രിക്കു പഠിച്ച കോളജ് കാണാനാണ് എത്തിയത്. 1964-ലാണ് തൊട്ടടുത്തുള്ള ട്രെയിനിംഗ് കോളജിൽ ജോലിക്കു ഒരു അപേക്ഷ നൽകിയിട്ടായിരുന്നു ഈവാനിയോസിന്റെ പടികൾ കയറിച്ചെന്നത്. ഇന്നത്തെ മെയിൻബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ളോർ മാത്രമെ അന്ന് ഉണ്ടായിരുന്നുള്ളു. ക്യാമ്പസ് ചുറ്റിക്കറങ്ങുന്നതിനു ഇടയിൽ പണിക്കരച്ചനെയും മലഞ്ചരുവിൽ അച്ചനെയും ആദ്യമായി പരിചയപ്പെട്ടു. ട്രെയിനിംഗ് കോളജിൽ അപേക്ഷ നൽകാൻ വന്നതാണെന്നു പറഞ്ഞു.

*"ഇവിടെ ഇംഗ്ലീഷിൽ ഒരു വേക്കൻസിയുണ്ട്. താല്പര്യമുണ്ടെങ്കിൽ ഒരു അപേക്ഷ തരണം."*

ഇങ്ങനെ പറഞ്ഞിട്ട് പണിക്കരച്ചൻ മുറിയിൽ നിന്നു ഒരു കടലാസും പേനയും എടുത്തു കൊടുത്തു. അപ്പോൾ തന്നെ ജെ. എം. സ്റ്റുവർട്ട് അപേക്ഷ എഴുതി നൽകി. അങ്ങനെ 1964 മുതൽ വിരമിക്കുന്നതു വരെ ജെ. എം. സ്റ്റുവർട്ട് കോളജിൽ പ്രവർത്തിച്ചു. പുതിയ തലമുറയെ മനസ്സിലാക്കാൻ പണിക്കരച്ചനെപ്പോലെ മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്നാണ് സ്റ്റുവർട്ട് പറഞ്ഞിട്ടുള്ളത്.

## ഷെവലിയർ ബേബി എം. വർഗീസിന്റെ ഗുരുസ്മരണ

കോതമംഗലം യൽദോ മാർ ബസേലിയോസ് കോളജിന്റെയും മരിയൻ അക്കാദമിയുടെയും സ്ഥാപകനും കോതമംഗലം മാർ അത്തനേഷ്യസ് കോളജിൽ ഇംഗ്ലീഷ് പ്രൊഫസറും പിറവം കോളജിൽ പ്രഥമ പ്രിൻസിപ്പലുമായിരുന്ന ഷെവലിയർ ബേബി എം. വർഗീസ് 1968-ൽ പണിക്കരച്ചന്റെ ക്ലാസ്സിൽ ഇരുന്ന് പഠിച്ച അനുഭവം ഇപ്രകാരം പങ്കുവയ്ക്കുന്നു:

*"അനന്തപുരിയിൽ അനന്ത സാദ്ധ്യതകളുണർത്തുന്ന സൽക്കലാലയമാണ് മാർ ഈവാനിയോസ് കോളജ്. നഗരപരിധിക്കിപ്പുറത്ത് ഗ്രാമീണ സൗഭഗം തൂവുന്ന 'നാലാഞ്ചിറ'യിൽ വിടർന്ന അക്ഷരോദ്യാനമാണിത്. അവിടെയാണ് ആംഗലസാഹിത്യത്തിൽ ബിരുദാനന്തര പഠനം നടത്താൻ കോതമംഗലത്തു നിന്നു 1968-ൽ ഞാൻ എത്തിയത്. ഈ അക്ഷരതീർത്ഥാടനത്തിന് നിമിത്തമായത് അന്നവിടെ വകുപ്പു മേധാവിയും വൈസ് പ്രിൻസിപ്പലുമായിരുന്ന അമ്മയുടെ പിതൃസഹോദരൻ റവ. ഡോ. സി.എ. ഏബ്രഹാം അച്ചനാണ് (അമ്മ വിളിക്കുന്നതു കേട്ട് വളർന്ന ഞാൻ കൊച്ചപ്പൻ എന്നാണ് വിളിച്ചിരുന്നത് - അച്ചൻ കൊച്ചപ്പൻ). എന്നെ വളർത്തുന്നതിലും സർഗ്ഗത്തേരിലേറ്റുന്നതിലും കുട്ടിക്കാലം മുതൽ കൈപിടിച്ച് നടത്തുന്നതിലും രക്ഷാകരമായി വർത്തിച്ചത് അച്ചൻ കൊച്ചപ്പനാണ്. അതുകൊണ്ടു തന്നെയാണ് എം.എ. പഠനത്തിന് മാർ ഈവാനിയോസിലെത്തിയത്. അന്ന് പ്രിൻസിപ്പൽ റവ. ഡോ. ഗീവർഗീസ് പണിക്കർ അച്ചനായിരുന്നു. പ്രവേശനം നേടി അച്ചന്റെ വിശാലമായ മുറിയിലെത്തിയപ്പോൾ നാട്ടിൻപുറത്തുകാരനായ എനിക്ക് സ്വാഭാവികമായും പതർച്ചയുണ്ടായി. ഒരു മനഃശാസ്ത്ര വിശാരദന്റെ ഭാവത്തോടെ, കലാലയ മഹർഷിയുടെ ശാന്തതയോടെ, അലഘുവിഭാവനായ ആചാര്യന്റെ അനൗദ്ധത്യത്തോടെ പ്രിൻസിപ്പലച്ചൻ ആദ്യം പറഞ്ഞത് ഇന്നും ഓർക്കുന്നു: 'Be a Blissful Baby in the Campus.' ആ വാത്സല്യത്തിന് ഭംഗം വരാതെയാണ് ഞാൻ പഠനം പൂർത്തിയാക്കിയത്.*

*ഒരു പഴയ ഓട് മേഞ്ഞ കെട്ടിടത്തിലാണ് ഞങ്ങളുടെ ഇരിപ്പിടം. ചുറ്റും മരങ്ങളും ചെടികളും വളർന്നു നിൽക്കുന്നു. വശ്യമായ ഒരു പർണ്ണശാല. അറിവിന്റെ മാലിനീതീരത്തൊരാശ്രമം. താതകണ്വനായ പ്രിൻസിപ്പലച്ചന്റെ നിതാന്തമായ പരിചരണം; റവ. ഡോ. സി. എ. ഏബ്രഹാം, പ്രൊഫ. ഡി.ജി. ഐസക്സ്, പ്രൊഫ. കെ.ജി. ജോർജ്ജ്, പ്രൊഫ. കോശി വൈദ്യൻ, പ്രൊഫ. ബാലകൃഷ്ണൻ, പ്രൊഫ. ദൊരൈസ്വാമി തുടങ്ങിയ വിജ്ഞരുടെ സാന്നിദ്ധ്യം; ഒത്തിരി മുനികുമാരന്മാരും കുമാരിമാരും നിറഞ്ഞ പരിപൂതമായ അന്തരീക്ഷം; അപൂർവ്വം ചില ദുഷ്യന്തന്മാരും ശകുന്തളമാരും മരനിരകൾക്കിടയിൽ രമിക്കുന്നതും കാണാം.*

*അന്ന് കലാപകലുഷിതമായ ദിനങ്ങളില്ല, കലോൽഭാസിതമായ പരിപാടികളാണ് ഏറെയും. കോളജിനുവേണ്ടി അക്ഷരശ്ലോകം, കവിത, പ്രസംഗ മത്സരങ്ങളിലൊക്കെ ഞാൻ പങ്കെടുത്തിരുന്നത് നല്ല ഓർമ്മകളാണ്.*

*പണിക്കരച്ചൻ അറിവിന്റെ ബോധിവൃക്ഷമാണ്; കനിവിന്റെ കേദാരമാണ്; നന്മയുടെ പൂമരമാണ്; വൈരം മറന്നുള്ള ശീലമാണ്; കന്മഷമില്ലാത്ത പ്രകൃതമാണ്. ആ ജീവിതം സൗമ്യതയുടെ സങ്കീർത്തനം പോലെയാണ്; എങ്കിലും ഗഹനതയുടെ അടിയൊഴുക്കുകളും കാണാം. ക്ഷോഭിക്കുന്നവരുടെ സുവിശേഷം അച്ചനു പത്ഥ്യമല്ല. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം പെട്ടെന്നു ചൂടാകും, പെട്ടെന്നു തണുക്കുകയും ചെയ്യും ('Nehru Temper' എന്നു ഞങ്ങളതിനെ വിശേഷിപ്പിക്കാറുണ്ട്).*

*'With malice towards none' എന്ന സദ്വർത്തമാനത്തിന്റെ പരിപ്രേക്ഷ്യമാണ് അച്ചന്റെ ജീവിതം. അച്ചന്റെ നടപ്പിൽ ബോധനമുണ്ട്, നോട്ടത്തിൽ ശിക്ഷണമുണ്ട്, എടുപ്പിൽ സൂചനയുണ്ട്. അച്ചടക്കം ശീലമാക്കുന്നവർക്ക് 'ഇവിടെയാണദ്ധ്യാത്മ വിദ്യാലയം.'*

*ക്രിട്ടിസിസം പേപ്പറാണ് അച്ചൻ പഠിപ്പിച്ചിരുന്നത്. പ്ലേറ്റോയും, അരിസ്റ്റോട്ടിലും ലോഞ്ചൈനസുമൊക്കെ പുനർജനിക്കുന്ന കലാലയ ദിനങ്ങൾ ഗൃഹാതുരത്വം പേറുന്ന മനസ്സിലിന്നും നിറഞ്ഞു നിൽക്കുന്നു. പ്ലേറ്റോയുടെ പാക്ഷികകാവ്യസിദ്ധാന്തവും അരിസ്റ്റോട്ടിലിന്റെ ചടുലമായ പ്രതിസ്പന്ദവും ലോഞ്ചൈനസിന്റെ ഉദാത്തതയുടെ (Sublimity) സുവർണ്ണലേപനവും കാലാതിവർത്തിയായ ഒരു ഗുരുനാഥനെയാണ് മനസ്സിലുണർത്തുന്നത്. ടി.എസ്. എലിയട്ടിന്റെ 'The Waste Land' പഠിപ്പിക്കുമ്പോളൊക്കെ ജീവിതം waste ആക്കരുതെന്ന് അച്ചൻ ഓർമ്മപ്പെടുത്തുമായിരുന്നു. ഒരു ദിവസം അച്ചൻ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പിന്നിൽ നിന്നൊരു രസികൻ 'സമയം വെയ്സ്റ്റാക്കല്ലെ' എന്ന് പതിഞ്ഞ സ്വരത്തിൽ പറഞ്ഞത് അച്ചൻ കേട്ടു. അച്ചൻ പെട്ടെന്ന് ക്ഷുഭിതനായി.*

*"കാണാത്തവനും കേൾക്കാത്തവനും അറിയാത്തവനും ഇരുട്ടിന്റെ സന്തതിയാണ്. അവന്റെ ജീവിതം തരിശ്ശായി, ശൂന്യമായി പോകുന്നതിൽ പരിതപിക്കണോ?"*

*എല്ലാവരും മൗനത്തിലായി പകച്ചിരുന്നു. അച്ചൻ വീണ്ടും പറഞ്ഞു:*

*പൈതൃകവും പാരമ്പര്യവും വ്യക്തിപ്രതിഭയുമൊക്കെ (Tradition and Individual Talent) തമ്മിൽ അന്തർധാരയുള്ളതാണെന്ന് പറഞ്ഞതും ഏലിയട്ട് തന്നെയാണ്.*

*എല്ലാവരുടെയും മനസ്സിൽ മുള്ളു കൊണ്ടു. എന്നിട്ടും അച്ചൻ വിട്ടില്ല.*

*'നല്ല മനസ്സിന്റെ പ്രതിദ്ധ്വനിയാണ് ഉദാത്തത' എന്ന ലോഞ്ചൈനസിന്റെ കാവ്യ സിദ്ധാന്തം (Theory of sublimity) എന്നു കൂടി പറഞ്ഞാണ് ക്ലാസ്സ് അവസാനിപ്പിച്ചത്.*

*പ്രത്യുല്പന്നമതിയായ ഗുരുനാഥന്റെ ശ്രേഷ്ഠമായ ധർമ്മബോധനം അദ്ധ്യാപനത്തെ മഹിതമാക്കുന്ന മുഖ്യ ഘടകമാണ്. ഞങ്ങളുടെ പ്രിൻസിപ്പൽ റവ. ഡോ. ഗീവർഗീസ് പണിക്കർ നല്ല ആചാര്യനും നല്ല വൈദികനുമാണ്; കർമ്മനിരതനും ധർമ്മപാലകനുമാണ്; ഭക്തിമാർഗ്ഗവും കർമ്മയോഗവും സമന്വയിപ്പിക്കുന്ന ദൈവദാസനാണ്. തലമുറകളിലൂടെ ലബ്ധപ്രതിഷ്ഠ നേടുന്ന ഗുരുനാഥന്മാർ പ്രകാശവാഹകരാണ്; ഇരുട്ടിനെ വിപാടനം ചെയ്യുന്നവരാണ്. കർമ്മബദ്ധമായ നല്ല ജീവിതചര്യയാണ് നല്ല ആരാധന. ആരാധനയിലെന്നോണം ഒരു സങ്കീർത്തനം പോലെ അച്ചന്റെ ജീവിതം ഞങ്ങൾക്കൊക്കെ ഗുണപാഠമാണ്.*

*അശീതിയുടെ നിറവിലാണ് ഞാനിപ്പോൾ. പക്ഷെ അച്ചന്റെ മുമ്പിൽ വെറും ഇരുപതുകാരൻ. 'Be a Blissful Baby' എന്ന് പറഞ്ഞത് ഇന്നും പ്രവാചകസ്വരമായി എന്റെ ഉള്ളിൽ പ്രതിദ്ധ്വനിക്കുന്നുണ്ട്. അച്ചൻ തന്ന 'അക്ഷര വര'മാണ് എന്റെ ഊർജ്ജ സ്രോതസ്സ്. അച്ചനിൽ ദ്വന്ദ്വഭാവമുണ്ട്: സമർപ്പിത ചേതസ്സായ ആചാര്യനും സുകൃത തേജസ്സായ വൈദികനും."*

## അതുല്യനെന്ന് ജിജി തോംസൺ

മാർ ഈവാനിയോസ് കോളജിൽ 1972-ൽ പ്രീഡിഗ്രിക്കു ചേരാൻ പണിക്കരച്ചന്റെ മുമ്പിൽ ചെന്ന കഥ മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ അനുസ്മരിക്കുന്നു:

*"വലിയ സ്വപ്നങ്ങളുമായിട്ടാണ് ഞാൻ ഇന്റർവ്യൂവിന് ചെന്നത്. രാഷ്ട്രീയ നേതാവാകുനുള്ള വഴിയും കണ്ടുവച്ചിരുന്നു. ആദ്യം മനോരമ ബാലജനസഖ്യം പ്രസിഡന്റാകുക;പിന്നെ, കെ.എസ്.യു പ്രസിഡന്റ്' പിന്നെ, യൂത്ത് കോൺഗ്രസ് പ്രസിഡന്റ്; പിന്നെ, എം.എൽ.എ; അതും കഴിഞ്ഞ് മന്ത്രി; ഭാഗ്യമുണ്ടെങ്കിൽ മുഖ്യമന്ത്രി!*

*ഇന്റർവ്യൂ ബോർഡിൽ പ്രിൻസിപ്പൽ ഫാ. ഗീവർഗീസ് പണിക്കർ, മലയാളം വകുപ്പു മേധാവി ജോർജ് ഓണക്കൂർ, പിന്നെ, മറ്റു ചില പ്രൊഫസർമാരും. പ്രീഡിഗ്രിക്ക് തേഡ് ഗ്രൂപ്പാണ് ഞാൻ തിരഞ്ഞെടുത്തത്. മിടുക്കരായ വിദ്യാർഥികൾ ഒന്നും രണ്ടു ഗ്രൂപ്പുകളിലേക്കു പോകുമ്പോൾ, കണക്കിന് 89 മാർക്കുള്ള ഞാൻ എന്തിനാണ് തേഡ്*

ഗ്രൂപ്പ് എടുക്കുന്നതെന്ന് പ്രിൻസിപ്പലച്ചൻ ചോദിച്ചു.

'രാഷ്ട്രീയം കളിക്കാനാണോ?'

എന്റെ മനസ്സ് വായിക്കാനുള്ള കഴിവ് ഈ പാതിരിക്ക് എങ്ങനെ കിട്ടി? വേദശാസ്ത്രത്തിനു പുറമേ ജ്യോതിശാസ്ത്രവും പഠിച്ചിട്ടുണ്ടോ?

'എനിക്ക് തേഡ് ഗ്രൂപ്പാണ് ഇഷ്ടം', ഞാൻ ഉണർത്തിച്ചു. ഒരുപാട് പ്രസംഗമത്സരങ്ങളിൽ വിജയിയായിട്ടുണ്ടെന്നും, സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഒന്നാം സമ്മാനം നേടിയിട്ടുണ്ടെന്നുമുള്ള കാര്യ ങ്ങൾ അച്ചാച്ചൻ പ്രിൻസിപ്പാളിന്റെ ശ്രദ്ധയിൽപെടുത്തി.

'അപ്പോൾ സംശയം വേണ്ടാ; ഇവൻ ഇവിടെ രാഷ്ട്രീയം കളിക്കാൻ വന്നതു തന്നെ! നിനക്ക് ഇവിടെ അഡ്മിഷൻ ഇല്ല!' അച്ചൻ തീർത്തു പറഞ്ഞു. കരച്ചിലിന്റെ വക്കത്ത് എത്തിയ എന്നെ കണ്ട് ഓണക്കൂർ സാർ പറഞ്ഞു:

' ജിജിയെ എനിക്കറിയാം. മിടുക്കനാണ്. എഴുതാനും പ്രസംഗിക്കാനും അറിയാം. ബാലജനസഖ്യത്തിന്റെ സജീവ പ്രവർത്തകനാണ്.'

ഗൗരവം ഒട്ടും കളയാതെ പണിക്കരച്ചൻ പറഞ്ഞു:

'എങ്കിൽ, സാർ ഒരു അണ്ടർടേക്കിങ് തരണം. എന്നാൽ ഞാൻ അഡ്മി ഷൻ കൊടുക്കാം 'പ്രിൻസിപ്പലച്ചന്റെ നിബന്ധന ഓണക്കൂർ സാർ സമ്മതിച്ചു. അങ്ങനെ ഞാൻ കോളജിന്റെ പടവുകൾ കയറി.

ഒരു ദിവസം ക്ലാസ്സെടുക്കാൻ അധ്യാപകൻ വരാത്തതു കാരണം, ക്ലാസിൽ വലിയ ബഹളമായി. ക്ലാസ് സമയത്ത് പണിക്കരച്ചൻ റോന്ത് ചുറ്റും. ആറടി പൊക്കം. സൂക്ഷ്മമായ കണ്ണുകൾ. മുഖത്തു ഗൗരവം. അകെക്കൂടി വിദ്യാർഥികളുടെ പേടിസ്വപ്നം. ഞങ്ങളുടെ ബഹളം കേട്ട് അച്ചൻ ക്ലാസിലെത്തി.

'കൂവാനാണോടാ നീയൊക്കെ ക്ലാസിൽ വരുന്നത് നായിന്റെ മക്കളേ?' അച്ചൻ ആക്രോശിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. അച്ചന്റെ പദ സമ്പത്ത് അതിബൃഹത്താണെന്ന് എനിക്കു മനസ്സിലായി. മൃഗശാല യിൽ കൂട്ടിലായ വെരുക് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു പോലെ അച്ചൻ ക്ലാസിൽ നടക്കാൻ തുടങ്ങി. അപ്പോൾ അച്ചൻ എന്നെ കണ്ടു.

'നീ എന്തിനാ ഇവിടെ ഇരിക്കുന്നത്? എണീറ്റ് ഫസ്റ്റ് ഗ്രൂപ്പിൽ പോടാ.'

'അയ്യോ, അച്ചാ, എനിക്ക് ഈ ഗ്രൂപ്പ് മതി!'

ഞാൻ കേണു. അച്ചൻ എന്നെ ഒന്ന് തറപ്പിച്ചു നോക്കി.

*കോളജ് ഡിബേറ്റിങ് ടീമിൽ അംഗമാകാൻ ഒട്ടും വൈകിയില്ല. പതിയെ പ്പതിയെ സമ്മാനങ്ങൾ വാരിക്കൂട്ടാൻ തുടങ്ങി. പ്രസംഗമികവ് കാരണം താമസംവിനാ മാർ ഈവാനിയോസ് കോളജ് കെ.എസ്.യു യൂണിറ്റ് സെക്രട്ടറിയായി എന്നെ തിരഞ്ഞെടുത്തു. കേരളത്തിന്റെ കെ.പി.സി.സി സെക്രട്ടറി എന്നു പറയുന്നതു പോലെയാണ്, കെ.എസ്.യു. വിന്റെ കോളജ് യൂണിയൻ സെക്രട്ടറി! ചില്ലറ കാര്യ മാണോ? കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ഞാൻ നിർദ്ദേശിച്ച സ്ഥാനാർഥിയെ കെ.എസ്.യു. വിന്റെ ഔദ്യോഗിക നേതൃത്വം അംഗീ കരിച്ചില്ല. അതിൽ അരിശം പൂണ്ട് ഞാനും സുഹൃത്തുക്കളും കൂടി പാരലൽ നോമിനേഷനുകൾ നൽകി. അങ്ങനെ പാരലൽ കെ.എസ്.യു. പിറന്നു. എന്നെ കെ.എസ്.യു. വിൽ നിന്നു പുറത്താക്കി. എന്റെ രാഷ്ട്രീയ മോഹങ്ങൾക്ക് അത് വൻ തിരിച്ചടിയായി.*

*രാഷ്ട്രീയക്കാരന്റെ കുപ്പായം എനിക്കു ചേരില്ലെന്നു മനസ്സിലായി. അടുത്ത ഓപ്ഷൻ? ഐ.എ.എസുകാരനാവുക. അതിനുള്ള ശ്രമങ്ങൾ തുടങ്ങി. വായനയുടെ മാസ്മരിക ലോകത്തിലേക്ക് ഞാൻ ചേക്കേറി. ചിന്മയാ മിഷൻ നടത്തിയ പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനമായി ലഭിച്ചത് വലിയൊരു നിലവിളക്കായിരുന്നു 'ഓം' എന്നെഴുതിയ ഒരു ഫലകം ഒരു വശത്തും. പ്രിൻസിപ്പാളിന്റെ മുറിയിൽ കയറി അച്ചന് കൈമാറിയപ്പോൾ ആദ്യമായി പണിക്കരച്ചന്റെ മുഖത്ത് മന്ദഹാസം! കാർമേഘപടലങ്ങളുടെ ഇടയിൽ നിന്ന് സൂര്യൻ ഉദിച്ചുയരുന്നതു പോലെ. അച്ചൻ ശിപായിയെ വിളിച്ച് അച്ചന്റെ കസേരയുടെ ഒരു വശത്ത് വയ്ക്കാൻ പറഞ്ഞു. ഞാൻ അഭിമാനപുളകിതനായി.*

*പിന്നെ കാണുമ്പോഴൊക്കെ അച്ചൻ ആരായും: 'പുതിയ ട്രോഫികൾ വല്ലതും കിട്ടിയോ?' സ്നേഹമസൃണമായ ആ അന്വേഷണങ്ങൾ പണിക്കരച്ചൻ എന്ന കണിശക്കാരനായ പ്രിൻസിപ്പാളിന്റെ ഹൃദയം തൊട്ടറിയാൻ കാരണമായി. കാർക്കശ്യത്തിന്റെ പുറം ചട്ടയ്ക്കുള്ളിൽ മാതളപ്പൂവു പോലെ മൃദുലമായ ഒരു ഹൃദയം! അതായിരുന്നു, ഫാ. ഗീവർഗീസ് പണിക്കർ എന്ന അതുല്യനായ പ്രിൻസിപ്പാൾ."*

## പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികൾ ഓണക്കൂറിന്റെ ഓർമ്മയിൽ

മാർ ഈവാനിയോസ് കോളജിൽ പണിക്കരച്ചൻ വളർത്തിയെടുത്ത അനേകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്. ആയിരക്ക ണക്കിനു ഡോക്ടർമാർ, അഭിഭാഷകർ, അധ്യാപകർ, കന്യാസ്ത്രീകൾ, വൈദികർ, കലാകാരന്മാർ, എഴുത്തുകാർ എന്നിങ്ങനെ മന്ത്രിമാരും എം.എൽ.എ. മാരും ഐ.എ.എസുകാരും അടക്കം എത്രയോ ആളുകൾ പണിക്കരച്ചന്റെ ശിഷ്യഗണത്തിൽപ്പെടുന്നു. പണിക്കരച്ചന്റെ ഒപ്പം ജോലി

ചെയ്ത ജോർജ് ഓണക്കൂർ പൂർവ്വവിദ്യാർത്ഥികളിൽ കുറെപ്പേരുടെ പട്ടിക നിരത്തുന്നുണ്ട്. 'ഹൃദയരാഗങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്:

"മുൻ ചീഫ് സെക്രട്ടറിമാരായ കെ. ജയകുമാർ, ജിജി തോംസൺ, കസ്റ്റംസ് കളക്ടർ ഡോ. പി. ബാബു, മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ്, ബിജു പ്രഭാകർ ഐ.എ.എസ്., മുൻ ചീഫ് ജസ്റ്റീസ് ബഞ്ചമിൻ കോശി, വേൾഡ് ബാങ്ക് മുൻ ഡയറക്ടർ വിനോദ് തോമസ് എന്നിവരൊക്കെ പൂർവ്വവിദ്യാർത്ഥികളാണ്. ജഗതി ശ്രീകുമാർ, മഹേഷ് പഞ്ചു, നന്ദു തുടങ്ങിയ അഭിനേതാക്കൾ, ഷാജി എൻ. കരുൺ, അജയൻ, സോഹൻലാൽ തുടങ്ങിയ സംവിധായകർ, എസ്. എൻ. സ്വാമി, ചെറിയാൻ കല്പകവാടി എന്നിവരെപ്പോലുള്ള തിരക്കഥാകൃത്തുക്കൾ, വയലാർ ശരത്ചന്ദ്രവർമ്മയെപ്പോലെ ഗാനരചയിതാക്കൾ, ഹേമചന്ദ്രൻ ആദിയായ ഛായാഗ്രാഹകർ; അങ്ങനെ ആ പട്ടിക നീളുന്നു. അദ്ധ്യാപകനായ ഡോ. സി. ജി. രാജേന്ദ്രബാബുവും കവികളായ റോസ് മേരിയും, ഗിരിഷ് പുലിയൂരും രവീന്ദ്രൻ ചെന്നിലോടും കാര്യവട്ടം ശ്രീകണ്ഠൻ നായരും, മാധ്യമപ്രവർത്തകരായ എം. വി. നികേഷ് കുമാറും, എം. ജി. രാധാകൃഷ്ണനും, എം. എസ്. രവിയും, ദേവൻ പിഷാരടിയും, എസ്. മഞ്ജുളാ ദേവിയും, ഡോ. പോൾ മണലിലും ഡി. വിജയമോഹനും രാജു മാത്യുവും അഭിമാനമായി നിൽക്കുന്നു. താരാ കല്യാൺ, ശോഭാ റാണി, സിത്താര ബാലകൃഷ്ണൻ തുടങ്ങിയ നർത്തകിമാർ. രാഷ്ട്രീയ നേതാക്കളായ ടി. എം. ജേക്കബ്, കെ. മുരളീധരൻ, കൊടിക്കുന്നിൽ സുരേഷ്, പാലോടു രവി, പി. ടി. തോമസ്, ഷിബു ബേബി ജോൺ, മാമ്മൻ ഐപ്പ്, ചെറിയാൻ ഫിലിപ്പ്, ആര്യാടൻ ഷൗക്കത്ത്, കെ. കെ. ചെറിയാൻ, അകാലത്തിൽ കടന്നുപോയ ബിജു പുരുഷോത്തമൻ, സാന്ത്വന ഹോസ്പിറ്റൽ ഡയറക്ടർ ഡോ. ജോൺ പണിക്കർ, ഹൃദ്രോഗ ചികിത്സാ വിദഗ്ദ്ധൻ ഡോ. ജോർജ് തയ്യിൽ. കൊച്ചി കാൻസർ സെന്റർ മേധാവി ഡോ. പി.ജി. ബാലഗോപാൽ, സ്വസ്തി ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി എബി ജോർജ്, എയർ ട്രാവൽ എന്റർപ്രൈസസ് സ്ഥാപകൻ ഇ. എം. നജീബ്, ശിവജി ജഗന്നാഥൻ, എം.ബി.എസ്. യൂത്ത് ക്വയർ സെക്രട്ടറി അശോക് ശർമ്മ, പി. ടി. ഭാസ്കരപ്പണിക്കർ ഫൗണ്ടേഷൻ സെക്രട്ടറി യു. സുരേഷ്, ബിന്ദു വേണുഗോപാൽ, ഷേർലി സ്റ്റുവർട്ട് തുടങ്ങിയവരുൾക്കൊള്ളുന്ന ലിസ്റ്റ് വളരെ നീണ്ടതാണ്. പത്മശ്രീ കുര്യൻ ജോൺ മേളാംപറമ്പിൽ മറ്റൊരു ശ്രേഷ്ഠ വ്യക്തിത്വം. അതിനിടയിൽ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സ്വാമി അശ്വതി തിരുനാൾ, കിളിമാനൂർ കോവിലകത്തെ ഗോദവർമ്മ എന്നീ അഭിമാന ഗോപുരങ്ങൾ. ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഡോ. ജോർജ് തോമസ്, ബഥനി സന്യാസിനീ സമൂഹത്തിന്റെ മദർ







*പണിക്കരച്ചന്റെ സപ്തതി ആഘോഷം. ഡോ. ആന്റണി ഈപ്പൻ, എബി ജോർജ്, എ. നീലലോഹിതദാസ് നാടാർ, ജഗദീഷ്, ജഗതി ശ്രീകുമാർ, ഡോ. പോൾ മണലിൽ എന്നിവർ.*

പ്രൊവിൻഷ്യൽ റവ. സിസ്റ്റർ വിജയ, ... ആലോചിച്ചു നോക്കുമ്പോൾ ആഹ്ലാദിക്കുകയേ വേണ്ടൂ."

## പ്രൊഫ. ഫിലിപ്പ് കോശി നിരത്തുന്ന പൂർവ്വ വിദ്യാർത്ഥികൾ

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകനായിരുന്ന ഇന്തോ-ആംഗ്ലിക്കൻ എഴുത്തുകാരനും കോളജിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടത്തിയ 'ഹെരിറ്റേജ് 2000' എക്സിബിഷൻ കൺവീനറുമായിരുന്ന പ്രൊഫ. ഫിലിപ്പ് കോശിയും (യു.എസ്.എ.) വിവിധ രംഗങ്ങളിൽ ശ്രദ്ധേയരായ കുറെ പൂർവ്വ വിദ്യാർത്ഥികളുടെ പട്ടിക അവതരിപ്പിച്ചിട്ടുണ്ട്. കോളജിൽ സ്റ്റാഫ് അഡൈ്വസറായും പ്രവർത്തിച്ചിട്ടുള്ള ഫിലിപ്പ് കോശി പ്രഗത്ഭരുടെ പട്ടിക ഇങ്ങനെ പൂരിപ്പിക്കുന്നു:

മലങ്കര കത്തോലിക്കാ സഭയിൽ ബിഷപ്പന്മാരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ഡോ. സാമുവൽ മാർ ഐറേനിയസ്, ഡോ. മാത്യൂസ് മാർ പോളിക്കാർപ്പസ്, മുൻ സംസ്ഥാന മന്ത്രിമാരായ പി. സി. ചാക്കോ, എ. നീലലോഹിതദാസ് നാടാർ, ആന്റണി രാജു, അനൂപ് ജേക്കബ്, മുൻ എം.പി. തലേക്കുന്നിൽ ബഷീർ, കർഷക കോൺഗ്രസ് പ്രസിഡണ്ടായിരുന്ന ലാൽ കല്പകവാടി, കലാരംഗത്തു കീർത്തി പരത്തിയ നടീനടന്മാരായ രവി വള്ളത്തോൾ, പ്രിയങ്ക, അഭിരാമി, ചിപ്പി, മഞ്ജു പിള്ള, നർത്തകി നീനാ പ്രസാദ്, ഗായകരായ ജി. വേണുഗോപാൽ, വിധു പ്രതാപ്, സംവിധായകൻ സാജൻ ആലുംമൂട്ടിൽ, ചലച്ചിത്ര നിർമ്മാതാവ് ജോസഫ് വാളക്കുഴി, കേരള കൗമുദി ചീഫ് എഡിറ്റർ ദർശൻ രവി, അരുൺ (ഏഷ്യാനെറ്റ്), സുദീപ് (മനോരമ ചാനൽ), ഔട്ട് ലുക്കിന്റെയും ദി ട്രിബ്യൂണിന്റെയും ചീഫ് എഡിറ്ററായിരുന്ന രാജേഷ് രാമചന്ദ്രൻ, ഗൾഫ് ടൈംസ് ബിസ്സിനസ് എഡിറ്റർ പ്രതാപ് ജോൺ, ജനം ടി. വി. എഡിറ്റർ പ്രദീപ് പിള്ള, റിപ്പോർട്ടർ ചാനൽ സ്ഥാപകൻ എം. വി. നികേഷ് കുമാർ, മാതൃഭൂമി ന്യൂസ് എഡിറ്ററായിരുന്ന ബി. രമേശ് കുമാർ, മലയാള മനോരമയിൽ എഡിറ്റർ സാനു ജോർജ് തോമസ്, ടി വി. റിപ്പോർട്ടർ ജിമ്മി ജെയിംസ്, പ്രമുഖ കഥാകൃത്ത് എൻ. എസ്. മാധവൻ, വേദശാസ്ത്രജ്ഞനും സഭാചരിത്രകാരനുമായ ഫാ. ഡോ. എം. ഒ. ജോൺ, ആത്മീയ പ്രഭാഷകരായ ഇടിച്ചെറിയാ നൈനാൻ, റവ. വിനോദ് വിക്ടർ, ക്രിക്കറ്റ് താരം സഞ്ജു സാംസൺ, ഇന്ത്യൻ ക്രിക്കറ്റ് കോച്ച് ബിജു ജോർജ്, വൈറോളജിസ്റ്റ് ഡോ. ജോഷി, ശാസ്ത്രജ്ഞൻ ഡോ. ബിജു ധർമ്മപാലൻ, ഇന്തോ-ആംഗ്ലിക്കൻ എഴുത്തുകാരൻ അമ്പാട്ട് വർഗീസ് കോശി, ഐ.എ.എസ്. നേടിയ ബാലഗോപാൽ, ക്വിസ് മാസ്റ്റർ പ്രൊഫ. എബ്രഹാം ജോസഫ്, ഇൻക്രെഡിബിൾ ഇന്ത്യ, ഇന്ത്യാ ഷൈനിംഗ് എന്നീ പരസ്യവാചകങ്ങളിലൂടെ ഖ്യാതി നേടിയ പ്രമുഖ ക്രിയേറ്റീവ് റൈറ്റർ പ്രതാപ് സുതൻ, സീനിയർ അഭിഭാഷകൻ ജോർജ് ഫിലിപ്പ്, ചിത്രകാരൻ എബി എൻ. ജോസഫ്, ഫോട്ടോഗ്രാഫർ ബി. ജയചന്ദ്രൻ, കിംസ് ഹെൽത്ത്

കെയർ സ്ഥാപക ചെയർമാൻ ഡോ. എം. സഹദുള്ള, വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച ഡോ. ജിജിമോൻ കെ. തോമസ്, മോഹൻ പി. മാത്യൂസ്, ഡോ. കെ. ഐ. ജോർജ്, ഡോ. ആന്റണി ഈപ്പൻ, മുൻ പി.എസ്.സി. അംഗം തോമസ് മാത്തുണ്ണി, മോഹൻ സാമുവൽ, ജോസ് ജോസഫ്, സതീഷ് മേനോൻ, ജോൺ മത്തായി, സന്തോഷ് ശിവൻ, സംഗീത് ശിവൻ, വി. കെ. ചെറിയാൻ, ലേഖ ചക്രവർത്തി, മിഥുൻ രമേശ്, അഡ്വ. സുരേഷ് കുമാർ, റെജി താഴമൺ, ഗണേഷ് കുമാർ എന്നിങ്ങനെ നീളുന്നു ഫിലിപ്പ് കോശി നിരത്തുന്ന പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളുടെ പട്ടിക.

## മികച്ച വേദശാസ്ത്രജ്ഞൻ

അക്കാദമിക് രംഗത്താണ് പ്രവർത്തിച്ചിട്ടുള്ളതെങ്കിലും പണിക്കരച്ചനു ഏറ്റവും ഇഷ്ടപ്പെട്ട വിഷയം വേദശാസ്ത്രമായിരുന്നു. തോമസ് അക്വിനാസിന്റെ ചിന്തകൾ അച്ചനെ സ്വാധീനിച്ചു. ക്രിസ്ത്യൻ ഓറിയന്റ്, ദി ഹാർപ്പ് എന്നീ വേദശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ പണിക്കരച്ചൻ എഴുതുമായിരുന്നു.

തിയോളജി പഠിക്കാൻ വേണ്ടിയാണ് പണിക്കരച്ചൻ ഫിലോസഫി പഠിച്ചത്. തിയോളജിയിൽ ഫിലോസഫി പ്രയോഗിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വേദശാസ്ത്രചിന്തകൾ. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു മൃഗീയമായ മനുഷ്യനായിട്ടല്ല ദൈവികമായ മനുഷ്യനായിട്ടാണ് എന്ന ആശയമാണ് പണിക്കരച്ചൻ മുന്നോട്ടു വച്ചത്. ദൈവം വഴി മാത്രമേ നമ്മുടെ റിയാലിറ്റി നിലനിൽക്കൂ എന്നാണ് തന്റെ നിലപാട് എന്നും കത്തോലിക്കാ ഫിലോസഫിക്കു അടുത്തു വരുന്നതാണ് ശങ്കരാചാര്യരുടെ ഫിലോസഫിയെന്നും പണിക്കരച്ചൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ദൈവം ഒന്നേയുള്ളു. അതിൽ വ്യത്യാസമില്ലെന്നും വ്യത്യാസം വരുന്നതു അദ്വൈതത്തിലാണെന്നും പണിക്കരച്ചൻ പറഞ്ഞിട്ടുണ്ട്. കത്തോലിക്കാ സഭയുടെ ഭാരതവൽക്കരണത്തെ പണിക്കരച്ചന്റെ തിയോളജി സ്വാധീനിച്ചു.

ഓരോ ദേശത്തിന്റേയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ ആരാധനാക്രമം വേണമെന്നാണ് പണിക്കരച്ചൻ പറഞ്ഞിട്ടുള്ളത്. ക്രിസ്തീയത സ്വയം ഉണ്ടാകുന്നതല്ലെന്നും അതു ദൈവിക വെളിപാടാണെന്നും ദൈവത്തെ അംഗീകരിക്കണമെങ്കിൽ ത്രിത്വത്തെ അംഗീകരിക്കണമെന്നും പണിക്കരച്ചൻ എഴുതി. ഏകദൈവമേ ഉള്ളൂ എന്നു പറഞ്ഞാൽ, ആ ദൈവത്തെ ഓരോരുത്തരുടെയും ചിന്തയും സംസ്കാരവും അനുസരിച്ച് സ്വീകരിക്കണമെന്നാണ് പണിക്കരച്ചൻ വിഭാവനം ചെയ്തിട്ടുള്ളത്.

പണിക്കരച്ചന്റെ 'ഡിസിപ്ലിൻ' പ്രയോഗം പല വിദ്യാർത്ഥികൾക്കും പ്രയാസമുണ്ടാക്കിയിട്ടുണ്ടല്ലോ  എന്നൊരു ചോദ്യം ഞങ്ങൾ ഉന്നയിക്കുകയുണ്ടായി. അതല്പം കൂടിപ്പോയോ എന്ന് ചോദിച്ചപ്പോൾ പണിക്കരച്ചന്റെ മറുപടി ഇങ്ങനെ:

*ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസും പണിക്കരച്ചനും.*

*"പഠിത്തത്തിന്റെ കാര്യം നോക്കാനാണ് ഡിസിപ്ലിൻ കൊണ്ടുവന്നത്. പഠിക്കുന്നവർക്ക് എന്നിൽ നിന്ന് ഒരു പ്രയാസവും ഉണ്ടായിട്ടില്ല. എന്നാൽ പ്രശ്നക്കാരായ കുട്ടികൾ ധാരാളമുണ്ടായിരുന്നു. അവരെ പേരന്റ്സ് കണ്ണടച്ച് പിന്തുണച്ചതാണ് കാര്യങ്ങൾ വഷളാക്കാൻ ഇടയായിട്ടുള്ളത്. ആരു തെറ്റ് ചെയ്താലും ഞാൻ എതിർക്കും. അതെന്റെ ശൈലിയാണ്."*

അധ്യാപനം വെറുമൊരു പ്രവർത്തി അല്ലെന്നും അത് സ്നേഹത്തിന്റെ പ്രകടനം ആണെന്നും പണിക്കരച്ചൻ വിശ്വസിക്കുന്നു.

*"വിദ്യയിലൂടെ കുട്ടികൾ ശരിയായി രൂപവൽക്കരിക്കപ്പെടണം. മറ്റു ള്ളവരെപ്പറ്റി കുട്ടികൾക്ക് കരുതൽ ഉണ്ടാവണം. കുട്ടികൾക്കു ഇന്ന് ഹ്യൂമൻ ഫോർമേഷനുള്ള സാഹചര്യങ്ങൾ ഇല്ല. ഇതു മാതാപിതാക്കളുടെയും അധ്യാപകരുടെയും കുഴപ്പം മൂലം ഉണ്ടാകുന്നതാണ്. ജീവിതത്തിന്റെ വിവിധ തലങ്ങളിൽ ദൈവത്തിന്റെ സ്വാധീനവും ഉണ്ടാകണം."*

അധ്യാപകരെ വിലയിരുത്തുന്ന ഒരു പരിപാടി പണിക്കരച്ചൻ കോളജിൽ നടപ്പിലാക്കി. അമേരിക്കയിലെ പഠന പരിശീലനത്തിൽ നിന്ന് സ്വീകരിച്ച ഒരു പരിപാടിയായിരുന്നു ഇത്. അധ്യാപകരെ വിലയിരുത്തുന്ന പരിപാടിയെ എതിർത്തുകൊണ്ട് ചില അധ്യാപകർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് പരാതി നൽകി.

പണിക്കരച്ചൻ *"പിള്ളേർ പറയുന്നതുപോലെ ചെയ്യുന്നു"* എന്നായിരുന്നു അധ്യാപകരുടെ പരാതി.

*"ഞാൻ കരുതുന്നതാണ് പിള്ളേർ പറയുന്നത്"* എന്നായിരുന്നു പണിക്കരച്ചന്റെ പ്രതികരണം.

ജീവിതത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് പണിക്കരച്ചൻ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു:

*"വീട്ടിൽ എന്റെ ജീവിതം 16 വയസ്സു വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം കമ്മ്യൂണിറ്റി ജീവിതമായിരുന്നു. സഭയായിരുന്നു എന്റെ കുടുംബം. അതിന്റെ ഭാഗമായിട്ടാണ് മാർ ഈവാനിയോസ് കോളജിൽ പ്രിൻസിപ്പലായത്. അതും മിഷൻ വേലയുടെ ഭാഗമായിരുന്നു. സെമിനാരി ജീവിതമാണ് എന്റെ കാഴ്ചപ്പാടുകളെ മാറ്റിമറിച്ചത്. റോമിൽ പോയി തിയോളജി പഠിക്കാൻ കഴിഞ്ഞില്ല. അതിൽ മാത്രമേ എനിക്ക് സങ്കടമുള്ളൂ. എന്റെ ജീവിതത്തിലെ മറ്റെല്ലാ പ്രവർത്തനങ്ങളിലും ഞാൻ സന്തുഷ്ടനാണ്."*

മാർ ഈവാനിയോസ് കോളജിൽ നിന്നു വിരമിച്ചതിനു ശേഷം പണിക്കരച്ചൻ കേരള യൂണിവേഴ്സിറ്റിയിൽ 'ക്രിസ്ത്യൻ സ്റ്റഡി സെന്റർ ഫോർ കൾച്ചറൽ ആൻഡ് സോഷ്യൽ ചെയ്ഞ്ച്' എന്ന പഠനകേന്ദ്രത്തിന്റെ ഡയറക്ടറായും കുറെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ സുറിയാനി-ഹീബ്രു ഫാക്കൽറ്റിയുടെ ചെയർമാനായിരുന്നു. പ്രൈവറ്റ് കോളജ് പ്രിൻസിപ്പൽസ് കൗൺസിൽ പ്രസിഡന്റ് (1973-79), കേരള സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതി അംഗം (1979-85), സംസ്ഥാന ഉന്നത വിദ്യാഭ്യാസ ഉപദേശക സമിതി അംഗം (1979-85), കേരള സംസ്ഥാന ഓട്ടോണമസ് കോളജ് കമ്മിറ്റി അംഗം എന്നീ നിലകളിലും പണിക്കരച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ സെനറ്റ് അംഗമായി പ്രവർത്തിച്ചിട്ടുള്ള പണിക്കരച്ചൻ അവിടെ ഇംഗ്ലീഷ് ലിറ്ററേച്ചർ പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, ഇംഗ്ലീഷ് ലിറ്ററേച്ചർ ഡോക്ടറൽ കമ്മിറ്റി അംഗം, അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പണിക്കരച്ചനാണ് 1985-ൽ സ്ഥാപിതമായ സീരിയിൽ സുറിയാനി ബിരുദാനന്തരബിരുദ പഠനത്തിനു സിലബസ് ഉണ്ടാക്കിയത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സുറിയാനി വിഷയത്തിൽ സീരി കേന്ദ്രമാക്കി പിഎച്ച്.ഡി. പരിപാടിയും തുടങ്ങി. ലോക സുറിയാനി സമ്മേളനം ആരംഭിക്കുന്നതിനും 'ദി ഹാർപ്പ്' എന്ന പേരിൽ സുറിയാനി ഭാഷാ പഠനങ്ങൾ പ്രസിദ്ധീകരിക്കുന്ന റിസേർച്ച് ജേണൽ തുടങ്ങുന്നതിനും പണിക്കരച്ചന്റെ കാലത്തു കഴിഞ്ഞു. സീരിയിൽ വിപുലമായ സുറിയാനി ഗ്രന്ഥങ്ങളുടെ ശേഖരം ഉണ്ടാക്കാനും നേതൃത്വം നൽകി.



# ഭാഗം രണ്ട്

# റവ. ഡോ. ഗീവർഗീസ് പണിക്കരുടെ അപ്രകാശിത രചനകൾ

# 1

# അക്രമരാഹിത്യം ക്രൈസ്തവ ദർശനത്തിൽ

ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തന്നത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണല്ലോ. അദ്ദേഹം ഐതിഹാസികമായ വിധത്തിലാണത് സാധിച്ചത്. ഉപയോഗിച്ചത് അക്രമരഹിതമായ മാർഗ്ഗവും. അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ശക്തി ലോകത്തിന് മനസ്സിലായതും മഹാത്മാ ഗാന്ധി ആ മാർഗ്ഗം ഉപയോഗിച്ച് ഭാരതസ്വാതന്ത്ര്യം നേടിയപ്പോഴാണ്.

മനുഷ്യർ വ്യക്തികളായും സമൂഹമായും പെരുമാറേണ്ടതും ബന്ധങ്ങൾ സ്ഥാപിക്കേണ്ടതും അക്രമരഹിതമായ വിധത്തിലായിരിക്കണമെന്ന് ആത്മീയമൂല്യങ്ങളിൽ വിശ്വസിക്കുന്ന മിക്കവാറും ആളുകൾ സമ്മതിക്കും. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അക്രമരാഹിത്യം എത്രമാത്രം പ്രായോഗികമായി ഉപയോഗിച്ച് ലക്ഷ്യത്തിലെത്താമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസം കണ്ടേക്കാം. ലക്ഷ്യം നല്ലതായിരിക്കണം. മാർഗ്ഗവും നല്ലതായിരിക്കണം. നല്ല മാർഗ്ഗം, ഉത്തമമായ മാർഗ്ഗം അക്രമരഹിതമായിരിക്കുമെന്നു പറഞ്ഞാൽ അത് ഒരാദർശമായിട്ടെങ്കിലും സമ്മതിക്കണം.

അവരവരുടെ ആത്മീയ ദർശനം ആധാരമാക്കിയാണ് ഓരോരുത്തരും അക്രമരാഹിത്യത്തെ വീക്ഷിക്കുന്നത്. ഈശ്വരനിലും ആത്മീയമൂല്യങ്ങളിലും വിശ്വസിക്കുന്നവർക്കേ അക്രമരാഹിത്യം ഒരു നിർബ്ബന്ധമാർഗ്ഗമായി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. ക്രൈസ്തവദർശനമനുസരിച്ച് അക്രമരാഹിത്യത്തിന്റെ അടിസ്ഥാനവും പ്രായോഗികതയും പരിഗണിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. പ്രസ്തുത വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് അക്രമരാഹിത്യം എന്ന വാക്കുകൊണ്ട് അർത്ഥമാക്കേണ്ടത് എന്തെന്നു നോക്കാം. അക്രമരാഹിത്യം എന്നതിന്റെ അർത്ഥം അക്രമം ഇല്ലായ്മ എന്നാണ്. Non-Violence എന്ന് ആംഗലഭാഷയിൽ. അക്രമം എന്ന വാക്കിന്റെ അർത്ഥം ക്രമക്കേട്, കുഴപ്പം, അന്യായം, ബലപ്രയോഗം (Disorder, Injustice, Violence) എന്നിവയാണ്. മേൽപ്പറഞ്ഞ ക്രമക്കേടും, അന്യായവും, ബലപ്രയോഗവും ഇല്ലാത്തതാണ് അക്രമരാഹിത്യം. അക്രമരാ

ഹിത്യം അഹിംസയുടെ ഒരു ഭാഗമാണ്. അഹിംസ കൊണ്ട് നാം മനസ്സിലാക്കുന്നത് ഉപദ്രവിക്കാതിരിക്കൽ, കൊല്ലാതിരിക്കൽ, വിചാരംകൊണ്ടോ വാക്കു കൊണ്ടോ, പ്രവൃത്തി കൊണ്ടോ ഒന്നിനെയും പീഡിപ്പിക്കാതിരിക്കൽ എന്നാണല്ലോ. മേൽകാണിച്ച അർത്ഥങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ടു വേണം നാം അക്രമരാഹിത്യത്തെപ്പറ്റി പരിഗണിക്കേണ്ടത്.

ക്രിസ്തീയ ദർശനമനുസരിച്ച് മനുഷ്യൻ പരിപൂർണ്ണനാകുന്നത് ദൈവ സ്നേഹം വഴിയാണ്. സ്നേഹത്തിന്റെ പൂർണ്ണതയാണ് മനുഷ്യന്റെ പൂർണ്ണത. ഈ സ്നേഹം പ്രായോഗികമായി, പെരുമാറ്റരീതിയായി സ്വീകരിക്കുമ്പോൾ മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ അക്രമരാഹിത്യം അന്തർഭവിക്കുന്നു.

### മനുഷ്യൻ ആരാണ്?

വിശേഷബുദ്ധിയുള്ള ഒരു ജീവിയാണ് മനുഷ്യൻ. വിവേകമുള്ള മൃഗമാണ് മനുഷ്യൻ എന്നും ചിലർ പറയും. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട് നിത്യമായ കൂട്ടായ്മയിൽ വസിക്കുവാൻ വിളിക്കപ്പെട്ട വിവേകമുള്ള ജീവിയാണ് മനുഷ്യൻ. ആത്മാവും ശരീരവും യോജിച്ചുള്ള ഒരസ്തിത്വമാണ് മനുഷ്യനുള്ളത്. ഈ അസ്തിത്വം നിലനിർത്തിക്കൊണ്ട് ആത്യന്തികമായി ദൈവവുമായി കൂട്ടായ്മയിൽ എത്തിച്ചേരുമ്പോഴാണ് മനുഷ്യൻ പരിപൂർണ്ണനാകുന്നത്. ഈ പൂർണ്ണതയ്ക്കുവേണ്ടിത്തന്നെ, അത് ആരംഭിക്കുവാനും, വളർത്തുവാനും മനുഷ്യൻ ഈ ലോകത്തിൽ വച്ചുതന്നെ ശ്രമിക്കണം. മനുഷ്യൻ ഒരു 'ആൾ' ആണ്. Man is a person എന്ന് ഇംഗ്ലീഷിൽ പറയും. ഒരു person എന്നു പറഞ്ഞാൽ സ്വയം നിശ്ചയിച്ച് ബോധപൂർവ്വം പ്രവർത്തിക്കുകയും സ്ഥിതിചെയ്യുകയും ചെയ്യുന്ന ജീവിയെന്നാണ് അർത്ഥം. A person is a being possessing itself in a unique way, and therefore self determining and holy, possessing inviolable rights and superior to everything natural.

മനുഷ്യനും ഒരു ആത്മാവുണ്ട്. ഒരു പരിച്ഛേദമായ മൂല്യമുണ്ട്. മറ്റുള്ളവർക്ക് ഇഷ്ടംപോലെ ഇട്ടുതട്ടാവുന്ന, കൈകാര്യം ചെയ്യാവുന്ന, ഒരായുധമോ ഉപകരണമോ ആയി മാത്രം കരുതാവുന്ന ഒരു വസ്തുവല്ല മനുഷ്യൻ. സ്വയം തീരുമാനമെടുക്കുവാൻ കഴിവുള്ളവൻ, വിവേചിക്കാൻ കഴിവുള്ളവൻ, സ്വയം ബോധമുള്ളവൻ, മനനം ചെയ്യുന്നവൻ, അലംഘനീയങ്ങളായ അവകാശങ്ങളുള്ളവൻ, ഇവയെല്ലാം മനുഷ്യന്റെ വിശേഷതകളാണ്. സർവ്വോപരി, ദൈവത്താൽ വിളിക്കപ്പെട്ടവൻ, ദൈവിക ജീവനുമായി അനന്യമായവിധത്തിൽ ബന്ധപ്പെട്ടവൻ, എന്നാൽ ആ ബന്ധത്തിൽ നിന്നും സ്വയം വഴുതിപ്പോയവൻ, പിന്നീട് യേശുക്രിസ്തു വഴിയായുള്ള രക്ഷയുടെ ഫലമായി വീണ്ടെടുക്കപ്പെട്ടവൻ, മറ്റുള്ള ജീവജാലങ്ങളിൽ നിന്നും വിഭിന്നമായ ജീവനുള്ളവൻ, ആത്മാവുള്ളവൻ - ഇവയൊക്കെ മനുഷ്യനുള്ള പ്രത്യേകതകളാണ്.

## മനുഷ്യന്റെ പരിപൂർണ്ണത എന്താണ്?

പ്രകൃതിനിയമമനുസരിച്ച് ഒരു ജീവിയുടെ വളർച്ച പൂർത്തിയാകുമ്പോൾ അതായത് അതിന്റെ അന്ത്യം അഥവാ നിർദ്ദിഷ്ടമായ ഉദ്ദേശ്യം സിദ്ധിച്ചു കഴിയുമ്പോൾ അത് പൂർണ്ണതയുള്ളതായിത്തീരുന്നു. "ഓരോന്നും അതതിന്റെ നിർദ്ദിഷ്ടമായ അന്ത്യം പ്രാപിക്കുന്നുവോ അത്രത്തോളം അത് പൂർണ്ണമായി എന്നു വിചാരിക്കുന്നു" (തോമസ് അക്വിനാസ്). ഇതാണ് പരിച്ഛേദമായ പൂർണ്ണത. എന്നാൽ ഇതു കൂടാതെ ആപേക്ഷികമായ ഒരു പൂർണ്ണതയുണ്ട്. അത്, ഒരുവൻ ശരിയായ യുക്തി അവനു വെളിപ്പെടുത്തുന്ന സ്വാഭാവിക നിയമത്തിന്റെ നിർദ്ദേശങ്ങളനുസരിച്ചുകൊണ്ടും അവന്റെ കഴിവുകളെ വികസിപ്പിച്ചുകൊണ്ടും ചുമതലകളെ യഥാവിധി നിർവ്വഹിച്ചുകൊണ്ടും മേൽപ്പറഞ്ഞ അന്ത്യത്തോട് സമീപിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. തോമസ് അക്വിനാസ് പറയുന്നത് കേൾക്കുക: "മനുഷ്യന്റെ പരമാന്ത്യം സൃഷ്ടമല്ലാത്ത നന്മയാണ്, അതായത് ദൈവമാണ്. അവിടത്തേയ്ക്ക് മാത്രമേ തന്റെ അനന്ത നന്മകൊണ്ട് മനുഷ്യഹൃദയത്തെ പരിപൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയുള്ളു." ആകയാൽ ദൈവത്തെ അറിയുക (സത്യം അറിയുക) സ്നേഹിക്കുക, സേവിക്കുക, തദ്വാരാ അവിടത്തെ മഹത്വപ്പെടുത്തുക - ഇതാണ് എല്ലാ പരിപൂർണ്ണതയുടെയും ആരംഭം. മനുഷ്യജീവിതത്തിന്റെ പരിപൂർണ്ണതയെപ്പറ്റി തോമസ് അക്വിനാസ് ഇപ്രകാരം പ്രതിപാദിക്കുന്നു: "ക്രൈസ്തവ ജീവിതത്തിന്റെ പരിപൂർണ്ണത സാരാംശത്തിൽ സ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നത്. പ്രഥമവും പ്രധാനവുമായി ദൈവസ്നേഹത്തിലും പിന്നെ പരസ്നേഹത്തിലും അത് അടങ്ങിയിരിക്കുന്നു."

മനുഷ്യന് പരസ്പരമുള്ള സ്നേഹം ദൈവത്തോടുള്ള സ്നേഹവുമായി ബന്ധപ്പെട്ടതാണ്. ദൈവസ്നേഹവും പരസ്നേഹവും ദൈവത്തിന്റെ നേരെയും കൂട്ടുകാരന്റെ നേരെയും തിരിഞ്ഞ് വ്യതിരിക്തമായി സ്ഥിതി ചെയ്യുന്നില്ല. സ്നേഹം ഒന്നു മാത്രമേ ഉള്ളൂ. അവിടുത്തെക്കുറിച്ചു തന്നെ ദൈവവും ദൈവത്തെക്കുറിച്ച് അയൽക്കാരനും സ്നേഹിക്കപ്പെടുന്നു. മനുഷ്യൻ പരിപൂർണ്ണനാകുവാൻ എന്താണ് ചെയ്യേണ്ടത്? ബൈബിളിൽ നാം ഇപ്രകാരം വായിക്കുന്നു:

"നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം" എന്നും "അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്നും തന്നെ. അയൽക്കാരൻ സ്വന്തം ജനത്തിലെ അംശം മാത്രമല്ല, വിദേശിയും ഞാൻ സ്നേഹത്തിൽ സേവിക്കേണ്ടതിനായി ദൈവപരിപാലനയിൽ എന്റെ അടുത്തെത്തുന്ന ആളുമാണ്. 'നല്ല ശമരിയക്കാരൻ' എന്ന ഉപമയിൽ യേശുക്രിസ്തു ഇത് വിശദീകരിച്ചിട്ടുണ്ട്. ദൈവസ്നേഹം എല്ലാവരിലേക്കും

വ്യാപിക്കുന്നതുപോലെ മനുഷ്യരുടെ സ്നേഹവും എല്ലാവരിലേക്കും എത്തണം. സഹോദരസ്നേഹത്തിന്റെ ഏറ്റവും അഗാധമായ അടിസ്ഥാനവും പ്രേരണയും ദൈവസ്നേഹമാണ്.

### അക്രമരാഹിത്യവും സ്നേഹവും

സ്നേഹമാകുന്ന മഹാകല്പന ധാർമ്മികതയെ സംബന്ധിച്ചിടത്തോളം അത്യധികം പ്രധാനമാണ്. യഥാർത്ഥ മതം അതിൽ തന്നെ ഒതുങ്ങിനിൽക്കുന്ന അനുഷ്ഠാന വിധികളോ കാല്പനികമായ യോഗാത്മകതയോ ആയിരിക്കുകയില്ല. പരമ പരിശുദ്ധനായ ദൈവത്തോടുള്ള സ്നേഹം സഹോദര സ്നേഹത്തിലൂടെ പ്രകടിപ്പിച്ചേ മതിയാവൂ. ദൈവസ്നേഹം മനുഷ്യ സ്നേഹത്തെ നിസ്വാർത്ഥമാക്കിത്തീർക്കുന്നു. ഈ വിധത്തിലുള്ള മനുഷ്യ സ്നേഹം പ്രായോഗിക ജീവിതത്തിൽ, ദൈനംദിനമുള്ള ഇടപാടുകളിൽ പെരുമാറ്റ തത്വമായും മനോഭാവമായും സ്വീകരിക്കപ്പെടുമ്പോഴാണ് അക്രമ രാഹിത്യം വേരൂന്നുന്നത്. ഇപ്രകാരമുള്ള പരസ്നേഹത്തിന്റെ പ്രായോഗിക പ്രതിഫലനമാണ് അക്രമരാഹിത്യം. ദൈവത്തെയും ദൈവത്തെപ്രതി നമ്മുടെ അയൽക്കാരനെയും സ്നേഹിക്കണമെങ്കിൽ നമ്മുടെ സ്വാർത്ഥത, വിഷയാസക്തി, നിഗളം, ധനമോഹം എന്നിവ നിയന്ത്രിച്ചേ മതിയാവൂ. ധാർമ്മികതയുടെ ഏറ്റവും മൗലിക നിയമം സ്നേഹമാകുന്നു. അതിൽ നിന്നാണ് ഇതര ധാർമ്മിക മനോഭാവങ്ങളെല്ലാം രൂപംകൊള്ളുന്നത്. അങ്ങനെ സന്തോഷം, സമാധാനം, ക്ഷമ, ദയ, സന്മനസ്സ്, വിശ്വസ്തത, മൃദുലത, ആത്മ നിയന്ത്രണം ആദിയായവയെല്ലാം സ്നേഹത്തിന്റെ ഫലങ്ങളാണ്. കൂടാതെ ത്യാഗവും സഹനവും ജീവിതത്തിൽ ആവശ്യമായി വരുന്നു. ബൈബിളിൽ ഇപ്രകാരം നാം വായിക്കുന്നു.

> സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

കോപത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ യേശുക്രിസ്തു തന്റെ ഗിരി പ്രഭാഷണത്തിൽ ഇങ്ങനെ വിശദീകരിച്ചു:

> "കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായ വിധിക്ക് അർഹനാകുമെന്നും, പൂർവ്വന്മാരോടരുൾ ചെയ്തിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, ഞാനോ നിങ്ങളോട് പറയുന്നു, സഹോദര നോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് അർഹനാകും. സഹോദ

> രനെ നിസ്സാരൻ എന്നു വിളിച്ചാൽ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഢാ എന്നു വിളിച്ചാൽ നീ നരകത്തിനിരയാകും.”

പിന്നീട് പ്രതികാരത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ സ്നേഹത്തിന്റെ നിയമം പ്രായോഗികമാക്കേണ്ടത് എങ്ങനെയെന്ന് യേശുക്രിസ്തു ഇപ്രകാരം വ്യക്തമാക്കി:

> “കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനെ എതിർക്കരുത്, നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്ക. ... കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ വെറുക്കുകയെന്നും പറയപ്പെട്ടിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കും അധിക്ഷേപിക്കുന്നവർക്കുംവേണ്ടി പ്രാർത്ഥിക്കുവിൻ.”

അക്രമരാഹിത്യം സംബന്ധിച്ചുള്ള ക്രിസ്തീയ ദർശനം മേലുദ്ധരിച്ച വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. അതും നിഷ്ക്രിയമായ സഹനം മാത്രമല്ല. പിന്നെയോ, ശത്രുതയുടെ ഭിത്തി ഭേദിക്കുവാനും തെറ്റു ചെയ്യുന്ന വ്യക്തിയെ മനസ്സ് തിരിപ്പിക്കുവാനും ശ്രമിക്കുന്ന ക്രിയാത്മകശക്തി കൂടിയാണ്. നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ആഹ്വാനം ശത്രുവിന്റെ ഹൃദയപരിവർത്തനം സാധിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്.

സ്നേഹത്തിന്റെ ഫലമായി ഉപദ്രവകാരിയോട് നമുക്കുള്ള മനോഭാവമാണ് അഹിംസയുടെ അല്ലെങ്കിൽ അക്രമരാഹിത്യത്തിന്റെ അന്തസത്ത. ബലപ്രയോഗത്തിന്റെയും വിരോധത്തിന്റെയും ശക്തിയെക്കാൾ സ്നേഹത്തിന്റെ - അതിന്റെ ഫലമായി സത്യത്തിന്റെയും നീതിയുടെയും - ശക്തിയിലുള്ള ആശ്രയമാണ് അക്രമരാഹിത്യത്തിന്റെ അടിസ്ഥാനം. യേശുക്രിസ്തു തന്റെ ഉപദേശം വഴിയായും കുരിശുമരണം വരെയുള്ള ജീവിതം വഴിയായും അഹിംസാദർശനമാണ് ലോകത്തിനു പ്രദാനം ചെയ്തത് എന്നുള്ളതിനു സംശയമില്ല. ഒരു പ്രവചനസാക്ഷ്യം (A prophetic witness) ആയിരുന്നു യേശുക്രിസ്തുവിന്റെ ജീവിതവും മരണവും. എന്നാൽ സ്വയരക്ഷയ്ക്കുള്ള സ്വാഭാവികമായ അവകാശം പരിപൂർണ്ണമായും എല്ലായ്പ്പോഴും സകലരും വെടിയണമെന്ന് യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അർത്ഥമാക്കേണ്ടതില്ല. യേശുക്രിസ്തു തീർച്ചയായും അകമരാഹിത്യമാണ് പഠിപ്പിച്ചത്. പക്ഷേ ആ ആദർശം കാണേണ്ടത് യേശുക്രിസ്തുവിന്റെ ഉപദേശം മുഴുവന്റെയും ജീവിതത്തിന്റെയും വെളിച്ചത്തിലാണ്. ഒരു പാതകൻ എന്നെ ആക്രമിക്കുമ്പോൾ സഹോദരസ്നേഹം കാരണത്താൽ സ്വയം

രക്ഷിക്കാൻ എനിക്ക് വിസമ്മതിക്കാം. പക്ഷേ സ്ത്രീകളും, കുഞ്ഞുങ്ങളും വൃദ്ധരും അവശരും, അഗതികളും അക്രമത്തിനു വിധേയരാകുമ്പോൾ സഹോദരസ്നേഹത്തിന്റെ പേരിൽത്തന്നെ ഹിംസയുടെ മാർഗ്ഗം സ്വീകരിക്കാൻ ഞാൻ നിര്‍ബ്ബന്ധിതനാകും. അപ്പോൾ അങ്ങനെ ചെയ്യാതിരിക്കുന്നത് ശരിയായ അക്രമരാഹിത്യമാകയില്ല. മറിച്ച് അക്രമവേഴ്ചയ്ക്ക് ശക്തി നൽകുകയായിരിക്കും. സംരക്ഷണവും സമാധാനവും പാലിക്കാൻ സമാധാനപാലകരായവർക്കു തന്നെ ഹിംസാമാർഗ്ഗം ഉപയോഗിക്കേണ്ടി വരും. അങ്ങനെ ചെയ്യാതിരിക്കുന്നവർ ഭീരുക്കളാണ്. അവരുടെ 'അക്രമരാഹിത്യം' ഭീരുക്കളുടെ അക്രമരാഹിത്യമാണ്. ശാരീരികമായ അക്രമം ഉപയോഗിച്ചാൽ വിജയം സാദ്ധ്യല്ലാത്തതുകൊണ്ടു മാത്രം അക്രമരഹിതമായ മാർഗ്ഗം തേടുന്നവരും ഉത്തമവും ശക്തവുമായ സ്നേഹമനോഭാവത്തിന്റെ ഫലമായുള്ള അക്രമരാഹിത്യമല്ല, ശക്തനായ ആളിന്റെ അക്രമരാഹിത്യം ജീവിതത്തിന്റെ നിയമം ആക്കിയവൻ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും അക്രമരഹിതനായിരിക്കും. അയാളുടെ അക്രമരാഹിത്യം ആത്മശക്തിയുടെയും ധീരതയുടെയും പ്രകടനമായിരിക്കും.

എല്ലാ ജീവികളുടെയും ജീവൻ ഒന്നാണെന്ന് ക്രിസ്തുമതം വിശ്വസിക്കുന്നില്ല. എല്ലാവരും ഒന്നായതുകൊണ്ട് ഒരു ജീവനും നശിപ്പിക്കുവാൻ പാടില്ലെന്നുള്ളതല്ല ക്രിസ്തീയ ദർശനം. മനുഷ്യൻ ഒരു 'ആൾ' (a person), ആയതുകൊണ്ടും ദൈവത്തിന്റെ പുത്രാവകാശം കിട്ടിയിട്ടുള്ളതുകൊണ്ടും ജീവൻ നിലനിർത്തുവാൻ അവകാശമുണ്ട്. മനുഷ്യജീവൻ ഹനിക്കുവാൻ സ്വയമായി അവകാശം ആർക്കുമില്ല. പരസ്പരം ജീവനെ നിലനിർത്തുവാനും പൂർണ്ണമാക്കുവാനും സഹായിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. അത് ഒരു കടമയാണ്. അതാണ് ക്രിസ്തീയ സ്നേഹം. അതിന്റെ ഫലമാണ് അക്രമരാഹിത്യം. മറ്റ് മനുഷ്യരുടെ ജീവൻ സംരക്ഷിക്കുവാൻ ഓരോ മനുഷ്യനും കടമയുണ്ട്. മൃഗങ്ങളുടെ, മനുഷ്യേതരജീവികളുടെ, ജീവൻ സംരക്ഷിക്കുവാനുള്ള കടമ മനുഷ്യനില്ല. അവയുടെ ജീവൻ സംരക്ഷിക്കപ്പെടുവാനുള്ള അവകാശം ആ ജീവികൾക്കുമില്ല. അതുകൊണ്ട് മൃഗഹത്യയും യഥാർത്ഥ അക്രമരാഹിത്യത്തിന് എതിരായി ക്രിസ്തീയ ദർശനം കരുതുന്നില്ല. മനുഷ്യൻ വിവേകശൂന്യമായും ആവശ്യമില്ലാതെയും ക്രൂര മനോഭാവപൂരണത്തിനായും മൃഗഹത്യ നടത്തുന്നത് അവന്റെ സ്വന്തം മനുഷ്യത്വത്തോടുള്ള അവഹേളനമായതുകൊണ്ട് തെറ്റാണെന്ന് ക്രിസ്തീയ ദർശനം പരിഗണിക്കുന്നു.

തികഞ്ഞ അക്രമരാഹിത്യം ഒരു പ്രവചനസാക്ഷ്യമാണ്. ഒരാദർശമാണ്. എന്നാൽ മനുഷ്യസ്വഭാവത്തിൽ നിലവിലുള്ള ബലഹീനതയും സമൂഹത്തിന്റെ വ്യവസ്ഥിതികളും പരിഗണിക്കുമ്പോൾ തികഞ്ഞ അക്രമരാഹിത്യം പ്രായോഗികമല്ല, എല്ലാവർക്കും പൊതുവേ സ്വീകാര്യമായത് ആപേക്ഷി

കമായ അക്രമരാഹിത്യമാണ്. ഈ വിധത്തിലുള്ള അക്രമരാഹിത്യം സംസ്ക്കാരത്തിന്റെ ഭാഗമായി കാത്തുസൂക്ഷിക്കുന്നതിനും ആ വിധത്തിൽ സമൂഹത്തിലും വ്യക്തികളിലും പരിവർത്തനമുണ്ടാക്കുന്നതിലും സമ്പൂർണ്ണ അക്രമരാഹിത്യം (total non-violence) ആദർശമായി സ്വീകരിച്ച് പ്രവചന സാക്ഷ്യം വഹിക്കുന്ന നേതാക്കന്മാരെ ലോകത്തിന് എപ്പോഴും ആവശ്യ മാണ്. ത്യാഗസമ്പന്നരായ ഇപ്രകാരമുള്ള നേതാക്കന്മാരുടെ മാതൃകയാണ് യേശുക്രിസ്തു. അക്രമരാഹിത്യ ദർശനത്തിന്റെ, അനന്തമായ സ്നേഹ ത്തിന്റെ മൂർത്തീഭാവമാണ് യേശുക്രിസ്തുവിൽ മനുഷ്യൻ ദർശിക്കുന്നത്.

# 2

# ‘നിങ്ങൾ എന്തന്വേഷിക്കുന്നു’

## (യോഹന്നാൻ 1:38)

*“തന്റെ രണ്ടു ശിഷ്യന്മാരോടു കൂടി (അന്ത്രയോസും യോഹന്നാനും) ഒരിടത്തു നിൽക്കുമ്പോൾ, യേശു നടന്നുവരുന്നതു കണ്ട് സ്നാപക യോഹന്നാൻ പറഞ്ഞു: ഇതാ ദൈവത്തിന്റെ കുഞ്ഞാട്! അവൻ പറഞ്ഞതു കേട്ട്, ആ ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞ്, അവർ തന്നെ അനുഗമിക്കുന്നതു കണ്ട് ചോദിച്ചു; നിങ്ങൾ എന്തന്വേഷിക്കുന്നു?”* (യോഹ. 1:35–38).

സ്നാപക യോഹന്നാന്റെ രണ്ടു ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ പോയി. യേശുവിനോടു നേരിട്ടു കണ്ടു സംസാരിക്കുവാൻ സ്വാഭാവികമായും അല്പം പ്രയാസം അവർക്കു തോന്നിയിരിക്കും. ഹൃദയം കാണുന്നവനായ കർത്താവ് തിരിഞ്ഞ് ഒരു ചോദ്യം ചോദിച്ചുകൊണ്ട് തന്നോടു പരിചയപ്പെടുവാനും സംസാരിക്കുവാനുമുള്ള പശ്ചാത്തലം ഒരുക്കുന്നതായിട്ടാണ് നാം കാണുന്നത്. യേശുക്രിസ്തുവിനെ അന്വേഷിക്കുന്നവർക്ക് യേശുക്രിസ്തു തന്നെ മുൻകൈയെടുത്ത് വെളിപ്പെടുത്തിക്കൊടുക്കും എന്നുള്ള യാഥാർത്ഥ്യം നാം ഒരിക്കലും മറക്കരുത്. യേശുക്രിസ്തു ചോദിച്ച ചോദ്യം വളരെ അധികം പ്രാധാന്യം അർഹിക്കുന്നതാണ്. ‘നിങ്ങൾ എന്തന്വേഷിക്കുന്നു?’ ഏറ്റവും അടിസ്ഥാനപരവും പ്രാധാന്യമർഹിക്കുന്നതുമായ ചോദ്യമാണ് യേശുക്രിസ്തു ഈ രണ്ടു ശിഷ്യന്മാരോട് ചോദിച്ചത്. അവർക്കു മാത്രമല്ല, എല്ലാ മനുഷ്യർക്കും പ്രാധാന്യമർഹിക്കുന്നതും സംഗതവുമായ ഒരു ചോദ്യം: “നിങ്ങൾ എന്തന്വേഷിക്കുന്നു?”

മനുഷ്യജീവിതം ഒരു വിധത്തിൽ പറഞ്ഞാൽ ജീവിതത്തിനു അർത്ഥം കിട്ടുന്നതിന്, ആത്യന്തികമായ അർത്ഥം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഒരു അന്വേഷണമാണ്? നാം ഓരോരുത്തരും നമ്മോടുതന്നെ കൂടെക്കൂടെ ഈ ചോദ്യം ചോദിക്കുന്നത് നല്ലതാണ്. “ഞാൻ എന്താണ് അന്വേഷിക്കുന്നത്? എന്റെ ഉദ്ദേശ്യവും ലക്ഷ്യവും എന്താണ്? ജീവിതത്തിൽ നിന്നും എന്തു ലഭ്യമാക്കുവാനാണ് ഞാൻ യഥാർത്ഥത്തിൽ ശ്രമിക്കുന്നത്?”

ചിലർ അന്വേഷിക്കുന്നത് സുസ്ഥിതി അല്ലെങ്കിൽ ഭദ്രത (Security) യാണ്. അവർ കാംക്ഷിക്കുന്നത് ഭദ്രമായ ഒരു ജീവിതാവസ്ഥ, ജീവിതാവശ്യങ്ങൾക്ക് ആവശ്യമായ പണം, ജോലി ചെയ്യുന്നതിനുവേണ്ടി വിശ്രമകാലത്തേക്ക് അവർക്കും അവരുടെ സന്താനങ്ങൾക്കും ആവശ്യമായ സമ്പാദ്യം, ഭൗമികമായ ഭദ്രത ഇവയാക്കെയാണ്. ഇത് അത്ര തെറ്റായ ലക്ഷ്യമല്ല. എങ്കിലും ഒരു താഴ്ന്ന ലക്ഷ്യമാണ്. ജീവിതത്തെ സമഗ്രമായവിധത്തിൽ നയിക്കുന്നതിന് പര്യാപ്തമായ ലക്ഷ്യമല്ല. ആത്യന്തികമായ അപഗ്രഥനത്തിൽ ജീവിതത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സ്ഥിതികളിലും അവസ്ഥാന്തരങ്ങളിലും സുരക്ഷിതത്വം നൽകുന്നതുമല്ല. ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സംഭരിച്ചു വെച്ചെങ്കിൽ മാത്രമേ യഥാർത്ഥ സുരക്ഷിതത്വം കൈവരുകയുള്ളു (ലൂക്കോ. 12:34). ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചുവയ്ക്കുന്നവൻ ഭോഷനാണ് (18:18–21).

മറ്റു ചിലർ അന്വേഷിക്കുന്നതു പദവിയോ, ഉദ്യോഗമോ ആണ്; അധികാരവും പ്രതാപവും പ്രാമുഖ്യവും, അവരുടെ കഴിവുകൾക്ക് അർഹമായി അവർ കരുതുന്ന സ്ഥാനവും ഒക്കെയാണ്. ഈ ആഗ്രഹം അതിൽതന്നെ മോശമല്ലെങ്കിലും വ്യക്തിപരമായ അഭ്യുദയേച്ഛ മാത്രമാണ് ലക്ഷ്യമെങ്കിൽ ഈ ആഗ്രഹം മോശമായിത്തീരുന്നു. മറ്റു മനുഷ്യരെ സേവിക്കുന്നതിനുവേണ്ടിയാണ് ഈ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നതെങ്കിൽ അത് ശ്രേഷ്ഠമായ കാര്യമാണ്. എങ്കിലും കാലത്തിന്റെയും ലോകത്തിന്റെയും പരിധിക്കുള്ളിൽ മാത്രം അതിന്റെ ചക്രവാളം ഒതുക്കി നിർത്തുന്നതുകൊണ്ട് ഈ വിധത്തിലുള്ള അന്വേഷണവും സംതൃപ്തി നൽകുന്നതല്ല.

ചിലർ അന്വേഷിക്കുന്നത് സമാധാനമാണ്; അവരോടു തന്നെ 'സമാധാനമായി കഴിയുന്നതിനും മറ്റു മനുഷ്യരോടു സമാധാനത്തിൽ കഴിയുന്നതിനും ദൈവത്തോടു രമ്യതയിൽ കഴിയുന്നതിനും സാദ്ധ്യമാക്കുന്ന ഏതോ ഒന്നിനെയാണ് അവർ അന്വേഷിക്കുന്നത്. ഇതാണ് ദൈവത്തെ അന്വേഷിക്കുമ്പോൾ ലഭ്യമാകുന്നത്.'

പ്രതാപവും പണവും, സുഖഭോഗവും അന്വേഷിക്കുന്ന വ്യക്തികൾക്കോ സമൂഹത്തിനോ രാഷ്ട്രത്തിനോ സാഫല്യം ലഭ്യമാകുകയില്ല. കാരണം മനുഷ്യരെ അന്വേഷിച്ചു വരുന്ന, അവർക്ക് സന്തോഷം, നിത്യജീവൻ നൽകാൻ വരുന്ന, ക്രിസ്തുവുമായുള്ള സമാഗമത്തിൽ, കൂടിക്കാഴ്ചയിൽ, സഹവാസത്തിൽ എത്തിച്ചേരുമ്പോഴാണ് ഫലം അണിയുന്നത്, അർത്ഥമുള്ളതാകുന്നത്.

യോഹന്നാന്റെ ശിഷ്യന്മാർ യേശുക്രിസ്തുവിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല. യേശുക്രിസ്തുവുമായുള്ള സംവാദത്തിനു ശേഷം അവിടത്തെ സഹായത്തോടുകൂടി ഉത്തരം കണ്ടുപിടിക്കാമെന്ന് അവർ കരുതിയിരി

ക്കണം. അതല്ലെങ്കിൽ അവർ പറയാനിരുന്ന ഉത്തരം യേശുവിനെക്കണ്ടു പരിചയപ്പെട്ട്, വഴിക്കുവച്ച് യാദൃശ്ചികമായി പറയാതെ, അവധാനപൂർവ്വം പറയാമെന്ന് അവർ കരുതിയിരിക്കണം. അതുകൊണ്ട് യേശുവിനോടു അവർ ഒരു ചോദ്യം ചോദിച്ചു: "ഗുരോ, അങ്ങ് എവിടെയാണ് വസിക്കുന്നത്?" യേശു പറഞ്ഞു: "വന്നു കാണുക." അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടു കൂടെ താമസിക്കുകയും ചെയ്തു (യോഹ. 1:39-40). യേശു ചോദിച്ച ചോദ്യത്തിന്റെ ഉത്തരം അറിയുന്നതിനും എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനും ഉള്ള അവസരം അവർ പോയി യേശുവിനോടു കൂടി താമസിച്ചു സംസാരിക്കുകയാണെന്ന് യേശുവിനു അറിയാമായിരുന്നു. അതുകൊണ്ട് യേശു അവരെ തന്റെ കൂടെ താമസിക്കാൻ ക്ഷണിച്ചു. അവർ ചെന്ന് താമസിക്കുകയും യേശുക്രിസ്തുവുമായി ബന്ധപ്പെട്ട് യേശുവിനെ മനസ്സിലാക്കുകയും ചെയ്തു. അതിനുശേഷം രണ്ടു ശിഷ്യന്മാരിൽ ഒരാളായ അന്ത്രയോസ് പോയി അവന്റെ സഹോദരനായ ശിമയോനെ കണ്ട് അവനോടു "ഞങ്ങൾ മിശിഹായെ കണ്ടു" എന്നു പറഞ്ഞ് അവനെ യേശുവിന്റെ അടുത്തു കൊണ്ടുവന്നു. തനിക്കു ലഭിച്ച സംതൃപ്തിയും സന്തോഷവും തന്റെ സഹോദരനായ ശിമയോനും ലഭ്യമാകുവാൻ സഹായിച്ചു.

നമ്മുടെ അന്വേഷണത്തിനുള്ള ആത്യന്തികമായ ഉത്തരം കണ്ടുപിടിച്ചെങ്കിൽ മാത്രമേ ജീവിതത്തിന്റെ അർത്ഥം അന്ത്രയോസിനെപ്പോലെ നമുക്ക് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുവാൻ സാധിക്കുകയുള്ളു. നാം ആത്യന്തികമായി എന്തന്വേഷിക്കുന്നുവോ അതായിരിക്കും പ്രായോഗിക ജീവിതത്തിൽ നമ്മുടെ ദൈവം. ഈ ദൈവം യഥാർത്ഥത്തിലുള്ള ദൈവമാണെങ്കിൽ മാത്രമേ നമുക്ക് നമ്മെത്തന്നെ മനസ്സിലാക്കുന്നതിനും അതനുസരിച്ച് ജീവിതം അർത്ഥമുള്ളവിധത്തിൽ ക്രമീകരിക്കുന്നതിനും സാധിക്കുകയുള്ളു. മേൽപറഞ്ഞ വിധത്തിലുള്ള അന്വേഷണങ്ങളിൽ ഉദിക്കുന്ന രണ്ടു ചോദ്യങ്ങളുണ്ട്; ഒന്ന്, മനുഷ്യനെക്കുറിച്ചു നിങ്ങളുടെ ആശയം എന്താണ്. അല്ലെങ്കിൽ എന്താണ് മനുഷ്യൻ. രണ്ട്, ആരാണ് നിങ്ങളുടെ ദൈവം?

## മനുഷ്യനെക്കുറിച്ചുള്ള നിങ്ങളുടെ ആശയം എന്താണ്

ഈ ചോദ്യത്തിനുത്തരം പറയാനുള്ള ശ്രമത്തിൽ, അവരവരുടെ പ്രവൃത്തികളും ചരിത്രവും പുനഃശ്ചിന്തന വിധേയമാക്കേണ്ടതാണ്. മിക്കപ്പോഴും ലോകായതികമായ വീക്ഷണത്തിൽ മാത്രമല്ലേ മാതാപിതാക്കന്മാർ വ്യഗ്രത കാട്ടുന്നത്? അതുവഴി ഇളയ തലമുറയ്ക്ക് നൽകുന്നത് സമാധാനവും നീതിയും ആത്മീയമായ മൂല്യങ്ങളും ഇല്ലാത്ത ഒരു ലോകമല്ലേ? അതല്ലെങ്കിൽ പുതിയ അടിമത്തത്തിലേക്കും മനുഷ്യനെ സമഗ്രമായി വീക്ഷിക്കാത്ത ആശയങ്ങളിലേക്കും ആകർഷകമാണെന്ന് തോന്നാവുന്ന പ്രത്യയശാസ്ത്ര

ങ്ങളിലേക്കും അല്ലേ ഇന്നു മനുഷ്യൻ തിരിയുന്നത്? നിങ്ങൾ ഏതു തരത്തിലുള്ള മനുഷ്യരായിരിക്കണം, എന്തു സംസ്കാരമായിരിക്കണം നാം വളർത്തിയെടുക്കേണ്ടത് എന്നും മറ്റും നിങ്ങളോടുതന്നെ ചോദിക്കുകയും ഉത്തരം കണ്ടുപിടിക്കുകയും ചെയ്യണം. എന്നാൽ ഈ ചോദ്യത്തിന് ശരിയായ ഉത്തരം ലഭ്യമാകണമെങ്കിൽ കൂടുതൽ അടിസ്ഥാനപരമായ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം പറയേണ്ടതാണ്. അതായത് ആരാണ് നിങ്ങളുടെ ദൈവം?

മനുഷ്യനെക്കുറിച്ചുള്ള നിർവ്വചനപരമായ സത്യം അറിയാൻ പറ്റില്ല, ദൈവം ആരെന്ന് അറിയാതെ, സത്യത്തിന്റെയും സൗന്ദര്യത്തിന്റെയും നന്മയുടെയും പൂർണ്ണതയുള്ള ദൈവത്തെ മനസ്സിലാകാതെ സത്യവും സൗന്ദര്യവും നന്മയും പരിമിതമായി മാത്രമുള്ള മനുഷ്യനെ മനസ്സിലാക്കുക സാദ്ധ്യമല്ല. ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട് ഒരു സംസ്കാരം വളർത്തുവാനാണ് ഇന്ന് മനുഷ്യൻ പരിശ്രമിക്കുന്നത്. ഫലം ഭയവും ഉൽക്കണ്ഠയും അതിന്റെ ഫലമായി ശൂന്യതാബോധവും ഉള്ള ഒരു തലമുറ വളരുന്നുവെന്നു മാത്രം. മനുഷ്യൻ മാത്രമാണ് ജീവിതത്തിന് അർത്ഥം തേടുന്നത്. പക്ഷേ ഇന്നത്തെ തലമുറയിൽ അതു കണ്ടുപിടിക്കുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് 'നിങ്ങൾ എന്തന്വേഷിക്കുന്നു?' എന്ന യേശുവിന്റെ ചോദ്യം സംഗതമാണ്. മനുഷ്യജീവിതത്തിന് അർത്ഥം കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ ലോകം മുഴുവൻ നേടിയാലും എന്തു സമാധാനമാണുള്ളത്? യേശു ഈ ചോദ്യം കുറച്ചുകൂടെ അഗാധമായ അർത്ഥത്തോടു കൂടി ചോദിച്ചതാണ്. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?' (മത്തായി 16:16). "നിങ്ങൾ ആദ്യം അവിടുത്തെ (ദൈവത്തിന്റെ) രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്തായി 6:33-34) എന്ന് അരുൾചെയ്ത യേശുവിന്റെ വചനം ഇത്തരുണത്തിൽ സംഗതമാണ്. "അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും എന്താണ്? അതാണ് മനുഷ്യൻ അന്വേഷിക്കേണ്ടത്. അവയുടെ ഉറവിടം യേശുവാണ്. ആ ഉറവിടത്തിൽ നിന്നു പാനം ചെയ്യുവാൻ യേശുവിന്റെ കൂടെ വസിക്കണം. യേശുവിൽ വസിക്കണം. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" (യോഹ. 15:4). നാം യേശുവിന്റെ കൂടെ വസിക്കുമ്പോൾ യേശു നമ്മിൽ വസിക്കുന്നു; "അന്തർവാസം." അപ്പോൾ യേശുവിന്റെ സന്തോഷം നമ്മിൽ കുടികൊള്ളുകയും നമ്മുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും (യോഹ. 15:11).

# 3

# മരിയഭക്തിയും മലങ്കരസഭാ ആരാധനക്രമവും

അന്ത്യോഖ്യാ സുറിയാനി സഭയുടെ പൈതൃകമാണ് മലങ്കര കത്തോലിക്കാ സഭയുടെ ആരാധനാക്രമത്തിൽ ഉടനീളം പ്രകടമാകുന്നത്. മലങ്കര യാക്കോബായ, ഓർത്തഡോക്സ് സഭകൾക്കും ഈ പൈതൃകം തന്നെയാണ് ഉള്ളത്. ദൈവമാതൃ വന്ദനവും ഈ സഭകളിൽ അന്ത്യോഖ്യാ സുറിയാനി സഭയുടെ പൈതൃകത്തിന്റെ ഭാഗമായിട്ടാണ് നിലകൊള്ളുന്നത്. അന്ത്യോഖ്യാ സുറിയാനിസഭ പോലെയുള്ള പൗരസ്ത്യ സഭകളിൽ ദൈവമാതൃവന്ദനവും പരിശുദ്ധന്മാരോടുള്ള വണക്കവും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും ആരാധനക്രമത്തിൽ ഉദ്ഗ്രഥനം ചെയ്യപ്പെട്ടിരിക്കുകയാണ്. അവ ആരാധനക്രമത്തിന്റെ ഭാഗമാണ്. അവ പാശ്ചാത്യ സഭയിലെപ്പോലെ ആരാധനക്രമത്തിന് പുറമേയുള്ള ഭക്താനുഷ്ഠാനങ്ങൾ (extra liturgical forms of piety) അല്ല. മദ്ധ്യശതകങ്ങൾ മുതൽ പാശ്ചാത്യ സഭയിൽ ആരാധനക്രമം വിശ്വാസികളുടെ ജീവിതത്തിൽ അശക്തമാകാൻ തുടങ്ങി. അതിന്റെ ഫലമായി പലവിധ ഭക്താനുഷ്ഠാനങ്ങൾ (Devotions) ഉണ്ടായി. വിശ്വാസികൾക്ക് അത് ഒരുവിധത്തിൽ പറഞ്ഞാൽ ആത്മീയ ജീവിതത്തിന് ആവശ്യവുമായിരുന്നു. പക്ഷേ ആരാധനക്രമോന്മുഖമായ ആത്മീയ ഉദ്ഗ്രഥനം നഷ്ടപ്പെടുകയും ആത്മീയ ജീവിതം അസംസക്തവും ശകലികവും ആവുകയും ചെയ്തു. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം, സുന്നഹദോസിന്റെ ആഹ്വാനമനുസരിച്ച് ആരാധനക്രമോന്മുഖമായ ആദ്ധ്യാത്മികത വീണ്ടെടുക്കുവാനുള്ള പരിശ്രമം പാശ്ചാത്യസഭയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ദൈവമാതൃവന്ദനം - അതുപോലെ തന്നെ പരിശുദ്ധന്മാരോടുള്ള വണക്കവും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും - ആരാധനക്രമത്തിന് പുറമേയുള്ള ഒരു ഭക്താനുഷ്ഠാനമല്ല മലങ്കര കത്തോലിക്കാ സഭയിൽ. എന്നു പറഞ്ഞാൽ ഭക്തരായ ചില ആളുകൾ തുടങ്ങുകയും അതിനുശേഷം വളരെ പ്രചാരം സിദ്ധിക്കുകയും തിരുസഭ പരോക്ഷമായോ പ്രത്യക്ഷമായോ അനു

വദിക്കുകയും ചെയ്തിട്ടുള്ളതുമായ ഭക്താനുഷ്ഠാനങ്ങളിൽപ്പെട്ടതായിട്ടല്ല, ദൈവമാതൃ വന്ദനവിനെ മറ്റു പൗരസ്ത്യ സഭകൾപോലെ മലങ്കര കത്തോലിക്കാ സഭയും ദർശിക്കുന്നത്. മനുഷ്യ വിശുദ്ധീകരണവും പൂർണ്ണമായ ദൈവമഹത്വവും സാധിക്കുന്ന മഹത്തായ ജോലിയിൽ മ്ശിഹായ്ക്ക് കന്യക മറിയാം ആവശ്യമായിരുന്നു. അതുകൊണ്ട് മനുഷ്യ വിശുദ്ധീകരണവും പൂർണ്ണമായ ദൈവമഹത്വവും സാധിക്കുന്ന മഹത്തായ ജോലിയിൽ സഹപ്രവർത്തകരാകുന്ന വിശ്വാസികൾക്ക് കന്യകമറിയാമിനോടുള്ള കൂട്ടായ്മ ആവശ്യമാണ്. മനുഷ്യ വിശുദ്ധീകരണവും പൂർണ്ണമായ ദൈവമഹത്വവും സാധിക്കുന്ന ആരാധന ത്രിത്വ കേന്ദ്രീയവും ക്രിസ്തു കേന്ദ്രീയവുമാണ്. മാതൃവന്ദനവും ക്രിസ്തു ദാർശനീയവും ത്രിത്വദാർശനീയവുമായ രക്ഷാപദ്ധതിയുടെ ഭാഗമാണ്.

മലങ്കര കത്തോലിക്കാസഭയിൽ (മറ്റു പൗരസ്ത്യ സഭകളിലെപ്പോലെ) മാതാവിനോടുള്ള ഭക്തിക്ക് അടിസ്ഥാനമായിരിക്കുന്നത് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മറിയത്തിനുള്ള അതുല്യമായ പങ്കാണ്; അതായത് രക്ഷകന്റെ ഗർഭധാരണത്തെക്കുറിച്ചും ജനനത്തെക്കുറിച്ചും ഉള്ള സുവിശേഷ ഭാഗങ്ങളാണ് ഇതിന്റെ മുഖ്യ അടിസ്ഥാനം. പ്രത്യേകിച്ചു മത്തായിയുടെ സുവിശേഷം ഒന്നും രണ്ടും അദ്ധ്യായങ്ങൾ, ലൂക്കോസിന്റെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ, യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായവും പത്തൊൻപതാം അദ്ധ്യായത്തിലെ 25 മുതൽ 29 വരെയുള്ള വാക്യങ്ങളും. "സകല തലമുറകളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവളും ദൈവത്തിന് മാതാവായി തീർന്നവളുമായ കന്യകമറിയം" (വെള്ളി സന്ധ്യാ പ്രാർത്ഥന). ആരംഭം മുതൽ പിതാവ് വി. കന്യകയെ തെരഞ്ഞെടുക്കുകയും, തന്റെ പുത്രന് അവളിൽ നിന്ന് മനുഷ്യാവതാരം ചെയ്യാൻ തിരുവിഷ്ടം തോന്നുകയും അവളിൽ ഇറങ്ങിവസിച്ച് അവളെ വിശുദ്ധാലയമായി തീർക്കുകയും ചെയ്തു. രക്ഷയെ പുറപ്പെടുവിച്ച കന്യകയായിട്ടാണ് സുറിയാനി പൈതൃകത്തിൽ അവൾ പരിഗണിക്കപ്പെടുന്നത്. "യൂയാക്കീമിന്റെ പുത്രിയായ മറിയാമിന്റെ സൗന്ദര്യത്തിനു തക്ക ഭംഗി കന്യകകളിലോ യുവതികളിലോ ലോകതലമുറകളിലോ ശുദ്ധീകരിക്കപ്പെട്ട സ്വർണ്ണത്തിലോ മറ്റു മനോഹാരിതകളിലോ ഇല്ല" (വെള്ളി സന്ധ്യാപ്രാർത്ഥന). "ശാന്തമായ മഴയുടെ സാദൃശ്യത്തിൽ പിതാവിന്റെ വചനം കന്യകമറിയാമിന്റെ ഉദരത്തിൽ ശ്രവണം വഴിയായി ഇറങ്ങി. സ്പർശനം കൂടാതെയും അവളുടെ കന്യത്വമുദ്രയ്ക്കഴിവില്ലാതെയും അവളിൽ നിന്നവൻ പുറപ്പെട്ടു" (വെള്ളി സന്ധ്യ).

പുതുജീവൻ വഹിക്കുന്ന കപ്പലേ, രാജാവ് ഇറങ്ങിവസിച്ച കൊട്ടാരമേ, നീതീകരണത്തിന്റെ ദണ്ഡ് അതിലുള്ള പൂന്തോട്ടമേ, രഹസ്യങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മന്ദിരമേ, സൗന്ദര്യപൂർണ്ണയും സ്ത്രീകളിൽ ശ്രേഷ്ഠയുമേ, സൃഷ്ടിയുടെമേൽ വിരിക്കപ്പെട്ടിരിക്കുന്ന ആവരണമേ, കറ കൂടാത്ത പരി

ശുദ്ധേ, അമ്മാനുവേലിനെ പ്രസവിച്ച ഹവ്വായേ, ശോഭിതയും സൗന്ദര്യ പൂർണ്ണയുമായ ബാലികയേ, രാജാളിയെ വളർത്തിയ മാടപ്രാവേ, കന്യകയും വിവാഹ സംസർഗ്ഗമില്ലാത്തവളുമായ മണവാട്ടി, സർവ്വലോകത്തിന്റെയും ആശ്വാസവും തുറമുഖവുമേ, പ്രകാശങ്ങളുടെ ഉയവനെ പ്രസവിച്ച പൂർവ്വ ചക്രവാളമേ, നിബിയന്മാരുടെ നാഥനെ ഗർഭം ധരിച്ച പ്രവാചകി എന്നെല്ലാ മാണ് മാതാവിനെ പ്രാർത്ഥനാഗീതങ്ങളിൽ അഭിസംബോധന ചെയ്യുന്നത്. പരിശുദ്ധ മാതാവിന്റെ കന്യത്വം കാണിക്കാൻ പഴയനിയമത്തിലെ പല പ്രവ ചന പ്രതീകങ്ങളും മാതാവിന് സംഗതമായി സുറിയാനി പിതാക്കന്മാർ ദർശി ക്കുന്നു. ഒട്ടുവളരെ ഗീതങ്ങളിലും പ്രാർത്ഥനകളിലും ഇതു കൂടെക്കൂടെ വിവരിക്കപ്പെടുന്നുണ്ട്. ഉദാഹരണമായി താഴെ പറയുന്ന പ്രാർത്ഥന (ഗീതം) നോക്കുക.

"വാഴ്ത്തപ്പെട്ട മാതാവിന്റെ സാദൃശ്യത്തെ പ്രവാചകന്മാരുടെ തലവനായ മോശ ന്യായപ്രമാണത്തിലും ദീർഘദർശനത്തിലും ചിത്രീകരിച്ചു. അതേ, ന്യായപ്രമാണത്തിലെ പെട്ടകത്തോടും, മന്നാ സൂക്ഷിച്ചിരുന്ന ചേപ്പോടും, അതിവിശുദ്ധ സ്ഥലത്തുള്ള അഹറോന്റെ തളിർത്ത വടിയോടും, ഗിദയോന്റെ രോമക്കെട്ടിന്മേലുള്ള മഞ്ഞിനോടും ഏലീശായുടെ പുതിയ കുടത്തോടും മഹത്വമുള്ള ഏശായയുടെ വേഗതയുള്ള മേഘത്തോടും അവളെ ഉപമിച്ചി രിക്കുന്നു..." (ബുധൻ, സന്ധ്യ).

"ദാവീദിന്റെ പുത്രിയായ പരിശുദ്ധ കന്യകമറിയാമിനെ, പൂർവ്വനീതിമാ ന്മാർ മോഹനീയവും സുന്ദരവുമായ പേരുകൾ വിളിച്ചു. ശ്ലേമ്മോൻ അവളെ സംരക്ഷിത തോട്ടമെന്നും മുദ്രിത ഉറവയെന്നും, ദാവീദ് അവളെ കീർത്തി പ്പെട്ട പട്ടണമെന്നും പേർ വിളിച്ചു. മ്ശിഹാ, അവളിൽ നിന്നും വിത്തു കൂടാതെ മുളച്ച ചെടിയും ജാതികൾക്ക് ഭക്ഷണവുമായി തീർന്നവനുമാകുന്നു.

പരിശുദ്ധ കന്യകയേ, തെരഞ്ഞെടുക്കപ്പെട്ട ദീർഘദർശിയായ ഹസ്കി യേൽ നിന്നെ രഥമായിക്കണ്ടു. ... അന്യോന്യം വ്യത്യസ്തപ്പെട്ട നന്നാലു മുഖങ്ങളുള്ളതും, സിംഹം, കാള, കഴുകൻ, മനുഷ്യൻ എന്നിവയോട് സദൃ ശ്യമുള്ളതുമായ, വാഴ്ത്തപ്പെട്ട ക്രൂബകളാകുന്ന ജീവികൾ, അതിൽ ബന്ധി ക്കപ്പെട്ടിരിക്കുന്നു. എന്നാൽ അനുഗൃഹീതയായ മാതാവേ, നിന്റെ കാൽമുട്ടു കൾ രഥവും നിന്റെ കൈകൾ ചക്രങ്ങളുമാകുന്നു. നിന്റെ വായ് സ്തുതി പാടുകയും ചെയ്തു" (ബുധൻ, രാത്രി ഒന്നാം കൗമ്മാ). നിത്യ കന്യകയാ യിട്ടാണ് മാതാവ് സുറിയാനി ആരാധനക്രമത്തിൽ പ്രകീർത്തിക്കപ്പെടുന്നത്; അതേസമയം മാതാവും: "യോൽദാസ് ആലോഹോ" (ദൈവജനനി). അഞ്ചാം നൂറ്റാണ്ടിലുണ്ടായ ക്രിസ്തുവിജ്ഞാനീയ സംബന്ധിയായ ചർച്ച കൾ ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചു മാത്രമല്ല പ്രകാശം നൽകിയത്. ക്രിസ്തുവിന്റെ മാതാവിനെക്കുറിച്ചും കൂടുതൽ അറിവു നൽകി. ബുധനാഴ്ച പ്രഭാത നമസ്കാരത്തിലെ ഒരു ഗീതശകലം ഇത് തെളിയിക്കുന്നു.

പ്രസവിച്ചാൾ മറിയാം ദൈവത്തെ
എന്നേൽക്കാത്തോൻ ശാപാർഹൻ
അവനീശൻ - ഈശന്നാത്മജനും
എന്നേറ്ററുളാത്തോരെല്ലാം
വേദവിരോധികളാകുന്നു
താതൻ മറിയാമിവരിൽ നി-
ന്നാദിയതില്ലാതിഹകാലേ
വന്നൊരു വന്ദ്യൻ സുതനൊന്നെ-
ന്നേൽക്കാതുള്ളോൻ ശാപർഹൻ.

അതുപോലെ തിങ്കളാഴ്ച രാത്രി പ്രാർത്ഥനയിലെ ഒരു ഗീതവും കാണുക:

കബറീന്നെന്നസ്ഥികളാർക്കും
കന്യകദൈവത്തെപ്പെറ്റാൾ
സന്ദേഹിച്ചീടിൽ
സത്യമതീന്നന്യൻ
ചിന്തയതിൽ സംശയമേറിൽ
യൂഗൃദാപോൽ നരകംപൂകും.

കന്യകയുടെ മാതൃത്വരഹസ്യം സുറിയാനി സഭയുടെ ഉപദേശങ്ങളുടെയും ഭക്തിയുടെയും കേന്ദ്രമാണ്. മാതാവിനെ മകനിൽ നിന്നോ മകനെ മാതാവിൽ നിന്നോ വേർപെടുത്തി കാണാറില്ല.

മലങ്കര സുറിയാനി സഭാപാരമ്പര്യത്തിൽ ദൈവജനനിക്ക് (യോൽദാസ് ആലോഹോ) കൊടുക്കുന്നവിധത്തിലുള്ള ബഹുമാനവും പുകഴ്ചയും മറ്റൊരു സൃഷ്ടിക്കും നൽകുന്നില്ല. അവളെ “രണ്ടാമത്തെ സ്വർഗ്ഗം” എന്നാണ് പലപ്പോഴും ആരാധനക്രമത്തിൽ സംബോധന ചെയ്യുന്നത്. പരിശുദ്ധ ത്രിത്വത്തിൽ പിതാവായ ദൈവത്തിന്റെ ഇഷ്ടത്താൽ പുത്രനായി ജനിച്ച ദൈവം മാതാവിൽ നിന്ന് ജനിച്ചതും ദൈവഇഷ്ടത്താലാണ്. അല്ലാതെ പുരുഷന്റെ ഇച്ഛയാലോ രക്തത്താലോ ജഡാഭിലാഷങ്ങളാലോ അല്ല. ദൈവഇഷ്ടത്താൽ, ആ വിധത്തിൽ മനുഷ്യൻ ദൈവത്തിന്റെ മകനായിത്തീർന്നു. യേശുക്രിസ്തു മനുഷ്യനായി ജനിച്ചതു വഴി മനുഷ്യൻ ദൈവത്തിന്റെ പുത്രനും യേശുക്രിസ്തുവിന്റെ സഹോദരനും, കന്യകമറിയത്തിന്റെ പുത്രനുമായി ഭവിച്ചു. “മാതാവിനെ കൂടാതെ തന്റെ മഹത്വമുള്ള പിതാവിൽ നിന്ന് ജനിക്കുകയും, കാലാവസാനത്തിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ശരീരപ്രകാരം തനിക്ക് പിതാവില്ലാതിരിക്കേ അവിവാഹിതയായ (കന്യകയായ) മാതാവിൽ നിന്ന് ജനിക്കുകയും ചെയ്ത സ്വർഗ്ഗീയ കുഞ്ഞാട്” (സെദറായിൽ നിന്ന്) വഴി ആ കുഞ്ഞാടിന്റെ പിതാവ്, മനുഷ്യന്റെ പിതാവും, ആ

കുഞ്ഞാടിന്റെ അമ്മ, മനുഷ്യന്റെ അമ്മയും ആയിത്തീർന്നു. ബുധനാഴ്ച നമസ്കാരത്തിലെ ഒരു കീർത്തനത്തിൽ ഇപ്രകാരം ചൊല്ലുന്നു (മെന്ഓലം പ്രഭാതം 2-ാം കോലോ).

നാഥാ, രണ്ടാം സ്വർഗ്ഗമതായ് തീർന്നാൾ മറിയാം
ശുദ്ധിയോടവളിൽ വസിച്ചു നീ
അവളീന്നുദയം ചെയ്തു ഭവാൻ
കുരിശിൽ പീഡ സഹിച്ചപ്പോൾ
ശിഷ്യനു മാതാവായേകി
തവജനനീ പ്രാർത്ഥനയാലെ
രക്ഷകനേ കേഴുന്നടിയാർ
ശാന്തി നിരപ്പുകൾ ദിശിയഖിലം
വാണീടാൻ കൃപ ചെയ്യണമേ.

ദൈവമാകുന്ന മ്ശിഹായുടെ, രക്ഷാകരമായ പ്രവർത്തനത്തിന് മാതാവ് ആവശ്യമായിരുന്നു; മ്ശിഹാ നമ്മുടെ ജീവനാകുന്നത് മനുഷ്യാവതാരം വഴിയാണ്. ഇക്കാരണത്താൽ ബുധനാഴ്ച സന്ധ്യാ പ്രാർത്ഥനയിലുള്ള ഒരു സെദറായിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു:

ഞങ്ങളുടെ രക്ഷകനും ദൈവവുമായ മ്ശിഹായുടെ മാതാവായി സകല നന്മകളും നിറഞ്ഞ കന്യകയേ, നിന്റെ പുകഴ്ചകളെ വർണ്ണിപ്പാൻ കഴിയുന്ന നാവുകൾ ഏതുണ്ടു. രക്ഷാകരമായ അവന്റെ പ്രത്യക്ഷതയാൽ പാപാന്ധകാരത്തെയും നാശകരമായ അബന്ധത്തെയും ഞങ്ങളിൽ നിന്ന് അവൻ ദുരീകരിച്ചു. ഇതു ഹേതുവായി ജീവന്റെ ഉറവയും രക്ഷയുടെ ഉത്ഭവസ്ഥാനവും വാഴ്ത്തപ്പെട്ട വയലും സ്വർഗ്ഗത്തിലേക്കു കരേറ്റുന്ന ഗോവേണിയുമായി, നിന്നെ ഞങ്ങൾ അറിയുന്നു.

ജീവന്റെ ഉറവ, രക്ഷയുടെ ഉത്ഭവസ്ഥാനം, വാഴ്ത്തപ്പെട്ട വയൽ, സ്വർഗ്ഗത്തിലേക്ക് കരേറ്റുന്ന ഗോവേണി ഇവയൊക്കെ അതുല്യമായ പദവിയെയും കർത്തവ്യങ്ങളെയും ആണ് പ്രകടമാക്കുന്നത്. ഇവയെല്ലാം നമ്മുടെ ദൈവവും രക്ഷകനുമായ മശിഹായുടെ മാതാവായതു കൊണ്ടുണ്ടായ സവിശേഷതകളുമാണ്. ഇക്കാരണങ്ങൾ കൊണ്ടു തന്നെയാണ് രക്ഷയുടെ സമൂഹമായ തിരുസഭയും അതിലെ ഓരോ അംഗവും മാതാവിനോടു ബന്ധപ്പെട്ടിരിക്കുന്നത്. അതു സമ്മതിച്ചു അംഗീകരിച്ച് മാതാവിനെ സ്തുതിക്കുന്നതിലാണ് മാതാവിനോടുള്ള ഭക്തി അടങ്ങിയിരിക്കുന്നത്. ഈ പദവികളും കർത്തവ്യങ്ങളും മാതാവിനുണ്ടായത് നമ്മുടെ ജീവനും, രക്ഷയും, സ്വർഗ്ഗഭാഗ്യവുമായ യേശുക്രിസ്തുവിൽ നിന്നാണ്; ഇവയെല്ലാം ദൈവദാനങ്ങളുമാണ്. ദൈവത്തെ കൂടുതൽ മഹത്വീകരിക്കുന്നതിനുള്ള അപദാനങ്ങളുമാണ്.

മാതാവിനോടുള്ള ഭക്തി ആരാധനക്രമത്തിന്റെ ഭാഗമായതുകൊണ്ടും ആരാധനക്രമം വിശ്വാസികളുടെ ജീവിതത്തിന്റെ ഭാഗമായതുകൊണ്ടുമാണ് ആരാധനക്രമത്തിന് പുറമേയുള്ള മരിയ ഭക്താനുഷ്ഠാനങ്ങൾക്ക് മലങ്കര കത്തോലിക്കാ സഭയിൽ പ്രാധാന്യമില്ലാത്തത്. ആരാധനക്രമോന്മുഖമായ ആദ്ധ്യാത്മികത കുറഞ്ഞപ്പോഴോ ഇല്ലാതായപ്പോഴോ ഉണ്ടായവയാണ് പാശ്ചാത്യ സഭയിലെ മരിയ ഭക്താനുഷ്ഠാനങ്ങൾ. ഈ അനുഷ്ഠാനങ്ങളിൽപെട്ടവയാണ്, ജപമാല ഭക്തി, കർമല മാതാവിനോടുള്ള ഭക്തി, വ്യാകുല മാതാവിനോടുള്ള ഭക്തി, മേയ്മാസ വണക്കമാസ ഭക്തി, അദ്ഭുത കാശുരൂപത്തിന്റെ മാതാവിനോടുള്ള ഭക്തി മുതലായവ. ഈ ഭക്താനുഷ്ഠാനങ്ങൾ പ്രായോഗികമാക്കേണ്ടത് ആരാധനക്രമത്തിന് ചേർന്ന വിധമായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചിട്ടുണ്ട്. ജപമാല ഭക്തി ആരാധനക്രമത്തിനു ചേർന്നവിധം സംവിധാനം ചെയ്യാവുന്നതാണ്. മാതാവിന്റെ നാമത്തിലുള്ള പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളും ആരാധനക്രമത്തിനു യോജിച്ചവിധം സംവിധാനം ചെയ്യാവുന്നതാണ്. എല്ലാ ഭക്താനുഷ്ഠാനങ്ങളും ഈ വിധം സംവിധാനം ചെയ്യുക എളുപ്പമല്ല. ആ വിധത്തിലുള്ള സംവിധാനം സാദ്ധ്യമല്ലാത്തപ്പോൾ ആരാധനക്രമ പ്രവർത്തനങ്ങളല്ല ഉപേക്ഷിക്കേണ്ടത്, ഭക്താനുഷ്ഠാനങ്ങൾ തന്നെ. കാരണം ആദ്ധ്യാത്മിക ജീവിതം ആരാധനക്രമോന്മുഖമായിരിക്കണമെന്നുള്ളതു തന്നെ. അതുകൊണ്ട് മലങ്കര കത്തോലിക്കാ സഭാംഗങ്ങൾ ആരാധനക്രമത്തിൽ കന്യകമറിയത്തിന് ഉള്ള സ്ഥാനം കൂടുതലായി അറിയുകയും അതനുസരിച്ചുള്ള ഭക്തി പരിശീലിക്കയും ആണ് വേണ്ടത്. ആരാധനക്രമത്തിലെ ഗീതങ്ങളും പ്രാർത്ഥനകളും പഠിക്കുകയും അവയുടെ അഗാധമായ അർത്ഥം ധ്യാനിച്ച് മനസ്സിലാക്കി പ്രാർത്ഥിക്കുകയും ചെയ്യാൻ ശ്രമിക്കണം.

മാതാവിന്റെ പതിനഞ്ചു പെരുന്നാളുകളും വിശേഷദിവസങ്ങളുമാണ് മലങ്കര കത്തോലിക്കാ സഭയിൽ ഉള്ളത്. ഇത് ആരാധനക്രമ വത്സരത്തിന്റെ താളമനുസരിച്ചാണ്. എല്ലാ ബുധനാഴ്ചയും മാതൃഭക്തിക്കുവേണ്ടി മാറ്റിവച്ചിരിക്കുന്ന ദിവസമാണ്. ഉപവസിക്കാനും നല്ല പ്രവൃത്തികൾ ചെയ്യാനും അന്ന് കൂടുതൽ ശ്രമിക്കണം. സ്വർഗാരോഹണ പെരുന്നാളിനു മുമ്പുള്ള പതിനഞ്ചു നോമ്പ് മാതാവിന്റെ ബഹുമാനാർത്ഥമുള്ളതാണ്. ഈ വിധത്തിലുള്ള കാര്യങ്ങൾ നടപ്പാക്കി മാതൃഭക്തിയിൽ വളരാൻ വിശ്വാസികൾ ശ്രമിക്കുന്നത് ആദ്ധ്യാത്മികത ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗമാണ്. വി. കുർബാനയിലും യാമപ്രാർത്ഥനകളിലും മാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകളുണ്ട്. ഇവയെല്ലാം വളരെ പ്രാധാന്യം അർഹിക്കുന്നവയുമാണ്. മനുഷ്യാവതാരത്തിലും ജനനത്തിലും കന്യകമറിയത്തിനുള്ള പങ്കിനെ പ്രകീർത്തിക്കുന്നവയാണ്. മാതാവിന്റെ കന്യാത്വം, അമലോത്ഭവം, മാദ്ധ്യസ്ഥം, രണ്ടാമത്തെ ഹൗവ്വായെന്നുള്ള സ്ഥാനം, രണ്ടാമത്തെ സ്വർഗ്ഗം എന്നുള്ള പദവി

ഇവയെല്ലാം ഓർത്തുള്ള സ്തുതിഗീതങ്ങളും പ്രാർത്ഥനകളും ആരാധനാക്രമത്തിൽ അധികമായയുണ്ട്. ഇവയൊക്കെ പ്രാർത്ഥനയ്ക്കും, ഗാനങ്ങൾക്കും, ധ്യാനത്തിനും വിശ്വാസികൾ ഉപയോഗിക്കുവാൻ പരിശീലിക്കണം. അവയുടെ അർത്ഥവും വ്യാഖ്യാനവും പഠിക്കുവാനുള്ള സംവിധാനങ്ങളും നമ്മുടെ വേദോപദേശ ക്ലാസ്സുകളിൽ ഉണ്ടാവണം. ആ വിധത്തിൽ ദൈവ മാതൃഭക്തിയിൽ നാം വളരേണ്ടിയിരിക്കുന്നു.3

# 4

# വലിയ നോമ്പുകാലം

നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ ഉയിർപ്പു പെരുന്നാളിന് ഒരുക്കമായിട്ടുള്ള കാലമാണ് അമ്പതു നോമ്പു കാലം. മരിച്ചവരിൽ നിന്നും ഉള്ള മനുഷ്യന്റെ ഉത്ഥാനത്തിൽ പരിപൂർത്തിയിലെത്തുന്ന അവന്റെ ജീവൻ മുഴുവന്റേയും സജീവ അടയാളമാണ് നോമ്പുകാലം. പ്രാർത്ഥനയും ഉപവാസവും ധർമ്മദാനങ്ങളും വഴി ക്രിസ്തീയ ജീവിതം ശക്തിപ്പെടുത്തുകയും നവീകരിക്കയും ചെയ്യേണ്ട കാലമാണ് ഇത്. യേശുക്രിസ്തുവിന്റെ നാല്പതു ദിവസത്തെ നോമ്പാണ് ഈ നോമ്പിന്റെ മാതൃകയെന്ന് നോമ്പിന്റെ ആരംഭത്തിൽ നടത്തുന്ന ശുബ്ക്കോനോ ശുശ്രൂഷയിൽ നിന്നും നാല്പതാം വെള്ളിയാഴ്ചയിലെ ശുശ്രൂഷയിൽ നിന്നും തെളിയുന്നു. മ്ശിഹായോടനുരൂപപ്പെട്ടും അവിടത്തെ ഉപദേശം അനുസരിച്ച് നമ്മുടെ മനസ്സും ഹൃദയവും പ്രവൃത്തികളും ശരിയായി നവീകരിച്ചുകൊണ്ട് അനുതപിക്കാനുള്ള കാലമാണ് നോമ്പുകാലം. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കാനുള്ള ആ വലിയ കല്പനകളുടെ തീവ്രമായ അനുഷ്ഠാനങ്ങളിലേക്കുള്ള തിരിച്ചുവരവിനുള്ള കാലമാണ് നോമ്പുകാലം. "ഞാൻ എന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല" (1 കൊരി. 13:3) എന്നു പൗലോസ് ശ്ലീഹാ പറയുന്ന ആ സ്നേഹം വളർത്തുവാനുള്ള കാലമാണ് നോമ്പുകാലം. "നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെയും വായ് നിയന്ത്രിക്കാതെയും ഒരുവൻ നോമ്പാചരിക്കുന്നുവെങ്കിൽ അവന്റെ വ്രതംകൊണ്ട് ഒരു വിശേഷതയുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറകു ബലഹീനമാകുന്നു. അവിടെ അത്യുന്നതനെ കാണുന്നുമില്ല." ഈ പ്രാർത്ഥനയിൽ നിന്നും നോമ്പും പ്രാർത്ഥനയും സ്നേഹവും ക്രിസ്തീയ ജീവിതത്തിൽ ഒന്നിച്ചു പോകേണ്ടതാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

വിലക്ഷണ വികാരപ്രവണതയുടെയും മ്ലാനതയുടെയും കാലമല്ല നോമ്പുകാലം. മറിച്ച് പ്രസന്നതയുടെയും ആഹ്ലാദത്തിന്റെയും ആത്മശുദ്ധീകരണത്തിന്റെയും കാലമാണ്. നോമ്പു നോക്കുമ്പോൾ "ശിരസ്സിൽ തൈലം പുര

ട്ടുകയും മുഖം കഴുകുകയും" ചെയ്യാനാണ് നമ്മോടാവശ്യപ്പെട്ടിട്ടുള്ളത് (മത്തായി 6:18). ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ മനസ്സാക്ഷിക്കുത്തു കൊണ്ടുണ്ടാകുന്ന നിരാശയല്ല. പ്രത്യുത അനുതാപമാണ്. നാം പാപത്തെ ക്കുറിച്ചു ദുഃഖിക്കുന്നത് ദൈവകാരുണ്യത്തിലുള്ള ആനന്ദംകൊണ്ടും ആശ്രയം കൊണ്ടുമായിരിക്കണം. എന്നും നിലനിൽക്കുന്ന ജീവനിലേക്കുള്ള ഉത്ഥാനത്തിന്റെ സന്തോഷമായിരിക്കണം നമ്മുടെ ഇന്ദ്രിയനിഗ്രഹത്തി ന്റെയും അപതിഗ്രഹഭാവത്തിന്റെയും കാരണം. യേശുമ്ശിഹായുടെയും നമ്മുടെ തന്നെയും ഉത്ഥാനത്തിന് നാം നമ്മെത്തന്നെ ഒരുക്കുന്ന കാലമാ യിരിക്കണം നോമ്പുകാലം.

ഉപവാസത്തെക്കുറിച്ച് ഒരു കാര്യം നാം ഓർക്കണം. ക്രിസ്തീയ ജീവി തത്തിലെ ഒരു അവശ്യ ഘടകമാണ് ഉപവാസം. യേശുമ്ശിഹാ ഉപവസിച്ചു. ഉപവസിക്കാൻ മറ്റുള്ളവരോട് പറയുകയും ചെയ്തു. ആക്ഷേപത്തിൽ നിന്നും ആരോപണത്തിൽ നിന്നും നാം അകന്നിരിക്കണം (മത്തായി 6:16; റോമർ 14:13-14). ഉപവാസത്തിന്റെ ലക്ഷ്യം പാപത്തിൽ നിന്ന് നമ്മുടെ ശരീ രത്തെയും ആത്മാവിനെയും മോചിപ്പിക്കുകയെന്നുള്ളതാണ്. അതുവഴി ജീവിത ശുദ്ധീകരണം സാധിക്കുകയും ചെയ്യുകയെന്നുള്ളതുമാണ്. ദൈവ ത്തെയും മനുഷ്യനെയും സ്നേഹിക്കാനുള്ള നമ്മുടെ കഴിവുകളുടെ ശക്തി പ്പെടുത്തലും പരിശുദ്ധ ത്രിത്വവുമായുള്ള നമ്മുടെ കൂട്ടായ്മയ്ക്കു വേണ്ടി യുള്ള സ്വയം ദീപ്തമാക്കലുമാണത്. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ധർമ്മദാനങ്ങൾക്കും ആയി കൂടുതൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ ഈ സ്വയം ദീപ്തമാക്കൽ സാധിക്കുകയില്ല.

## നിഖ്യ സുന്നഹദോസ് അംഗീകരിച്ചത്

ഉപവാസവും ധർമ്മദാനവും ആദിമ ക്രിസ്ത്യാനികളുടെ ഇടയിൽ സാധാ രണമായിരുന്നെങ്കിലും നാലാം നൂറ്റാണ്ടു വരെ അതിനായി ഒരു പ്രത്യേക കാലമുണ്ടായിരുന്നില്ല. നാലാം നൂറ്റാണ്ടിലാണ് നോമ്പ് ഒരു പ്രത്യേക കാല മായി കരുതുവാൻ തുടങ്ങിയത്. ഉയിർപ്പ് പെരുന്നാളിന്റെ ഒരുക്കസമയം ആയിട്ടാണ് ഈ കാലത്തെ പരിഗണിച്ചിരുന്നത്. എ.ഡി. 329-ൽ വി. അത്താ നാസിയോസ് പിതാവ് ആറു ദിനങ്ങൾ ഉപവസിക്കേണ്ടതിനെക്കുറിച്ച് ഒരു കത്തിൽ പ്രസ്താവിക്കുന്നു; ഒരു വർഷത്തിനുശേഷം നാല്പതു നോമ്പി നെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട്. നാല്പതു ദിവസ ഉപവാസം നിഖ്യാ സുന്നഹദോസിന്റെ (325) അഞ്ചാം കാനോൻ അംഗീകരിച്ചിട്ടുള്ളതായി കാണുന്നു. നാലാം നൂറ്റാണ്ടിൽ ഈ ഉപവാസം പല സ്ഥലങ്ങളിലും പ്രച രിച്ചിരുന്നു. എന്നാൽ അതിന്റെ അനുഷ്ഠാനരീതിയിൽ ഓരോ സ്ഥലത്തും പ്രത്യേകതകളുണ്ട്. എഗേറിയായുടെ ഡയറിയിൽ ഈ ഉപവാസം നാലാം നൂറ്റാണ്ടിന്റെ അവസാനം യെറുശലേമിൽ നിലവിലുള്ളതായി രേഖപ്പെടു

ത്തിയിട്ടുണ്ട്. സോക്രട്ടീസ് എന്ന ചരിത്രകാരനും വിവിധ സ്ഥലങ്ങളിൽ ഈ ഉപവാസം വിവിധ രീതിയിൽ അനുഷ്ഠിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൗരസ്ത്യ സഭകളിൽ ശനിയാഴ്ചയും ഞായറാഴ്ചയും ഉപവാസ ദിവസങ്ങളായി പരിഗണിക്കാതിരുന്നതുകൊണ്ട് ഈ ഉപവാസം എട്ടു വാരങ്ങളായിട്ടാണ് (8 x 5 = 40) നടത്തി വന്നത്. ഇപ്പോഴും ബൈസന്റയിൻ സഭ ഈ നോമ്പു തുടങ്ങുന്നത് സുറിയാനി സഭകൾ ആരംഭിക്കുന്ന കാനായിലെ കല്യാണദിവസത്തിനു മുമ്പുള്ള ഞായറാഴ്ചയാണ് (ലത്തീൻ റീത്തിൽ സെക്സജേസിമാ എന്നറിയപ്പെടുന്ന ഞായറാഴ്ച). സുറിയാനി സഭകൾ നോമ്പു തുടങ്ങുന്ന തിങ്കളാഴ്ചയ്ക്കു മുമ്പുള്ള മൂന്ന് ഞായറാഴ്ചകളെ നോമ്പിന് ഒരുങ്ങുന്ന ഞായറാഴ്ചകളായിട്ടാണ് പരിഗണിക്കുന്നത്. ലത്തീൻ സഭയിൽ ഈ ഞായറാഴ്ചകളെ സെപ്ത്വവജേസിമ, സെക്സജേസിമ, ക്വിംക്വജേസിമാ ഞായറാഴ്ചകളെന്നാണ് വിളിക്കുന്നത്.

ഉപവാസം ആദ്യകാലത്ത് സ്വമനസ്സാലെ നിർവ്വഹിച്ചിരുന്നതാണെങ്കിലും പിന്നീട് നിയമാനുസരണമുള്ള നിർബ്ബന്ധത്തിനു വിധേയമായിതീർന്നു. മദ്ധ്യ ശതകങ്ങളിൽ പാശ്ചാത്യ സഭയിൽ ഉപവാസത്തിന്റെ കാഠിന്യം കുറഞ്ഞു പോയിട്ടുണ്ട് എന്ന് പറയാം. അഞ്ചും ആറും ശതകങ്ങളിൽ നോമ്പുകാലത്ത് ലൗകികമായ ആഘോഷങ്ങളും ആർഭാടങ്ങളും വിരുന്നുകളും മാത്രമല്ല ഉപേക്ഷിച്ചിരുന്നത്, പുണ്യവാന്മാരുടെ പെരുന്നാളുകളുടെ ആഘോഷങ്ങളും നടത്തിയിരുന്നില്ല. നോമ്പുകാലത്ത് എപ്രകാരമാണ് ദിവ്യാനുഷ്ഠാനങ്ങൾ നടത്തേണ്ടതെന്നതിനെക്കുറിച്ച് പക്ഷാന്തരങ്ങൾ നിലവിലുണ്ടായിരുന്നു. വചന ശുശ്രൂഷയും ഒപ്പം വീട്ടിൽ രോഗികൾക്കായി സൂക്ഷിച്ചിരുന്ന കുർബ്ബാനയിൽ നിന്നുള്ള ദിവ്യകാരുണ്യ സ്വീകരണവും ഉണ്ടായിരുന്നു. വി. കുർബ്ബാന ബലി യാഘോഷം കർത്താവിന്റെ ഉയിർപ്പിന്റെ ആഘോഷമായി പരിഗണിച്ചിരുന്നതിനാൽ ഇടദിവസങ്ങളിൽ കുർബ്ബാന അർപ്പിച്ചിരുന്നില്ല. പീഡാനുഭവ ആഴ്ചയിൽ പെസഹാ വ്യാഴാഴ്ച മാത്രമേ വി. ബലി അർപ്പിച്ചിരുന്നുള്ളു.

### യേശു-സ്വർഗ്ഗീയ വൈദ്യൻ

പാശ്ചാത്യ സുറിയാനി സഭയിൽ നോമ്പിലെ ഒന്നാമത്തെ ഞായറാഴ്ച കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ സംഭവമാണ് അനുസ്മരിക്കപ്പെടുന്നത്. അതിനുശേഷമുള്ള ശുബ്ക്കോനോ (അനുരഞ്ജനം) തിങ്കളാഴ്ച ഉപവാസത്തോടും പരസ്പരം രമ്യപ്പെട്ടും ആണ് നോമ്പിന്റെ തപസ്സിലേക്ക് പ്രവേശിക്കുന്നത്. ശുബ്ക്കോനോ ശുശ്രൂഷയിൽ പട്ടക്കാരൻ ഇടവകജനങ്ങളോടു ക്ഷമ ചോദിക്കുന്നു. ഉചിതമായവിധത്തിൽ ഇടവക ജനങ്ങളും പട്ടക്കാരനും തമ്മിലും പരസ്പരം ജനങ്ങൾ തമ്മിലും അനുരഞ്ജനത്തിന്റെ ഭാവത്തോടു കൂടെയാണ് ഈ ശുശ്രൂഷയിൽ സംബന്ധിക്കുന്നത്. പാശ്ചാത്യ സുറിയാനിസഭയുടെ (മലങ്കര സുറിയാനി സഭയുടെ)

നോമ്പുകാല ശുശ്രൂഷകൾക്ക് രണ്ട് വ്യത്യസ്ത ഘടകങ്ങളാണുള്ളത്: ഞായറാഴ്ചകളിലെയും ഇടദിവസങ്ങളിലെയും, ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും പ്രാർത്ഥനകളും നാല്പത് ദിവസങ്ങളിലായി പ്രായശ്ചിത്ത ഭാവവും അനുതാപവും വെളിവാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഞായറാഴ്ചകളിൽ അനുസ്മരിക്കപ്പെടുന്നത് നമ്മുടെ കർത്താവിന്റെ ദൈവത്വവും കാരുണ്യവും വെളിവാക്കുന്ന രോഗശാന്തി നൽകുന്ന അദ്ഭുത പ്രവൃത്തികളാണ്. ഉയിർപ്പു പെരുന്നാളിന് ഒരുക്കമായ നോമ്പു ദിവസങ്ങൾ കൂടുതൽ പ്രകാശിതമാക്കാനും സുഗമമാക്കാനും ഈ ക്രമീകരണം സഹായിക്കുന്നു. ഈ രണ്ടു ഘടകങ്ങളും ചേരുമ്പോൾ വിശ്വാസത്തിന്റെ ഒരു അനുഭവക്രമം നോമ്പുകാല ശുശ്രൂഷകളിൽ നിന്നും ഉളവാകുന്നു. “കർത്താവേ എന്നോടു കൃപ ചെയ്യണമെ, ഞാൻ അങ്ങേയ്ക്കെതിരായി പാപം ചെയ്തു പോയി, എന്നെ സുഖപ്പെടുത്തണമെ” (41-ാം സങ്കീർത്തനം) എന്ന സങ്കീർത്തനവാക്യം അനുഭവവേദ്യമാക്കിത്തീർക്കുന്നു. രോഗങ്ങളും വ്യാധികളും പാപം മൂലം ലോകത്തിൽ ഉണ്ടായതാണെന്നും രോഗശാന്തി ആത്യന്തികമായും പാപമോചനത്തിന്റെ ഫലമായി വന്നു ഭവിക്കുന്നതാണെന്നും ഉള്ള പരമാർത്ഥം കൂടുതലായി മനസ്സിൽ ഉറപ്പിക്കുകയും ചെയ്യുന്നു. മ്ശിഹാതമ്പുരാൻ നമ്മുടെ ശാരീരിക രോഗങ്ങളുടെ വൈദ്യനായിത്തീരുന്നത് അവിടുന്ന് പാപമോചകനും രക്ഷകനും ആയതുകൊണ്ടാണെന്നും, അതായത് ആത്മാവിന്റെ സ്വർഗ്ഗീയ വൈദ്യനായതുകൊണ്ടാണെന്നും ഞായറാഴ്ചത്തെ അദ്ഭുതങ്ങളെക്കുറിച്ചുള്ള അനുസ്മരണ നമ്മെ മനസ്സിലാക്കുന്നു. പ്രായശ്ചിത്തവും പാപപരിഹാരവും വഴിയാണ് നാം സുഖം പ്രാപിക്കുന്നതെന്ന് നമ്മെ ഗ്രഹിപ്പിക്കുന്നു. ഗർബ്ബോ (കുഷ്ഠരോഗി) ഞായറാഴ്ചയിലെ പ്രഭാത പ്രാർത്ഥനയുടെ സെദറായിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു:

> “ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നീ സാക്ഷാൽ വൈദ്യനും ആത്മാക്കളെ ദർശിക്കുന്നവനുമാകുന്നു. ഞങ്ങളുടെ ബലഹീന കുലത്തിന്റെ രക്ഷയ്ക്കും സൗഖ്യത്തിനുമായി നിന്റെ സ്നേഹത്താൽ നീ താഴ്ത്തപ്പെട്ടു. ഞങ്ങൾക്കുവേണ്ടി രക്ഷാകരമായ വ്യാപാരങ്ങളെ നീ നിറവേറ്റി. ദൈവിക ചികിത്സകളെ നീ നിർവ്വഹിച്ചു. ആകയാൽ നിന്റെ അദ്ഭുത പ്രവൃത്തികളെ ഓർത്ത് ഞങ്ങൾ അതിശയിക്കുന്നു. നിന്റെ വിസ്മയ പ്രവൃത്തികളെ ഞങ്ങൾ പരിശോധിക്കുന്നു.”

ഇപ്രകാരമുള്ള പ്രാർത്ഥനകളാണ് നോമ്പിലെ സെദറാകളിൽ നാം കാണുന്നത്. നോമ്പിലെ രണ്ടും മൂന്നും നാലും അഞ്ചും ആറും ഞായറാഴ്ചകൾ അറിയപ്പെടുന്നത് യഥാക്രമം ഗർബോ (കുഷ്ഠരോഗി), മ്ശറിയോ (തളർവാതരോഗി), ക്നാനൈത്തോ (കനാന്യസ്ത്രീയുടെ പുത്രിയെ പിശാചിൽ നിന്ന് വിടുവിച്ചത്), ക്ഫിപ്തോ (കൂനി), സമിയോ (അന്ധൻ) എന്നീ

രോഗികളുടെ പേരിലാണ്. പല വിധമായ വ്യാധികളെയും രോഗങ്ങളെയും ഭേദമാക്കിയതായി നോമ്പു ദിവസങ്ങളിലെ പ്രാർത്ഥനകളിൽ നാം അനുസ്മരിക്കുന്നു. മേൽപറഞ്ഞ രോഗികൾ ദൃഷ്ടാന്തങ്ങളായി പരിഗണിക്കപ്പെടുന്നുവെന്നു മാത്രമേ മനസ്സിലാക്കേണ്ടതുള്ളു.

## ജീവൽതുറമുഖ പ്രാപ്തി

നാലാമത്തെ ആഴ്ചയിലെ (ക്നാനൈതോ, ആഴ്ചയിലെ) ബുധനാഴ്ച പകുതി നോമ്പ് ദിവസമായി ആചരിക്കപ്പെടുന്നു. "ഗോഗുൽത്താ സ്ഥാപന ശുശ്രൂഷയെന്നാണ് അന്നത്തെ ശുശ്രൂഷ അറിയപ്പെടുന്നത്. നമ്മുടെ കർത്താവ് ഗോഗുൽത്താ മലയിൽ ഉയർത്തപ്പെട്ടതിന്റെ മുൻകുറിയായിരുന്നു മോശ മരുഭൂമിയിൽ വച്ച് പിച്ചള സർപ്പത്തെ ഉയർത്തിയത്, എന്ന് നമ്മുടെ കർത്താവു തന്നെ പ്രഖ്യാപിച്ചതാണ് (യോഹ. 3:14-16, സംഖ്യ 21:9). പകുതി നോമ്പു മുതൽ കൂടുതലായിട്ട് പീഡാനുഭവത്തിലേക്ക് തിരുസഭ വിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സമിയോ ആഴ്ചയിലെ വെള്ളിയാഴ്ച നാല്പതാം വെള്ളിയാഴ്ചയാണ്. യേശുക്രിസ്തുവിന്റെ നോമ്പിനെ അനുകരിച്ചുള്ള നാല്പതു നോമ്പ് അന്ന് അവസാനിക്കുകയുമാണ്. അന്നു മുതലുള്ള പത്തു ദിവസങ്ങളിൽ മ്ശിഹാതമ്പുരാന്റെ പെസഹാ രഹസ്യങ്ങളെ (പീഡാനുഭവം, കുരിശുമരണം, ഉയിർപ്പ്, രണ്ടാമത്തെ വരവ്) കൂടുതൽ അനുഭവേദ്യമാക്കിത്തീർക്കുന്ന ദിവസങ്ങളാണ്. നാല്പതാം വെള്ളിയാഴ്ചയ്ക്കു ശേഷമുള്ള ശനിയാഴ്ച ലാസറിനെ ഉയിർപ്പിച്ച വലിയ സംഭവം ഓർക്കുന്നു. യേശുമ്ശിഹായാണ് നമ്മുടെ ജീവനും ഉയിർപ്പും എന്നുള്ള ആ വലിയ സത്യം നമ്മെ ഗ്രഹിപ്പിക്കുന്നതിനു വേണ്ടിയാണ് ഇത്. അതിനു ശേഷമുള്ള ഓശാന ഞായറാഴ്ച മ്ശിഹായുടെ യെരുശലേം ദേവാലയ പ്രവേശനമാണ് ആഘോഷിക്കുന്നത്. ഓശാന ഞായറാഴ്ച കഴിഞ്ഞു വരുന്ന സന്ധ്യയിൽ പ്രാർത്ഥനയുടെ അവസാനം വളരെ അർത്ഥഗർഭമായ "വാദേദൽമീനോ" – ജീവൽതുറമുഖ പ്രാപ്തി എന്ന അതിമനോഹരമായ ശുശ്രൂഷ നടത്തുന്നു. ഖേദകരമെന്നു പറയട്ടെ, ഇപ്രകാരം ഒരു ശുശ്രൂഷ ഉണ്ടെന്നുപോലും പലർക്കും അറിയത്തില്ല. ശുശ്രൂഷക്രമങ്ങളിൽ നിന്നുപോലും ഇത് അപ്രത്യക്ഷമായിരിക്കുകയാണ്. ജീവൽതുറമുഖമായി ക്രിസ്ത്യാനി ദർശിക്കുന്നതും മ്ശിഹായുടെ പീഡാനുഭവത്തിലും മരണത്തിലും പങ്കുചേരുന്നതിലും ഉയിർപ്പിന്റെ ശക്തി അനുഭവവേദ്യമാക്കുന്നതിലും മ്ശിഹായുടെ രണ്ടാമത്തെ വരവിന്റെ മുൻകുറായുള്ള അനുഭവത്തിലുമാണ്. ഈ അനുഭവം തീവ്രമായി ലഭ്യമാക്കേണ്ടത് ഉയിർപ്പ് പെരുന്നാളിൽ അവസാനിക്കുന്ന ഹാശാ ആഴ്ചയിലാണ്. ഈ ആഴ്ചയിൽ കുർബ്ബാന സ്ഥാപനവും (പെസഹാ വ്യാഴാഴ്ച), പീഡാനുഭവവും കുരിശുമരണവും (ദുഃഖവെള്ളിയാഴ്ച), കബറടക്കവും (ദുഃഖശനിയാഴ്ച) നാം ആഘോഷിക്കുന്നു. തുടർന്നുള്ള ശനിയാഴ്ച രാത്രി ക്രിസ്ത്യാനികളുടെ ഏറ്റവും വലിയതും വിശ്വാസത്തിന്റെ അടിസ്ഥാനവു

മായ ഉയിർപ്പു പെരുന്നാൾ നാം ആഘോഷിക്കുന്നു.

### പെസഹാ രഹസ്യങ്ങളുടെ ആഘോഷം

ആണ്ടുവട്ടത്തിലെ ഏറ്റവും പരിശുദ്ധമായ ആഴ്ചയാണ് കഷ്ടാനുഭവ ആഴ്ച (ഹാശാ ആഴ്ച). ഹാശാ ആഴ്ചയിലെ തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും, ബുധനാഴ്ചയും യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിനുള്ള ഒരുക്കദിവസങ്ങളാണ്. അനുതാപത്തിന്റെയും വിലാപത്തിന്റെയും സ്വഭാവമാണ് ഈ ദിവസങ്ങളിലെ പ്രാർത്ഥനകളിലും അനുഷ്ഠാനങ്ങളിലും പ്രകടമാകുന്നത്. വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ശനിയാഴ്ചയും ഞായറാഴ്ചയും പെസഹാരഹസ്യാഘോഷങ്ങളുടെ ദിവസങ്ങളാണ്. ഓരോ ദിവസവും യേശുക്രിസ്തുവിന്റെ ഉത്ഥാനരഹസ്യത്തിന്റെ ഓരോ വശങ്ങളെ സ്പഷ്ടമാക്കുന്നു. ഈ ഓരോ ദിവസവും ഓരോ സ്ഥലത്തെയും സൂചിപ്പിക്കുന്നു; സെഹിയോൻ മാളിക (പെസഹാ വ്യാഴാഴ്ച), ഗോഗുൽത്താ (ദുഃഖവെള്ളിയാഴ്ച), കബറിടം (ശനിയാഴ്ച), ഒഴിഞ്ഞ കല്ലറ (ഉയിർപ്പു ദിവസം). പെസഹാ വ്യാഴാഴ്ച സെഹിയോൻ മാളികയിലെ രഹസ്യം ആവിഷ്ക്കരിക്കപ്പെടുന്നു. ദുഃഖവെള്ളിയാഴ്ച ഗോഗുൽത്തായിലെ രഹസ്യം അനാവരണം ചെയ്യുന്നു, ദുഃഖശനിയാഴ്ച യേശുവിന്റെ മരണവും കബറടക്കവും ഓർക്കുന്നു; ഞായറാഴ്ച കല്ലറയിൽ നിന്നും ജയാളിയായി ഉയിർത്ത ക്രിസ്തുവിലുള്ള സന്തോഷവും. ഈ ദിവസങ്ങളിലെ ശുശ്രൂഷകളിൽ ആത്മാർത്ഥമായും ശുഷ്കാന്തിയോടും സംബന്ധിക്കുന്നവർക്ക് യേശുക്രിസ്തുവിന്റെ പൂർണ്ണതയുടെ അളവനുസരിച്ചുള്ള പക്വത പ്രാപിക്കാനുള്ള കൃപാവരം ലഭ്യമാകുന്നു. അതുവഴിയായി യേശുവിനെയും അവിടത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അറിയുന്നതിനും അവിടത്തെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിനുംവേണ്ടി ഈ ലോകത്തിൽ ജീവിക്കാൻ ക്രിസ്ത്യാനിക്കു സാധിക്കുന്നു. അങ്ങനെ അവസാനം മരിച്ചവരിൽ നിന്നുള്ള ഉയിർപ്പ് പ്രാപിക്കുമെന്നും അവൻ പ്രതീക്ഷിക്കുന്നു (ഫിലി. 3:10-11).

# 5

# ക്രിസ്തുവിജ്ഞാനീയ വിവാദം വി. സി. സാമുവേലച്ചന്റെ വീക്ഷണത്തിൽ

ക്രിസ്തീയ ലോകത്ത് വിവിധ സഭകൾ തമ്മിലുള്ള സംവാദരംഗത്ത് പ്രസിദ്ധനായ ഒരു ദൈവശാസ്ത്രജ്ഞനും, സഭാചരിത്ര ചിന്തകനും, പണ്ഡിതനായ ഗുരുഭൂതനും, വിമർശകനും, വാഗ്മിയും, ഗ്രന്ഥകാരനും ആയ വന്ദ്യ പുരോഹിതനാണ് വി. സി. സാമുവേൽ അച്ചൻ. അദ്ദേഹത്തിന്റെ ഏറ്റം പ്രധാനപ്പെട്ട ഗ്രന്ഥം കൽക്കദൂൻ സുന്നഹദോസിന്റെ ഒരു പുനരവലോകനം എന്ന അർത്ഥം വരുന്ന 'The Council of Chalcedon Re-examined' എന്ന ഗ്രന്ഥമാണ്. ഈ ഗ്രന്ഥവും ഇതിനോടു ബന്ധപ്പെട്ട് അദ്ദേഹം എക്യുമെനിക്കൽ സംവാദങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങളും വ്യക്തിപരമായവിധത്തിൽ എനിക്ക് ഇഷ്ടമായി തോന്നിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് അഞ്ചാം നൂറ്റാണ്ടിലെ ക്രിസ്തുവിജ്ഞാനീയ വാദങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ഞാൻ ഇവിടെ ചുരുക്കമായി വിശദീകരിക്കാൻ ശ്രമിക്കുന്നത്.

കേരള സഭകളിലെ പലർക്കും അദ്ദേഹത്തിന്റെ ഈ സംഭാവനകളെക്കുറിച്ച് വലിയ അറിവുണ്ടെന്നു തോന്നുന്നില്ല. അസ്സീറിയാ സഭയിലും, പൗരസ്ത്യ ഓർത്തഡോക്സ് സഭയിലും, കത്തോലിക്കാ സഭയിലുംപെട്ട കേരളത്തിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ സംഭാവനകൾ അറിയേണ്ടവരാണ്. എങ്കിൽ മാത്രമേ കേരളത്തിൽ തന്നെ ഈ സഭകൾ തമ്മിലുള്ള സാഹോദര്യം വർദ്ധിക്കുവാനും വിശ്വാസ ഐക്യത്തിൽ എത്തുന്നതിനുള്ള പരിശ്രമങ്ങൾ വിജയിപ്പിക്കുന്നതിനും സാധിക്കുകയുള്ളു. ഈ ലക്ഷ്യത്തോടെയാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്. ഇനിയും പ്രമേയത്തിലേക്ക് കടക്കാം.

യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന് ഭൂരിഭാഗം ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. യേശുക്രിസ്തുവിൽ ദൈവികവും മാനുഷികവുമായ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ ഈ രണ്ടു സ്വഭാവങ്ങൾ ചേർന്ന് ഒന്നായിരിക്കുന്നത്, എങ്ങനെയെന്നുള്ളത് ദൈവശാസ്ത്ര പണ്ഡിതന്മാരെ ആദികാലം മുതലേ അലട്ടുന്ന ഒരു

പ്രശ്നമായി നാം കാണുന്നു. 431-ലെ എഫേസോസ് സുന്നഹദോസും, 451-ലെ കൽക്കദൂൻ സുന്നഹദോസും ഈ പ്രശ്നം കൈകാര്യം ചെയ്തതായി ചരിത്രം സാക്ഷിക്കുന്നു. നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളായ അലക്സാന്ത്രിയായിലും, അന്ത്യോഖ്യായിലുമുള്ള ദൈവശാസ്ത്രജ്ഞർ അവരുടേതായവിധത്തിൽ ഈ പ്രശ്നം കൈകാര്യം ചെയ്തിരുന്നു. അതായത് അലക്സാന്ത്രിയൻ വീക്ഷണവും അന്ത്യോഖ്യൻ വീക്ഷണവും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. യേശുക്രിസ്തുവിന് ഒരു സ്വഭാവവും (ഇംഗ്ലീഷിൽ nature, സുറിയാനിയിൽ ക്യോനോ, ഗ്രീക്കിൽ *hypostasis)* ഒരു ആളത്തവും (സുറിയാനിയിൽ കിനുമോ, പർസുപ്പോ) ആണ് ഉള്ളതെന്ന് അലക്സാന്ത്ര്യർ വാദിച്ചു. യേശുക്രിസ്തുവിൽ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും രണ്ട് ആളത്തങ്ങൾ (ക്യോനോ, ക്നൂമോ, *hypostasis* എന്നീ വാക്കുകളാണ് ഉപയോഗിക്കുന്നത്) ഒരുമിച്ച് സ്ഥിതി ചെയ്തിരുന്നതായി അന്ത്യോഖ്യർ പ്രസ്താവിച്ചു. മറ്റു വിധത്തിൽ പറഞ്ഞാൽ യേശുക്രിസ്തുവിൽ ആന്തരീയമായി ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു ആളത്തങ്ങൾ ഒരുമിച്ചുചേർന്ന് ഏക ക്രിസ്തുവായി പ്രവർത്തിച്ചിരുന്നുവെന്ന് അവർ പറഞ്ഞു വന്നു. രണ്ട് ആളത്തങ്ങൾ (*hypostasis)* ഒരു പ്രോസപ്പോണിൽ (*prosopone* - ആളത്തത്തിന്റെ ബാഹ്യത) ഉണ്ടായിരുന്നുവെന്നു അവർ സ്പഷ്ടമായി പറഞ്ഞു.

428-ലെ ക്രിസ്തുമസിനോടു ചേർന്നു യേശുക്രിസ്തുവിന്റെ മാതാവിനെ ദൈവപ്രസവിത്രി ('യൊൽദാസ് ആലോഹാ' അല്ലെങ്കിൽ *'Theotokos')* എന്ന് വിളിച്ചുവരുന്ന പതിവ് ശരിയല്ല എന്ന ആശയം പ്രകടമാക്കപ്പെട്ടപ്പോൾ കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസായ നെസ്തോറിയോസ് ആ ആശയത്തെ പിൻതാങ്ങി. ഇതാണ് ക്രിസ്തുവിജ്ഞാനീയം അടിസ്ഥാനമാക്കി ഇന്നെയോളം നിലനിൽക്കുന്ന വിവാദത്തിന്റെ ആരംഭം. യേശുക്രിസ്തുവിന്റെ മാതാവിനെ ദൈവപ്രസവിത്രിയെന്ന് രണ്ടാം നൂറ്റാണ്ടു മുതൽ ചിലർ വിളിച്ചിട്ടുള്ളതാണെങ്കിലും അത് ശരിയല്ല എന്ന് നെസ്തോറിയോസ് പഠിപ്പിച്ചത് അലക്സാന്ത്രിയായിലെ പാത്രിയർക്കീസായ കൂറിലോസിന് ഇഷ്ടമായില്ല. അദ്ദേഹം നെസ്തോറിയോസിനെ ചോദ്യം ചെയ്തുകൊണ്ട് പല കത്തുകൾ അയച്ചു. അവയെ നെസ്തോറിയോസ് നിരാകരിച്ചെന്നു മാത്രമല്ല അവയുടെ അടിസ്ഥാനത്തിൽ കൂറിലോസിനെ ഒരു വിശ്വാസവിപരീതിയായി മുദ്രയടിക്കുകയും ചെയ്തു. ഈ ചുറ്റുപാടിലാണ് 431-ലെ എഫേസോസ് സുന്നഹദോസ് നടന്നത്. എന്നാൽ അതിൽ നെസ്തോറിയോസ് പങ്കുകൊണ്ടില്ല. കൂറിലോസ് നെസ്തോറിയോസിന് അയച്ചതും നെസ്തോറിയോസ് കൂറിലോസിനയച്ചതുമായ കത്തുകളുടെ അടിസ്ഥാനത്തിൽ നെസ്തോറിയോസിനെ സഭാഭ്രംശം ചെയ്തു. ഇപ്രകാരമുള്ള പ്രവർത്തന പശ്ചാത്തലത്തിലാണ് 431 മുതൽ 451 വരെ സഭാചരിത്രം നീങ്ങിക്കൊണ്ടി

രുന്നത്. ഒത്തുതീർപ്പിനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ട പശ്ചാത്തലത്തിൽ അലക്സാന്ത്രിയർ അന്ത്യോഖ്യരെ 'രണ്ടു സ്വഭാവക്കാർ' എന്നു പറഞ്ഞതിന് വിശ്വാസവിപരീതികൾ എന്നും അന്ത്യോഖ്യർ അലക്സാന്ത്രിയരെ വിശ്വാസത്തിൽ നിന്ന് അകന്നവരെന്നും കരുതി വന്നു. എന്നാൽ യേശുക്രിസ്തു പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമാണെന്ന് രണ്ടു കൂട്ടരും സമ്മതിച്ചു വന്നു. യേശുക്രിസ്തുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ഏകആളത്തത്തിലുള്ള യോജിപ്പിനെ അലക്സാന്ത്രിയരുടെ ചിന്തയിൽ *hypostatic union* എന്നും അന്ത്യോഖ്യരുടെ ചിന്തയിൽ *prosopic sunaphera* എന്നുമാണ് പറഞ്ഞു വന്നിരുന്നത്. ദൈവത്വവും മനുഷ്യത്വവും തമ്മിൽ ആന്തരികമായി യോജിച്ചുള്ള ഏക ആളത്തത്തെപ്പറ്റി അലക്സാന്ത്രിയർ പറയുമ്പോൾ ദൈവത്വവും മനുഷ്യത്വവും ഒരുമിച്ചു സ്ഥിതിചെയ്യുന്ന അവസ്ഥയെപ്പറ്റി അന്ത്യോഖ്യർ വ്യക്തമാക്കുന്നു. അലക്സാന്ത്രിയർ ഏക ആളത്തം അഥവാ സ്വഭാവം എന്നു പറഞ്ഞു വന്നതിൽ ദൈവവും മനുഷ്യനും തമ്മിൽ യോജിച്ചുള്ള അവസ്ഥയെ ഉദ്ദേശിച്ചിരുന്നു. അന്ത്യോഖ്യർ രണ്ടു ആളത്തങ്ങൾ (ക്നൂമോ, *hypostasis*) ഒരു *prosopone*-ൽ, ആളത്തത്തിന്റെ ബാഹ്യതയിൽ ഐക്യപ്പെട്ടിരുന്നതായി പറഞ്ഞു.

### യൂറ്റിക്കസ്

അലക്സാന്ത്രിയരും അന്ത്യോഖ്യരും തമ്മിൽ നടന്നുവന്ന പോരാട്ടത്തിൽ അലക്സാന്ത്രിയൻ കക്ഷിക്ക് കുസ്തന്തീനോപ്പോലീസിൽ ശക്തികൊടുത്ത ഒരു സന്യാസിശ്രേഷ്ഠനായിരുന്നു യൂറ്റിക്കസ്. വേദശാസ്ത്രപരമായ വിഷയം കൈകാര്യം ചെയ്യുവാൻ തക്ക പാടവം അദ്ദേഹത്തിന് സിദ്ധിച്ചിരുന്നില്ല. അദ്ദേഹത്തെ ഒരു വിശ്വാസവിപരീതിയായി 448-ൽ ഡൊറീലിയം ബിഷപ്പ് യൂസിബിയസ് കുറ്റപ്പെടുത്തി. കുസ്തന്തീനോപോലീസ് പാത്രിയർക്കീസായിരുന്ന ഫ്ളേവിയൻ തന്റെ വസതിയിൽ വച്ച് കൂടിവന്നിരുന്ന സുന്നഹദോസിൽ (*Home synod*) യൂറ്റിക്കസിനെതിരായിട്ടുള്ള പരാതി ഇങ്ങനെ രേഖപ്പെടുത്തി.

"യേശുക്രിസ്തുവിന്റെ ശരീരം വി. മറിയാമിൽ നിന്നല്ല സ്വർഗ്ഗത്തിൽ നിന്ന് നേരെ എടുത്തതായിരുന്നു." ഇത് ഒരു തെറ്റിദ്ധാരണയുടെ ഫലമായി യൂസിബിയസ് പറഞ്ഞുണ്ടാക്കിയതായിരുന്നു. അലക്സാന്ത്രിയൻ ചിന്തയിലെ "ഒരു സ്വഭാവം" എന്ന ആശയം യൂസിബിയസ് മനസ്സിലാക്കിയിരുന്നില്ല. യൂറ്റിക്കസ് തന്റെ വിശ്വാസ പ്രസ്താവനയിൽ ഇത് സംബന്ധമായി പറഞ്ഞത് ഇപ്രകാരമായിരുന്നു: "ദൈവത്തിന്റെ വചനമായവൻ സ്വർഗ്ഗത്തിൽ നിന്ന് ശരീരം കൂടാതെ ഇറങ്ങി വന്ന് കന്യകയുടെ സാക്ഷാൽ ശരീരത്തിൽ നിന്ന് വ്യത്യാസമില്ലാതെയും ഭേദം കൂടാതെയും, അവന്റെ അറിവും ഇഷ്ടവും അനുസരിച്ച് ശരീരം ധരിച്ചു. അങ്ങനെ യുഗങ്ങൾക്കു മുമ്പ് പൂർണ്ണ ദൈവമായവൻ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി മനുഷ്യനായിത്തീ

ർന്നു. യേശുക്രിസ്തു പിതാവായ ദൈവത്തോടും മനുഷ്യരായ നമ്മോടും ഏക സാരാംശവാനായിരുന്നു" എന്ന ആശയം ഇതിനപ്പുറമായി യൂറ്റിക്കസ് എടുത്തു പറഞ്ഞില്ല. ഏതായാലും യേശുക്രിസ്തുവിന്റെ മനുഷ്യത്വപൂർണ്ണത സ്വീകരിച്ചില്ല എന്ന അടിസ്ഥാനത്തിൽ അയാളെ 448-ലെ സുന്നഹദോസ് മുടക്കി. യൂറ്റിക്കസിന്റെ സഭാഭ്രംശം സഭാതലത്തിലും അതിലേറെ രാഷ്ട്രീയതലത്തിലും വളരെ പ്രശ്നങ്ങൾ ഉണ്ടാക്കി. അന്നത്തെ ചക്രവർത്തിയായിരുന്ന തേവോദോസ്യോസ് രണ്ടാമനെ സ്വാധീനിക്കുവാൻ കഴിവുള്ള ക്രൈസാപ്പിയോസ് എന്ന ഒരു സർവ്വാധികാരി പ്രവർത്തിച്ചിരുന്നു. ഈ ക്രൈസാപ്പിയോസ് തന്റെ തലതൊട്ടപ്പനായിരുന്ന യൂറ്റിക്കസിനെ മുടക്കിയ വിവരം അറിഞ്ഞ ഉടനെ ആ നടപടി ഇല്ലാതാക്കുവാൻ പ്രവർത്തനം ആരംഭിച്ചു. അതിന് ഒരു സാർവ്വത്രിക സുന്നഹദോസ് കൂടി. അവിടെ വച്ച് യൂറ്റിക്കസിനെ യഥാസ്ഥാനത്താക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു. അങ്ങനെ കൂടിയ സുന്നഹദോസായിരുന്നു 449-ലെ രണ്ടാം എഫേസോസ്. ഈ സുന്നഹദോസ് സഭാചരിത്രത്തിൽ അറിയപ്പെടുന്നത് 'തസ്ക്കരസംഘം' സുന്നഹദോസെന്നാണ്. ഈ സഭായോഗം യൂറ്റിക്കസിനെ മുടക്കിയ ഫ്ളേവിയനേയും, ബിഷപ്പ് യൂസിബിയസിനെയും അന്ത്യോഖ്യൻ പക്ഷക്കാരായ പ്രധാനികളേയും സഭയിൽ നിന്ന് നിഷ്ക്കാസിതരാക്കി.

450 ജൂലൈ 28-നു തേവോദോസ്യോസ് ചക്രവർത്തി കുതിരപ്പുറത്തു നിന്ന് വീണ് മൃതിയടഞ്ഞു. അതോടു കൂടി ഒരു വലിയ വ്യത്യാസം സഭാതലത്തിലുണ്ടായി. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരി വളരെ കഴിവുള്ള പുൾകേറിയ ഒരു പട്ടാളമേധാവിയായിരുന്ന മാർക്കിയാനെ വിവാഹം കഴിച്ച് അദ്ദേഹത്തിൽ കൂടി സഭാകാര്യങ്ങൾ നിയന്ത്രണവിധേയമാക്കി.

തേവോദോസ്യോസ് മരിച്ച് പുൾകേറിയ സ്ഥാനം പ്രാപിച്ച ഉടനെ മാർക്കിയാനോടു ചേർന്ന് സർവ്വാധികാരിയായിരുന്ന ക്രൈസാപ്പിയോസിനെ വധിച്ച് യൂറ്റിക്കസിനെ വടക്കൻ സിറിയായിൽ ഡോളിക്കോ എന്ന സ്ഥലത്ത് നാടുകടത്തി. ഇറ്റലിയിൽ വച്ച് ലിയോ മാർപാപ്പായുടെ നിയന്ത്രണത്തിൻകീഴിൽ നടത്തുവാൻ പോപ്പ് അനുവാദം ചോദിച്ച സുന്നഹദോസ്, കൽക്കദൂനിൽ വച്ച് ലെയോ മാർപാപ്പയുടെ നിർദ്ദേശം (Tome) വിശ്വാസപരമായ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് നടത്തുവാൻ സമ്മതം നൽകി. ഈ വിധത്തിൽ കൂടിയ സഭായോഗമാണ് കൽക്കദൂൻ സുന്നഹദോസ്.

കൽക്കദൂൻ സുന്നഹദോസ് നടന്നത് പല ഉപജാപക പ്രവർത്തനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. പലരേയും ആ സുന്നഹദോസ് മുടക്കി. അവയിലേയ്ക്കൊന്നും ഈ പ്രബന്ധം തിരിയുന്നില്ല. സുന്നഹദോസ് കൂടുന്നതിനു മുമ്പുതന്നെ എടുക്കേണ്ട തീരുമാനങ്ങളുടെ ഒരു നക്കൽ തയ്യാറാക്കിയിരുന്നു. തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.

1. ദീയസ്കോറോസിനെ മാർപാപ്പ മുടക്കിയത് അംഗീകരിക്കുക.

2. യൂറ്റിക്കസിനെ ഒരു വിശ്വാസവിപരീതിയായി പരിഗണിക്കുക.

3. ആ വിശ്വാസവിപരീതം ശക്തിപൂർവ്വം ഒഴിവാക്കിയത് റോമിലെ ലെയോ മാർപാപ്പയുടെ നിർദ്ദേശം (*Tome*) ആണെന്ന് പ്രസ്താവിക്കുക.

4. സത്യവിശ്വാസം നിലനിർത്തുവാൻ *"From two natures"* എന്നു വേണം, *"in two natures"* എന്നല്ല വേണ്ടത് എന്ന നിർദ്ദേശം സ്വീകരിക്കുക.

അവസാനത്തേത് പിന്നീടു *"in two natures"* ആയിട്ടും വലിയ കോലാഹലങ്ങൾക്കു ശേഷം മാറ്റുകയുണ്ടായി.

ദീയസ്കോറോസും യൂറ്റിക്കസും കൽക്കദൂനിൽ വച്ച് വിശ്വാസ വിപരീതികളായി കണക്കാക്കപ്പെട്ടു. ഇവരിരുവരും അന്യോന്യം സാമ്യമുള്ള വിശ്വാസരാഹിത്യം പഠിപ്പിച്ചതായി സുന്നഹദോസിനു ശേഷം തല്പരകക്ഷികൾ പറഞ്ഞുണ്ടാക്കി. എന്നാൽ ഇവ വാസ്തവമല്ലെന്നു മൂലരേഖകൾ സാക്ഷിക്കുന്നു. അലക്സാന്ത്ര്യൻ ബിഷപ്പന്മാർ ദീയസ്കോറോസിനെ ഉപേക്ഷിച്ച ശേഷം ഒരു കമ്മിറ്റി കൂടി സുന്നഹദോസിന്റെ വിശ്വാസപ്രസ്താവന തയ്യാറാക്കി. ആ കമ്മിറ്റി സഭയിലെ നാനാഭാഗത്തു നിന്നും ചേർന്നവരായിരുന്നു. റോമൻ സ്ഥാനാപതികളും, അലക്സാന്ത്ര്യരും അന്ത്യോഖ്യരും അതിൽ പങ്കുകൊണ്ടിരുന്നു. ആ വിധത്തിലാണ് സഭയിൽ ഉണ്ടായിരുന്ന എല്ലാ ചിന്തകളെയും അത് പ്രതിനിധാനം ചെയ്തത്. അതിൽ അടിസ്ഥാനപരമായി പറയുന്ന ആശയം ഇങ്ങനെ എടുത്തു പറയാം.

> "നമുക്ക് ക്രിസ്തു ദൈവത്തിന്റെ പൂർണ്ണതയും മനുഷ്യത്വത്തിന്റെ പൂർണ്ണതയും ഉള്ള ഏക പുത്രനാകുന്നു. അവൻ സാക്ഷാൽ പൂർണ്ണ ദൈവവും, സാക്ഷാൽ പൂർണ്ണ മനുഷ്യനുമാണ്. അവൻ തന്നെ ക്രിസ്തുവും, പുത്രനും, കർത്താവും, ഏകജാതനുമായി അന്യോന്യം ഭേദപ്പെടാതെയും വിഭജിക്കപ്പെടാതെയും അകന്ന് മാറാതെയുമുള്ള രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്നു (*acknowledged in two natures*). യോജ്യത മൂലം സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം ഇല്ലാതെയാകാതെ അവയുടെ പ്രത്യേകത പരിരക്ഷിക്കപ്പെടുകയും രണ്ടുംകൂടെ ഒരു *prosopone*-ലും ഒരു hypostasis-ലും ചേർന്നിരിക്കുകയും ചെയ്യുന്നു. രണ്ടു *prosopone*-കളായി അവൻ അകന്നു മാറുകയോ വിഭജിക്കപ്പെടുകയോ ചെയ്യുന്നില്ല. യേശുക്രിസ്തു ഏക പുത്രനും ദൈവത്തിന്റെ ഏകജാതനായ വചനവും കർത്താവുമാകുന്നു. ... നമ്മുടെ കർത്താവായ യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാകുന്നു. ദൈവമെന്ന നിലയിൽ അവൻ തന്നെ നമ്മോട് ഏക സാരാംശത്തിലും ഇരിക്കുന്നവനത്രെ. നമ്മെപ്പോലെയല്ലാതെ അവൻ

സമ്പൂർണ്ണമായും പാപത്തിൽ നിന്ന് ഒഴിഞ്ഞവനായി മാത്രം സ്ഥിതി ചെയ്യുന്നു."

മൂലരേഖകൾ നോക്കുന്നതായാൽ, ദീയസ്കോറോസ് കൽക്കദൂൻ വിശ്വാസ പ്രസ്താവനയിൽ *acknowledged in two natures* (രണ്ടു സ്വഭാവങ്ങളിലറിയപ്പെടുന്നു) എന്ന ഒരേ ആശയമല്ലാതെ ഒന്നുംതന്നെ സ്വീകരിക്കാതെയിരുന്നില്ല എന്ന് വ്യക്തമാകുന്നതാണ്. അവിടെ കാണുന്ന *in two natures* എന്നതിനു പകരം നക്കൽ പ്രസ്താവനയിൽ ഉണ്ടായിരുന്ന *'of'* or *'from'* ഗ്രീക്കിൽ *'ek'*, ആയിരുന്നു എങ്കിൽ അത് അദ്ദേഹം സ്വീകരിക്കുമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. വിശ്വാസം അടിസ്ഥാനമാക്കി അദ്ദേഹം ചെയ്ത ചില പ്രസ്താവനകൾ മൂലരേഖകളിൽ കാണാനുണ്ട്. ഉദാഹരണമായി സ്വഭാവങ്ങൾ തമ്മിൽ കലർന്നു എന്നോ, വേർപെട്ടുപോയി എന്നോ പറയുന്നില്ല. സ്വഭാവങ്ങളെ തമ്മിൽ കുഴയ്ക്കുകയോ, വിഭജിക്കുകയോ, കലർത്തുകയോ ചെയ്യുന്നവൻ ശാപഗ്രസ്ഥൻ. ഇതിൽ നിന്നു മനസ്സിലാക്കാവുന്നത്, യേശുക്രിസ്തുവിൽ ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങൾ തമ്മിൽ കലരാതെയും ഭേദപ്പെടാതെയും വിഭജിക്കപ്പെടാതെയും അകന്നു മാറാതെയും അന്യോന്യം യോജിച്ചിരുന്നു എന്നാണല്ലോ. കൽക്കദൂൻ വിശ്വാസപ്രസ്താവനയിൽ (ഇംഗ്ലീഷിൽ) കാണുന്ന - 'The two, natures were united unconfusedly, unchangeably, indivisibly and inseperably' - നാലു ക്രിയാവിശേഷണങ്ങളിലെ ആശയം കൽക്കദൂനിൽ ഈ വിശ്വാസപ്രസ്താവന ഉണ്ടാകുന്നതിന് പതിനാലു ദിവസങ്ങൾക്കു മുമ്പ്, ദീയസ്ക്കോറോസായിരുന്നു എടുത്തു പറഞ്ഞത്.

ഇപ്പോൾ നമ്മൾ നെസ്തോറിയൻ എന്നു പറയുന്ന സഭകളോ, കൽക്കദൂന്യേതരായ (ഏകസ്വഭാവവാദികൾ എന്നു പറയപ്പെടുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭകളോ കൽക്കദൂൻ വിശ്വാസപ്രഖ്യാപനത്തിന്റെ അന്തഃസത്തയെ എതിർക്കുമെന്നു പറയാൻ കാരണമൊന്നുമില്ല. ഈ വിശ്വാസ പ്രസ്താവനയിൽ പറയുന്ന കാര്യങ്ങൾ അതിന്റെ അന്തഃസത്തയിൽ ഈ സഭയിൽപെട്ട ആളുകൾ കൽക്കദൂൻ സുന്നഹദോസിനു മുമ്പുതന്നെ വിശ്വസിച്ചിരുന്നവയാണ്. വ്യത്യാസങ്ങൾ ഏറിയപങ്കും വാക്കുകളുടെ അതായത് സംജ്ഞാഭേദത്തിന്റെ പ്രയോഗത്തിന്റെ ഫലമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

വിശ്വാസം വിശുദ്ധീകരിക്കാനും വ്യാഖ്യാനിക്കാനും സഭാപിതാക്കന്മാർ ഉപയോഗിച്ച സംജ്ഞാശാസ്ത്രം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. സുറിയാനി സഭകൾക്ക് (പാശ്ചാത്യ സുറിയാനി സഭയ്ക്കും പൗരസ്ത്യ സുറിയാനി സഭയ്ക്കും) ദൈവത്തെക്കുറിച്ചുള്ള പഠനങ്ങൾക്കും യേശുക്രിസ്തുവിന്റെ ആളത്തത്തെയും സ്വഭാവത്തെയും കുറിച്ചുള്ള പഠനങ്ങൾക്കും ലഭ്യ

മാക്കിയത് ഗ്രീക്കു സഭാപിതാക്കന്മാർ ഉപയോഗിച്ച സംജ്ഞകളാണ്. എന്നാൽ ഇവിടെ ഒരു വ്യത്യാസമുണ്ട്. അതായത് ദൈവത്തെക്കുറിച്ചുള്ള പഠനത്തിന് കപ്പദോക്യൻ പിതാക്കന്മാരുടെ (ബസ്സേലിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്) പാരമ്പര്യമാണ് സംജ്ഞാപ്രയോഗത്തിൽ സുറിയാനി പിതാക്കന്മാർ സ്വീകരിച്ചതെങ്കിലും യേശുക്രിസ്തുവിന്റെ ആളത്തത്തെക്കുറിച്ചുള്ള പഠനത്തിന് അപ്രകാരമുള്ള ഒരു പൊതുവായ രീതി സ്വീകരിച്ചില്ല.

ഈ കാര്യത്തിൽ മൂന്നു പാരമ്പര്യങ്ങളാണുള്ളത്. നെസ്തോറിയൻ, സിറിലെൻ, കാൽസിഡോണിയൻ എന്നിവ. ആദ്യത്തേത് പേർഷ്യൻ അല്ലെങ്കിൽ പൗരസ്ത്യ സുറിയാനി സഭയിൽ നിലവിലുള്ള പാരമ്പര്യം, രണ്ടാമത്തേത് പാശ്ചാത്യ സുറിയാനി സഭയിൽ നിലവിലുള്ളത്, മൂന്നാമത്തേത് ബൈസന്റയിൽ റോമൻ സഭകളിൽ നിലവിലുള്ളത്.

ഗ്രീക്കു ഭാഷയിലെ നാലു പദങ്ങളാണ് പ്രധാനമായ ക്രിസ്തുവിജ്ഞാനീയ വിവാദങ്ങളിൽ ഉപയോഗിക്കാറുള്ളത്. സുറിയാനി സഭകളിൽ ഈ പദങ്ങളുടെ പരിഭാഷ ഉപയോഗിക്കുന്നു. ഈ പദങ്ങളുടെ അർത്ഥം പലപ്പോഴും അനായാസേന പരസ്പരം മാറ്റിയും പലരും ഉപയോഗിക്കാറുണ്ട്. സുറിയാനി പദങ്ങൾ ഉപയോഗിക്കുമ്പോഴാണ് ഈ പ്രതിഭാസം കൂടുതൽ കാണാറുള്ളത്. സാങ്കേതിക സംജ്ഞകളായി ഉപയോഗിക്കുന്നത് പ്രധാനമായും നാലു വാക്കുകളാണ്.

1. ഗ്രീക്കിൽ *ousia*, സുറിയാനിയിൽ ഊസിയാ എന്നോ ഈസൂസോ എന്നോ, ഇംഗ്ലീഷിൽ *essence* മലയാളത്തിൽ സാരാംശം എന്നും ഉണ്മയെന്നും പറയാറുണ്ട്.

2. ഗ്രീക്കിൽ *hypostasis,* ഗ്രീക്കിൽ ചിലപ്പോൾ ഇത് ഊസിയായുടെ പര്യായപദമായും ഉപയോഗിക്കാറുണ്ട്. സുറിയാനിയിൽ ക്നൂമോ, ഇംഗ്ലീഷിൽ *substance* എന്നോ *person* എന്നോ പറയാറുണ്ട്. മലയാളത്തിൽ ആളത്തം, സ്വഭാവം എന്നും പറയുന്നു.

3. ഗ്രീക്കിൽ *physis,* സുറിയാനിയിൽ ക്യോനോ, ഇംഗ്ലീഷിൽ *nature,* മലയാളത്തിൽ സ്വഭാവം.

4. ഗ്രീക്കിൽ *prosopone,* സുറിയാനിയിൽ പർസൂപ്പോ, ഇംഗ്ലീഷിൽ *person, face, mask*, മലയാളത്തിൽ മുഖം, ആളത്തത്തിന്റെ ബാഹ്യത.

ഗ്രീക്കു ഭാഷയിൽ തന്നെ ഈ വാക്കുകൾ ചിലപ്പോഴൊക്കെ പര്യായപദങ്ങൾ എന്ന വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി *hypostasis, ausis* എന്നീ പദങ്ങൾ പര്യായമായിട്ടാണ് നിഖ്യാവിശ്വാസ പ്രഖ്യാപനത്തിൽ പ്രയോഗിച്ചിരിക്കുന്നത്. ദൈവപുത്രൻ ഒരു വ്യത്യസ്തമായ (ദൈവത്തിൽ

നിന്ന് വ്യത്യസ്തമായ) *hypostasis* (സത്ത) ൽ നിന്നോ *(substance)* ൽ നിന്നോ *ousia* (സാരാംശം) *(essence)* ൽ നിന്നോ ആകുന്നു എന്നു പറയുന്നവർ ശപിക്കപ്പെട്ടവരാകുന്നു. സുറിയാനിയിൽ ഈ പദങ്ങളുടെ പ്രയോഗത്തിൽ ഗ്രീക്കിലേതിനെക്കാൾ കൂടുതൽ പര്യായവ്യാപ്തിയുണ്ട്. *Hypostasis, prosopone* എന്ന് വിവർത്തനം ചെയ്യും. എന്നാൽ നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഈ പദങ്ങൾ തമ്മിൽ വ്യത്യാസപ്പെടുത്തി പ്രയോഗിക്കാറുണ്ടായിരുന്നു. ആ വ്യത്യാസം ഇങ്ങനെ മനസ്സിലാക്കാം. ഓരോ *hypostasis*-ലും *ousia*-യിലും അതിന്റെ പൂർണ്ണതയിൽ സ്ഥിതിചെയ്യുന്നു.

ഈ ആശയം മനുഷ്യനെ ആസ്പദമാക്കിയും പറയാവുന്നതാണ്. മനുഷ്യൻ എന്ന പദം ഊസിയ ആണ്, അത് ഇന്ദ്രിയഗോചരമല്ല. ഇന്ദ്രിയഗോചരനായ മനുഷ്യൻ ഹൂപ്പോസ്റ്റസിസ് ആണ്. ഒരു മനുഷ്യനെ മറ്റു മനുഷ്യനിൽ നിന്ന് വേർതിരിച്ച് മനസ്സിലാക്കുന്നത് പ്രോസോപ്പോണിലത്രെ. മനുഷ്യനിൽ പ്രകൃതിദത്തമായ സ്വഭാവ വിശേഷതകൾ ഉണ്ട്. അതിനെയാണ് *nature (fusis)* എന്നു പറയുന്നത്. യേശുക്രിസ്തു പുത്രനായ ദൈവം മനുഷ്യനായി അവതരിച്ച ദേഹമാണെന്നുള്ളതാണ് ക്രിസ്ത്യാനിയുടെ വിശ്വാസം.

രക്ഷാദാതാവായ പുത്രൻ *(hypostasis)* ഒരു പരിപൂർണ്ണ മനുഷ്യനായി ലോകാവതാരം ചെയ്തു എന്നാണ് ക്രിസ്ത്യാനി വിശ്വസിക്കുന്നത്. ഇത്രയും കാര്യങ്ങൾ അലക്സാന്ത്രിയൻ കക്ഷിയിൽപെട്ടവരും അന്ത്യോഖ്യൻ കക്ഷിയിൽപെട്ടവരും റോമൻ പക്ഷത്തു നിന്നവരും സ്വീകരിച്ചിരുന്നതാണ്. അവർ തമ്മിലുള്ള വ്യത്യാസം ഇതെങ്ങനെ മനസ്സിലാക്കാമെന്നുള്ള വിശദാംശങ്ങളിൽ നിലനിന്നിരുന്നു. ഈ മൂന്നു കൂട്ടരും യേശുക്രിസ്തുവിൽ ദൈവവും മനുഷ്യനും തമ്മിൽ അവിഭാജ്യമായി യോജിച്ചുവെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നതാണ്. എന്നാൽ ഈ യോജിപ്പ് *hypostasis*-ൽ ആയിരുന്നതിനാൽ, രണ്ടുംകൂടി ചേർന്നിരുന്ന ഒരു *hypostasis* (ക്നൂമോ) ഉം, ഒരു *fusis* (ക്യോനോ) ഉം യോജിപ്പോടും കൂടി ലഭ്യമായ ഒരു *prosopone*-ഉം അവനുണ്ട് എന്ന് അലക്സാന്ത്ര്യർ ഊന്നിപ്പറഞ്ഞു. യോജിപ്പുണ്ടായത് *hypostasis* ആയ ദൈവം മനുഷ്യനായിത്തീർന്ന ആദ്യ നിമിഷം മുതൽ ഒരുമിച്ചു ചേർന്നതു മൂലമാണ് എന്നുള്ളതാണ് അവരുടെ നിലപാട്.

അന്ത്യോഖ്യരാകട്ടെ ക്രിസ്തു ദൈവവും മനുഷ്യനുമാണെന്നുള്ള നിലയിൽ അവനിൽ രണ്ട് *hypostasis*-കൾ (ക്നൂമോകൾ) യോജിച്ച് ഒരു *prosopone* ആയി സ്ഥിതിചെയ്തു എന്ന് വ്യക്തമാക്കി. റോമിലെ ലെയോ ഒന്നാമന്റെ നിർദ്ദേശം (Tom) ഒരു പുതിയ സമീപനം ആണ് അവലംബിച്ചത്. അദ്ദേഹത്തിന്റെ ചിന്തയിൽ യേശുക്രിസ്തുവിന്റെ ഏകആളത്തത്തിൽ *(person)* ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങൾ യോജിച്ചു സ്ഥിതി ചെയ്തു. അദ്ദേഹം ഉപയോഗിച്ചത് ലത്തീൻ ഭാഷയായിരുന്നു; ഗ്രീക്കു ഭാഷ

യായിരുന്നില്ല. അതുകൊണ്ട് *hypostasis, prosopone* എന്നീ രണ്ടു പദങ്ങ ൾക്കും കൂടി *persona* ആയിരുന്നു ഉണ്ടായിരുന്നത്. ആ വാക്കിന് ഗ്രീക്കിലെ *proposone*-ന്റെ അർത്ഥമായിരുന്നു ഉപയോഗത്തിലിരുന്നത്.

ഭാഷയിലുള്ള ഈ വൈഷമ്യം അന്യോന്യം ആശയങ്ങൾ മനസ്സിലാക്കു ന്നതിന് തടസ്സമായി തീർന്നിട്ടുണ്ട്. ഇതിന്റെ ഫലമായി എഫേസൂസ് സുന്ന ഹദോസിനെ എതിർത്തവരെ നെസ്തോറിയൻ വേദവിപരീതികളായി പരി ഗണിക്കുവാൻ തുടങ്ങി. എന്നു പറഞ്ഞാൽ യേശുക്രിസ്തുവിന് രണ്ടു സ്വഭാ വവും രണ്ട് ആളത്തവും ഉള്ളതായി വിശ്വസിക്കുന്നവരായിട്ട് കണക്കാക്കുന്നു. പക്ഷേ നെസ്തോറിയർ എന്നറിയപ്പെടുന്ന അസ്സീറിയൻ സഭയാകട്ടെ യേശു വിൽ രണ്ടു സ്വഭാവവും ഒരു ആളത്തവും ഉള്ളതായിട്ടാണ് വിശ്വസിക്കുന്നത് എന്ന് അവർ പറയുന്നു. രണ്ട് ആളത്തം (പർസൂപ്പോ) ഉണ്ടെന്നു പറയുന്ന വരെ അസ്സീറിയൻ സഭയും വേദവിപരീതികളായി പരിഗണിക്കുന്നു. അതു പോലെ എഫേസൂസ് സ്വീകരിക്കുന്നവരായ കൽക്കദൂൻ സുന്നഹദോസിനെ എതിർത്തവരെ - പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ (അതിൽ സുറി യാനി ഓർത്തഡോക്സ്, യാക്കോബായ സഭയും ഉൾപ്പെടുന്നു) - ഏക സ്വഭാവ വാദികളെന്ന് പറയുന്നു. എന്നു പറഞ്ഞാൽ ഏക ആളത്തമുള്ള യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്താൽ ആമഗ്നമാക്ക പ്പെട്ടു അല്ലെങ്കിൽ ഗ്രസിക്കപ്പെട്ടു എന്നും, അതിന്റെ ഫലമായി ഒരു സ്വഭാ വമേ ഉള്ളുവെന്നും പറയുന്ന Monophysites എന്നു വിളിക്കുന്നു. എന്നാൽ അങ്ങനെ പറഞ്ഞുവെന്നു പറയുന്ന യൂറ്റിക്കസിനെ പൗരസ്ത്യ ഓർത്ത ഡോക്സ് സഭകൾ വേദവിപരീതിയായിട്ടാണ് പരിഗണിക്കുന്നത്. യേശു ക്രിസ്തുവിന്റെ ഏകത്വത്തിൽ ഇരുസ്വഭാവവും കലർന്ന് ഒന്നാകാതെ വ്യതി രിക്തമായി തന്നെ നിൽക്കുന്നുവെന്ന് പൗരസ്ത്യ ഓർത്തഡോക്സ് സഭ കളും വിശ്വസിക്കുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ക്നൂമോ എന്ന പദവും പർസൂപ്പോ എന്ന പദവും പര്യായങ്ങളായി (ആളത്തം എന്ന ർത്ഥം) ഉപയോഗിക്കുന്നതായി കാണാം. അസ്സീറിയൻ സഭ ക്നൂമോയും, ക്യോനോയും (ഗ്രീക്കുപദം *hypostasis)* ഏതാണ്ട് പര്യായങ്ങളായും പർ സൂപ്പോ (ആളത്തം) അവയിൽ നിന്നു വ്യത്യസ്തമായ പദമായും ഉപയോ ഗിക്കുന്നു.

ധിഷണാശാലിയായ ഒരു പണ്ഡിതനും, ദൈവശാസ്ത്രജ്ഞനും, സഭാ ചരിത്ര ചിന്തകനുമെന്ന നിലയിൽ അദ്ദേഹത്തിന് തുല്യനായി ആരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. മാത്രമല്ല ക്രിസ്തീയ ലോകത്തെ ഒരു സഭാചരിത്ര ചിന്തകനെന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവന ഒരിക്കലും വിസ്മരി ക്കാനാവുന്നതല്ല. ഭാരതത്തിലെ ക്രിസ്ത്യാനികൾ ഇത് മനസ്സിലാക്കിയിട്ടില്ല. കേരളീയനായ അദ്ദേഹത്തിന്റെ സംഭാവനയും പാണ്ഡിത്യവും കേരളീയർ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# 6

# Ecclesiology of Archbishop Mar Ivanios

## I. Introductory Remarks

Ecclesiology in the modern understanding of the word is a theological discipline having the Church as the object of its study and investigation, aiming at the elaboration of a full and consistent doctrine of the Church. Archbishop Mar Ivanios has not written any such work on ecclesiology. His ecclesiological approach is that of the West Syrian Church, more specifically of the Syrian Orthodox or Jacobite Church. This Church, like all pre-Chalcedonian Churches, has not developed any ecclesiology in the modern sense of the word. Ecclesiology in the modern sense appeared late in the Christian thought. It began in the West (with scholastic theology) and that towards the Middle Ages. If at all any such theology arose, as it happened with the work of Bar Hebreus on the Church after the 13th century, it happened because of the influence of the Western Church.

The Fathers and the theologians of the Church up to the Middle Ages never composed any treatise on the Church. The reality of the Church is presupposed in the proclamation of the Gospel and cannot be separated from the whole dogmatic structure of which it forms the existential foundation. In other words, their theology was ecclesial in dimension. The Church was a reality in the life of the faithful and not merely an optional institution to which occasionally people paid homage to or about which people in their spare moments discussed. Because of this, the experience of the Church regenerated by the Spirit (given as a gift of the Father through the Son) conditions the whole of Christian reflection. This essential connection and inter-dependence between Patristic theology and the experience of the Church is often ignored because the Fathers do not "theologize" about the Church. But the reason for this is that the Church for the Fathers is precisely not the "object" but always the "subject" of the theology, the reality which makes it possible to know God and in Him, Man and the World, the Life and therefore the truth about all reality. The

appearance of ecclesiology as a separate discipline is the fruit of doubt, of that need for justification which is inevitable and indeed "normal" in a theology which is itself conceived as "justification" – rational or philosophical, legal or practical – of the Christian faith and which as we know it only too well today leads to because it is rooted in the evaluation of the Church in terms of the World, of its philosophy, of its trends and needs, and thus ultimately to a surrender to the World and consequently to an "alienation" of theology from the real Church and her real life.

Even from the beginning of Christianity itself the Church was presented to the world as the proclamation and the presence of salvation brought by Jesus Christ. In Ephesians (3:4) the Church is seen as the "mystery of Christ" because in it is realized the eternal plan of the Father inaugurating on the Cross the union of humanity, Jews and gentiles, in the Church and leading it to the consummation where "God will be everything to every one: (1 Cor. 15:28). The mystery implies that the saving incarnation takes effect in the Church through the preaching of the Word and through the Sacraments thus leading it to the glory of heaven.

For the early Fathers the whole Scripture spoke of Christ and his Church: they saw the Church through the imagery of the Bible (people, body, temple, spouse, flock, vineyard, kingdom, field and net) and the typological interpretation of the Old Testament. We see that the Christianity of the Fathers was essentially ecclesial, of the Church. Man works out his salvation in the Church with the help of her "mysteries"; personal faith itself received through adhesion to the Church's tradition, is saving only in the effective participation in her unit and liturgical life. Keeping these general remarks which are common to all the traditions of the early Church, we shall now proceed to deal briefly with the concept of the Church in the thought of Archbishop Mar Ivanios which is in the tradition of the Jacobite (Syrian Orthodox) Church to which he belonged and which he preserved in the Syro-Malankara Catholic Church.

Since Archbishop Mar Ivanios belonged to the West Syrian (Syrian Orthodox) patrimony we shall first deal briefly with the West Syrian patrimony and then with the ecclesiological vision of Archbishop Mar Ivanios.

## II. The West Syrian Ecclesial Patrimony.

As we have remarked above, for the early Syriac Fathers (as for all the other Fathers of the Church) the whole of Scripture spoke of Christ and his Church. In the Old Testament the revelation of the kingdom had been conveyed by figures of speech. In the same way, the inner nature of the Church was now to be made known to us through various images. Since the Church is a mystery, it

cannot be exhaustively defined, but its nature is communicated by studying the various biblical metaphors. Four groups of images may be noted viz. the Church as the flock of Christ, the Church as the vineyard of God, the Church as the Temple of the Holy Spirit and above all the Church as the Spouse of the Immaculate Lamb. These images taken from the different spheres of human life (pastoral life, agriculture, building and matrimony) magnificently supplement one another and indicate in different ways Christ's tender love for, and intimate union with the Church. The Syriac Churches preserve a sense of awesome and inexpressible mystery, which surrounds and connotes the celebrative aspect of the liturgy. The Syriac Churches have a spirituality drawn directly from the sacred Scripture and liturgy and consequently a theology less subjected to strictly rational categories. The early Syriac Fathers and theologians did not compose any treatise on the Church, as we understand in the present day ecclesiology. The reality of the Church is presupposed in the proclamation of the Gospel and cannot be separated from the whole dogmatic structure of which it forms the existential foundation. In other words all theology was ecclesial. It is not possible to find any systematic treatise on the Church among the early Syrian Fathers. One can find only occasional assertions and numerous scattered remarks of theologians, historians and comments and passages in their liturgical books. The Syriac liturgy is in fact a monument of love and enthusiasm of the Syrians for the Holy Church the Spouse of Christ and the Mother of the children of God. One can find there often in poetic form, most abundant materials on the manner in which the Syrians conceived the intimate essence of the Church especially it is found in the common prayers (Shi'mo), in the office of the Dedication of the Church, of Epiphany, of the Apostles, in the liturgy of baptism, ordination and marriage. One or two examples may be cited:

(i). «He (The Lord God Messiah) dwells in heaven, in the Church which is his house in the throne, in the Church building, in the Chariot of the Cherubim and in the sanctuary. He has made the Church his abode and his dwelling place. Her beauty is beyond description. The heavenly powers have surrounded her. Isaiah has compared her as a tabernacle…. She is an attractive fortress, she is the ship of the Gospel, she is the stable city, she is the established town, strong tower, Holy Mountain; she is progressively engaged in sublime things.» (From the Sedro of the Ramso of the Consecration of the Church)

(ii). "Moses is the head of the Old, Simon of the New, both resemble one another and God dwelt in them. Moses brought down the tables of the law, Simon received the keys of the kingdom; Moses built the earthly tabernacle. Simon built the Church, for the Old and for the New, glory to you, O Lord, halleluiah, may their prayer assist us"

(From the Lilio on Monday, in the common prayer)

(iii). "Simon Peter was catching fish in the sea, when his Lord called him and thus said to him: Come Simon, and I will give you a catch of the Spirit and you will draw men from death to life; and on you, Simon I will build the Holy Church, and the bars of Sheol shall not be able to prevail against it" ( Lilio on Thursday).

(iv). "The architect (King) of the heaven and earth built the Church and made it his dwelling place, he entered into it and lives there. Let all those who want to converse with him enter inside it, for he dwells there….. O Lord who gives growth to the Church, have mercy on us, The Holy Church who is the spouse of the Messiah is full of blessings, like the paradise. In it is baptism, the Holy bones of the martyrs, and altar of sacrifice. The priests who give the medicine of life are also there". (Lilio Sunday 1st Kaumo)

The Syriac liturgy presents the union of Christ and the Church through an oriental ceremony of courtship and marriage when it speaks of the feast of the nuptial and of leading the bride to the nuptial chamber, by which the conjugal union was sealed. The nuptial chamber is heaven; the bridegroom prepares it and causes his spouse to enter there. The nuptial feast is the image of eternal happiness; all men are called to its delights, which never end.

From the beginning Jesus associated his disciples with his own life, revealed the mystery of the kingdom to them and gave them a share in his mission, joy and sufferings. Christ provides for growth; he makes us grow towards him as our head (cf. Coloss 2/19; Eph 4/11-16), he provides in his Body the Church, the gifts and assistance by which we help one another along the way of salvation.

The Syriac word Rozo for the Church and the sacraments corresponds to the Greek word Mysterion (sacrament).

The study of symbolic names, such as people, body, temple, spouse, flock, vineyard applied to the Church and the titles such as apostles, ambassadors, herald, fisherman, shepherd, etc. applied to bishops and priests gives us nothing that can be called an ecclesiology (in the modern sense) of the early Syriac tradition. The use of symbolisms is without doubt liturgical, and consequently can be called theological in the sense of theologia prima; if we are to look for implicit ecclesiology in the writings of the early Syriac Fathers much of what is relevant is contained in these images. The one great truth they express is certainly a truth about the Church. It is that Christ shared some of these functions with men and those functions are exercised still in the Church. The only begotten Son of God, second Adam, "Life giver" – these he could not share.

But the apostolic ministry in Christ's function as Head of the Body, as spouse of the bride, as apostle sent forth as priest and key bearer, shepherd, steward, Farmer, Physician he could share. The symbolism expressed in the titles 'Rock', Kepha, the Building on the rock, the temple, etc. express the idea that Christ's work as witness, Healer, Guide and Helper is continued in the sacramental society of the Church. The early Syriac authors have a high sense of the Episcopal office and its continuity with the apostolic college. Likewise, they have striking passages on Peter's primacy, but nothing much on this being handed on to the bishops of Rome. As independent Jacobite Patriarch of Antioch gained standing the members of the Jacobite Church tended to apply the Petrine texts to the Jacobite Patriarch of Antioch. Recently even autocephaly is attributed to some of the Churches with Syrian heritage (thus for example the faction Syrian Orthodox Church who call themselves now as Malankara Orthodox Syrian Church).

If the Church is the bride of Christ she is the mother of those to whom Christ has by his death, procured eternal life.

The ecclesiology of the West Syrian Church is very similar to that of the Catholic Church. The liturgical prayers reveal that for them Church is one, holy, catholic and apostolic. Church is a sacramental communion and the sacraments of the Church are the means of Christian life.

III. The Concept of the Church according to Archbishop Mar Ivanios.

Archbishop Mar Ivanios has not written any systematic treatise on the Church. But it is clear from some of his letters and speeches (including sermons) that he accepted the West Syrian ecclesial patrimony as described above. In a letter written by Archbishop Mar Ivanios on 21.07. 1928 to Archbishop Edward Moony, who was the Apostolic delegate to India, he says that the Jacobite Church is not a Church, which has fallen into heresy but a dissident or separated Church. The Archbishop writes:

"The reasons for the separation of the Jacobite Church from the one Church of Christ do not have any relation with any heresy; the primacy of Peter is distinctly and very clearly stated in our documents, thus for example:

The net of St. Peter the Catcher of fish draws souls from death to life. He is the rock on which the Church is built. He carries the key of the kingdom of heaven. He is the prince of the Apostles and the teacher of the bishops in matters of faith" (Cf. Thomas Inchakalodi : "Archbishop Mar Ivanios" Vol. I, p.320)

In the same letter he refers to a prayer in the book of the Common Prayer (Monday Lilio) expressing the primacy of Peter.

"We remember Moses the fountain – head of prophecy and Simon head of the Apostles ……. Moses is the head of the Old and Simon of the New covenant; both resemble one another and God dwelt in them. Moses brought down the tables of the Law Simon received the keys of the kingdom; Moses built the earthly tabernacle. Simon built the Church; for the Old and for the new, glory to you O Lord, halleluiah, may their prayers assist"

Archbishop Mar Ivanios goes on to say in his letter that the bishops of Rome are the real successors of Peter. Peter died in Rome, crucified upside down. The fact is repeated in many documents of the Syrian Church. The Archbishop quotes from the canon of the Jacobite Church the following passage:

"There should be four Patriarchs in the four parts of the world. The Patriarch of Rome should be the head and Chief among them." (Cf. Ibid, p.321).

Again he says: "Our canons and prayers clearly articulate that Peter died martyr in Rome and that the Pope of Rome is the head of the Patriarchs". (cf. Inchakalodi, Archbishop Mar Ivanios, p.391).

While answering the enquiries of the representative of "Fides", a news agency, Archbishop says:

"It is the Catholic Church which in practice manifests the doctrine of faith that the Church is the living body of Christ; it is also the Catholic Church which labours in the world for the sole purpose of the salvation of individuals and community" (Inchakalodi, Archbishop Mar Ivanios, Vol. 2, p.6).

In a letter dated 31.01.1931 addressed to the Jacobite Patriarch of Antioch, Archbishop writes as follows:-

"Our Lord Jesus Christ has established only one Church and that on St. Peter. The keys of that kingdom he entrusted with St. Peter. He also gave him authority to confirm his brethren in the true faith. The authority to govern the universal Church was also given to St. Peter. The true successor of St. Peter is the Pope of Rome, who is the supreme Pontiff (High priest) of the kingdom of Christ and through God's inspiration the centre of unity of the Church in the world, and the guardian of the Apostles, Catholic faith ………

Our Lord established the Church on a rock and that rock is Peter. And since the Pope is the true successor of St. Peter, anyone who attempts to accomplish anything regarding the salvation of people, independently of the Pope is get-

ting separated from Jesus Christ". (Inchakalodi, Archbishop Mar Ivanios Vol. 2, pp. 15-16).

In the same letter the Archbishop reminds the Patriarch of the canon of the Jacobite Church referring to the first Pasoka (section) of the 7th chapter of the Hudaya canon of Bar Hebreus (viz. that there should be four Patriarchs in the four corners of the world and their head and leader should be the Patriarch of Rome (cf. Inchakalodi, OP.CIT, p.15)

He also entreats the Patriarch to think deeply on the primacy of St. Peter and his successors in Rome, and primacy has been recorded in the authoritative documents and books of the Jacobite Church. He requests him to take steps to heal the wounds of the body of Christ inflicted on the Church by Separation (cf. Inchakalodi, Archbishop Mar Ivanios Vol. 2, p.16).

In a letter addressed to Appollinarius the Archbishop of the Russian Church in U.S., Archbishop Mar Ivanios wrote about the circumstances, which led him to the reunion with the Catholic Church. In this letter he goes on to say that Our Divine Lord established in this world only one Church. It is one and indefectible. Since unity is an essential quality required for the Church indivisibility is an essential requirement. In the history of the Church only after the separation, some of the leaders tried to justify their separated position from the Catholic Church. But we all know that Jesus Christ in his high-priestly prayer (cf. John, Chapt. 17) prayed for the unity of the Church. The Pope of Rome is the successor of St. Peter and the leader of Christians in this world and the supreme head of the universal Church. The papacy is the foundation of the existence of the Church and the Pope is the centre of unity of the Church. The universal Church is a communion of different individual Churches, which have autonomy, but not autocephaly. Archbishop Mar Ivanios reminded the bishop that it is high time for the separated oriental Churches to establish communion with the Holy See and thus enable the Church of Christ to carry on its heavenly mission fruitfully and with courage (cf. Inchakalodi, Archbishop Mar Ivanios, Vol. II pp. 19-20).

Again he wrote about this to Fr. Bernabas, a Russian Orthodox priest in New York in 1931. He writes as follows:

"Our divine Redeemer has established only one visible Church in this world. And that Church is the one indivisible, holy, Catholic and Apostolic Church. The individuals, which make up the universal should be one in faith, in the sacraments and government. She shines in the world as the kingdom of God unified in faith and in the sacraments and consequently as the One Spouse of Jesus Christ. In order to be unified with this Church neither you nor I who are

the children of Oriental Churches need reject our ecclesial traditions, and liturgy and our spiritual patrimony. The foundation stone of the Church, namely Peter and the architect of the Church Paul have their resting place in Rome. Holy Father Pope represents these apostles as the founding Fathers of the Church of Christ. So for you and me and for our Churches, it is necessary to remain in communion with the Church of Rome" (cf. Inchakolodi, Archbishop Mar Ivanios, Vol. II pp 23-24).

Archbishop Mar Ivanios was quite convinced that Our Divine Saviour established only one Church. The Jacobite Church contended itself to be that one Church. But Archbishop Mar Ivanios had some hesitations about the claim that Jacobite Church is the one Church established by Christ. Even from the period of his professorship at Serampore College he manifested his hesitation. In his Church history classes at Serampore College (during the years 1913-1919) he expressed his mental reservation on this subject. One day a Jacobite deacon asked him in the class: "What is the Church instituted by Jesus Christ?" Is it the Jacobite Church or is it the Catholic Church?" The Professor Rev. P.T. Geevarghese (later Mar Ivanios) gave the following answer: "We see very many proofs from the Holy Bible and the Church history to show that the true Church must be only and is one; but it is not possible to say that it is the Jacobite Church. To answer the question whether the Catholic Church is the real Church of Christ one needs to study further about the question." (cf. Inchakalodi, Archbishop Mar Ivanios Vol. I, p. 134).

But it is evident from what we have shown about the conviction of Mar Ivanios about the unity of the Church that he came to the conclusion that the Catholic Church is the one and only Church of Christ. He was also convinced that the Pope of Rome is the supreme head of the Catholic Church.

From the beginning, this one Church has been marked by a great diversity, which comes from both the variety of God's gifts, and the diversity of those who receive them. Within the unity of the people of God, a multiplicity of peoples and cultures is gathered together. Among the Church's members, there are different gifts, offices, conditions and ways of life. Holding a rightful place in the communion of the Church there are also particular Churches that retain their own traditions. The great richness of such diversity is not opposed to the Church's unity. Yet sin and the burden of its consequences constantly threaten the gift of unity. And so the Apostle Paul exhorts Christians to "maintain the unity of the Spirit in the bond of peace" (Eph.4/3).

Jesus Christ is the sacrament of God and the Church is the sacrament of Christ. This truth was well known to the Fathers of the Church. Jesus Christ was sent by God the Father to give salvation to the world; in order that men be

united with the life of God. Jesus accomplished this task through his life, especially through his passion, death and resurrection. The Church is where people participate in the paschal mysteries of passion, death and resurrection of Jesus Christ. This is the meaning of the sacrament of God and the Church is the sacrament of Christ.

Archbishop Mar Ivanios does not use the word sacrament to Jesus Christ, but he says that Jesus unites human beings in his life, through his work of salvation. In order to enable man a composite of soul and body to unite with God the Word of God became a man with soul and body. Jesus Christ is perfect man and perfect God; this is the fundamental principle of Christianity. No one has ever seen God, but God – the only - Son – made him known: the one who is in and with the Father" (John 1/18). Through the incarnate God we can enter into his divinity, his human nature being the only way to do it. Instead of our natural relationship with the first Adam God bestowed on us a relationship with Jesus Christ the second Adam who is the way, the Truth and Life. For us in order to have communion with God, God the Word became a man. Thus we can unite with God in our body and soul. For this we unite with the risen Lord with his glorious Body. Thus Jesus Christ becomes the sacrament of our salvation (cf. his teaching on the sacraments when he was a deacon, Inchakalodi Archbishop Mar Ivanios Vol. I, pp. 51-58).

After the death of Jesus Christ he rose from the dead and with his glorious body he ascended to his heavenly Father. "I shall be with you till the end of the world," he said. Accordingly he lives in his Church with his glorious body, and thus makes us his body, which is the Church. We unite with Jesus Christ through the Church, which is his body, and there we grow into Jesus Christ, and thus we become mature in accordance with the measure of his perfection. Spiritually and bodily, i.e. visibly and invisibly we receive Jesus Christ into us. For this he has established the Church, which is the locus of the mysteries, which are called sacraments. The Church is a mystery: that is to say that she is also the sacrament. She is the total locus of the Christian sacraments and she is herself the great sacrament, which contains and vitalizes all the others. In this world she is the sacrament of Christ, as Christ himself, in his humanity, is for us the sacrament of God.

The Church is the sacrament of Christ; which means to put it in another way that there is between her and Him a certain relation of mystical identity. Here again we encounter the Pauline metaphors and the rest of the biblical images, which the Christian tradition (especially the Syriac tradition propounded by Syriac Fathers like Aphrahat, Ephrem, Jacob of Sarug, etc) has continually explored. One and the same intuition of faith is expressed throughout Head and

members make one single body, one single Christ; bridegroom and the bride are one flesh. Although he is the head of the Church, Christ does not rule us from without; the Church should awaken in us as the life of Christ. The Church is his fulfillment and "fullness"(Eph. 1/23). She is the tabernacle of his presence, the building of which He is both architect and Corner Stone; she is the ship and he the pilot, she the deep ark and He the central mast. She is the paradise and He its tree and well of life. He who is not, in one-way or another, a member of the body does not receive the influx from the Head.

Practically speaking, for each one of us, Christ is thus His Church. We may think of her particularly under the aspect of the hierarchy, remembering Christ's words: "He that heareth you heareth me; and he that despiseth despiseth me". The words of St. John Chrysostom help us not to separate ourselves from the Church of Christ: "Do not separate yourself from the Church! No power is as powerful as she. The Church is your hope; the Church is your salvation; the Church is your refuge. She is other than heaven and bigger than earth. She never ages and her vitality is eternal: ( PG. 52/402).

These words, I am sure echo the conviction of Archbishop Mar Ivanios who took the name Ivanios because of his conformity with the theological conviction of St. John Chrysostom.

God has willed that the Word of God who has become man to be the mediator between God and human kind (cf, Tim.1/5). In other words, the human nature of the messiah is the way willed by God for men to have communion with the Triune God. The human nature of the Messiah is the way willed by God to be united with the divinity. The way willed by God for us sinners composed of body and soul to be united with divinity is the sinless Messiah composed of body soul" (cf. Inchakalodi, Archbishop Mar Ivanios, Vol. I, p. 57).

The risen Saviour is with us till the end of the world. He is in the Church, which is his Body of which He is the head. We unite with Jesus by being in the Church of Christ. We should receive Jesus into our body and soul, thus becoming the dwelling place of the Triune God. In order to do that he has established the divine mysteries called sacraments. These sacraments are the means by which we unite with the mystery of Christ or the sacrament of Christ. In the sacraments especially in the Eucharist and in the celebration of the feasts of our Lord, we are given a living relationship to certain events in the life of Christ: the life, death, resurrection and glorification Jesus Christ, His ascension to heaven, the descent of the Holy Spirit on the "last and great day of Pentecost" a relationship which makes the Church a constant witness and participant of these events, of their saving, redeeming, life-giving and life-transfiguring reality. The Church (with each one of us as its member) has no other experience but

